Date of Publication: 9 മെയ് 2019
വോള്യം 17/ലക്കം 4 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# കഥയെഴുത്തുകൾ



# സംഘടിത

സംഘടിത/ മെയ് 2019/വോള്യം 17/ലക്കം 4

കവർ ചിത്രം കടപ്പാട്: **'വായിക്കുന്ന സ്ത്രീ'** എന്ന ഡോക്ര ശില്പം

'പെണ്ണുങ്ങളുടെ കഥയെഴുത്തും കഥയെഴുതുന്ന പെണ്ണുങ്ങളും'
ചർച്ചാവിഷയം/**ജിസാ ജോസ്** 6

## കഥകൾ

വേതാള ജീവിതം/**സ്മിത മീനാക്ഷി** 11
നേർച്ചപ്പുത്രി/**മീര ജോർജ്** 13
ഒരു സാധാരണ ദിവസം/**നയൻതാര** 14
പുണ്യാളന്റെ കറുത്ത നാണയങ്ങൾ/
**ജെസി അന്ന ജേക്കബ്** 16
അൽഗുൽത്ത് സദാചാരം/
**താഹിറ ടി.പി.എം.** 17
പ്രണയം ദുർബ്ബലം/**രാഖി റാസ്** 18
രാജ്യസ്നേഹി/
**സുബിഷ എൽ.ഡൊറാഡോ** 20
വെറോണിക്കയുടെ തൂവാല/
**ദീപാ മാത്യു** 21
ജലേസ്മിൻ സന്നിധിം/**അമൃത കേളകം** 24
സോഷ്യൽ മീഡിയയിലെ
രണ്ടു സദാചാര കഥകൾ/
**രാധികാ മേനോൻ, ജമി ഫിറോസ്** 25
പാപ്പച്ചനും മാജിക്കൽ റിയലിസവും/
**നിജു ആൻ ഫിലിപ്പ്** 26
ഒരുമ്പെട്ടോൾ/**ജസി കാരാട്** 27
തീപ്പാതി/**ബദറുന്നീസ എ.** 28
വെണ്ണാമ്മച്ചി/**അമല ഷെഫീഖ്** 30
സദാചാര തമ്പുരാക്കൾ/**മായ രമേഷ്** 35
വെന്തുചാവുന്നവർ/**ശ്രീകല അജയ് ശങ്കർ** 36
സദാചാര പോരാളി/**രജിത കെ.സി.** 37
കഥയറിയാതെ/**ഭവിത വത്സലൻ** 38
അപ്പുറം/**രശ്മി കിട്ടപ്പ** 41
ജിബ്രാനും നെരൂദയും അല്പം
സദാചാരവും/**സൗമ്യ ധർമ്മരാജൻ** 44
ഐ പി സി-309/**സുമയ്യ സുമം** 45
സെമിത്തേരി/**സിസി രതീഷ്** 49
തുലാഭാരം/**സിനി സി.കെ.** 51
താമരക്കുളം/**പൂർണ്ണിമ ജി.** 52
നിയമം നിയമത്തിന്റെ വഴിയേ..
ഞാനെന്റെ വഴിയേ/**ഷാഹിന ഷെഖായി** 53
മരണം ശ്വസിക്കുന്നവൾ/**ചിന്തു രാജ്** 54
നെരിപ്പോട്/**ബിന്ദു അതൂർ** 56
മരണം പഠിപ്പിക്കുന്ന പാഠങ്ങൾ/
**ജിയാ ജോർജ്** 57
മതമില്ലാത്ത ജീവിതം/**സബൂറ മിയാനത്ത്** 59
നോക്കുകൂലി/**ശാന്തി പാട്ടത്തിൽ** 60
കാഴ്ച/**ഗീതു സുരേഷ്** 61
വെറും നിഴലുകൾ/**ഹിരണ്വതി** 62

എന്റെ പേര് ഗ്രെറ്റ തൻ ബർഗ്
വഴിത്താരകൾ/**ജാനകി** 64

തമോഗർത്ത ദൃശ്യവും
കെയ്റ്റി ബൗമാനും
ശാസ്ത്രം/**സീമാ ശ്രീലയം** 65

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** ജിസാ ജോസ്, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

ഏറെ ആവേശഭരിതവും ഒപ്പം ആശങ്കാജനകവുമായ ഒരു മാസം കടന്നു പോയി. നാടിന്റെ ഭാവിയെ രക്ഷിച്ചെടുക്കാൻ ഏതു രാഷ്ട്രീയകണക്കുകൂട്ടലുകളാണ് ഉചിതമാവുക എന്ന മുറുകിയ ആലോചനകൾ നടന്നു. പതിവിലുമധികം ഊർജ്ജത്തോടെ ഈ വിധിനിർണ്ണയത്തിൽ പങ്കാളികളായിക്കൊണ്ട് ജനങ്ങൾ വോട്ടുരേഖപ്പെടുത്തി. ഇത് സമഗ്രമായ മാറ്റത്തിനും ജനാധിപത്യമര്യാദകളുടെ പുന: സ്ഥാപനത്തിനും വഴി തുറക്കുമെന്ന് നമുക്ക് തീക്ഷണമായി പ്രത്യാശിക്കാം.

വോട്ട് രേഖപ്പെടുത്താൻ സ്വന്തം വീടുകളിലെത്തിയ പല സ്ത്രീകൾക്കും നിരാശാജനകമായ അനുഭവമുണ്ടായി. കുറേ പേർക്കെങ്കിലും വിവാഹശേഷം വീടുമാറിയപ്പോൾ സ്വന്തം വീട്ടുകാരോടൊപ്പം വോട്ടർ പട്ടികയിലുണ്ടായിരുന്ന സ്ഥാനം നഷ്ടമായി. വിവാഹിതയായ സ്ത്രീക്ക് ഇനിമേൽ ഭർതൃവീട്ടിലാണ് സ്ഥാനം എന്നുറപ്പിക്കുന്ന ആണധികാരയുക്തി! ഇങ്ങനെയൊരു നീക്കം പ്രതീക്ഷിച്ചിരുന്നില്ലാത്തതിനാൽ വോട്ടർപട്ടികയിൽ സ്വന്തം പേരുണ്ടെന്ന് നേരത്തെ ഉറപ്പാക്കാതിരുന്ന സ്ത്രീകൾക്ക് തങ്ങളുടെ സമ്മതിദാനം രേഖപ്പെടുത്താൻ കഴിയാതെ പോയി. ഇത്തരം പ്രവണതകളെ ചെറുക്കാൻ ഈ കാര്യങ്ങളിൽ നമ്മൾ കുറേക്കൂടെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

ഈ തെരഞ്ഞെടുപ്പ് വീണ്ടും ആവർത്തിച്ച ഒരു പഴയ പാഠമുണ്ട്. അത് മറ്റൊന്നുമല്ല; കഠിനമായ സ്ത്രീവിരുദ്ധത ഉറപ്പിക്കുന്നതു തന്നെയാണ് സ്ഥാനാർത്ഥി നിർണ്ണയത്തിന്റെ യുക്തികൾ എന്നതുതന്നെ. പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ ഭരണസാരഥ്യത്തിലും തീരുമാനമെടുപ്പിലും മികവ് തെളിയിച്ചവരും പ്രളയാനന്തര അതിജീവനത്തിന്റെ നേർസാക്ഷ്യങ്ങളിൽ തെളിഞ്ഞുനിന്നവരുമായ സ്ത്രീകളുടെ നേതൃത്വപാടവം സ്ത്രീകളുടെ രാഷ്ട്രീയശേഷികൂടിയായി വായിച്ചെടുക്കപ്പെട്ടില്ല എന്നത് ഏറെ ഖേദകരമാണ്. സ്ത്രീവിരുദ്ധത ഏവർക്കും ബോധ്യമാകുംവിധം നിലപാടുകളെടുത്തിട്ടുള്ള ഇന്നസെന്റിനെപ്പോലുള്ളവരെ സ്ഥാനാർത്ഥിപ്പട്ടികയിലേക്ക് നിശ്ചയിച്ചു എന്നുള്ളതും മറ്റൊരു ഗൗരവപ്രശ്നം തന്നെ. തൃശൂർ കേന്ദ്രീകരിച്ച് രൂപംകൊണ്ട 'തുല്യപ്രാതിനിധ്യപ്രസ്ഥാനം' എന്ന കൂട്ടായ്മ രാഷ്ട്രീയനേതൃസ്ഥാനങ്ങളിൽ നിന്ന് അകറ്റിനിർത്തപ്പെടുന്ന സ്ത്രീകളടക്കമുള്ള അനേകം പ്രാന്തവൽകരിക്കപ്പെട്ട സാമൂഹ്യവിഭാഗങ്ങളുടെ രാഷ്ട്രീയ അവകാശങ്ങളെക്കുറിച്ച് ഗൗരവമായ ആലോചനകൾ നടത്തിവരികയാണ്. ഫാഷിസത്തിനെതിരെ പോരാടുന്ന വേളയിൽ രാഷ്ട്രീയത്തിന്റെ മേഖലയെത്തന്നെ വിശാലമായി ജനാധിപത്യവൽക്കരിക്കുക എന്നത് ഒരു പരമപ്രധാന അജണ്ടയാക്കി മാറ്റേണ്ടതുണ്ട്.

നമ്മുടെ രാജ്യത്ത് നീതി ഉറപ്പാക്കേണ്ടുന്ന പരമോന്നത ഉത്തരവാദിത്വം സുപ്രീം കോടതിക്കാണ്. ആ സ്ഥാപനത്തിന്റെ പ്രഥമഗണനീയസ്ഥാനം അലങ്കരിക്കുന്ന ജസ്റ്റിസ് രഞ്ജൻ ഗൊഗോയ്ക്കെതിരെയാണ് ലൈംഗികാതിക്രമ ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളത്. സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം തൊഴിലിടങ്ങളിലൊക്കെയും ലൈംഗികപീഡനവിരുദ്ധ സമിതികളുണ്ടാക്കാൻ സമ്മർദ്ദങ്ങളുണ്ടായിക്കൊണ്ടിരിക്കുമ്പോഴാണ് അന്വേഷണത്തിന്റെ മാനദണ്ഡങ്ങളൊന്നും പാലിക്കാതെ ജസ്റ്റിസ് രഞ്ജൻ ഗൊഗോയ്ക്ക് ആരോപണത്തിൽ നിന്ന് മുക്തി ലഭിക്കുന്നത്. അധികാരത്തിനും പദവിക്കും മുന്നിൽ നീതിയുടെ വാതിലുകൾ അടഞ്ഞു കൊണ്ടിരിക്കുന്ന ഹീനമായ വിരോധാഭാസത്തിന്റെ മറ്റൊരു ഉദാഹരണം കൂടിയാണിത്. ശക്തമായി അപലപിക്കുന്നു.

എഴുത്ത് സ്ത്രീകളെ സംബന്ധിച്ച് ഏറെ പ്രതിസന്ധിയുണ്ടാക്കുന്ന പ്രവൃത്തിയാണ്. വീട് എന്ന സ്വകാര്യ ഇടത്തിൽ വ്യാപരിക്കാൻ മാത്രം നിഷ്ക്കർഷിക്കപ്പെട്ട വളാകയാൽ പൊതുലോകത്തിലേക്കുള്ള പ്രവേശനത്തെ കുറിക്കുന്ന എഴുത്ത് എന്ന ആവിഷ്ക്കാരത്തിന് അതിർലംഘനത്തിന്റെ സ്വഭാവമുണ്ട്. രണ്ടു ലോകങ്ങൾ തമ്മിൽ സമ്മേളിപ്പിക്കുന്നതിന്റെ ആത്മസംഘർഷങ്ങൾ തീവ്രമായി അനുഭവിക്കുന്നുണ്ട് ഓരോ എഴുത്തുകാരിയും. പുരുഷതൂലികാനാമങ്ങളുടെ മറവിലും രഹസ്യാത്മകതയിലുമൊക്കെയാണ് ലോകത്തെമ്പാടും സ്ത്രീരചനകൾ ആദ്യകാലങ്ങളിൽ ഉയിർ കൊണ്ടത്. പത്തൊമ്പതാം നൂറ്റാണ്ടിലെ ബംഗാളിൽ ജീവിച്ച രസസുന്ദരീദേവി ഭർതൃഗൃഹത്തിൽ വെച്ച് രഹസ്യമായി അക്ഷരാഭ്യാസം നേടുകയും എഴുതിത്തുടങ്ങുകയും ചെയ്തു. 1876 ൽ തന്റെ അൻപത്തിയൊമ്പതാം വയസ്സിൽ പ്രസിദ്ധീകരിച്ച 'അമർ ജീബൻ' എന്ന ആത്മകഥയ്ക്ക് ജ്യോതിരീന്ദ്രനാഥ് ടാഗോർ ഇങ്ങനെയാണ് മുഖവുര എഴുതിയത്: 'കുടുംബിനി എന്ന നിലയിൽ 'ശോഭിച്ച' രസസുന്ദരിദേവിയുടെ ജീവിതം, വിദ്യ കൊണ്ട് സ്ത്രീകൾ വഴി തെറ്റുമെന്ന യാഥാസ്ഥിതിക ഭയത്തിന് മറുപടിയായി.' ഇത്രമേൽ പുരുഷാധിപത്യവ്യവസ്ഥയെ അസ്വസ്ഥമാക്കാനും അസ്ഥിരപ്പെടുത്താനുമുള്ള ശേഷി സ്ത്രീകളുടെ എഴുത്തിനുണ്ടെന്നർത്ഥം. ഗാർഹിക ഉത്തരവാദിത്വങ്ങളുടെ നിലയ്ക്കാത്ത സമ്മർദ്ദങ്ങൾക്കും അതിനേക്കാളുപരിപുരുഷ രചനാലോകത്തിന്റെ ആഖ്യ, ആഖ്യായികാ നിർബന്ധങ്ങൾക്കും (ബഷീറിനോട് കടപ്പാട്) ഇടയിൽ പെട്ട് ആത്മവിശ്വാസം നഷ്ടപ്പെട്ടു പോകുന്നവരാണ് എഴുത്തുകാരികൾ. എന്നാൽ മാറുന്ന കാലത്തിന്റെ പോരാട്ടവിജയങ്ങൾ, നവ മാധ്യമ ഇടങ്ങളിലെ തുറക്കലുകൾ, കമ്പോള യുക്തിക്കടിമപ്പെടാതെ എഴുത്ത് വായനാലോകത്തെത്തിക്കാനുള്ള സാധ്യതകൾ – ഇതൊക്കെ ചെറുതല്ലാത്ത രീതിയിൽ സ്ത്രീകളുടെ രചനാ സാഹചര്യങ്ങളെ സഹായിച്ചിട്ടുണ്ട്. പതുക്കെയാണെങ്കിലും അംഗീകാരങ്ങളും അവരെത്തേടിയെത്തുന്നുമുണ്ട്. 'കഥയെഴുത്തുകൾ' എന്ന വിഷയത്തിൽ ജിസ ജോസ് അതിഥിപത്രാധിപയായി സമ്പാദനം ചെയ്ത കഥകളാണ് ഈ ലക്കം സംഘടിതയിൽ. ആദ്യമായെഴുതുന്നവരും, എഴുത്ത് പുറംലോകം കാണിക്കാത്തവരും, എഴുതി ആത്മധൈര്യം നേടിയവരുമൊക്കെയുണ്ടായിരിക്കാം ഈ കൂട്ടത്തിൽ. സംഘടിതയെ സംബന്ധിച്ച് ഇതൊരു ശക്തമായ സ്ത്രീ ആവിഷ്ക്കാരലോകം തന്നെയാണ് !

■

## അതിഥിപത്രാധിപക്കുറിപ്പ്



ജിസാ ജോസ്

# പെൺകഥക്കാലം

**സം**ഘടിതയുടെ പുതിയലക്കം പെൺകഥകളുടെ സമാഹാരമാണ്. മുഖ്യധാരാമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നവരും സ്ത്രീ കഥാകൃത്തുക്കളെന്നു പൊതുസമ്മതിയുള്ളവരുമായ എഴുത്തുകാരികളല്ല സമാഹാരത്തിലുള്ളതെന്നതാണ് ഈ ലക്കത്തിന്റെ വ്യതിരിക്തത. പലരും ആദ്യമായാണ് അച്ചടി മാധ്യമത്തിലേക്ക് വരുന്നത്. ചിലർ മുമ്പ് എഴുതിയിരുന്നവരാണ്. മറ്റു ചിലർ കഥയെന്ന മാധ്യമത്തിൽ തന്നെ ആദ്യപരീക്ഷണം നടത്തുന്നവർ. ഈ എഴുത്തുകാരിൽ വളരെക്കുറച്ചു പേർ മാത്രമാണ് സജീവമായല്ലെങ്കിലും ഇടയ്ക്കിടെയെങ്കിലും കഥകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ മുതൽ പല മേഖലകളിൽ നിന്നുള്ള സ്ത്രീകളുടെ എഴുത്തുകളാണ് ഇവിടെയുള്ളത്. വീട്ടമ്മമാർ, അധ്യാപികമാർ, ബിസിനസുകാരികൾ, പരിഭാഷകർ, കോളേജ് - സ്കൂൾ വിദ്യാർത്ഥികൾ, നഴ്സുമാർ, പ്രവാസികൾ തുടങ്ങി വ്യത്യസ്ത രംഗങ്ങളിൽ നിന്നുള്ളവർ എഴുതുന്നതു കൊണ്ടു തന്നെ വിപുലമായൊരു അനുഭവ ലോകത്തിന്റെ ആഖ്യാനമാവാൻ തീർച്ചയായും ഈ ലക്കത്തിനു കഴിയും.

എന്തുകൊണ്ട് ഇവർ കഥയെഴുതുന്നു, എന്തിന് ഇവരുടെ കഥകൾ ശേഖരിക്കുന്നു എന്ന ചോദ്യത്തിന് തികച്ചും പ്രസക്തിയുണ്ട്. പ്രതിഷ്ഠാപിതമല്ലാത്ത ഒന്നിനെയും ആഘോഷിക്കാനോ നിലനിർത്താൻ പോലുമോ സന്നദ്ധമല്ലാത്ത നമ്മുടെ പൊതുബോധത്തെ തെല്ലൊന്നു പരിഹസിക്കുന്നുണ്ട് ഈ എഴുത്തുകൾ. പലപ്പോഴും പ്രസിദ്ധീകരണമെന്ന വിദൂരസാധ്യത പോലും കാണാതെ, അങ്ങനെയൊന്ന് ആഗ്രഹിക്കാതെ എഴുതിയവയാണ് ഇവയിൽ പലതും. ആത്മാവിഷ്കാരം, അതിന്റെ അനുഭൂതി തുടങ്ങിയ സൗന്ദര്യാത്മകമായ വൈകാരികാംശങ്ങളെയെല്ലാം നീക്കിക്കളഞ്ഞ് ആലോചിച്ചാൽ ഈ കഥകളിൽ ജീവിതമുണ്ട്, ജീവിതത്തെക്കുറിച്ചുള്ള പലതരം സ്ത്രീകളുടെ നിരീക്ഷണങ്ങളുണ്ട്, അതിജീവനത്തിനായുള്ള പിടച്ചിലുകളുണ്ട്. അതു കൊണ്ടു തന്നെ അവയ്ക്കൊരു ശക്തമായ രാഷ്ട്രീയവുമുണ്ട്. എഴുത്തുകാരി എന്ന ലേബൽ സമ്പാദിക്കുക, പതിച്ചു കിട്ടിയ അത്തരമൊന്നിനെ നിലനിർത്തുക തുടങ്ങിയ ക്ലേശങ്ങളൊന്നുമില്ലാത്തതുകൊണ്ട് ഈ കഥകൾ സഹജങ്ങളാണ്. തനിമയുള്ളതുമാണ്. ശില്പപരമായ പരിമിതികളുണ്ടാവാം, ആഖ്യാനത്തിലും പ്രമേയത്തിലും വീഴ്ചകളുണ്ടാവാം, പക്ഷേ കഥകളൊന്നും വായനാക്ഷമമല്ലാതാവുന്നില്ല. ഉണ്മയുടെ, ഉൾക്കാഴ്ചകളുടെ നൈർമല്യമുള്ള രചനകൾ.

സ്ത്രീകൾ അവരെക്കുറിച്ച് എന്തെഴുതിയാലും അതിലൊരു പ്രതിരോധത്തിന്റെ രാഷ്ട്രീയമുണ്ട്. ബദൽ വ്യവഹാരങ്ങൾക്കായുള്ള വ്യഗ്രതയുണ്ട്. സ്ത്രീവർഗ്ഗത്തിന്റെ വിഭിന്നങ്ങളായ സ്വത്വ പ്രതിസന്ധികളുടെ ആവിഷ്കാരമാണ് അവളുടെ രചനകൾ. അതുകൊണ്ടാണ് അവയിൽ പ്രതിപാദിക്കുന്ന വ്യക്തിപരമായ അനുഭവങ്ങൾക്കു പോലും രാഷ്ട്രീയ സ്വഭാവമുണ്ടാകുമെന്നു പറയുന്നത്. അത് വ്യവസ്ഥാപിത ലിംഗവിവേചനപ്രത്യയശാസ്ത്രത്തെ ചെറുക്കുന്നു. Being a Woman, Becoming a Woman ഈ രണ്ടവസ്ഥകൾക്കിടയിലെ സംഘർഷങ്ങളാണ് സ്ത്രീ രചനകളുടെ ഊർജ്ജസ്രോതസെന്ന നിരീക്ഷണവും അതുകൊണ്ടാണ്. സ്ത്രൈണതയുടെ തന്നെ ഏറ്റവും ആകർഷകമായ ഭാവമായി ഈ വിവരസാങ്കേതിക യുഗം പോലും നിശബ്ദതയെ ഉദ്ഘോഷിക്കുമ്പോൾ മിണ്ടിക്കൊണ്ടിരിക്കുന്നത് എത്ര ശക്തമായ ധിക്കാരമാണ്. അത് കഥകളിലൂടെയാവുമ്പോൾ എത്രയോ ക്രിയാത്മകം കൂടിയാവുന്നു. ഇവിടെയുള്ള കഥകളും അത്തരം മിണ്ടിപ്പറച്ചിലുകളാണ്. പല സ്ഥായിയിലുള്ളവ, പല തരംഗദൈർഘ്യത്തിലുള്ളവ.

ദൃഢമായ, വ്യവസ്ഥാപിതമായ എല്ലാ മൂല്യങ്ങളും പുരുഷന്റെ അധികാരത്തെ പ്രഘോഷിക്കുന്നതാവുമ്പോൾ സ്ത്രീ ജീവിതത്തിലെ അനുസരണ കൾക്കും വിധേയത്വത്തിനും പ്രാധാന്യം കൂടുകയാണ്. നിശബ്ദരായ, ചോദ്യം ചെയ്യാത്ത പ്രജകളാണ് ഏതു രാജാവിന്റെയും തലപ്പൊക്കത്തിനാധാരം. നിശബ്ദരായിരുന്നവർ ചോദ്യങ്ങളുന്നയിക്കുന്നതോടെ അധീശത്വത്തിന്റെ സിംഹാസനങ്ങൾ ഇളകുന്നു. എഴുത്ത് സ്ത്രീകൾക്ക് അത്തരമൊരു ചോദ്യം ചെയ്യലാണ്, പ്രതിരോധമാണ്, അതിജീവനവും ആത്മരക്ഷയുമാണ്. അതിലൂടെ അവർ ജീവിക്കുന്നു, തങ്ങളെത്തന്നെ അടയാളപ്പെടുത്തുന്നു. മുമ്പു സൂചിപ്പിച്ചതു പോലെ ബോധപൂർവ്വമോ നിർബന്ധിതമോ അല്ലാത്ത ആത്മഭാഷണങ്ങളായതുകൊണ്ടാവാം ഈ എഴുത്തുകൾക്ക് അത്ഭുതപ്പെടുത്തും വിധം സുതാര്യതയും നിഷ്കളങ്കതയുമുണ്ട്. അവ ഏറ്റവും മികച്ച കലാസൃഷ്ടികളെന്നു പ്രകീർത്തിക്കപ്പെട്ടെന്നു വരില്ല. പക്ഷേ സത്യസന്ധമായ ജീവിതപ്പകർത്തലുകളെന്നോ, കൂടുതൽ മെച്ചപ്പെട്ടവയ്ക്കായുള്ള ആദ്യശ്രമങ്ങളെന്നോ തീർച്ചയായും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

ഈ ലക്കത്തിലെ മുപ്പത്തിരണ്ട് അപ്രശസ്തരായ, അറിയപ്പെടാത്ത അല്ലെങ്കിൽ പ്രശസ്തരായും അറിയപ്പെട്ടും തുടങ്ങുന്ന എഴുത്തുകാരികളുടെ രചനകൾ സ്ത്രീയുടെ നിത്യാനുഭവങ്ങളോട്, അവളുടെ ജീവിതത്തെ നിർണയിക്കുന്ന സാമൂഹ്യാവസ്ഥകളോട്, അതിന്റെ ചരിത്ര സാഹചര്യങ്ങളോട്, ഭാവനയുടെ, ഭ്രമാത്മകതയുടെ വിസ്മയങ്ങളോട് തീവ്രമായി ഉൾച്ചേർന്നിരിക്കുന്നു. ആക്ഷേപഹാസ്യത്തിന്റെ രൂക്ഷമായ മുനകൾ പല കഥകളെയും അസാധാരണമാം വിധം കാലികവും സംവാദാത്മകവുമാക്കുകയും ചെയ്യുന്നുണ്ട്. പുതുശൈലികൾ, പുതുമയുള്ള ആഖ്യാന പരീക്ഷണങ്ങൾ, പ്രമേയവൈചിത്ര്യം തുടങ്ങി ഒട്ടനവധി വ്യത്യസ്തതകളിലൂടെ ശ്രദ്ധേയമാവുന്നുണ്ട് ഇതിലെ പല കഥകളും.

ഇതുവരെ കേൾക്കാത്ത ,കേട്ടുതുടങ്ങിയിട്ടില്ലാത്ത മുപ്പത്തിരണ്ടൊച്ചകളാണ് വായനക്കാർക്കായി സമർപ്പിക്കുന്നത്. ചർച്ചകൾക്കും വിമർശനങ്ങൾക്കും ഗുണവിചാരണകൾക്കും വേണ്ടി.



ജിസാ ജോസ്

# 'പെണ്ണുങ്ങളുടെ കഥയെഴുത്തും കഥയെഴുതുന്ന പെണ്ണുങ്ങളും'

ആദ്യകാല കഥാപുസ്തകങ്ങളൊന്നിൽ കഥ പറയുന്നൊരു പെണ്ണുണ്ട്. കഥകൾ കൊണ്ടവൾ നീട്ടിയെടുത്തത്, തിരിച്ചുപിടിച്ചത് സ്വന്തം പ്രാണനാണ്. അതിജീവനത്തിനായുള്ള പ്രാണപ്പിടച്ചിലാണ് ചിലപ്പോഴൊക്കെ ഓരോ പെണ്ണിനും കഥപറച്ചിലെന്ന് എത്ര പ്രതീകാത്മകമായാണ് ഷെഹറസാദ് ആയിരത്തൊന്നു രാവുകൾ നീണ്ട അനുസ്യൂതമായ കഥകളിലൂടെ നമുക്ക് കാണിച്ചുതന്നത്. ലോകമെങ്ങും മിക്കവാറും വാമൊഴിക്കഥാ പാരമ്പര്യങ്ങളിലെല്ലാം കൂടുതൽ കഥപറച്ചിലുകാരും പെണ്ണുങ്ങളാണ്. മുത്തശ്ശിക്കഥകൾ എന്ന പേരു തന്നെ അവർക്ക് കഥയോടുള്ള അടുപ്പം, ആഖ്യാനത്തിലുള്ള പെൺമികവ് എന്നിവയെ കൃത്യമായി അടയാളപ്പെടുത്തുന്നുമുണ്ട്. പക്ഷേ കഥ കാര്യമായപ്പോൾ, വരമൊഴിയിലേക്കും പുസ്തകങ്ങളിലേക്കും കഥ വളർന്നപ്പോൾ സ്ത്രീകൾ അവിടെ നിന്നു ബഹിഷ്കൃതരായി. കഥ പറയാനുള്ള അദമ്യമായ വാഞ്ഛയെ പക്ഷേ അവളെങ്ങനെ ഒളിപ്പിക്കാൻ? അതവൾക്ക് ജീനുകളിലൂടെ പകർന്നു കിട്ടുന്ന ജന്മവാസനയായിരുന്നിരിക്കണം. വിലക്കുകളെ മറികടന്ന് അക്ഷരം പഠിക്കാനും വായിക്കാനുമവസരം കിട്ടിയ സർഗ്ഗാത്മകതയുള്ള സ്ത്രീകളിൽ ചിലരെങ്കിലും ആൺപേരുകളിൽ എഴുതാൻ തുടങ്ങിയത് അങ്ങനെയാവണം. എഴുതാനാകാത്തവരാണ് കൂടുതൽ. എഴുതിയേ തീരൂ എന്നുറപ്പിച്ചവർക്ക് പുരുഷനാമം നിർമ്മിച്ചു കൊടുത്ത മറ കുറച്ചെങ്കിലും സുരക്ഷിതമായിരുന്നിരിക്കണം. അങ്ങനെ തിരിച്ചറിയപ്പെടാതെ പോയ എഴുത്തുകാരികൾ, പിൽക്കാലത്തു മാത്രം തിരിച്ചറിയപ്പെട്ടവർ ഒക്കെ സാഹിത്യ ചരിത്രങ്ങളിലുണ്ട്.

യാദൃച്ഛികമായിരിക്കാം മലയാളത്തിലെ ആദ്യകാല പെൺകഥകളിലൊന്നിലെ നായികയും ഇതേ പോലെ ആൺപേരിൽ രചനകൾ നടത്തേണ്ടി വന്നത്. എഴുത്തിന്റെ ലോകത്ത് പുരുഷനും സ്ത്രീക്കും കിട്ടുന്ന വ്യത്യസ്ത പരിഗണനകളെ കൃത്യമായി വിലയിരുത്താൻ എം.സരസ്വതീബായി എഴുതിയ തലച്ചോറില്ലാത്ത സ്ത്രീകൾ എന്ന ആ കഥയ്ക്കു കഴിയുകയും ചെയ്തു. എഴുത്ത് പുരുഷന്റെ അവകാശവും അധികാരമേഖലയുമാണ്. എഴുതുന്ന പുരുഷന് ആവശ്യമായ സേവനങ്ങൾ നിർവ്വഹിക്കാനാണ് സ്ത്രീകൾ. എഴുത്തുകാരനായ ഭർത്താവിനെ പരിചരിച്ചും അയാളുടെ സർഗ്ഗരചനയ്ക്കു വിഘ്നമുണ്ടാക്കുന്ന ഒന്നും, ഒരു കുട്ടിക്കരച്ചിൽ പോലും വീട്ടിലുയരാതെ ശ്രദ്ധിച്ചുമാണ് കഥയിലെ നായിക തന്റെ ഭാര്യാധർമ്മം പൂർത്തീകരിക്കുന്നത്. സർഗ്ഗരചന അത്രത്തോളം ഏകാന്തതപവും ധ്യാനവും മനനവുമൊക്കെ ആവശ്യമുള്ള ദിവ്യകർമ്മമാണല്ലോ.

ഇതിനെല്ലാം ശേഷം അവൾ ഉറക്കമൊഴിച്ചിരുന്നെഴുതിയതാവണം, ബാലകൃഷ്ണൻ നായരെന്ന ആൺ പേരിൽ മത്സരത്തിനയച്ച ഒരു നോവൽ അംഗീകരിക്കപ്പെടുന്നതും ഭർത്താവ് ഗോവിന്ദൻനായർ തന്റെ നിതാന്തശത്രുവായി കണ്ട ആ എഴുത്തുകാരൻ സ്വന്തം ഭാര്യയാണെന്നു മനസ്സിലാക്കുന്നതുമാണ് കഥയിലെ ടിസ്റ്റ്. അയാൾ സ്വാഭാവികമായും കുപിതനാവുന്നു. അതിലുപരി അപമാനിതനും. പുരുഷന്റെ അധികാര മേഖലയിലേക്ക് ഒരു സ്ത്രീ വ്യാജപേരിലാണെങ്കിലും കടന്നു ചെല്ലുക, അവിടെ സ്വേച്ഛാധിപതികളായ പുരുഷന്മാരെക്കാൾ വിജയിയാവുക - അക്ഷന്തവ്യമായ അപരാധമാണത്.

മുഖത്താഞ്ഞടിച്ച് ഭാര്യയുടെ കഥയെഴുത്ത് നിർത്താമെന്നും അവൾ ചെയ്യേണ്ടത് ഗൃഹപരിപാലനവും ശിശു പരിചരണവുമാണെന്ന ഗുണപാഠം വൃത്തിയായി പറഞ്ഞുറപ്പിച്ച ഇ.വി.കൃഷ്ണപിള്ളയുടെ "അവളുടെ കഥയെഴുത്ത്" പോലുള്ള കഥകൾ വായിച്ച് കേരളം ആർത്തു ചിരിക്കുന്ന, ചിരിക്കാനൊരുങ്ങുന്ന കാലഘട്ടം കൂടിയാണത്. 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥ, എഴുതുന്ന സ്ത്രീയും എഴുത്തുകാരനായ പുരുഷനും അഭിമുഖീകരിക്കുന്ന ഭൗതിക-ബൗദ്ധിക സാഹചര്യങ്ങളിലെ അന്തരത്തെക്കുറിച്ചുള്ള സംവാദാത്മകമായ ഒട്ടനേകം നിരീക്ഷണങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്. ഇന്നും വളരെയൊന്നും വ്യത്യസ്തമല്ലാത്ത സാംസ്കാരികാവസ്ഥ കൂടിയാണത്. ആ നായികയുടെ പിൻഗാമിയാണ് അടുക്കളപ്പാത്രങ്ങൾക്കിടയിൽ മുറിപ്പെൻസിലും കടലാസും സൂക്ഷിച്ച, പാതിരാത്രി തൊട്ടിൽക്കയറിന്റെ ഒരറ്റം കൈയ്യിൽ പിടിച്ചു മറുകൈയ്യു കൊണ്ടെഴുതിയ ലളിതാംബിക അന്തർജ്ജനം, ജീവിച്ചിരുന്നാൽ എഴുതിപ്പോവുമെന്ന് ഭയന്ന് ആത്മഹത്യ ചെയ്ത രാജലക്ഷ്മി... അവളെപ്പോലുള്ളവരാണ് വിഴുപ്പു തുണികളും എച്ചിൽപ്പാത്രങ്ങളും നിറഞ്ഞ വീട്ടിൽ നിന്ന് മേബിൾ അമ്മായിയുടെ വാതിലുകളും ചുവരുകളുമില്ലാത്ത കടൽത്തീര വസതിയിലേക്ക് ഓടി രക്ഷപ്പെടാൻ കൊതിക്കുന്നത്. കാരണം അവൾക്കെഴുതണം. അവൾക്ക് ജീവിക്കണമെങ്കിൽ എഴുതിയേ മതിയാവൂ. എഴുത്ത് സ്വയം

പ്രത്യക്ഷപ്പെടുത്തലിനെക്കാൾ, തന്നെത്തന്നെ, തന്റെയുള്ളിലെ സർഗ്ഗ ക്ഷോഭങ്ങളെ ഒളിപ്പിക്കാനുള്ള ഉപാധിയായി കാണുന്ന സ്ത്രീകൾ - പല പേരുകളിൽ എല്ലാക്കാലങ്ങളിലും അവളുണ്ട്. ജീവിച്ചിരിക്കുന്നു എന്നു തനിക്കു തന്നെ ബോധ്യപ്പെടാനും കൂടിയാവണം അവളുടെ എഴുത്ത്.

ലളിതവും തീർത്തും വൈയക്തികവുമായിരിക്കുമ്പോൾ പോലും സ്ത്രീരചനകൾക്ക് കൃത്യവും വ്യക്തവുമായൊരു രാഷ്ട്രീയം ഉണ്ടെന്നു പറയാനുള്ള കാരണവും അതു തന്നെയാണ്. അത് വ്യവസ്ഥാപിതമായ അധീശത്വഘടനകളോട് ഏതെങ്കിലുമൊക്കെ വിധത്തിൽ ഇടഞ്ഞുനിൽക്കുന്നു. ഉച്ചത്തിലുള്ള സമരപ്രഖ്യാപനങ്ങളോ ആക്രമോത്സുകതയോ കൊണ്ടായിരിക്കണമെന്നുമില്ല അത്. നിഷേധിക്കപ്പെട്ട അവസരങ്ങളുടെ ഓരോ വീണ്ടെടുപ്പും ചിലപ്പോൾ നിശ്ശബ്ദമായിട്ടാവാം. ചിലപ്പോഴത് സൗമ്യവും സരളവുമായൊരൊഴുക്കു പോലെയാണ്. വേറെ ചിലപ്പോൾ രൂക്ഷമായ പരിഹാസം, ആത്മവിമർശനം, ആക്ഷേപഹാസ്യം.. വ്യവസ്ഥകളോടുള്ള കലാപത്തിന് എഴുതുന്ന പെണ്ണുങ്ങൾക്ക് നൂറു നൂറു വഴികൾ.

മലയാളത്തിലെ പെൺ കഥാപാരമ്പര്യത്തിലൂടെയുള്ള ഒരു അലസയാത്രയിൽ പോലും വെളിപ്പെടുന്നത് നമ്മുടെ കഥാസാഹിത്യവും പ്രതിരോധാത്മകമായിരുന്നുവെന്നു തന്നെയാണ്. ആണധികാര വ്യവസ്ഥിതിയുടെ (Patriarchy) നിയമങ്ങളെയും ശ്രേണീബദ്ധമായ ലിംഗാധികാര ബന്ധങ്ങളെയും അത് വിമർശന വിധേയമാക്കിക്കൊണ്ടിരിക്കുകയും ചെയ്തു. സ്ത്രീയുടെ ഇടത്തെയും സ്വത്വത്തെയും പ്രതിസന്ധിയിലാക്കുന്ന, അവയെ പരിമിതപ്പെടുത്തുന്ന എല്ലാ വിവേചനങ്ങളെയും സ്ത്രീ രചനകൾ വിശകലനം ചെയ്യുന്നുണ്ട്. ലിംഗപദവി (Gender) അധീശത്വത്തിന്റെയും വിധേയത്വത്തിന്റെയും സവിശേഷ ഘടന രൂപപ്പെടുത്തുന്നതും സമൂഹ ശ്രേണികളിൽ അവയെ വിന്യസിക്കുന്നതും അതു വളരെ സ്വാഭാവികമെന്ന പ്രതീതി സൃഷ്ടിച്ചു കൊണ്ടാണ്. ഗാർഹികവും സാമൂഹികവുമായ അസമത്വങ്ങളെയോ വിവേചനങ്ങളെയോ വിലക്കുകളെപ്പോലുമോ സ്ത്രീകൾക്ക് തിരിച്ചറിയാനാവാതെ പോവുന്നതിനുള്ള കാരണവുമാണ്. ലിംഗപദവീബദ്ധമായ നിയന്ത്രണങ്ങളിൽ നിന്ന്, അതിന്റെ മെരുക്കലുകളിൽ നിന്ന് സ്വന്തം സർഗാത്മകതയെ വിമോചിപ്പിക്കുകയെന്നത് അനായാസമല്ലെന്നു ചുരുക്കം. പക്ഷേ ലോകത്തെങ്ങും എഴുത്തുകാരിയായ സ്ത്രീ അത്തരം കുതറലുകൾ നിരന്തരം നടത്തിക്കൊണ്ടേയിരിക്കുന്നു.

2019 മലയാളത്തിൽ ഏറ്റവും അവഗണിക്കപ്പെട്ടൊരു എഴുത്തുകാരിയുടെ ജന്മശതാബ്ദി വർഷം കൂടിയാണ്. കൃത്യമായി പറഞ്ഞാൽ 2019 ഏപ്രിൽ മാസമാണ് കെ. സരസ്വതിയമ്മയ്ക്ക് നൂറു തികയുന്നത്. (19192019). സാഹിത്യ പാരമ്പര്യങ്ങളിൽ നിന്ന്, ചരിത്രത്തിൽ നിന്നു പുറത്താക്കപ്പെട്ട സ്ത്രീ എന്നത് അപൂർവ്വതയല്ല. ആദ്യകാല സ്ത്രീ എഴുത്തുകാരൊക്കെ നിർബന്ധിതമായ അദൃശ്യതകൾ അടിച്ചേല്പിക്കപ്പെട്ടവരായിരുന്നു. താരതമ്യേന പുതിയ കാലത്തായിട്ടും കെ.സരസ്വതിയമ്മയുടെ കഥകൾക്കും അദൃശ്യമായ നിരോധനങ്ങൾ നേരിടേണ്ടി വന്നിരുന്നുവെന്ന് അവരെക്കുറിച്ചുള്ള ജീവചരിത്രസ്വഭാവമുള്ള എഴുത്തുകൾ വ്യക്തമാക്കുന്നുണ്ട്. ലിംഗരാഷ്ട്രീയത്തിന്റെ ധ്വനികൾ കൊണ്ടു കലാപമുഖരിതമായിരുന്ന, വ്യത്യസ്തമായ സ്ത്രീയവസ്ഥകളെ പ്രതിനിധീകരിക്കുന്ന നൂറോളം കഥകളെഴുതിയ എഴുത്തുകാരി അത്തരമൊരു വിലക്കിനെ അഭിമുഖീകരിക്കുകയെന്നത് സ്വാഭാവികവും. സാമ്പ്രദായിക സ്ത്രീജീവിതം, സ്ത്രൈണത/പൗരുഷം എന്നിവയെ സംബന്ധിച്ച സാമൂഹ്യപരികല്പനകൾ, പ്രണയത്തിന്റെയും ദാമ്പത്യത്തിന്റെയും നിലനില്പുറപ്പു വരുത്തുന്ന സ്ത്രീവിധേയത്വം, ആണധികാരം ഇവയെ കർക്കശമായും യുക്തിഭദ്രമായും പരിഹസിക്കാൻ പക്ഷേ സരസ്വതിയമ്മക്കു കഴിഞ്ഞു. യാഥാസ്ഥിതിക ആൺ നിരൂപണങ്ങൾക്ക് ആ കഥകളെ പുരുഷവിദ്വേഷമെന്ന് ലേബലൊട്ടിക്കാനേ കെൽപ്പുണ്ടായിരുന്നുള്ളു. സ്ത്രീപക്ഷത്തുനിന്ന് അവളുടെ ജീവിതത്തെയും അനുഭവങ്ങളെയും വ്യാഖ്യാനിക്കുമ്പോൾ സനാതനമായ പല നിർമ്മിതികളും ഉടഞ്ഞു വീഴുമെന്നു തെളിയിച്ചു സരസ്വതിയമ്മയുടെ കഥകൾ. ബുദ്ധിമതികളായ സ്ത്രീകൾ, ആൺ പെൺബന്ധങ്ങളിലെ, സാഹിത്യത്തിലെ, സംസ്കാരത്തിലെ ആൺകോയ്മയെപ്പറ്റി താർക്കികയുക്തിയോടെ സംസാരിച്ചു തുടങ്ങിയതും ആ കഥകളിലൂടെയാണ്.സ്ത്രീസത്തയുടെ അന്യവൽക്കരണവും ഒറ്റപ്പെടലും രൂപഭദ്രമായ രചനാശില്പങ്ങളിലൂടെ പകർത്തിയ രാജലക്ഷ്മിക്കഥകളിലും പ്രതിഷേധത്തിന്റെ നിശബ്ദമായൊരു അന്തർധാരയുണ്ട്. സാമുദായിക നീതിയുടെ അങ്ങേയറ്റം പരുഷവും സ്ത്രീവിരുദ്ധവുമായ പശ്ചാത്തലമാണ് ലളിതാംബിക അന്തർജനത്തിന്റെ കഥകൾക്ക് പ്രതിരോധസ്വഭാവം നൽകുന്നത്.

അസാധാരണമാം വിധം സർഗ്ഗോന്മുഖമായ ബൗദ്ധികതയെ ഹിംസിക്കാനോ പുരുഷകേന്ദ്രിതമായ മൂല്യവ്യവസ്ഥകൾക്കുള്ളിൽ സ്വയം പരുവപ്പെടാനോ തയ്യാറാവാതെ എഴുത്തിന്റെ, ആത്മാവിഷ്കാരത്തിന്റെ കടുത്ത പാതകളിലൂടെയുള്ള നിരന്തര സഞ്ചാരമായിരുന്നു മാധവിക്കുട്ടിയുടെ ഓരോ കഥകളും. തുറന്ന എഴുത്ത് സ്ത്രീകൾക്ക് അഭികാമ്യമല്ലെന്നും അത് ഭ്രാന്താണെന്നും വിധിയെഴുതപ്പെടുന്ന സാമൂഹ്യ സാഹചര്യങ്ങളിലാണ് ഒരു നിയമത്തിനും വഴങ്ങാൻ സന്നദ്ധയല്ലാതെ സ്വന്തം മനസ്സ്/ശരീരം/ലൈംഗികത എന്നിവയെക്കുറിച്ചു പറയാനുള്ള ഇച്ഛാശക്തി അവർ പ്രകടിപ്പിക്കുന്നത്. സ്ത്രൈണ ലൈംഗികതയുടെ സ്വച്ഛവും വിധ്വംസകവുമായ പ്രകാശനങ്ങൾ കൊണ്ടുമവ ശ്രദ്ധേയങ്ങളായി.

എഴുത്ത്, വിമർശനം, ആസ്വാദനം തുടങ്ങി സമസ്ത മേഖലകളിലും പുരുഷാധിപത്യം നിലനിൽക്കുന്ന കേരളത്തിന്റെ സാഹിത്യ സാംസ്കാരിക പൊതുമണ്ഡലത്തിൽ അതിനെ നിരന്തരം ചെറുത്തു കൊണ്ട് ശക്തമായ രചനകളിലൂടെ പെണ്ണെഴുത്ത് എന്ന സംജ്ഞയെ അക്ഷരാർത്ഥത്തിൽ മലയാളത്തിനു പരിചയപ്പെടുത്തിയ സാറാ ജോസഫ്, അധികാരിയായ പിതൃബിംബത്തെ നിഷേധിച്ച് സ്വയാധികാരം വീണ്ടെടുക്കാനുള്ള കലാപോന്മുഖതയാൽ മുഖരിതമായ കഥകളെഴുതിയ ഗ്രേസി, സദാ ഇളകുന്ന, ചലനാത്മകമായ സ്ത്രൈണസത്ത കഥകളിലാവിഷ്കരിച്ച ഗീത ഹിരണ്യൻ, പ്രതികൂലമായ സാഹിത്യ സാഹചര്യങ്ങളിൽപ്പോലും ആത്മ

വീര്യത്തോടെ കാലികമായ എല്ലാ ജീവിതസാഹചര്യങ്ങളിലേക്കും കടന്നു ചെല്ലുന്ന ചന്ദ്രമതി തുടങ്ങി മലയാളത്തിലെ സ്ത്രീകഥാകൃത്തുകളെ പിന്തുടരുമ്പോൾ നമ്മുടെ പെൺ കഥാപാരമ്പര്യം ഒട്ടും ശാന്തമോ വ്യവസ്ഥാനുസാരിയോ ആയിരുന്നില്ലെന്ന സന്തോഷകരമായ യാഥാർത്ഥ്യമാണു വെളിപ്പെടുക.

സർഗ്ഗാത്മകരചനകളുമായി ബന്ധപ്പെട്ടുള്ള ലിംഗാ ഭേദാധിഷ്ഠിതപഠനങ്ങൾക്ക് രാഷ്ട്രീയപരവും ചരിത്രപരവുമായ പ്രസക്തി കൂടുതലാണ്. ഉടലെഴുത്തിന്റെ, ശരീരരാഷ്ട്രീയത്തിന്റെ, ലിംഗാധികാരത്തിന്റെ പരസ്പര വിരുദ്ധങ്ങളും പരസ്പരപൂരകങ്ങളുമായ നിരവധി സങ്കീർണ്ണധാരകളുള്ള സമകാല പെൺകഥകളെക്കുറിച്ചാവുമ്പോൾ അതിന്റെ പ്രാധാന്യം കൂടുന്നു. പ്രിയ എ എസ്, കെ.ആർ.മീര, സി.എസ് ചന്ദ്രിക, കെ രേഖ, സിതാര, ഇന്ദുമേനോൻ, ഷീബ ഇ.കെ, ഷാഹിന ഇ.കെ, ധന്യാരാജ്, സോണിയ റഫീഖ്, യമ തുടങ്ങി എത്രയോ എഴുത്തുകാരികൾ പെൺനിലപാടുകളുടെ, പെൺകാഴ്ചകളുടെ, പ്രതിരോധങ്ങളുടെ ഭാഷ സംസാരിക്കുന്നു. കർത്തൃത്വം, സ്വയംനിർണയനം, പുനർനിർവ്വചനം തുടങ്ങി സ്ത്രൈണ സ്വത്വവുമായി ബന്ധപ്പെട്ട ബഹുസ്വരമായ അനുഭവമേഖലകളെ ആവിഷ്കരിക്കുന്ന പുതിയ പെൺ കഥകൾ മലയാളകഥയുടെ വർത്തമാനത്തെ ചടുലവും ചലനാത്മകവുമാക്കുന്നത് കുറച്ചൊന്നുമല്ല.

ഈയൊരു പശ്ചാത്തലത്തിലാണ് തീർച്ചയായും സംഘടിതയിലെ പെൺകഥകളെക്കുറിച്ചും സംസാരിക്കേണ്ടത്. മറ്റെല്ലാമെന്ന പോലെ സർഗ്ഗരചനയുടെ മേഖലകളും സൂക്ഷ്മമായ പരിവർത്തനങ്ങൾക്കു വിധേയമായ കാലഘട്ടമാണ് ഉത്തരാധുനികതയുടേത്. പെണ്ണിന്റെ എഴുത്തിനെ ഏറ്റവും ക്രിയാത്മകമായി സ്വാധീനിക്കാൻ കഴിഞ്ഞ പരിവർത്തനങ്ങളായിരുന്നു അവയിൽ ഭൂരിഭാഗവും. കൂടുതൽ എഴുത്തുകാരികളുണ്ടാവാൻ, മുമ്പു സൂചിപ്പിച്ചതു പോലെ എഴുത്തുകാരി എന്ന അംഗീകാരത്തിനു വേണ്ടിയല്ലാതെ തന്നെ തുറന്നു പറച്ചിലുകൾ നടത്തുന്ന സ്ത്രീകളുണ്ടാവാൻ പ്രേരകമായതും ഇത്തരം മാറ്റങ്ങളാണ്. നഗരവൽക്കരണം, ദൃശ്യമാധ്യമങ്ങൾ, ആഗോള ഗ്രാമസങ്കല്പം എന്നിവയ്ക്കൊക്കെ പെൺ പറച്ചിലുകളെ, രചനകളെ നിർണായകമായി സ്വാധീനിക്കാൻ കഴിഞ്ഞു. അക്കൂട്ടത്തിൽ സോഷ്യൽ മീഡിയയ്ക്കുള്ള പങ്ക് അഗ്രഗണ്യമാണു താനും. സ്മാർട്ട് ഫോണിനു മുന്നും പിന്നുമെന്ന് കൃത്യമായി വിഭജിക്കാവുന്ന രീതിയിൽ മലയാളി സ്ത്രീയുടെ സർഗ്ഗാത്മക ജീവിതം രൂപാന്തരം പ്രാപിച്ചു. ജീവിതത്തിന്റെ എല്ലാ മേഖലകളെയും അതു സ്വാധീനിച്ചിട്ടുണ്ടാവാം. പക്ഷേ സ്ത്രീയെ സംബന്ധിച്ച് അവളിലെ സർഗ്ഗശേഷിയെ ഉണർത്താനും ഉപയോഗപ്പെടുത്താനും കഴിഞ്ഞുവെന്നതു തന്നെയാണ് വിവരസാങ്കേതിക വിദ്യയുടെ, സോഷ്യൽമീഡിയയുടെ ഏറ്റവും ഗുണപരമായ ഫലം. ശരീരത്തെക്കുറിച്ച്, സ്വത്വബോധത്തെക്കുറിച്ച്, ലിംഗപദവിയെക്കുറിച്ച് സമകാല ലോകത്തോടു സംവദിക്കാനുള്ള ഏറ്റവും വിശാലമായ ഒരു സ്പേസ് അവൾക്കു വീണ്ടുകിട്ടുകയായിരുന്നു. മറഞ്ഞിരുന്നോ, തെളിഞ്ഞിരുന്നോ, മാറിയിരുന്നോ, മറ്റൊരാളായി മാറിയോ അവൾക്ക് തന്നെക്കുറിച്ച്, ലോകത്തെന്തിനെയും കുറിച്ച് സംസാരിക്കാൻ കഴിയുന്നു. എഴുതുക, സ്വതന്ത്രമായി എഴുതുക, നിർഭയമായി എഴുതുക, സ്വയം എഡിറ്ററും പബ്ലിഷറുമായി മാറുക തുടങ്ങിയ സാധ്യതകൾ പെണ്ണെഴുത്തിനെയാണേറ്റവും ഊർജ്ജസ്വലമാക്കിയതെന്ന് എഫ്ബി വാളുകളിലെ സ്ത്രീ പ്രാതിനിധ്യം വിളിച്ചു പറയുന്നുണ്ട്. യാദൃച്ഛികമാവാം ഈ 32 കഥകളിൽ ഏറിയ പങ്കും ശേഖരിക്കാനായത് സൈബർ സ്പേസിലൂടെയാണു താനും. സ്വന്തം ചുവരിൽ, സമാനാഭിരുചിയുള്ളവരുടെ സൗഹൃദക്കൂട്ടായ്മകളിൽ സന്തോഷത്തോടെ, ആത്മവിശ്വാസത്തോടെ നടത്തിയ തുറന്നുപറച്ചിലുകളാണവയിൽ ചിലതൊക്കെ.

ഈ 32 കഥകളെയും പ്രത്യേക കള്ളികളിലൊതുക്കി ഓരോന്നിനെക്കുറിച്ചും പറയുകയെന്നത് അപ്രായോഗികമാണ്. പല പ്രായക്കാരായ, പല ജീവിതനിലവാരത്തിലുള്ള, വ്യത്യസ്ത വീക്ഷണങ്ങളുള്ള സ്ത്രീകളാണവ എഴുതിയിരിക്കുന്നത്. ഒരു പക്ഷേ ചൂണ്ടിക്കാട്ടാവുന്ന ഒരേയൊരു സമാനത ഇവരെല്ലാം ഒരേ കാലത്തു, ജീവിക്കുന്നു എന്നതു മാത്രമാവാം. അത്രത്ര ചെറിയ കാര്യവുമല്ല. കഥകളിലധികവും ഹ്രസ്വമാണ്. പക്ഷേ അവയുടെ ആശയപ്രപഞ്ചം, അവയുടെ ധ്വനികൾ അത്രത്തോളം ഹ്രസ്വമല്ലെന്നതാണ് മറ്റൊരു സമാനത. സമകാലസാമൂഹ്യാവസ്ഥകളോടുള്ള പെൺ പ്രതികരണങ്ങളാവാൻ അവയ്ക്കു നിശ്ചയമായും കഴിയുന്നുണ്ട്. നിശിതമായ സാമൂഹിക വിമർശനം, ദാമ്പത്യം, പ്രണയം, വിവാഹം തുടങ്ങിയ സ്ഥാപനങ്ങളെ സ്ത്രീപക്ഷ വിശകലനം നടത്തൽ, വ്യവസ്ഥകളോട് അനുരഞ്ജന ഭാവം കാട്ടിക്കൊണ്ടു തന്നെ അവയെ നിശിതമായി കീറി മുറിക്കുന്ന കൗശലം തുടങ്ങി കൗതുകകരമായ അനേകം പ്രവണതകൾ ഈ കഥകൾക്കുള്ളിലുണ്ട്. വെറും കഥ പറച്ചിലിന്റെ ആനന്ദാനുഭൂതിയല്ല അവ പ്രദാനം ചെയ്യുന്നതെന്നു ചുരുക്കം. പൊതു സമ്മതികളെ രൂപപ്പെടുത്തുന്ന നിയമങ്ങളെയും ക്രമങ്ങളെയും തെല്ലൊന്നു പരിഹസിക്കാനുള്ള വാഞ്ഛ പലപ്പോഴും അവ ബോധപൂർവ്വമാവണമെന്നു പോലുമില്ല, മിക്ക കഥകളിലുമുണ്ട്. ഈ കഥകളെ ഏറ്റവും സാമാന്യമായി ഒന്നു പരിചയപ്പെടുത്തുവാനുള്ള ശ്രമമാണു നടത്തുന്നത്.

ലൈംഗികമായ അടിച്ചമർത്തലുകളും സ്ത്രൈണതയോടുള്ള ഭയവും വിലക്കുകളും മതങ്ങളുടെ സവിശേഷസ്വഭാവമാണ്. സ്ത്രീയെ നിയന്ത്രിക്കുക, അവളുടെ ശരീരം, ഉല്പാദനക്ഷമത, ലൈംഗികത എന്നിവയുടെ ഏക അധികാരിയായി പുരുഷനെ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മതസംഹിതകളും മതനിഷ്ഠമായ ആചാരാനുഷ്ഠാനങ്ങളും പ്രവർത്തിക്കുക. സ്വന്തം ലൈംഗികാസക്തികളുടെ ശമനത്തിനായി മതവിശ്വാസത്തെ, ആചാരങ്ങളെ ഉപയോഗിക്കുന്ന മതപുരോഹിതന്മാരുടെ കാപട്യത്തെ തുറന്നു കാട്ടുന്ന കഥകളിലൊന്നാണ് താഹിറ ടി.പി.എമ്മിന്റെ

'അൽഗുൽത്ത് ഉസ്താദിന്റെ വ അള്' കഥ ആക്ഷേപഹാസ്യമാണ്, മതപൗരോഹിത്യത്തിന്റെ നിന്ദ്യമായ വശങ്ങളെ തുറന്നു കാട്ടലുമാണ്. മിനിക്കഥയുടെ രൂപമാണെങ്കിലും പരിമിതമായ വാക്കുകളേ കഥയിലുപയോഗിച്ചിട്ടുള്ളുവെങ്കിലും ഇതു സൃഷ്ടിക്കുന്ന

ആഘാതം ഭീകരമാണ്. ചെറുതായിരുന്നു കൊണ്ട് ചെറുതല്ലാത്ത കാര്യം പറയുന്നതിന് മറ്റൊരുദാഹരണ മാണ് ഷാഹിന ഷെഖായിയുടെ 'നിയമം നിയമത്തിന്റെ വഴിയേ, ഞാനെന്റെ വഴിയേ' എന്ന കഥ. ഇവിടെയും കഥാനായകൻ ഇമാം തന്നെ. നിയമങ്ങൾക്കും ചട്ടങ്ങ ൾക്കുമതീതരാണ് മതപുരോഹിതരെന്ന് ശീർഷകം വെളിപ്പെടുത്തുന്നു. സ്ത്രൈണതയെ വിലക്കുകൾക്ക കത്ത് ഒതുക്കി നിർത്തുകയും അതേ സമയം സ്വന്തം ലൈംഗികാസക്തി ശമിപ്പിക്കാൻ അവരെ ഉപയോഗ പ്പെടുത്തുകയും ചെയ്യുന്ന പുരുഷാധികാര പ്രത്യയശാ സ്ത്രത്തിന് മതഘടനകൾക്കുള്ളിൽ വേരുകളാഴ്ത്താൻ പ്രായേണ എളുപ്പമാണെന്ന് ഷാഹിന സമർത്ഥമായി കാണിച്ചുതരുന്നു. കഥയിലെ ഇമാം പിടിക്കപ്പെടുന്നു ,പക്ഷേ പിടി കൊടുക്കാത്തവരാണധികം. ഉപഭോഗ സംസ്കാരത്തിന്റെ, മുതലാളിത്തത്തിന്റെ, നവലിബറൽ നയങ്ങളുടെ ദൂഷ്യങ്ങളും സാധ്യതകളും പൗരോഹി ത്യത്തെ, മത ഘടനകളെ നിർണായകമായി സ്വാധീനി ക്കുന്ന കാലമാണിത്. മതാധികാരം, മറ്റെല്ലാ അധികാര ങ്ങളുമെന്ന പോലെ ജീർണിക്കുകയും അധിനിവേശ ത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നു. അതാവട്ടെ അങ്ങേയറ്റം സ്ത്രീവിരുദ്ധവും.

ഈ രണ്ടു കഥകളുടെയും രാഷ്ട്രീയം വളരെ പ്രസക്തമാകുന്നത് ഇവിടെയാണ്.

മീര ജോർജിന്റെ നേർച്ചപ്പുത്രി ക്രിസ്തുമത ത്തിലെ നിത്യകന്യകാ വ്രതവുമായി ബന്ധപ്പെട്ട കഥ യാണ്. സിസ്റ്റർ റാണിയെന്ന കന്യാസ്ത്രീയുടെ ജീവിത ത്തിലെ മൂന്നു കാലങ്ങൾ. നിർബന്ധിതമായി കർത്താ വിന്റെ മണവാട്ടിയാവേണ്ടി വന്ന സ്ത്രീയുടെ നിരാശ കൾ, ജീവിതാസക്തി ഇവയെ ഏറെയൊന്നും വാചാല മാവാതെ പറഞ്ഞുറപ്പിക്കുന്നതിൽ മീര കാട്ടിയിട്ടുള്ള ശ്രദ്ധയും ക്രാഫ്റ്റിന്റെ മികവും എടുത്തു പറയേണ്ടതു മാണ്. നിറങ്ങളോടു മമതയുള്ള യൗവ്വനം , നിഗൂഢമായ പ്രണയം, വാർദ്ധക്യത്തിലെ വൈരസ്യം ഈ മൂന്നവ സ്ഥകളിലൂടെയും എത്ര കൈയ്യടക്കത്തോടെയാണ് റാണി സിസ്റ്റർക്കൊപ്പം വായനക്കാരെയും മീര കൊണ്ടു പോയിരിക്കുന്നത്!

സോഷ്യൽമീഡിയക്കാലത്തെ രണ്ടു സദാചാര കഥകളാണ് ജമി ഫിറോസും രാധികമേനോനും എഴു തുന്നത്. പുതിയ ലോകത്തു ജീവിക്കുന്ന ഏതു സ്ത്രീ യും ഒരിക്കലെങ്കിലും കടന്നു പോന്ന പ്രതിസന്ധികൾ, പ്രശ്നങ്ങൾ. നർമ്മത്തിന്റെ തെളിവോടെയാണവർ കഥ പറയുന്നതെങ്കിലും സാങ്കേതികതയുടെ, ന്യൂ മീഡിയ കളുടെ സ്ത്രീവിരുദ്ധ സ്വഭാവം എത്രമേൽ ഭീഷണ മാണെന്ന യാഥാർത്ഥ്യം കഥ ഓർമ്മിപ്പിക്കാതിരിക്കു ന്നില്ല. വെറുതെ ചിരിപ്പിക്കാനല്ല ഒരു പെണ്ണെഴുത്തു മെന്ന് ഉത്തരം കഥകൾ നമ്മളോടു സംവദിക്കുന്നുണ്ട്. മായാരമേഷിന്റെ സദാചാരത്തമ്പുരാക്കൾ എന്ന കഥ യുടെ പ്രമേയവും സമാനമാണ്, തീക്ഷ്ണമായി മുറിപ്പെ ടുത്തുന്നതുമാണ്. സമൂഹത്തിന്റെ മൊറാലിറ്റിയുടെ മൊത്തം സംരക്ഷകരായി നടിക്കുന്ന സാംസ്കാരിക നായകൻ നടത്തുന്ന ലൈംഗികചൂഷണമാണ് കഥ. രജിത കെ.സിയുടെ സദാചാര പോരാളി എന്ന കഥ പുതുതലമുറയിലെ പ്രണയത്തിന്റെ നൈമിഷികതയും കാപട്യവും തുറന്നു കാട്ടുന്നു. സ്ത്രീശരീരത്തിനു മേൽ, അവളുടെ എല്ലാത്തരം സ്വാതന്ത്ര്യത്തിനും മേൽ പുരുഷ നെടുക്കുന്ന ഏകപക്ഷീയമായ അധികാരത്തിന്റെ ഭീകരമായ മുഖം ഈ കഥയിലുണ്ട്. ഹാസ്യത്തിന്റെ മൃദുലതകളിലൊളിപ്പിച്ച് അതിനെ ആഖ്യാനം ചെയ്യാൻ രജിതക്കു കഴിയുകയും ചെയ്തിരിക്കുന്നു. ന്യൂ ജന റേഷൻ കാമുകിമാരും ബുദ്ധിമതികളാണ്. പ്രണ യത്തെ പൊതിഞ്ഞുള്ള കാല്പനികതയൊക്കെ എത്ര യോ പഴങ്കഥയായിരിക്കുന്നു.

സൗമ്യധർമ്മജന്റെ കഥ ലൈംഗികതയിലെ തിര ഞ്ഞെടുപ്പിനുള്ള സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും അവ കാശത്തെയും കുറിച്ച് പറയുന്നു. നെരൂദയുടെ വരികളു ദ്ധരിച്ചുള്ള തുടക്കവും ഒടുക്കവും. സമൂഹത്തിന്റെ വിധി തീർപ്പുകൾക്കുള്ളിൽ ഒതുങ്ങേണ്ടതല്ല തന്റെ ജീവിത മെന്ന കഥയിലെ മധ്യവയസ്കക്ക് അറിയാം.

ക്രാഫ്റ്റു കൊണ്ടും പ്രമേയത്തിന്റെ വിപ്ലവ സ്വഭാവം കൊണ്ടും ഈ കഥ വേറിട്ടു തന്നെ നിൽ ക്കുന്നു. വളരെ പ്രായം കുറഞ്ഞ കാമുകനുമൊത്ത് ഹോട്ടലിൽ കഴിയാൻ, റെയ്ഡിനു വന്നവരോട് മക നാണ് കൂടെയുള്ളതെന്നു പറയാൻ അവൾക്കു മടിയില്ല. സമൂഹത്തിന്റെ സദാചാരനിയമങ്ങളെ അതിലംഘി ക്കുന്ന അവൾ തന്റെ ആസക്തികൾക്കും അഭിലാഷ ങ്ങൾക്കും ഭാഷ നൽകുകയാണ്. സ്ത്രൈണ ലൈംഗി കാഭിലാഷങ്ങളെ അതിന്റെ പതിവു മൗനത്തിൽ നിന്നു വിമോചിപ്പിക്കുന്ന ശക്തമായ കഥയാണ് സൗമ്യ എഴുതിയിരിക്കുന്നത്.

സ്ത്രീപ്രതിരോധത്തിന്റെ ഒതുക്കമുള്ള രേഖ യാണ് ജെസി കാരാടിന്റേത്.

മരണവും ജീവിതവും തമ്മിലുള്ള അന്തരത്തെ ആശുപത്രിയുടെ പശ്ചാത്തലത്തിലവതരിപ്പിക്കുന്ന ജിയ ജോർജ്, മരണത്തിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്ന സുമയ്യ സുമം എന്നിവരുടെ കഥകൾ ശ്രദ്ധേയങ്ങളാണ്. സബൂറ മിയാനത്ത് മതാതീതമായ ജീവിതത്തിന്റെ ചാരുതകളും സാധ്യതകളുമാണ് പ്രമേയമാക്കുന്നത്. ആ തിരിച്ചറിവിലേക്കെത്താൻ ഏറെ സമയമെടുക്കു മെന്നു മാത്രം. അടുക്കളപ്പൊത്തിൽ കരളൊളിപ്പിക്കുന്ന പെണ്ണുങ്ങളെന്ന പ്രയോഗം കൊണ്ടു കൂടി ശ്രദ്ധേയ മാവുന്ന തീപ്പാതിയെഴുതിയ ബദറുന്നീസ, അടുക്കള യിൽ വെച്ചുണ്ടാക്കിയതൊക്കെ ഒരു തട്ടിൽ വെച്ച് മറു തട്ടിൽ കയറിയിരുന്ന് തുലാഭാരം നടത്തുന്നതിനെ ക്കുറിച്ചു പറയുന്ന സിനി സി.കെ, ബീച്ചിൽ പട്ടാപ്പകൽ നടക്കുന്ന ബാലലൈംഗികചൂഷണത്തെക്കുറിച്ചെ ഴുതിയ ബിന്ദു അതൂർ, സി സിടിവി ക്യാമറകൾ നഷ്ടപ്പെ ടുത്തുന്ന സ്വകാര്യതകളെക്കുറിച്ചു, "ങ്ങളെത്തന്നെ ഒരാളു നോക്കിക്കൊണ്ടിരുന്നാൽ അസ്വസ്ഥതയുണ്ടാ വില്ലേ" എന്നു വേദനിക്കുന്ന ശാന്തി പാട്ടത്തിൽ ... ഇവ രൊക്കെ മുമ്പെഴുതുന്നവരോ സ്ഥിരമായി കഥയെഴുതു ന്നവരോ ആയിരിക്കില്ല. പക്ഷേ നല്ല കഥാകൃത്തു ക്കളാണ് എന്നു സംശയമില്ല.

ശ്രീകല അജയ്ശങ്കറിന്റെ കഥ വെന്തു ചാവുന്ന വർ, സ്ത്രീ ജീവിതത്തിന്റെ ദൈന്യതകളുടെ ചാക്രിക തയെ വേദനയോടെ ഓർമ്മപ്പെടുത്തുന്നു. സ്നേഹ ത്തിന്റെ അടുക്കളമണം പുകഞ്ഞുവേവുന്ന മാംസത്തിന്റെ മണമായി എത്ര പെട്ടന്നാണു മാറുന്നത്. നയൻതാര എഴുതിയ ഒരു സാധാരണ ദിവസം ഫാന്റ

സിയുടെ ഛായയുള്ള മരണത്തിന്റെ കഥയാണ്. മിതമായ വാക്കുകൾ, ബിംബങ്ങൾ, ചെത്തിമിനുക്കിയെടുത്ത വടിവിൽ ഈ പ്ലസ്ടുകാരി ഉച്ചസമയത്തെ ഏകാന്തമായ വീട്ടിൽ, ആൽബത്തിൽ നിന്നും ചുവരിലെ ഫോട്ടോയിൽ നിന്നുമൊക്കെ ഇറങ്ങി വരുന്ന മരിച്ചു പോയവരെ വരച്ചെടുത്തിരിക്കുന്നുവെന്ന് അതിശയിക്കാതിരിക്കില്ല വായനക്കാർ. ബവിതവത്സലന്റെ പോസ്റ്റ്മാൻ എന്ന കഥയിലും മരണമാണ് കേന്ദ്രസ്ഥാനത്ത്.സിസി രതീഷിന്റെ സെമിത്തേരിയും മരണത്തെക്കുറിച്ചു പറയുന്നു. അന്തരീക്ഷ സൃഷ്ടിയുടെ മികവ് എടുത്തു പറയേണ്ടതാണ്.

പൂർണിമ.ജി യുടെ താമരക്കുളം വേറൊരു മരണത്തിന്റെ കഥയാണ്. മരിച്ചു പോയ വിദ്യാർത്ഥിയെ കണ്ടുമുട്ടുന്ന അധ്യാപികയുടെ വിഭ്രമവും കുറ്റബോധവും ദാരിദ്ര്യത്തിന്റെ നിസഹായതയും കഥ നന്നായിത്തന്നെ പകർത്തുന്നു. ഒരു മരണകഥയും പക്ഷേ മറ്റൊന്നു പോലെയല്ല. ഓരോന്നും സവിശേഷമായ രീതികളിൽ വ്യതിരിക്തങ്ങളാണ്.

ജെസി അന്ന ജേക്കബ്, ദീപാ മോൾ മാത്യു എന്നിവരുടെ കഥകളിൽ ദാരിദ്ര്യമാണു പ്രമേയം. രണ്ടു ശൈലികളിൽ, രണ്ടു തരം ആഖ്യാന സാധ്യതകളിലൂടെ രണ്ടു പേരും നിസ്വമായ ജീവിതങ്ങളുടെ നിരാലംബതകളെ അനുഭവിപ്പിക്കുന്നു. അലങ്കാരങ്ങളും ആർഭാടങ്ങളുമില്ലാതെ തികച്ചും സ്വാഭാവികമായി. ഇരുണ്ട ജീവിതപ്പുറമ്പോക്കുകൾ. ആശയങ്ങളോ വ്യക്തികളോ പ്രതിനിധീകരിക്കുന്ന ഉടൻ പ്രതിവിധികളൊന്നുമില്ലാത്ത നഗ്നമായ ജീവിതങ്ങൾ. ക്ലേശങ്ങളിലൂടെ ദുരിതങ്ങളിലൂടെ തുടരുന്ന ദിനരാത്രങ്ങളിൽ ചെറിയ ചെറിയ വെളിച്ചങ്ങൾ പോലുമുണ്ടാക്കുന്ന ആനന്ദമെത്ര വലുതാണെന്ന് വെറോണിക്കയുടെ തൂവാല വെളിച്ചപ്പെടുത്തുന്നു. അതൊരു മാന്ത്രികതൂവാലയാണ്. കുട്ടികളുടെ കുതൂഹലങ്ങളെയും കൊതികളെയും ശമിപ്പിക്കുന്നത്. അവർ കാണാത്ത ലോകങ്ങളിലെ അലങ്കാരക്കാഴ്ചകൾ ഒപ്പിയെടുത്തു കൊണ്ടുവന്ന് വിസ്മയിപ്പിക്കുന്ന മാന്ത്രികതൂവാല.

നിജു ആൻ ഫിലിപ്പിന്റെ കഥയ്ക്ക് ഫാന്റസിയുടെ സ്വഭാവമാണുള്ളത്. ഹെർണിയ ഓപ്പറേഷൻ കഴിഞ്ഞതിനു ശേഷം പാപ്പച്ചൻ ചേട്ടന്റെ ജീവിതത്തിലുണ്ടാകുന്ന അതിശയങ്ങളെ നിജു രസകരമായാവിഷ്കരിക്കുന്നു. ഗ്രാമീണദൃശ്യങ്ങൾ, ക്രിസ്ത്യൻ ഭാഷ ഇതൊക്കെ കഥയുടെ മാറ്റുകൂട്ടുന്നുമുണ്ട്.

സ്മിത മീനാക്ഷിയുടെ വേതാളജീവിതം സ്ത്രീജീവിതത്തിന്റെ സന്ദിഗ്ധതകൾ, ആഴങ്ങൾ, നില കിട്ടായ്മകൾ എന്നിവയെ പ്രതീകാത്മകമായി ചിത്രീകരിക്കുകയാണ്. കഥയിലൊരു വേതാളമുണ്ട്. വേതാളത്തിന്റെ കഥ കേൾക്കാൻ കൊതിക്കുന്ന പെണ്ണുണ്ട്. കഥയ്ക്കു വേണ്ടിയുള്ള അദമ്യമായ വാഞ്ഛ. വേതാളം പറയാനിടയുള്ള കഥകളെല്ലാം ഒടുക്കമെത്തും മുമ്പേ അവളെ മടുപ്പിക്കുന്നു. വേതാളമാകട്ടെ കഥ പറയുകയല്ല, അവളുടെ തോളത്തു പതുങ്ങിക്കിടക്കുകയാണ്. ഉള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരമുള്ളതുകൊണ്ട് ഉത്തരമറിയാത്ത കഥയുണ്ടാകുന്നതുവരെ നമുക്കിങ്ങനെ നടക്കാമെന്നാണതിന്റെ ഭാവം. കഥ കേൾക്കാനുള്ള ആവേശത്തിലിറങ്ങിത്തിരിച്ചവൾക്ക് ഇനിയതിനെ ഒഴിവാക്കാനാവുകയില്ല. അതിനെയും ചുമന്നവൾക്ക് ജീവിതത്തിലേക്ക് തിരിച്ചു നടന്നേ മതിയാവൂ. ചോദ്യങ്ങളും ഉത്തരങ്ങളുമില്ലാത്ത വിരസവും യാന്ത്രികവുമായ ആ ജീവിതം കാടിനു വെളിയിൽ, പുഴയ്ക്കക്കരെ കാത്തു നിൽക്കുന്നു. ഭ്രമാത്മകതയുടെ നിലീനച്ഛായകൾ കഥയ്ക്ക് നിഗൂഢമായൊരു വശ്യത പകരുന്നുണ്ട്.

അനായാസമായ ജീവനസാധ്യതകളിൽ കഥയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്താനായെന്നു വരില്ല. സങ്കീർണവും രഹസ്യാത്മകവും പലപ്പോഴും ഭീതിദവുമായ അതിജീവന പ്രതിസന്ധികളിലാവട്ടെ കഥ നിറഞ്ഞു തുളുമ്പുന്നുണ്ടാവാം. അമൃത കേളകത്തിന്റെ 'ജലേസ്മിൻ സന്നിധിം' അത്തരമൊരു കഥയാണ്. വ്യത്യസ്തമായ നോട്ടങ്ങളുടെ, കാഴ്ചകളുടെ വ്യതിരിക്തമായ ആഖ്യാനം. രശ്മി കിട്ടപ്പയുടെ അപ്പുറം എന്ന കഥയിൽ ഏകാന്തതയുടെ, ആത്മാന്വേഷണത്തിന്റെ നീറ്റലാണുള്ളത്. യുക്തികൾക്കു വഴങ്ങാത്ത പ്രിയങ്ങൾ, അടക്കി വെക്കാനാകാത്ത മമത, ഈ കഥയിൽ മൗനമായി തിടം വെയ്ക്കുന്നു. നിലപാടുകൾ കൊണ്ട്, രാഷ്ട്രീയം കൊണ്ട് പരസ്പരം ചേരാത്ത അപ്പുറവും ഇപ്പുറവും. പക്ഷേ അവയ്ക്കൊക്കെ അതീതമായ മാനവികതയുടെ ആന്തരികമായൊരൊഴുക്ക് രണ്ടിനെയും ഒരുമിപ്പിക്കുന്നു, ആർദ്രമാക്കുന്നു.

ഹിരണ്മതിയുടെ 'വെറും നിഴലുകൾ' എന്ന ചെറിയ കഥയുടെ പ്രമേയം അസ്വസ്ഥതയുണ്ടാക്കുന്നതാണ്. പുതുകാലത്തെ സ്ത്രീകൾ വിമോചനത്തിന്റെയും വിയോജിപ്പുകളുടെയും ഭാഷ സംസാരിക്കുമ്പോൾ ഹിരണ്മതിയുടെ നായിക കീഴടങ്ങുന്നവളാണ്. ഇക്കൂട്ടത്തിലെ ഏറ്റവും ജൂനിയർ കഥാകൃത്തുക്കളിലൊരാൾ ഇത്തരമൊരു നിലപാടെടുക്കുന്നതിനു പിന്നിലുള്ള കാരണം ഒരുപക്ഷേ, പുതിയ കുട്ടികൾ കൂടുതൽ യാഥാർത്ഥ്യബോധമുള്ളവരായതിന്റെ സൂചനയാണോ എന്നു സംശയിക്കാവുന്നതാണ്. അവർ മുതിർന്ന സ്ത്രീകളുടെ സാമൂഹിക-വൈയക്തിക ജീവിതങ്ങളെ കൂടുതൽ ജാഗ്രതയോടെ നോക്കിക്കാണുന്നു.സാമൂഹ്യ മാധ്യമങ്ങളും സൈബർ സ്പേസുമൊന്നും ചരിത്രത്തിലെ, സംസ്കാരത്തിലെ അധിനിവേശങ്ങളെ, സ്ത്രീവിരുദ്ധതയെ മായ്ച്ചു കളയാൻ പര്യാപ്തമല്ല എന്നു തിരിച്ചറിയുന്നു.

അമല ഷഫീഖിന്റെ വെണ്ണാമ്മച്ചി ലളിതമായൊരു ജീവിതാഖ്യാനമാണ്. കുട്ടിക്കാലത്തിന്റെ ആനന്ദങ്ങൾ, കൗതുകങ്ങൾ, വെണ്ണ തരുന്നതു കൊണ്ട് വെണ്ണാമ്മച്ചിയായ അമ്മാമ്മയുടെ ഒറ്റയാൾ പോരാട്ടങ്ങൾ, ഒടുവിൽ ഓർമ്മയും സമനിലയും കൈവിട്ടു പോവുന്ന ദുരവസ്ഥ ഒക്കെ അമലയ്ക്ക് നേർരേഖയിലാവിഷ്കരിക്കാൻ കഴിയുന്നു. ചിന്തുരാജിന്റെ 'മരണം ശ്വസിക്കുന്നവർ' പക്ഷേ ഒട്ടും ലളിതമായൊരാഖ്യാനമല്ല. സങ്കീർണമായ മനുഷ്യാവസ്ഥകളെ, മാനസികഭാവങ്ങളെ അസാധാരണമാം വിധം ഒതുക്കത്തോടെ ഈ കഥ കൈകാര്യം ചെയ്തിട്ടുണ്ട് താനും. ഗീതു സുരേഷിന്റെ കാഴ്ച എന്ന കഥയിൽ കഥാത്മകമായൊരു ഒളിപ്പിച്ചു വെയ്ക്കലല്ല, പ്രസ്താവനകളുടെ നേർവഴിയാണ് ഗീതു സ്വീകരിക്കുന്നത്. അവയവദാനം ചെയ്ത സ്ത്രീ വേശ്യയാണെന്നും ഇവ ളിൽ നിന്നാണോ കരളു

*(ശേഷം പേജ് 35)*

കഥ



**സ്മിത മീനാക്ഷി**
വിവർത്തക
വസുന്ധര എൻക്ലേവ്,
ഡൽഹി

# വേതാള ജീവിതം

**കാ**ടാണ്, രാത്രിയിലെ കാട്, അനക്കങ്ങൾ പകലുകളുടേതല്ല, കൂമനും കുറ്റിച്ചൂളാനും കുറുക്കനും ഇടയ്ക്കിടെ സാന്നിധ്യമറിയിക്കുന്നു. ആരോ അലസമായി കോട്ടുവായുതിർക്കുന്നതുപോലെ കാറ്റ് വല്ലപ്പോഴും വീശി, ചില്ലകൾ ഉറക്കം വിട്ടതിലെ അസ്വസ്ഥതയോടെയെങ്കിലും, കടമയെന്നതുപോലെ ഒന്നോ രണ്ടോ ഇലകൾ കൊഴിച്ചിട്ട് വീണ്ടും കണ്ണുകളടച്ചു. കരിയിലകൾ അനിഷ്ടത്തോടെ ഉരസിയിളകി, പാദസ്വരങ്ങളില്ലാത്ത കാലിൽ നിന്ന് കേട്ട മണിക്കിലുക്കത്തിൽ സ്വയം മറന്ന്, ഇരുട്ടിലാണു വഴി കൂടുതൽ പരിചയമെന്നതുപോലെ നടന്നു. കാട്, പുഴയിലേയ്ക്ക് വീഴാതെ മരക്കൂട്ടങ്ങളിൽ പിടിച്ചു നിൽക്കുന്ന ഇടത്താണു ശ്മശാനം. ശ്മശാനത്തിലെ മരങ്ങൾ കാട്ടിലെ മരങ്ങളുടെ തുടർച്ചയാണെങ്കിലും ചില്ലകളുടെ വിന്യാസത്താലും ഇലകളുടെ അഭാവത്താലും വിശിഷ്ടമായിരുന്നു. എല്ലാമെല്ലാം ഏതോ പരിശീലനക്കളരിയിൽ ആവർത്തിച്ചു വരച്ചു പഠിച്ചതുപോലെ മനസ്സിൽ പതിഞ്ഞു കിടക്കുന്നുണ്ട്.

നിലാവുണ്ടെന്ന് മനസ്സിലായത് ശ്മശാനം കണ്ടു തുടങ്ങിയപ്പോഴാണ്. അതിനടുത്തെത്തുമ്പോഴേയ്ക്കും കീറിപ്പറിഞ്ഞ് അവിടവിടെ മാത്രമെന്ന രീതിയിൽ കാണപ്പെടുന്ന വനമേലാപ്പ് നിലാവിനെ താഴേയ്ക്ക് കോരി വിതറി. വേരുകളുടെ പാതിയിലധികവും മണ്ണിനു മുകളിൽ, ചുറ്റിപ്പിണഞ്ഞ പാമ്പിൻ കൂട്ടങ്ങളെയോർമ്മിപ്പിക്കുന്നവിധത്തിൽ വിരിച്ചിട്ട്, പ്രേതനൃത്തങ്ങൾക്കൊരുങ്ങി നിൽക്കുന്ന മരങ്ങൾ. വേരുകളിലൊന്നിൽ കാൽ തട്ടി, വലതു പെരുവിരൽ പൊളിഞ്ഞുവെങ്കിലും, വീണു-വീണില്ല എന്നാകുമ്പോഴേയ്ക്കും അദൃശ്യമായ ഒരു കൈ താങ്ങിയതുപോലെ തോന്നി. തലയ്ക്കു മീതെ കൂടി കടവാവലുകൾ പാഞ്ഞു. ശ്മശാനം എല്ലുകളും തലയോട്ടികളും കൊണ്ട് അലങ്കരിക്കപ്പെട്ട് അതിന്റേതായ ഗരിമയോടെ നിവർന്നു കിടക്കുന്നു. ഒത്തമധ്യത്തിലെ ഇലയില്ലാമരം. കൂർമ്പൻ ചില്ലകൾ. മരക്കൊമ്പിൽ നിന്നു പിടിവിടാതെ തൂങ്ങിക്കിടക്കുന്ന വേതാളം, അത്ര എളുപ്പമാകില്ല ജോലി, മരത്തിൽ കയറേണ്ടിവരും, നീളൻ പാവാടയുമിട്ട് മരത്തിൽ കയറുകയോ എന്ന ചിന്തയുദിച്ചപ്പോഴാണു ശരീരത്തെ ശ്രദ്ധിച്ചത്. നഗ്നയാണ്, കാട്ടിലേയ്ക്ക് കയറുമ്പോൾ പാവാടയും ബ്ലൗസും തല മറയ്ക്കുന്ന ചിത്രശീലയുമുണ്ടായിരുന്നതാണല്ലോ, എപ്പോൾ, എവിടെ വച്ചാണവ അഴിഞ്ഞുപോയത്? ഓർമ്മയില്ല. നനുനനുത്ത ഇല സ്പർശങ്ങളാൽ കനത്തു പോയ മുലകൾ, നിലാവിനു വഴിയൊരുക്കുന്ന കാലിടകൾ, പക്ഷേ നഗ്നതയെക്കുറിച്ച് പ്രത്യേകിച്ചൊരു ലജ്ജയോ അഭിമാനമോ തോന്നിയില്ല. മരച്ചുവട്ടിൽ നിന്നു കേൾക്കുന്ന ശീൽക്കാരം ചുറ്റിപ്പിണഞ്ഞിരിക്കുന്ന പാമ്പുകളുടേതാണ്, അതിനൊരു താളമുണ്ട്, ആവേശമുണ്ട്. അടുത്തു ചെല്ലുംതോറും ആ താളം മുറുകുന്നുമുണ്ട്. പക്ഷേ തൊട്ടടുത്തെത്തിയപ്പോൾ അവ വൃക്ഷത്തിൻ മേലുള്ള ചുറ്റ് സ്വയമഴിച്ച് വഴിയൊരുക്കുന്നതുപോലെ മാറിക്കിടന്നു.

മരമല്പ്പം കുനിഞ്ഞോ? കൈയെത്തിയാൽ തൊടാവുന്നതേയുള്ളു വേതാളത്തിന്റെ തലയിൽ. പക്ഷേ, മരക്കൊമ്പിലിറുക്കിപ്പിടിച്ചിരിക്കുന്ന കാലുകൾ വിടുവിച്ച് തോളിലേയ്ക്ക് കിടത്തണം, അത്ര എളുപ്പമല്ല, താഴെ നിന്നു ചെയ്യാനുമാകില്ല. വിക്രമാദിത്യനെ മനസ്സിൽ ധ്യാനിച്ച് മരത്തിൽ കയറി വലിച്ചിറക്കാമെന്നു ചിന്തിക്കവേ, മരക്കൊമ്പിൽ നിന്നൊരു മൂങ്ങ, കത്തിരാകുന്ന മൂർച്ചയുള്ള മൂളലോടെ പറന്നുപോയി, അതിന്റെ ആയത്തിൽ ചില്ല ഉലഞ്ഞു, മരവും. കൈയുയർത്തി ആടുന്ന വേതാളത്തലയിൽ തൊട്ടു. പെട്ടെന്നാണു ശ്രദ്ധിച്ചത്, ഉലയുന്ന മരത്തിൽ നിന്ന് പിടിവിട്ട് വേതാളം വീഴുകയാണ്, ഒരു നിമിഷത്തെ കുതിപ്പിൽ നിലത്തു വീഴാതെ താങ്ങി, പൂങ്കുലപോലെ ഭാരരഹിതം, കരിങ്കുപ്പായത്തിന്റെ കനം മാത്രമാണാകെയുള്ളത്, ആ കുപ്പായമാണെങ്കിലോ കുളിർപ്പുതപ്പു പോലെ മസൃണവും. ഒരു കുഞ്ഞിനെ തോളിലേറ്റുന്നതു പോലെയെന്നത്ഭുതപ്പെടുമ്പോൾ, അതങ്ങനെ തന്നെയെന്നുറപ്പാക്കും വിധം വേതാളം കഴുത്തിലേയ്ക്ക് ചേർന്നു കിടന്നു. ഉറങ്ങുകയാണോ? അപ്പോൾ കഥ? കഥ പറയുന്നില്ലേ? കഥയ്ക്കു ശേഷമുള്ള ചോദ്യമില്ലേ?

കരിയിലകളും ചുള്ളിക്കമ്പുകളും തലയോട്ടികളും എല്ലുകളും ചിതറിക്കിടക്കുന്നതിനു മീതെ നിലാവു നിഴൽ വരച്ചു, അമ്മയും കുഞ്ഞുമെന്നപോലെ, വലുപ്പമുള്ള കുഞ്ഞ്, അമ്മയുടെ ഇടതു പാതി മറയ്ക്കുന്നു. തോളിലൂടെ അഴിഞ്ഞു കിടക്കുന്ന മുടിയിഴകൾ ചെറുകാറ്റിൽ നിഴൽ നൃത്തമാടുന്നു. ഉദിച്ചു നിൽക്കുന്ന വലതു മുലക്കണ്ണിനെ ഉയർത്തിപ്പിടിക്കുന്ന മാറിടം. ചേലുള്ളൊരു നിഴൽ ബിംബം. ആ നിഴലിൽ നോക്കി നടന്നു.

നേർത്ത താളത്തിൽ ശ്വാസം തോളിൽ വീഴുന്നതറിഞ്ഞു, കുലുക്കിയുണർത്തിയാലോ? അതാലോചി

ക്കുമ്പോൾ തന്നെ, ദൂരെയെവിടെ നിന്നോ ഒരു കുറുക്കൻ നീട്ടി ഓരിയിട്ടു, അതുതീരും മുൻപ് തലയ്ക്കു മുകളിലൂടെ ഒരു മൂങ്ങ മൂളിപ്പറന്നു, വേതാളം ഞെട്ടിയുണർന്ന് തല കുടഞ്ഞു.

"സുഖമായി ഉറങ്ങിയിട്ട് ഏറെ നാളായിരുന്നു, നന്ദി," ശബ്ദത്തിലെ സൗമ്യത ഭയമകറ്റുന്നതായിരുന്നു. അതുവരെ ശ്വാസമടക്കിപ്പിടിച്ചാണു നടന്നിരുന്നത്. കുറുക്കനും മൂങ്ങയും നിശബ്ദരായതോടെ കാട് കരിയിലയനക്കങ്ങളൊഴികെ മറ്റ് ഒച്ചകളൊന്നുമില്ലാതെ ശാന്തമായി. ശ്മശാനത്തിന്റെ അതിരുകളിൽ വച്ച് നിലാവ് പിന്നോക്കം വലിഞ്ഞു, നിഴൽ പിരിഞ്ഞുപോയി. "ഉത്തരമറിയാത്ത കഥയുണ്ടാകുന്നതുവരെ നമുക്ക് നടക്കാം," വേതാളം തോളിൽ കൈയ്യമർത്തി തല ചെരിച്ചു നോക്കി. ആ നോട്ടം ശ്രദ്ധിക്കാത്ത ഭാവത്തിൽ നേരെ നോക്കി നടന്നു. ഇല്ല, ഉദ്വേഗം വെളിപ്പെടുത്തില്ല. എങ്കിലും എത്ര ശ്രമിച്ചിട്ടും ശ്വാസവേഗം കൂടുകയാണ്, ആസക്തിയുടെ താളത്തിൽ ഹൃദയമിടിക്കുന്നു, കഥ, കഥ, കഥ പറയൂ...

"കേൾക്കൂ, സമ്പൽ സമൃദ്ധമായൊരു രാജ്യം, സുമുഖനും സദ്സ്വഭാവിയുമായ രാജാവ്..'' കഥ തുടങ്ങുകയാണ്, കാതുകൾ കേൾവിയ്ക്കായി പരമാവധി വിടർന്നു. "രാജാവിനു നാലു ഭാര്യമാർ, നൃത്തത്തിൽ പ്രവീണയായ ചിത്രാംഗദ, സംഗീത വിദുഷിയായ കാദംബരി, മുഖസൗന്ദര്യവും രൂപലാവണ്യവും കാമലീലകളിലെ നൈപുണ്യവും കൊണ്ട് രാജാവിന്റെ മനം മയക്കിയ മാധവി, ദേവപൂജകൾ അഭ്യസിച്ച് ഈശ്വരചിന്തയും രാജ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയും രാജാവിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുമായി വിശുദ്ധജീവിതം നയിക്കുന്ന ശാരദാംബിക. പ്രധാന കൊട്ടാരത്തിനുള്ളിൽ തന്നെ നാലു ചെറു കൊട്ടാരങ്ങൾ ഇവർക്കായി പണി തീർത്തിരുന്നു. നൃത്തവും സംഗീതവും ആസ്വദിക്കുവാനും ഈശ്വരപൂജകളിൽ പങ്കെടുക്കുവാനുമെല്ലാം രാജാവ് പ്രത്യേകം പ്രത്യേകം സമയം കണ്ടെത്തിയിരുന്നു. എങ്കിലും മാധവിയുടെ കൂടെയായിരുന്നു രാജാവ് കൂടുതൽ സമയം ചെലവഴിച്ചിരുന്നതെന്ന് കൊട്ടാരത്തിൽ എല്ലാവരും മനസ്സിലാക്കിയിരുന്നു. അതിനവർക്ക് തെളിവുകളും ഉണ്ടായിരുന്നു.

ഒരിക്കൽ ചിത്രാംഗദയുടെ നൃത്തമവസാനിച്ചപ്പോൾ രാവേറെച്ചെന്നിരുന്നു, രാജാവിന്റെ ഉറക്കം തന്റെ അറയിലാകുമെന്ന് കരുതിയ അവൾ തങ്ങളുടെ കിടക്ക, പൂക്കളാൽ അലങ്കരിക്കുവാൻ തോഴിമാരോടു ആവശ്യപ്പെട്ടു. കളിപറഞ്ഞും അടക്കിച്ചിരിച്ചും അവർ പൂമെത്ത വിരിക്കുകയും ജാലകപ്പടിയിൽ ചന്ദനത്തൈലത്തിൽ മുക്കിയെടുത്ത വിശറികൾ സ്ഥാപിക്കുകയും ചെയ്തു. വിജനമായ ഉദ്യാനത്തിലേയ്ക്ക് തുറക്കുന്ന ജാലകത്തിലൂടെ കടന്നു വരുന്ന കാറ്റ് വിശറികളിൽ നിന്ന് ചന്ദനഗന്ധം പൊഴിച്ചു. നൃത്തലഹരിയിൽ മനം കുളിർത്ത ചിത്രാംഗദ, കുളി കഴിഞ്ഞ് മുറിയിലെത്തി, അർദ്ധനഗ്നയായി രാജാവിനെ കാത്തിരുന്നു. പക്ഷേ രാജാവിന്റെ പല്ലക്ക് അകന്നു പോയിയെന്നാണു തോഴി വന്നറിയിച്ചത്, നൃത്തത്തിനുള്ള സമ്മാനമായി ഒരു ജോടി പുതിയ രത്നലോലാക്കുകൾ ഏല്പിച്ചാണു പോയതെന്നും പറഞ്ഞു. അതുപോലെ തന്നെയുള്ള അനുഭവമാണു മറ്റൊരു ദിവസം കാദംബരിയ്ക്കുമുണ്ടായത്. വീണ മീട്ടി ഗാനമാലപിച്ച്, രാജാവിനെ സന്തോഷിപ്പിച്ചതിനുശേഷം കിടക്കറയിൽ കാത്തിരുന്ന അവൾക്ക് സമ്മാനമായി പുതിയൊരു തംബുരുവും നൽകി രാജാവ് രാത്രി തന്നെ കൊട്ടാരം വിട്ടു. അത്തരം ദിവസങ്ങളിലെല്ലാം രാജാവ് മാധവിയുടെ കൊട്ടാരത്തിൽ കഴിയുകയും നിശാകേളികളുടെ ആലസ്യത്തിൽ പുലർച്ചെ ഉറങ്ങിപ്പോകുകയും രാജസദസ്സിലെത്താൻ വൈകുകയും ചെയ്തു. ശാരദാംബികയുടെ കൊട്ടാരത്തിൽ എല്ലാ ദിവസങ്ങളിലും രാജാവ് സന്ധ്യാവന്ദനങ്ങൾക്കായി പോകുകയും പൂജയ്ക്കു ശേഷം പുണ്യഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതുകേട്ട് മനശാന്തി നേടുകയും ചെയ്യുന്നതൊഴികെ അവിടെ സമയം ചെലവഴിച്ചിരുന്നതേയില്ല. മാസത്തിലെ പൂജകൾക്കു വിലക്കുള്ള ഏഴു ദിവസങ്ങളിൽ കൊട്ടാരം പുരോഹിതനാണു രാജ്ഞിയുടെ അറയിലെ ദേവപൂജകൾ യഥാവിധി നിർണ്ണയിച്ചിരുന്നത്.

കൊട്ടാരത്തിലെ പുരുഷന്മാരിൽ രാജ്ഞിമാരുടെ അറകളിൽ പ്രവേശിക്കുവാൻ അനുവാദമുള്ള മൂന്നു പേരുണ്ടായിരുന്നു, നർത്തകിയായ ചിത്രാംഗദയുടെ കൊട്ടാരത്തിൽ അനുവാദം കിട്ടിയിരുന്ന കൊട്ടാരം ഗായകൻ, ഗായികയുടെ അറയിൽ അനുമതി ലഭിച്ചിരുന്ന കൊട്ടാരം കവി, കൂടാതെ പൂജകൾക്കായി ശാരദാംബികയുടെ വാസഗൃഹത്തിൽ മാസത്തിലെ ഏഴു ദിവസം കൃത്യമായും പോയിരുന്ന പുരോഹിതൻ. പക്ഷേ മാധവിയുടെ കൊട്ടാരത്തിന്റെ പരിസരങ്ങളിൽപ്പോലും കടന്നുചെല്ലുവാൻ ഒരു പുരുഷനും അനുവാദമുണ്ടായിരുന്നില്ല. അവിടെയെല്ലായ്പ്പോഴും സ്ത്രീസ്വരങ്ങൾ മാത്രം മുഴങ്ങി. രാജാവ് എഴുന്നള്ളുന്ന വേളകളിൽ പല്ലക്കു ചുമക്കുന്നവർ പടിവാതിലിനപ്പുറം അതു താഴ്ത്തി വച്ച് തൽക്ഷണം മടങ്ങുകയായിരുന്നു പതിവ്.

ഒരിക്കൽ രാജാവ് മാധവിയുമായി സഹശയനം ചെയ്യുന്ന വേളയിൽ ഉദ്യാനത്തിൽ നിന്നൊരു കുയിൽ പാടിത്തുടങ്ങി..'' വേതാളം ഒന്നു നിർത്തി കോട്ടുവായിട്ടു, ആ കാറ്റിൽ കരിയിലകൾ പിന്നിലേയ്ക്കു പറന്നു. കഥ, പറയുന്നയാളെയും കേൾക്കുന്നയാളെയും ഒരുപോലെ മടുപ്പിച്ചിരുന്നു, ഇത്രയുമായ സ്ഥിതിയ്ക്ക് കഥയ്ക്ക് എങ്ങോട്ടുപോകാനാകും? കൊട്ടാരം പുരോഹിതനും ശാരദാംബികയും തമ്മിലോ കൊട്ടാരം കവിയും കാദംബരിയും തമ്മിലോ കൊട്ടാരം ഗായകനും ചിത്രാംഗദയും തമ്മിലോ ഉണ്ടാകാവുന്ന അവിഹിതബന്ധങ്ങളിലേയ്ക്കാകാം, സഹരാജ്ഞിമാരുടെ സ്വാതന്ത്ര്യത്തിൽ അസൂയ പൂണ്ട മാധവി സൈന്യാധിപനെ വശീകരിക്കുവാൻ തോഴിമാരെ അയച്ചേക്കാം, അല്ലെങ്കിൽ കഥ വഴിത്തിരിവിനായി പുതിയ കഥാപാത്രങ്ങളെ കണ്ടെത്തിയെന്നും വരാം. പക്ഷേ അതിനുള്ള ശ്രമങ്ങളൊന്നും വേതാളത്തിന്റെ ഭാഗത്തു നിന്നുണ്ടായില്ല. അത് തോളിലെ സുഖം പറ്റി ഉറങ്ങാനുള്ള പുറപ്പാടാണ്. കഥ കേൾക്കാനുള്ള ആവേശത്തിൽ ചാടി പുറപ്പെട്ടതല്ലേ, നീ അനുഭവിക്ക്, മനസ്സിൽ പറഞ്ഞതേയുള്ളു, പക്ഷേ അവസാനത്തെ വാക്ക് നാവിൻ തുമ്പിൽ നിന്ന് തൂവിപ്പോയി. ശബ്ദം പുറത്തുവന്നോ? കഥ തീരും മുൻപ്, ചോദ്യ

*(ശേഷം പേജ് 15...)*

കഥ



മീര ജോർജ്

# നേർച്ചപ്പുത്രി

'ഒന്നു അടങ്ങി ഒതുങ്ങി നടക്കു പിള്ളേരെ' നിർത്താതെ വർത്തമാനം പറഞ്ഞു തുള്ളി ത്തുള്ളി കോളേജിലേക്ക് പോയ പെൺപിള്ളേരോ ടാണ് മദറിന്റെ ശാസന. സിസ്റ്റർ റാണി കറിക്കരി യുന്നതിനിടെ ജനലിൽ കൂടി നോക്കി. ഹോസ്റ്റ ലിന്റെ ഇടനാഴി അവസാനിക്കുന്ന ഇടത്താണ് മെസ് ഹാളിലേക്കുള്ള വഴി. അതിലെ ഇറങ്ങി ആണ് കുട്ടികൾ കോളേജിലേക്ക് പോകുക. നടകൾ ഇറ ങ്ങുമ്പോ പാറി നടക്കുന്ന മുടി, ഇളം വെയിലത്ത് കുറച്ചൂടെ നിറം തോന്നിക്കുന്ന ഉടുപ്പുകൾ... സിസ്റ്റർ റാണി പിള്ളേർ കോളേജിലേക്ക് ഇറങ്ങുന്ന സമ യത്തു അവിടെ ചെന്നിരിക്കും. ജനൽ പാളിയുടെ മറയത്ത്. ഓരോ പെൺകുട്ടിയുടെയും ഉടുപ്പിന്റെ തിളക്കവും ഡിസൈനും നോക്കി നോക്കി...

'കറിക്കു അരിഞ്ഞു തീർന്നില്ലേ സിസ്റ്ററെ'

മദർ ആണ്. ഇനി വൈകിയാൽ ചിലപ്പോ കണ്ണ് പൊട്ടുന്ന ചീത്ത പറയും. 'ആ, വേഗം തോട്ട ത്തിലോട്ടു ചെന്നേരെ. ഒത്തിരി പണിയുണ്ട്. ചുമ്മാ ചുരണ്ടിക്കൊണ്ട് ഇരുന്നോളും...' മദറിന്റെ ശബ്ദം ഇടനാഴിയിലെവിടെയോ നേർത്തു നേർത്തു പോകുന്നു. ദീർഘനിശ്വാസത്തോടെ സിസ്റ്റർ റാണി എഴുന്നേറ്റു. മനസ്സ് കൈ വിട്ടു പോയതിനു പ്രായ ശ്ചിത്തം ചെയ്യണം. ദാരിദ്ര്യം, ലാളിത്യം, അനുസ രണ... ഒരു കന്യാസ്ത്രീക്കു വേണ്ട ഗുണങ്ങളാണ്. പരുപരുത്ത, നരച്ചു പിഞ്ഞിത്തുടങ്ങിയ ഉടുപ്പ് ഒതു ക്കിക്കൊണ്ട് പച്ചക്കറി തോട്ടത്തിലേക്ക് നടന്നു സിസ്റ്റർ.

അതികാലത്തെ ധ്യാനത്തിൽ നിന്നുണർന്നു സമയം നോക്കുമ്പോൾ കുർബ്ബാനക്ക് നേരമാകുന്നു. തിടുക്കപ്പെട്ടോടി ചെല്ലണമിനി. ഹൃദയമിടിപ്പ് കൂടുന്നെനു തന്നോട് തന്നെ വേറെ കാരണം പറയണ്ടല്ലോ എന്ന് ഓർത്തു, റാണി. ശിരോവസ്ത്രം തലയിലണിയുമ്പോൾ കേട്ടു, താഴെ കാർ വന്നു നിൽക്കുന്ന ശബ്ദം. ചിരപരിചിതമായ ശബ്ദങ്ങളാ ണിനി. പടികൾ കയറി വരുന്ന ഷൂസിന്റെ, ഉല യുന്ന വസ്ത്രത്തിന്റെ, നേർത്ത പെർഫ്യൂമിന്റെ... ശബ്ദവും ഗന്ധവും ! പിടഞ്ഞു പിടഞ്ഞു പോകുന്ന ശ്വാസം. തല കുമ്പിട്ട് ചാപ്പലിലേക്കുള്ള ഇടനാഴി യിലൂടെ ഓടിപ്പോയി റാണി.

'അന്നാ പെസഹാ തിരുനാളിൽ...'

വശ്യമധുരമായ, ഏറ്റവും പ്രിയപ്പെട്ട ശബ്ദം. ഹൃദയത്തിന്റെ ഉള്ളറകളിൽ ചെന്നു തൊടുന്ന ശബ്ദം. പീറ്ററച്ചന്റെ മാസ്മരിക ശബ്ദം. കണ്ണുകൾ അൾത്താരയിലേക്കു എത്താതെ നിയന്ത്രിച്ചു വെക്കേണ്ടി വരുന്നു, റാണി സിസ്റ്ററിന്. ഇടക്കെ പ്പോഴോ കോർത്തിടുന്ന നോട്ടങ്ങളുണ്ട്. മുള്ളു വലിയുന്ന വേദന, പൂ വിരിയുന്ന മൃദുത്വം. ശ്വാസം കിട്ടാതെ പിടയുന്നുണ്ട് ആ നിമിഷങ്ങൾ.

മണലിന് മേലെ കരിങ്കൽ ചീള് വിരിക്കും. അതിനു മേലെ മുട്ട് കുത്തി നിന്ന് വേണം പ്രായ ശ്ചിത്ത പ്രാർത്ഥന. ജാഗരണം. വിളക്ക് കൊളു ത്താതെ, ഉറങ്ങാതെ, രാത്രി മുഴുവൻ !

പ്രണയപാപങ്ങൾക്ക് !


ചുളിഞ്ഞ വിരലുകൾ കൊണ്ട് കൊന്ത തെരു പ്പിടിപ്പിക്കുന്നുണ്ട് റാണി സിസ്റ്റർ. കുറെ നേരമായി ട്ടുള്ള ഇരിപ്പാണെന്നു പുതുകന്യാസ്ത്രീകൾ പറ ഞ്ഞിരുന്നു. മുറിയിലേക്ക് കൊണ്ട് ചെന്നാക്കട്ടെ എന്ന് ചോദിച്ചപ്പോൾ വേണ്ടെന്നു പറഞ്ഞത്രേ.

കൊന്തയുടെ കൂടെ കൈക്കുള്ളിൽ മടക്കി വെച്ച പേപ്പർ കട്ടിങ് ഒന്നു കൂടി എടുത്തു നോക്കി സിസ്റ്റർ. അതേ ചിരിക്കുന്ന മുഖം. അതേ നോട്ടം, ഹൃദയത്തിനുള്ളിലേക്ക്... ഇനിയൊരിക്കലും കേൾ ക്കില്ലാത്ത ശബ്ദം.

ഒരു കരുണ കൊന്ത കൂടി ചൊല്ലി ആത്മാ വിന് വേണ്ടി. ആത്മാക്കൾ കേൾക്കുന്ന ഭാഷയിൽ പ്രണയമുണ്ടോ.. പ്രണയപാപങ്ങൾ ?

■

കഥ



**നയൻതാര**
പ്ലസ്ടു വിദ്യാർഥി
കുമ്പള, കാസർകോട്

# ഒരു സാധാരണ ദിവസം

**ദൂ**രെ നിന്നും മഴ ചാറി വരുമ്പോലൊരു ശബ്ദം കേട്ട് ഞാൻ കണ്ണുതുറന്നു. ഉണങ്ങാനിട്ട തുണിയെടുക്കാനായി കസേരയിൽ നിന്നും ചാടി എണീറ്റപ്പോൾ കാൽക്കൽ ചുരുണ്ട് കിടക്കുകയായിരുന്ന ടൈഗറും ഉണർന്നു. അവൻ വിചിത്രമായി എന്നെ നോക്കി ഒന്നു കുരച്ചു. തുണിയൊക്കെ വാരിയെടുത്ത് നോക്കിയപ്പോൾ മഴക്കോളൊന്നും കണ്ടില്ല.

തെളിഞ്ഞ വെയിൽ ഇലകളിൽ ഒഴുകി പരക്കുന്നു സ്വപ്നം വല്ലതും കണ്ടതാവാനെ വഴിയുള്ളൂ മുറിയിലെ കസേരയിലേക്ക് തുണികളെല്ലാം കൂടെ ഒരു കൂനയായിട്ട് ഉറക്കം മുറിഞ്ഞതിന്റെ മന്ദപ്പോടെ ഞാൻ അടുക്കളയിലേക്ക് നടന്നു. കാപ്പിക്ക് വെള്ളം വെച്ച് ക്ലോക്കിലേക്ക് നോക്കിയപ്പോൾ സമയം മൂന്നാവുന്നതേയുള്ളൂ. സാധാരണ മോളെത്തുന്നതിനുമുമ്പായി ഒരു നാലരയ്ക്കാണ് ഉച്ചയുറക്കം ഉണരാറ്. ഇന്ന്എല്ലാം തകിടം മറിഞ്ഞു.

ഇരിപ്പു മുറിയിൽ എന്തോ ഇളകുന്ന ശബ്ദം കേൾക്കുന്നുണ്ട്. ടൈഗർ അകത്തു കയറിക്കാണും.

പൊടിയും പഞ്ചസാരയുമിട്ട് കപ്പുമെടുത്ത് ഞാൻ ഇരിപ്പു മുറിയിലേക്ക് നടന്നു. കസേരയിൽ എനിക്കു പുറം തിരിഞ്ഞ് ഒരു നരച്ച തലകണ്ടു. 'അമ്മ ഇവിടെ ഇപ്പൊ എങ്ങനെയാ?' അമ്മയ്ക്ക് എതിർ വശത്തായി ഇരുന്നു കൊണ്ട് ഞാൻ ചോദിച്ചു. അമ്മ വിശാലമായി ചിരിച്ചു.

'കാപ്പി വേണോ അമ്മയ്ക്ക്?'

അമ്മ കൈ നീട്ടി കാപ്പി വാങ്ങി. ആ തടിച്ചു കുറുകിയ വിരലുകൾ തൊട്ടപ്പോൾ തണുപ്പ് അരിച്ചിറങ്ങുന്നത് ഞാനറിഞ്ഞു.

'ഇത് ചായ ആണല്ലോ!'

ഒരു ചെറിയ ചിരിയോടെ അമ്മ പറഞ്ഞു. ഇന്നെന്താണാവോ ഇങ്ങനെ. എല്ലാം ക്രമം തെറ്റിയിരിക്കുന്നു.

'സാരമില്ല, ചായ മതി'

അമ്മ ചായ കുടിച്ചു തുടങ്ങി. അമ്മയ്ക്ക് ഒരു മാറ്റവുമില്ല. നടുവേ വകഞ്ഞ് ചീകിയ നേർമയുള്ള മുടിയും നെറ്റിയിൽ തൊട്ട ചുവന്ന കുറിയും നീലക്കരയുള്ള നേര്യതും എല്ലാം അതുപോലെ തന്നെയിരിക്കുന്നു.

'എനിക്കൊന്നും മനസ്സിലാവുന്നില്ല' ഞാൻ മെല്ലെ പറഞ്ഞു.

'ഏയ്, ഒന്നുല്ല. വിവരമറിഞ്ഞപ്പോൾ വന്നൂന്നേയുള്ളൂ'

അമ്മ നിസ്സാരമായി പറഞ്ഞു. ഞാൻ ആശയക്കുഴപ്പത്തോടെ നോക്കിയപ്പോൾ അമ്മ വലതുപുരികം ചെറുതായി ഉയർത്തി. എന്തെങ്കിലും സംശയം തോന്നിയാൽ പണ്ടേ അമ്മ അങ്ങനെ ചെയ്യാറുണ്ടല്ലോ എന്ന് ഞാനോർത്തു. പെട്ടെന്ന്, എന്തോ തിരിച്ചറിഞ്ഞതുപോലെ അമ്മയുടെ ഭാവം മാറി. ചായക്കപ്പ് മേശയിൽ വെച്ച് കസേരയിൽ നിന്നും എഴുന്നേറ്റു. മുണ്ടിലെ ചുളിവ് നിവർത്തിയിട്ട് എന്നെ നോക്കി.

'ഞാനത് ഓർത്തില്ല'

കാര്യം മനസ്സിലാകാതെ അമ്മയെ ഞാൻ പിന്നെയും നോക്കി. അമ്മ പോവുകയാണോ?

'കാണാട്ടോ' ...

വാൽസല്യത്തോടെ ചിരിച്ച് ചുമരിലെ ഒഴിഞ്ഞ ഫോട്ടോ ഫ്രെയിമിലേക്ക് അമ്മ തിരികെ കയറി. പോവല്ലേ എന്ന് പറയാൻ വായ തുറക്കും മുമ്പ് നിശ്ചലമായ ചിരിയിലേക്ക് അവർ മടങ്ങിക്കഴിഞ്ഞിരുന്നു. മുമ്പിലായി കത്തിച്ച വിളക്കിലെ നാളം ചെറുതായൊന്ന് ഉലഞ്ഞു. എന്തുചെയ്യണമെന്നറിയാതെ കുറച്ചുനേരം ഞാനവിടെ നിന്നു. പിന്നെ മെല്ലെ കോണിപ്പടികൾ കയറി മുകളിലേക്ക് നടന്നു. ചുമരലമാരയുടെ ചില്ലുവാതിലുകൾ നിറയെ പൊടി പിടിച്ചിരിക്കുന്നു. തുറക്കാൻ കുറച്ച് പണിപ്പെട്ടു. പുസ്തകങ്ങളുടെ അടുക്കിൽ തടിച്ച കാപ്പി പുറംചട്ടയുള്ള ഒരു പഴയ ഫോട്ടോ ആൽബം അപ്പോൾ ഞാൻ കണ്ടു. മുകളിലെ നിഘണ്ടുവിന്റെ ഭാരം കൊണ്ട് അത് ചെറുതായൊന്ന് അമർന്നതുപോലെ. അത് വലിച്ച് പുറത്തേക്കെടുത്തു. ഉൾപ്പേജിൽ തിളങ്ങുന്ന വയലറ്റ് മഷിയിൽ 'ഓർമ്മച്ചെപ്പ്' എന്ന് ചതുര വടിവിൽ എഴുതിയതിനു മേൽ കുറ്റബോധത്തോടെ വിരലോടിച്ചു. കുട്ടിക്കാലത്തെ കുറേ ഫോട്ടോകൾ. മിക്കതും പൂപ്പൽ പിടിച്ച് അവ്യക്തമായിട്ടുണ്ട്. കൗതുകത്തോടെ ആ പേജുകൾ മറിച്ചു. അഞ്ചിലേയോ ആറിലെയോ ഗ്രൂപ്പ് ഫോട്ടോ ആയിരുന്നു ആദ്യത്തെ പേജിൽ. പിറകിലെ വരിയിൽ ഇടത്തുനിന്നും നാലാ

മതായാണ് ഞാൻ നിൽക്കുന്നത്. ക്യാമറയ്ക്ക് മുന്നിലെ കൃത്രിമമായ ചിരിയോടെ നിൽക്കുന്ന എന്നെ കണ്ട് എനിക്ക് തന്നെ ചിരി വന്നു.

എനിക്ക് വലത്തായി നിൽക്കുന്നത് കമല ആണ ല്ലോ എന്ന് ഞാനോർത്തു. 'നീയെന്നെ മറന്നിട്ടില്ല, അല്ലേ?'

കിലുക്കമുള്ളൊരു ശബ്ദം എനിക്കു പിറകിൽ നിന്നും ചോദിച്ചു. ഞാൻ ഞെട്ടിത്തിരിഞ്ഞു നോക്കി. കട്ടിലിലിരുന്ന് കാലാട്ടിക്കൊണ്ട് കമല ചിരിക്കുന്നു. നോട്ടുബുക്കിലെ പേജുകൾ കീറി തോണിയുണ്ടാക്കുമ്പോഴും കുഴിയാനവേട്ട നടത്തുമ്പോഴും ചാമ്പ മരത്തിൽ വലിഞ്ഞു കയറുമ്പോഴും ചിരിച്ചിരുന്ന അതേ കുസൃതിച്ചിരി!

'എത്ര കാലായി കണ്ടിട്ട്, അല്ലേ?' അവൾ ആർദ്രമായി ചോദിച്ചു. രാത്രി പോലെ കറുത്ത മുടി ഇരുവശത്തായി പിന്നിയിട്ട്, ക്ലാവുപിടിച്ച പാദസരവും പച്ച കുപ്പിവളകളും കുഞ്ഞുജിമിക്കിയുമിട്ട് നിലാവുപോലെ ചിരിച്ചുകൊണ്ട് അവൾ ഇരിക്കുന്നതു കണ്ടപ്പോൾ നരച്ചു തുടങ്ങിയ മുടിയിലേക്ക് അപകർഷതയോടെ എന്റെ വിരലുകൾ നീണ്ടു.

'ഒന്നോർത്തു പോലുമില്ലല്ലോ, നീയെന്നെ ഇത്രനാളും!'

വളരെപ്പതിയെ അവളങ്ങനെ പറഞ്ഞപ്പോൾ എനിക്ക് സങ്കടം വന്നു. ഞാൻ അവളോട് ചേർന്നിരുന്നു. ഉപ്പുമാങ്ങാഭരണി തുറക്കുമ്പോഴുള്ള കൊതിപ്പിക്കുന്ന മണം അവളിൽ നിന്നും ഉയരുന്നത് ഞാനറിഞ്ഞു. 'സാരമില്ല, ഇനിയിപ്പോ എന്നും കാണാലോ..!'

അവൾ പിന്നെയും ചിരിച്ചു.

'ഇനിയും വരുമോ നീ?'

ഞാൻ സംശയത്തോടെ ചോദിച്ചു. അവൾ എന്നെ കൗതുകത്തോടെ നോക്കി. എനിക്കറിയാത്തതെന്തോ അവൾക്കറിയാം എന്ന് പെട്ടെന്ന് എനിക്കു തോന്നി.

'എന്താണ് നീ .....?'

ഞാൻ ചോദിക്കാൻ തുടങ്ങിയിരുന്നു. പക്ഷേ അവൾ എന്നെയല്ല എനിക്കു പിറകോട്ടാണ് നോക്കുന്നതെന്ന് കണ്ടപ്പോൾ തിരിഞ്ഞുനോക്കി. അയഞ്ഞ ഷർട്ടിന്റെ കൈകൾ അലക്ഷ്യമായി മടക്കിക്കൊണ്ട് അവനവിടെ നിൽപ്പുണ്ടായിരുന്നു. എന്റെ അന്ധാളിപ്പ് കണ്ടിട്ട് അവൻ പൊട്ടിച്ചിരിച്ചു. ആ ചിരിയിൽത്തട്ടി എന്റെ സംശയങ്ങളും ചോദ്യങ്ങളും ചിതറിത്തെറിച്ചുപോയി. അവന്റെ കണ്ണുകളിൽനിന്നും എന്നത്തേയും പോലെ എന്തോ ഒന്ന് എന്നിലേക്ക് പ്രവഹിച്ചു.

'എന്താ സഖാവേ, ഇങ്ങനെ അന്തംവിട്ട് നിൽക്കുന്നത്?'

മുടിച്ചുരുളുകളിൽ നീണ്ട വിരലുകളോടിച്ച് അവൻ തിരക്കി. കോളേജ് മാഗസിനിൽ വന്ന കവിതയിൽ പ്രണയത്തിന് മജന്തച്ചിറകുകൾ ആണെന്ന് അവൻ എഴുതിയത് എനിക്കോർമ്മ വന്നു. ഓർമകൾ ചിറകടിച്ചാർത്തു. അപ്പോളവന്റെ ഇടതു കീശയ്ക്കു താഴെ കത്തി തുളഞ്ഞുകയറിയ പാടിലേക്ക് അറിയാതെ നോക്കിപ്പോയി. വലം കൈകൊണ്ട് അവൻ ആ രക്തവൃത്തം മറച്ചു. എന്നിട്ട് നനുത്ത ശബ്ദത്തിൽ പറഞ്ഞു:

'സമയമായി ....'

ഞാൻ തലയാട്ടി.

പെട്ടെന്ന് താഴെ നിന്നും ഒരു നിലവിളി കേട്ടു. മോളാണ്. അവൾ സ്കൂൾ വിട്ട് എത്തിക്കാണും. കമലയും അവനും പരസ്പരം നോക്കി. അവരെ ഒന്നു തിരിഞ്ഞു നോക്കിയിട്ട് ഞാൻ വേഗത്തിൽ പടികളിറങ്ങി വരാന്തയിലേക്ക് നടന്നു. അവിടെ തണുപ്പായിരുന്നു. ചാരുകസേരയിൽ, കുറച്ചു മുമ്പേ മരിച്ചുപോയ എന്നെ ഞാൻ കണ്ടു.

■

---

*(തുടർച്ച പേജ് 13..)*

ങ്ങൾക്കു മുൻപ്, ശബ്ദിച്ചതിൽ പിണങ്ങി വീണ്ടും വേതാളം മരക്കൊമ്പിലേയ്ക്ക് പോകുമോ? ഒന്നുമുണ്ടായില്ല, ഉറക്കം പിടിച്ചിരിക്കുന്നു അത്, ഉറക്കത്തിൽ ശിശുവെന്നപോലെ കൈകൾ മാറിൽ പരതുന്നു. സുഖനിദ്രയ്ക്കെന്നവണ്ണം കൂടുതൽ അമർന്നു കിടക്കുന്നു.

രാവധികം ബാക്കിയില്ല, തിരികെപ്പോകണം, പക്ഷേ തോളിലുറങ്ങുന്ന വേതാളം, എന്തു ചെയ്യണമതിനെ? കനം കുറഞ്ഞു വരുന്ന ഇരുട്ടിൽ അല്പമാത്രമായി കാണപ്പെട്ട പുൽമെത്തയിൽ ഇറക്കിക്കിടത്താം, ഉണരുമ്പോൾ മരക്കൊമ്പിലേയ്ക്കോ ചുടലപ്പറമ്പിലേയ്ക്കോ പൊയ്ക്കോളുമെന്നും കരുതാം. കുനിഞ്ഞ്, തോളിൽ നിന്നടർത്തിമാറ്റി കിടത്താൻ തുനിയുമ്പോഴാണതറിഞ്ഞത്, മരക്കൊമ്പിലെന്നതിനെക്കാൾ ശക്തമായി തോളിൽ പിടിച്ചിരിക്കുകയാണൊരു കൈ, മറുകൈ മാറിലും. ഭയപ്പാടോടെ ദേഹമിളക്കി അടർത്തിമാറ്റാൻ ശ്രമിക്കുമ്പോൾ പിടി മുറുകുകയാണെന്നു മനസ്സിലായി. ഇല്ല, അനങ്ങുന്നില്ല, പൂങ്കുലപോലെ കനരഹിതമെങ്കിലും അത്രമേൽ ശക്തമായാണു പറ്റിച്ചേർന്നിരിക്കുന്നത്. തോളിലുറച്ചുപോയ വേതാളവുമായി തിരികെ നടക്കുമ്പോൾ കണ്ടു, കാട് അവസാനിക്കുകയാണ്, നാട് തുടങ്ങുകയാണ്, പുഴയവിടെ വളഞ്ഞുപോകുന്നു, വളവെന്നാൽ, പിണങ്ങിയെന്നമട്ടിൽ, ഇടത്തു നിന്ന് വലത്തേയ്ക്ക് വെട്ടിത്തിരിഞ്ഞുപോകുന്ന ഒഴുക്ക്. ഉപേക്ഷിച്ചുപോകാനാകാത്ത വേതാളവുമായി പുഴയിൽ മുങ്ങിത്താഴാമെന്നു വച്ചാൽ, ചോദ്യവും ഉത്തരവുമൊന്നുമില്ലാത്ത ജീവിതം അപ്പുറത്തു കാത്തിരിപ്പാണ്, പൊട്ടാനിനി രസച്ചരടൊന്നും ബാക്കിയില്ലെങ്കിലും ജീവിതമാണ്, അതുകൊണ്ട് തിരികെ നടന്നേ പറ്റൂ, ഉറക്കമുണരുന്ന വേതാളത്തിനോടു ചോദിക്കുവാൻ മനസ്സിലൊരു ചോദ്യം കരുതി വച്ച് തിരികെ നടന്നു. ഉത്തരം വേണമെന്നൊന്നുമില്ല. അറിഞ്ഞാലും പറയണമെന്നുമില്ല, തല പൊട്ടിത്തെറിക്കില്ല, പറഞ്ഞില്ലെങ്കിലും അറിയില്ലെങ്കിലും കൂടെക്കൂടിയ വേതാളങ്ങൾ വിട്ടുപോകുകയുമില്ല. പുതിയ കഥകളും ചോദ്യങ്ങളും ഇല്ലാതാകുന്ന കാലത്ത്, ഉള്ള ചോദ്യങ്ങൾക്കെല്ലാം ഉത്തരമുള്ള കാലത്ത് ഒരു മരക്കൊമ്പിൽ നിന്ന് മറ്റൊന്നിലേയ്ക്ക് മാറിത്തൂങ്ങുകയല്ലാതെ വേതാളങ്ങൾക്കെന്തു വഴി ?

■

കഥ



**ജെസി അന്ന ജേക്കബ്**
തായേനി,
കാസർകോട്

# പുണ്യാളന്റെ കറുത്ത നാണയങ്ങൾ

**പ**ള്ളിയുടെ മുന്നിലൂടെ പാഞ്ഞു പോകുന്ന വാഹനത്തിൽ നിന്ന് വലിച്ചെറിയുന്ന നാണയങ്ങൾ നേർച്ചപ്പെട്ടിക്കു മുന്നിലെ മണലിൽ വെന്തുകിടക്കും. റോഡിന്റെ മറുവശത്തെ വയസ്സൻ മാവിനു പിന്നിൽ മറഞ്ഞു നിൽക്കുന്ന പത്തുവയസ്സുകാരനെ നാണയത്തിൽ നിന്ന് പ്രസരിക്കുന്ന സൂചിവെളിച്ചം ആകർഷിക്കും. അവൻ റോഡുമുറിച്ചുകടന്നുവന്ന് അങ്ങുമിങ്ങും നോക്കി പതിയെ നാണയത്തിന്റെമേൽ കാലെടുത്തു വയ്ക്കും. പിന്നെയും പരിസരം നിരീക്ഷിക്കും. ശേഷം  കുനിഞ്ഞ് കാശെടുത്ത് ഒറ്റ നടപ്പാണ്. കുറച്ചു നടന്നു കഴിഞ്ഞാൽ ഓട്ടമാണ്. വീണ്ടും രണ്ടുമൂന്നു മണിക്കൂറിനു ശേഷം അവനാ മാവിന്റെ പിന്നിലോ ഇലമറഞ്ഞ  ചില്ലയിലോ പ്രത്യക്ഷപ്പെടും.

അച്ചനോട് ഇതൊക്കെ പറഞ്ഞു കൊടുത്തത് ആരാണെന്നറിയില്ല. പുണ്യാളന്റെ കാശെടുക്കുന്നവൻ ഒരുകാലത്തും ഗുണംപിടിക്കില്ലെന്നാണ്. കയ്യോടെ പിടികൂടണം. അച്ചന്റെ മുന്നിൽ ഹാജരാക്കണം. ഉപദേശിക്കണം. ഇനിയൊരിക്കലും മോഷ്ടിക്കില്ലന്ന് പുണ്യാളന്റെ മുന്നിൽ വച്ച് സത്യം ചെയ്യിക്കണം.

അതുകൊണ്ട്; പള്ളിയങ്കണത്തോടു ചേർന്ന് പാർക്കു ചെയ്തിരുന്ന വെളുത്ത വാനിന്റെ മറവിൽ കപ്യാര്  തക്കംപാർത്തു നിന്നു.

മണലിൽ കിടന്ന നാണയത്തുട്ടു കൈക്കലാക്കി, കണ്ണിമാങ്ങ കടിച്ചുതിന്നുകൊണ്ട് ഒന്നുമറിഞ്ഞില്ലേയെന്ന ഭാവത്തിൽ വരികയാണവൻ.  കപ്യാര് അവനെ പിടികൂടി. കണ്ണിമാങ്ങ താഴെയിട്ട്, മറുകയ്യിലെ നാണയം കൈവിടാതെ തന്നെ അയാളെ ഒന്നു വട്ടംചുറ്റിച്ച് പയ്യൻ കുതറിയോടി.

പാഞ്ഞുവന്ന ബൈക്കിൽ തൊട്ടുതൊട്ടില്ലന്നമാതിരി റോഡ് കുറുകെ കടന്നു അവൻ. വഴിയും കുഴിയും നോക്കാതെ മതിലുകയറി മറിഞ്ഞ് വെളിമ്പറമ്പിലെ കാട്ടുപടലുകൾക്കിടയിലൂടെ വിജനതയിലേയ്ക്കൂളിയിട്ടു.

പുണ്യാളന്റെ പണമാണ്. മോഷ്ടിച്ചാൽ പ്രാക്കുണ്ടാകും. കട്ടവനും തലമുറകളും ഗുണം പിടിക്കില്ല. മോഷണം കണ്ടിട്ട് തടയാൻ ശ്രമിക്കാതിരുന്നാൽ മോഷണത്തിന് കൂട്ടുനിൽക്കുന്നതു പോലെ തന്നെ. പയ്യൻ പോയ ദിക്ക് ലക്ഷ്യമാക്കി അയാൾ നടന്നു. ഉണങ്ങിയ കാട്ടുപുല്ലും കരിഞ്ഞ വള്ളിപ്പടർപ്പുകളും നിറഞ്ഞ വെളിമ്പറമ്പവസാനിക്കുന്നത് നഗരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നിടത്താണ്. തെരുവുനായകളുടെ വിഹാരകേന്ദ്രമാണത്.

രണ്ടുനായകൾ  എന്തോ കടിച്ചുവലിക്കുന്നുണ്ട്. ഒരെണ്ണം അവിടെ മണം പിടിച്ചു നടക്കുന്നു. ഈച്ചയാർക്കുന്ന വഴിയാണ്. അസഹനീയമായ ദുർഗന്ധം. ഒരിടത്ത് തീയണഞ്ഞിട്ടും ഒടുങ്ങാതെ പുകച്ചുരുളുകൾ മാനത്തേക്കുയരുന്നു.

ഒരു ചാവാലി അയാളെ കുറച്ചു ദൂരം പിൻതുടർന്നു. അയാളിൽ നിന്ന് പ്രസരിക്കുന്ന കുന്തിരിക്കത്തിന്റെ നേർത്ത സുഗന്ധം അതിന് അപരിചിതമായിരുന്നു.

മാലിന്യക്കൂമ്പാരങ്ങൾക്കപ്പുറം കുറച്ചുകാലം മുൻപ് ഒരു നാടോടിക്കൂട്ടം തമ്പടിച്ചിരുന്നു. അതിനു സമീപത്തായി ചില്ലകളുണങ്ങിയ പാഴ്മരമുണ്ട്. അതിന്റെ ചുവട്ടിൽ വർഷങ്ങൾക്കു മുന്നേ ഉപേക്ഷിച്ചു കളഞ്ഞ വാഹനങ്ങളുടെ അസ്ഥികൂടം കാണാം. അതിൽ പടർന്നു കയറിയ ചെടികളാകെ വാടി നിൽക്കുന്നു. എങ്കിലും അവിടവിടെ വെളുത്ത വലിയ പുഷ്പങ്ങൾ വിരിഞ്ഞിട്ടുണ്ട്. അപരാഹ്നത്തിൽ കൊഴിയുന്ന പൂക്കളാണത്. അതിനപ്പുറം പുഴയുണ്ട്. പുഴയുടെ അരികിലേക്ക് പൂച്ചെടിയുടെ തളർന്ന വേരുകൾ നീരുതേടി ചെല്ലുന്നുണ്ടാകാം. പുഴക്കു കുറുകെ കിടക്കുന്ന റെയിൽ പാളത്തിൽ നിന്നാൽ വെളുത്ത പൂക്കൈ വീശി നിൽക്കുന്ന ചെടികളെക്കാണാം.

നാശമായി കിടന്ന വാഹനത്തിനടുത്തായി ഒരു വലിയ ചുവന്നപട്ടി അയാളെ നോക്കി അണച്ചു നിൽക്കുന്നു.

അണിവിരലോളംപോന്ന എന്തോ ഒന്ന് ശ്വാനനു മുന്നിൽ വന്നു വീണു. തുരുമ്പുതിന്ന വാഹനത്തിനുള്ളിൽ നിന്ന് ആരോ എറിഞ്ഞു കൊടുക്കുന്നതുപോലെ. നായ അത് വായിലാക്കി.

അയാൾ അങ്ങോട്ടു നടന്നു പട്ടി മുരണ്ടു. വാഹനത്തിനുള്ളിൽ മൂന്നുവയസു തോന്നിക്കുന്ന ഒരു

ചെറിയ പെൺകുഞ്ഞിരിക്കുന്നു. പഴകിപ്പിഞ്ചി നിറം മങ്ങിയ പാകമാകാത്ത ഉടുപ്പാണ് അവൾക്ക്. കയ്യിൽ പാതിയൊഴിഞ്ഞ ഒരു ചെറിയ ബിസ്ക്കറ്റു കൂടുണ്ട്. അടുത്ത് അഞ്ചാറ് കണ്ണിമാങ്ങയും കുറച്ച് വെളുത്ത പുഷ്പങ്ങളും. കുഞ്ഞ് നിർജ്ജീവമായ കണ്ണുകളോടെ അയാളെ നോക്കിയതല്ലാതെ മുഖത്ത് ഭാവഭേദമൊന്നുമുണ്ടായില്ല. കുറച്ചുകൂടി കുഞ്ഞിനോടടുക്കാൻ നായ സമ്മതിച്ചില്ല. അത് കുരച്ചുചാടി. അയാൾ പിൻവാങ്ങി. കുറച്ചുമാറി തണലിൽ എല്ലാം നിരീക്ഷിച്ചു നിന്നു.

ആ പയ്യൻ ചെറിയ പ്ലാസ്റ്റിക് പാത്രത്തിൽ വെള്ളവുമായി വന്നു. പെൺകുട്ടി അത് ഒരു കവിൾ കുടിച്ചിട്ട് അയാൾ നിൽക്കുന്നിടത്തേക്ക് കൈ ചൂണ്ടി, അയാളെ കണ്ടമാത്രയിൽ, പയ്യൻ കുഞ്ഞിനെയും വലിച്ചെടുത്ത് ഓടാൻ തുടങ്ങി. മുന്നിൽ പുഴയാണ്. ഒന്നു ശങ്കിച്ചുനിന്ന അവൻ റെയിൽപാലത്തിലേക്കു കയറി.

കപ്യാര് ദൂരെ നിന്ന് ട്രെയിനിന്റെ ചൂളംവിളി കേട്ടു. അയാൾ ഉറക്കെ വിളിച്ചുകൊണ്ട് പാളത്തിനടുത്തേക്കോടി. കുട്ടികൾ അയാളെ കേട്ടില്ല. പാലത്തിന് നടുവിലെത്തിയപ്പോഴാണ് അവർ ട്രെയിൻ കണ്ടത്. ഭയന്നു പോയ പയ്യൻ കുഞ്ഞിനെ നദിയിലേയ്ക്കിട്ടു. അവൻ പുഴയിലേക്ക് ചാടുകയായിരുന്നോ വണ്ടി അവനെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നോ എന്ന് കപ്യാർക്ക് മനസിലായില്ല. അയാൾക്ക് അകംപൊള്ളി. പുറം പൊള്ളി. അയാൾ അവിടെ നിന്ന് തനിയെ എരിഞ്ഞുകൊണ്ടിരുന്നു

നായ വാലാട്ടിക്കൊണ്ട് പുഴയെ നോക്കി കുരക്കുന്നു. ഓരത്തൂടെ അങ്ങുമിങ്ങുമോടുന്നു. ചുടുകാറ്റ് വീശിത്തുടങ്ങി. വെളുത്ത പൂക്കൾക്ക് കൊഴിയാൻ നേരമായി.

നായ അതിവേഗം പായുന്നത് കണ്ടാണ് അയാളത് ശ്രദ്ധിച്ചത്. പയ്യൻ കുഞ്ഞിന്റെ ശരീരം കരയിൽ കൊണ്ടുവന്ന് കിടത്തിയിരിക്കുന്നു. നനഞ്ഞ പഴന്തുണിപോലെ ആ കുഞ്ഞുശരീരം വെറും മണ്ണിൽ പടർന്നു കിടക്കുന്നു. അവൻ വാവിട്ടുകരഞ്ഞുകൊണ്ട് അതിനെ കൊട്ടുകയും കുടയുകയും ചെയ്യുന്നു.

അയാൾ വിറക്കുന്ന കാലുകളോടെ അവിടേക്ക് നടന്നു. കുഞ്ഞിന് ബോധമില്ല. അതിന് ശ്വാസമുണ്ടോ? കുഞ്ഞിന്റെ അടുത്തേക്കടുക്കാൻ ബാലൻ സമ്മതിച്ചില്ല. അവന്റെ ചുവന്ന കണ്ണുകൾ കനലുപോലെയുണ്ടായിരുന്നു. കുപ്പായത്തിന്റെ അകക്കീശയിൽ അപ്പോഴും നഷ്ടപ്പെടാതെയിരുന്ന നാണയങ്ങൾ അയാളുടെ മുന്നിലേയ്ക്കെറിഞ്ഞ്, കുഞ്ഞിനെ തോളിൽ തൂക്കിയിട്ട് വേച്ചുവേച്ച് അവൻ നടന്നുപോയി.

പുരോഹിതരുടെ മുന്നിൽ വലിച്ചെറിയപ്പെട്ട മുപ്പത് വെള്ളിക്കാശ് പെറുക്കിയെടുക്കുന്ന ദേവാലയപരിചാരകനെപ്പോലെ അയാൾ ആ നാണയങ്ങൾ നുള്ളിപ്പെറുക്കിക്കൊണ്ടിരുന്നു.

രാത്രി, കപ്യാരെ കാണാതെ ആളുകൾ തേടി വരുമ്പോഴും അയാൾ നാണയങ്ങൾ തിരയുകയായിരുന്നു. 'ഇത് വിജാതീയരെ സംസ്കരിക്കാൻ ശവപ്പറമ്പു വാങ്ങാനുള്ളതാണ്.' അയാൾ അവരോട് പറഞ്ഞു. ■

---

കഥ



# അൽഗുൽത്ത് സദാചാരം


**താഹിറ ടി.പി.എം.**
താനൂർ, മലപ്പുറം


**മൈ**താനത്ത് മോടിയിൽ കെട്ടിയുയർത്തിയ പന്തലിൽ ചക്കക്കുള്ളിൽ കുരുവെന്ന പോലെ ആബാലവൃദ്ധം ജനങ്ങൾ അച്ചടക്കത്തോടെ കാതുകൂർപ്പിച്ചിരിക്കുന്നു. നീല തുണികൊണ്ട് കെട്ടിയലങ്കരിച്ച സ്റ്റേജിൽ ശുഭ്രവസ്ത്രധാരികളായ ഉസ്താദുമാരും പ്രമാണിമാരും കറങ്ങിക്കൊണ്ടിരിക്കുന്ന ഫാനിന്റെ കാറ്റേറ്റിരിക്കുന്നു. മൈക്ക് കൈയിൽ കിട്ടിയ അൽഗുൽത്തുദ്ദീൻ ഉസ്താദിന്റ വികാരനിർഭരമായ പ്രസംഗം സദസ്യരെ ഭക്തിയുടെ ഒരു പ്രത്യേക ലെവലിലെത്തിച്ചിരുന്നു. സ്ത്രീ പുരുഷൻമാർ അസാന്മാർഗിക ജീവിതം നയിച്ചാലുണ്ടാവുന്ന ഭവിഷ്യത്തുകളെ പറ്റി ഇടിമുഴക്കം പോലെ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. 'വിവരമുള്ള' ഉസ്താദുമാർ പഠിപ്പിച്ച പോലെ ജീവിച്ചില്ലെങ്കിൽ ആളിക്കത്തുന്ന നരകത്തിൽ വിറകുകൊള്ളിയാവുമെന്നോർത്ത് പെണ്ണുങ്ങൾ മൂക്ക് ചീററിപ്പിഴിഞ്ഞ് തട്ടം ശരിയാക്കി മുന്നോട്ടാഞ്ഞിരുന്നു. അര മണിക്കൂർ നീണ്ട സദാചാര പ്രഘോഷണത്തിനു ശേഷം തനിക്ക് കിട്ടാനുള്ള ലച്ചത്തിന്റെ ചെക്ക് ധൃതിയിൽ കൈപ്പറ്റിയതിന് ശേഷം അൽഗുൽത്തുദ്ദീൻ മെയിൻ ഗേറ്റിന് ദൂരെ മാറി നിർത്തിയിട്ടിരുന്ന ലക്ഷ്വറി കാറിൽ കയറി.

കാറിനുള്ളിൽ ഭയം നിഴലിച്ച മുഖവുമായി ഏസിയിലും വിയർത്തിരിക്കുന്ന പതിനഞ്ചുകാരി പെൺകുട്ടിയുടെ മിനുത്ത കവിളിൽ തലോടാനായി അൽഗുൽത്തുദ്ദീൻ ഉസ്താദ് അവളുടെ മുഖത്തെ തട്ടമുയർത്തിയപ്പോൾ കുട്ടി ശരിക്കും നരകമനുഭവിച്ച് തുടങ്ങിയിരുന്നു. ■

കഥ



**രാഖി റാസ്**
പത്രപ്രവർത്തക
തോട്ടക്കാട്ടുകര, ആലുവ

# പ്രണയം ദുർബലം

നെഞ്ചിൽ ഒരു പർവ്വതം കയറ്റി വച്ചിരിക്കുകയാണെന്നും ഭൂകമ്പത്തിൽ ആ പർവതം ആടിയുലയുകയാണെന്നും അതിന്റെ ഭാരം നിമിഷം പ്രതി കൂടിവരികയാണെന്നും മൈത്രിക്ക് തോന്നി. ഇനിയും വൈകിയാൽ ശ്വാസം കിട്ടാതെ താൻ പിടഞ്ഞ് ചാകും.. അവൾ സർവശക്തിയുമെടുത്ത് അയാളെ പുറത്തേക്ക് തള്ളി. തണുത്ത ശ്വാസം അവളുടെ ശ്വാസകോശങ്ങളിലേക്ക് ഇരച്ചു കയറി. ജീവന്റെ ശ്വാസം..

പകുതി അവളിലും പകുതി പുറത്തുമായി ചിതറിപ്പോയ പൗരുഷം പകയോടെ പല്ലിറുമ്മുന്നത് അവൾ കണ്ടില്ലെന്ന് നടിച്ചു.

അരികിലെ മൊബൈലിൽ കിളി ചിലച്ചു.

"കഴിഞ്ഞോ അങ്കം"

"യെസ് മൈ ഡിയർ.."

"എന്നാൽ നാളത്തെ യാത്രയ്ക്ക് ഒരുങ്ങിക്കോളൂ.."

അവൾ പതിയെ എഴുന്നേറ്റ് കുളിമുറിയിലേക്ക് നടന്നു. അയാൾ പുറത്തേക്കും..

യാത്രയ്ക്കായുള്ള വസ്ത്രങ്ങൾ അടുക്കിവയ്ക്കുമ്പോഴാണ് ആ പഴയ ഫോട്ടോ മൈത്രിയുടെ ശ്രദ്ധയിൽ പെട്ടത്. നീണ്ടു മെലിഞ്ഞ ഇരുപത്തിരണ്ടുകാരനായ ശരത്ത് എന്ന ചെറുപ്പക്കാരൻ ചുവന്ന പാവാടയിട്ട പത്തൊൻപതുകാരിയായ മൈത്രി എന്ന പെൺകുട്ടിയുടെ അടുത്ത് ഒട്ടിച്ചേർന്നിരിക്കുന്നു. അയാളുടെ കൈകൾ അവളുടെ കൈത്തണ്ടയിൽ അമർന്നിരിക്കുന്നു. അവൾ ചിരിച്ചുകൊണ്ട് ആ കൈകൾ വിടുവിക്കാൻ ശ്രമിക്കുകയാണെന്ന് ചിത്രത്തിൽ നിന്നറിയാം. ഗോവണിച്ചുവട്ടിലെ പ്രണയച്ചൂടിൽ നിന്നും കൈയ്യോടെ പിടിക്കപ്പെട്ട ജാള്യം ഇരുവരുടേയും മുഖത്ത് തെളിഞ്ഞു കാണാം.

അന്നത്തെ പ്രണയത്തിലേക്ക് അവൾ വെറുതേ ഒന്നു തിരിച്ചു നടക്കാൻ ശ്രമിച്ചു. ഇല്ല.. ഒരു പൂവും വിരിഞ്ഞു നിൽക്കുന്നില്ല. വേരുകൾ അറ്റ് പോയാൽ ശിഖരങ്ങൾ ഉണങ്ങാതെ ബാക്കി നിൽക്കാറില്ലല്ലോ..

അവളത് കീറി ചവറ്റുകൊട്ടയിലേക്ക് നിക്ഷേപിച്ചു. എന്നിട്ട് അലമാര തുറന്ന് പുതിയതായി വാങ്ങിയ മുന്തിരി നിറമുള്ള അടിവസ്ത്രങ്ങളെടുത്ത് ഒരു മൂളിപ്പാട്ട് മൂളിക്കൊണ്ട് മിഡ്‌നൈറ്റ് പോയ്സൺ എന്ന സുഗന്ധതൈലം ചീറ്റിയൊഴിച്ചു. നാളെ കൊണ്ടുപോകാനുള്ള ബാഗിന്റെ അടിയിലേക്ക് അവ തിരുകി വച്ചു.

ആ സുഗന്ധം മാദകമായിരുന്നതിനാൽ അവൾക്ക് മുറിയിലെ വെളിച്ചം കെടുത്തണം എന്നും ആ സുഗന്ധം പിറന്നാൾ സമ്മാനമായി തന്നവനോട് സംസാരിക്കണം എന്നും തോന്നി.

"നിനക്കെന്നോട് എത്ര ഇഷ്ടം.." അവൾ ഇംഗ്ലീഷ് അക്ഷരങ്ങൾ കൊണ്ട് മലയാളത്തിലെഴുതി.

"ആനയോളം മതിയോ.. അതോ ആകാശത്തോളം വേണോ.."

"അപ്പൊ നിനക്ക് തീരുമാനമൊന്നുമില്ല, ഞാൻ പറയണം അല്ലേ.."

"പിണങ്ങാതെടോ.. നിനക്കറിയില്ലേ.. എന്റെ ഇഷ്ടത്തിന് അന്തവും കുന്തവുമില്ലെന്ന്.."

എന്നാൽ പറ എനിക്ക് ചുറ്റും ഇപ്പോൾ എന്ത് മണമാണെന്ന് അറിയുമോ..?

"അത് എന്റെ മണമല്ലേ..?"

"ഉം..." മൂളിയെങ്കിലും നിയന്ത്രണം പോകാതിരിക്കാൻ അവൾ വാക്കുകളെ മറ്റൊരു ദിശയിലേക്ക് തിരിച്ചു വിടാൻ തീരുമാനിച്ചു.

"ഞാൻ വേറൊരു ചോദ്യം ചോദിക്കട്ടേ..."

"ശരി ചോദിക്ക്.."

"അന്റാർട്ടിക്കയിൽ ചൂടെത്ര..?"

"രണ്ട് ജിഗാബൈറ്റ്..." അയാൾ കുസൃതിയോടെ മറുപടി പറഞ്ഞു

"അതിൽ നിന്നും രണ്ട് കുറച്ചാൽ..?"

"നാല് ലിറ്റർ.."

"ഒന്നു കൂട്ടിയാൽ...?"

"ആറ് കിലോമീറ്റർ"

പത്ത് ഗുണിച്ചാലോ..?

ഒരു ഉമ്മ...

അവൾക്ക് അയാളെ മുറുകെ പുണരണം എന്ന് തോന്നി. നേരം എത്രയും വേഗം ഇരുട്ടി വെളുത്തെങ്കിൽ എന്ന് മൈത്രി കൊതിച്ചു. എന്നിട്ട് വെറുതേ ചിന്തിച്ചു.

പത്തൊൻപതിലെ പ്രണയവും മുപ്പത്തിയാറിലെ പ്രണയവും തമ്മിൽ എന്തെങ്കിലും സാമ്യമുണ്ടോ ?

ഉണ്ട്.. പ്രണയിക്കുമ്പോൾ നമ്മൾ ആദ്യമായി പ്രണയിച്ച പ്രായത്തിലേക്ക് പൊടുന്നനെ വീണു പോകും. ഇത്രയും നാൾ ഈ പ്രായം എവിടെ ഒളിച്ചിരിക്കുകയായിരുന്നു എന്ന് അതിശയിക്കും..

ഒരു പ്രായവും നമ്മളിൽ കടന്നു പോകുന്നതേയില്ല. ആവശ്യം കഴിഞ്ഞ് അടുക്കിവയ്ക്കുന്ന ചായപ്പെൻസിലുകൾ പോലെ ഓരോ പ്രായവും നമ്മിൽ അടുങ്ങിയിരിക്കുന്നു. ഏത് പ്രായത്തിലും മറ്റേത് പ്രായവും എടുത്ത് നമുക്ക് വരയ്ക്കാൻ കഴിയും. മറ്റുള്ളവർ എന്തു വിചാരിക്കും എന്ന തോന്നൽ കൊണ്ടു മാത്രം നാമത് എടുക്കുന്നില്ലന്നേയുള്ളൂ.

മകൾക്ക് ഇഷ്ടമുള്ള ഫ്രൈഡ് റൈസ് തയ്യാറാക്കണം. അതിരാവിലേ തന്നെ ഉണർന്ന് മൈത്രി അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു. അവൾക്ക് ഇന്നത്തേക്ക് ഇതു മതി. നാളെ രാവിലെ അച്ഛനും മകളും എന്തെങ്കിലും ഉണ്ടാക്കി കഴിക്കട്ടേ.. വൈകുന്നേരം

താനിങ്ങെത്തുമല്ലോ...

ശരത്തിന് വേണ്ടിയായിരുന്നു മൈത്രി ഫ്രൈഡ് റൈസ് ഉണ്ടാക്കാൻ പഠിച്ചത്. പനീർ കറിയും. അതേ ഇഷ്ടം തന്നെയാണ് മകൾക്കും. പക്ഷേ ഇപ്പോൾ ശരത്തിന് ഫ്രൈഡ് റൈസിനോട് ഇഷ്ടം കാണാൻ വഴിയില്ല. തീർച്ചയായും. ഫ്രൈഡ്റൈസ് അയാളിൽ മൈത്രിയുടെ ഓർമ്മകളുണ്ടാക്കും. ഒരു പക്ഷേ അയാളതിനെ വെറുക്കുന്നുമുണ്ടാകും.

വിവാഹം ചിലപ്പോൾ മരുഭൂമിക്ക് ചുറ്റും മുള്ള് വേലി തീർത്തതു പോലെയാണ്. ദാഹജലത്തിനായി ഉഴറി നടക്കുമ്പോഴും അത് വേലിയ്ക്കകത്ത് ലഭിക്കില്ല. പുറത്തുള്ള ജലാശയത്തിലേക്ക് പോകാൻ മുള്ള് വേലിയൊട്ട് അനുവദിക്കുകയുമില്ല. പ്രണയമെന്ന ദാഹജലം ആർക്കാണ് വേണ്ടാത്തത്.

ഒരു ചെറിയ പാത്രത്തിലേക്ക് ഫ്രൈഡ്റൈസും കറിയും മൈത്രി സ്നേഹത്തോടെ പകർന്നു പൊതിഞ്ഞ് ബാഗിൽ എടുത്തു വച്ചു.

"തിരിച്ച് എന്നാണ് വരവ്..?"

ആ ചോദ്യത്തിലെവിടെയും ഒരു നീണ്ടു മെലിഞ്ഞ ചെറുപ്പക്കാരനില്ല എന്ന തിരിച്ചറിവിൽ അവൾ അവജ്ഞയോടെ മറുപടി പറഞ്ഞു.

"നാളെ.. മീറ്റിങ്ങാണ്.. വാഗമണ്ണിലേക്കാണ് പോകുന്നത് എന്നൊക്കെ ഞാൻ നേരത്തേ പറഞ്ഞിരുന്നല്ലോ.. മീറ്റിങ് കഴിയുമ്പൊ വരും.."

"ഓ... ഒഫീഷ്യൽ മീറ്റിങ്ങിന് എന്തിനാണ് ഇത്ര സുന്ദരമായ സ്ഥലം..."

"ഒരു വർഷം നടുവൊടിഞ്ഞു പണിയെടുത്തതിന് കമ്പനി തരുന്ന സമ്മാനം. പ്രകൃതിസുന്ദരമായ ഇടത്ത് ഒരു ദിവസത്തെ താമസം.. സന്തോഷങ്ങൾ നിങ്ങൾക്ക് മാത്രമുള്ളതല്ലല്ലോ.."

രഘുവുമായി അടുത്ത ശേഷം മീറ്റിങ് എന്ന പദം ശരത്തിനെതിരേ മൈത്രി പലപ്പോഴും പ്രയോഗിക്കുന്നതിനാലാകണം അയാൾക്ക് ഇപ്പോൾ അത് കേൾക്കുന്നതേ കലിയാണ്.

ഒരാളെ ഒഴിവാക്കാൻ ഏറ്റവും സൗകര്യമുള്ള ഒരു പദമാണത്. പിറവിയെടുക്കുമ്പോൾ തന്നെ മീറ്റിങ് എന്ന വാക്കിന്റെ മുഖത്ത് കാക്കപ്പുള്ളി പോലെ ഔദ്യോഗികത ഉണ്ടായിരുന്നിരിക്കണം. പക്ഷേ അത് മലയാളത്തിലേക്ക് പരിവർത്തിപ്പിച്ചാലോ..

സമാഗമം... സ്നേഹം ഒളിപ്പിച്ചു വച്ചിരിക്കുന്ന ഒരു പദം.

"മോൾക്ക് പരീക്ഷയാണെങ്കിലും തനിക്ക് മീറ്റിങ്ങിന് പോകണം അല്ലേ..?" അവളുടെ ചിന്തകളിലേക്ക് അയാൾ വാക്കുകൾ കുത്തിയിറക്കി.

"എട്ടാം ക്ലാസിലായില്ലേ.. തനിയേ പഠിച്ചു പരീക്ഷ എഴുതാറായി.. എല്ലാത്തിനും അമ്മ ഉണ്ടായാലേ പറ്റൂ എന്ന രീതി മാറണമല്ലോ?" പതിവിലും മൂർച്ചയിലും ഈർഷ്യയിലും അവൾ തിരിച്ചടിച്ചു.

അവളുടെ ഓരോ വാക്കിലും തന്നോടുള്ള വിദ്വേഷം പുരട്ടപ്പെട്ടിരിക്കുന്നു എന്ന് ശരത്തിന് അറിയാം. അതിനെക്കാൾ ശക്തിയുള്ള വിഷമയമായ വാക്കുകൾക്കു വേണ്ടി പരതി അവൾക്കു മുന്നിൽ തോൽക്കുമ്പോൾ അയാൾ അവളോട് സ്നേഹം ഭാവിച്ചു തുടങ്ങുകയാണ് പതിവ്. നയപരമായ ഇടപെടലുകളാൽ ഒഴിവ് കഴിവ് പറയാനാകാത്ത വിധം പൂട്ടും. എന്നിട്ട് അനുവാദം ചോദിക്കാതെ തന്നെ അവളിലേക്ക് തിക്കിക്കയറും.

ഓരോ കടന്നു കയറ്റവും അവളെ എത്ര മാത്രം തകർത്തെറിയുമെന്ന് അറിഞ്ഞു തന്നെയാണ് അയാളതിന് തുനിഞ്ഞിറങ്ങുന്നത്. പുരുഷന് സ്നേഹം കൊണ്ടും പക കൊണ്ടും ഭോഗിക്കാൻ കഴിയും..

സൗകര്യങ്ങളുടെ ധാരാളിത്തമുള്ള കറുത്ത, വിലയേറിയ കാർ നാല്പതിൽ ഒഴുകി നീങ്ങി..

മരത്തലപ്പുകൾ പിന്നോട്ട് പായുന്നത് വെറുതേ കണ്ടിരിക്കുന്ന മൈത്രിയെ രഘു കണ്ണാടിയിലൂടെ നോക്കി.

"എസി വേണ്ട നമുക്ക് കാറ്റ് കൊള്ളാം.." ചിലത് പ്രതീക്ഷിച്ചിട്ടെന്നവണ്ണം രഘു കാറിന്റെ ഗ്ലാസുകൾ താഴ്ത്തി.. അവളുടെ മുടിയിഴകൾ പറന്ന് രഘുവിന്റെ കവിളുകളെ തൊട്ടു. മുടിയിഴത്തുമ്പുകൾ അയാളെ തരളിതനാക്കി.

അയാൾ സ്റ്റിയറിങ്ങിൽ നിന്നും കൈയ്യെടുത്ത് മൈത്രിയുടെ വിരലുകളുമായി കോർത്തു.

കൈകോർത്ത് പിടിക്കുമ്പോഴാകണം പ്രണയിക്കപ്പെടുന്നു എന്ന് നമുക്ക് ഏറ്റവും കൂടുതൽ തോന്നുന്നത്. രണ്ട് ശരീരങ്ങൾ ഇഴകൂടുന്നതിനെക്കാൾ... വിരലുകൾ ഒന്നിനോടൊന്ന് കലർന്ന് തമ്മിലുരഞ്ഞ് വല്ലാത്തൊരു ഉദ്വേഗത്തോടെ ഇറുകി ചേരുന്നു. രതിമൂർഛയിലെന്നതു പോലെ അയയുന്നു. വീണ്ടും ഒരിക്കൽക്കൂടി ഒരാശ്വാസത്തിനെന്നതു പോലെ മുറുകുന്നു.. പിന്നെ വെറുതേ തമ്മിൽ തമ്മിൽ ഉരുമ്മി നേരത്തോടു നേരം ഒരു ധൃതിയുമില്ലാത്ത വണ്ണം കലർന്നു കിടക്കുന്നു.

പദ്മിനിയുടെ കൈകളിങ്ങനെ കോർത്തു പിടിച്ചിട്ടില്ല. അവൾ സമ്മതിക്കാറില്ല.

"താൻ എന്തുകൊണ്ടാണ് എന്നോടൊപ്പം യാത്ര ചെയ്യാമെന്ന് തീരുമാനിച്ചത്?" രഘു ചോദിച്ചു.

പ്രണയിക്കുന്നയാളിനോടൊപ്പം ഒന്നിനും വേണ്ടിയല്ലാതെ കുറേ നേരം വേറുതേയിരിക്കാൻ... പത്തു വർഷം പ്രണയിച്ചു വിവാഹം കഴിച്ചിട്ടും തനിക്ക് ഒരിക്കലും അങ്ങനെ ഇരിക്കാൻ കഴിഞ്ഞില്ലേ..?

ഇല്ല.. ഒരാവശ്യവുമില്ലാത്ത ഒരു ധൃതിയെ നമ്മൾ കൂടെ കൊണ്ടു നടക്കുന്നതുകൊണ്ടാകും വെറുതേയിരിക്കാൻ നമ്മൾ പലപ്പോഴും മറന്നു പോകും. ഇഷ്ടമുള്ളയാളോടൊത്ത് എത്ര നേരം വെറുതേ ഇരിക്കാൻ കഴിയുമെന്നതാണ് പ്രണയത്തിന്റെ അളവ് കോൽ എന്നാണ് എനിക്ക് തോന്നുന്നത്..

ഇപ്പോൾ ആ ധൃതിയില്ലേ..

ഒട്ടും ഇല്ല..

നിനക്കുണ്ടോ ധൃതി ?

ഇല്ല...

പത്തൊൻപതാം വയസിലെ പ്രണയവും മുപ്പത്തിയാറാം വയസിലെ പ്രണയവും തമ്മിൽ എന്തെങ്കിലും വ്യത്യാസം രഘുവിന് തോന്നിയിട്ടുണ്ടോ..?

ഉണ്ടല്ലോ.. പത്തൊൻപതിൽ ഇല്ലാത്ത പ്രാക്റ്റിക്കൽ വിസ്ഡം, അതായത് ശരിയായ സമയത്ത് ശരിയായത് ചെയ്യാനുള്ള കഴിവ് നമുക്ക് മുപ്പത്തിയാറിൽ ഉണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്. അത് നേരാ.. ഇല്ലെങ്കിൽ കമ്പനി വക മീറ്റിങ്ങിന്റെ അന്ന് അതേ സ്ഥലത്ത് സമാന്തരമായൊരു മീറ്റിങ് പ്ലാൻ ചെയ്യപ്പെടില്ലല്ലോ.. മൈത്രി പൊട്ടിച്ചിരിച്ചു.

"അപ്പോഴേക്കും നമ്മൾ നമ്മളെ വല്ലാതെ സ്നേഹിക്കാൻ പഠിക്കുകയും ചെയ്യും."

"പക്ഷേ എനിക്കത്ര പ്രായോഗികതയുണ്ടെന്ന് തോന്നുന്നില്ല. പുരുഷന്മാർക്ക് ആയിരിക്കും അത് കൂടുതൽ.."

"ഏയ്.. എനിക്ക് തോന്നുന്നത് സ്ത്രീകൾക്കായിരിക്കും അത് കൂടുതലെന്നാണ്.."

ഹെയർപിൻ വളവുകൾ തിരിഞ്ഞ് കയറുന്നതിനിടെയുള്ള വഴിയുടെ അരികു ചേർന്ന് കാർ നിന്നു.

"എന്തേ.. നിർത്തീത്.."

"നമുക്ക് അല്പം നടക്കാം.. ഇവിടെ അടുത്ത് ഒരു ജലപാതമുണ്ട്.."

മരങ്ങൾക്കിടയിലൂടെ താഴോട്ടിറങ്ങുന്ന വഴിയിലൂടെ സാവധാനം നടക്കവേ രഘു മൈത്രിയുടെ വിരലുകൾ വീണ്ടും കോർത്തു പിടിച്ചു. തലയിൽ ചുള്ളിക്കമ്പിന്റെ കെട്ടുകളുമായി പോകുന്ന പെണ്ണുങ്ങളുടെ മൂക്കുത്തിചുവപ്പ് അയാളെ അപ്പോഴേക്കും ലഹരി പിടിപ്പിച്ചിരുന്നു. അയാൾ മൈത്രിയെ ചേർത്തു പിടിച്ചു നടന്നു. മരങ്ങൾ ഇരുട്ട് വിരിച്ച വഴികളിൽ അയാൾ മൈത്രിയുമായി മറഞ്ഞു. അവളുടെ മേൽച്ചുണ്ടിലെ വിയർപ്പുകണങ്ങളെ ഒന്നൊന്നായി ഊറ്റിക്കുടിച്ചു.

തരിച്ചു നടക്കുമ്പോൾ കയറ്റത്തിന്റെ ആയം മൈത്രിക്ക് ഒട്ടുമേ തോന്നിയിരുന്നില്ല. ഒരു സ്വപ്നലോകത്ത് അകപ്പെട്ടതുപോലെ കഴിഞ്ഞുപോയ നിമിഷങ്ങളെയോർത്ത് അവൾ നടന്നു. ഒരു ചുംബനലഹരിയിലേക്ക് അവൾ വീണുപോകുന്നത് എത്രയോ നാളുകൾക്ക് ശേഷമാണ്. ചുണ്ടുകളിൽ രണ്ട് ചുണ്ടുകൾ ഇപ്പോഴും ഒട്ടിച്ചേർന്നിരിക്കുന്നതുപോലെ.. രഘുവിന്റെ കൈവിരലുകൾ വേർപ്പെട്ടപ്പോഴാണ് അവൾ രഘുവിന്റെ മുഖത്തേക്ക് നോക്കിയത്.

"ക്ഷീണം തോന്നുന്നുണ്ടോ..?"

"എന്തോ വല്ലായ്കയുണ്ട്.. ഒന്നിരിക്കണം.."

രഘു വഴിയരികിലെ വേരിൽ മരത്തോട് ചേർന്നിരുന്നു.

"വെള്ളം ഉണ്ടോ.. തന്റെ കൈയ്യിൽ.."

"ഇല്ല.. അല്പ ദൂരം നടക്കാം എന്നു കരുതിയല്ലേ നമ്മൾ ഇറങ്ങിയത്. ഇതിപ്പൊ ദൂരം കൂടിപ്പോയി.."

"ഞാനല്പം വിശ്രമിച്ചിട്ടേ വരുന്നുള്ളു.." രഘു കണ്ണുകളടച്ചു. അരമണിക്കൂറോളം ആ ഇരുപ്പ് ഇരുന്നിട്ട് മൈത്രി വിളിച്ചു.

"രഘൂ..."

അവൾ അടുത്തേക്ക് നീങ്ങിയിരുന്നു...

അല്പം മുൻപ് കോർത്തുപിടിച്ച കൈവിരലുകളിൽ മൃദുവായി സ്പർശിച്ചു..

"അവ തണുത്തിരിക്കുന്നു... ഇനി എന്താണ് ചെയ്യേണ്ടത്.. വിളിച്ചാൽ കേൾക്കാൻ ഇനി ആരും ഇല്ല.. കാത്തു നിൽക്കുന്നതിൽ അർത്ഥമില്ല.. മൈത്രിയുടെ കണ്ണകളിൽ ഒരു തുള്ളി കണ്ണുനീർ കിനിഞ്ഞു വന്നെങ്കിലും അവൾ അതിനെ ഉള്ളിലേക്ക് വലിച്ചു കയറ്റി. രഘുവിന്റെ ഇരുണ്ട ഭംഗിയുള്ള വിരലുകൾ എടുത്ത് ചുംബിച്ചു.

ചെറു വിരലിൽ കൊരുത്തിട്ടിരുന്ന താക്കോൽ എടുത്ത് വേഗത്തിൽ കയറ്റം കയറി. കാറിൽ നിന്നും ബാഗെടുത്ത് തോളിലിട്ട് നടന്നു തുടങ്ങി..

പ്രിയപ്പെട്ടവനേ.. നീയെന്നോട് ക്ഷമിക്കുക..

ഈ ലോകം ഇങ്ങനെ ചെയ്യാൻ എന്നെ നിർബന്ധിതയാക്കുന്നു.

മൈത്രി വഴിയിൽ കണ്ട വൃദ്ധനോട് ചോദിച്ചു..

"ചേട്ടാ.. ബസ്സ്റ്റോപ്പെവിടാ.. ? വാഗമണ്ണിലേക്ക് ഇപ്പൊ ബസ് ഉണ്ടോ..?"

ഇപ്പ വരും ഇവിടെ നിന്നോ...

■

# രാജ്യസ്നേഹി




**സുബിഷ എൽ. ഡൊറാഡോ**


ഇന്ത്യയും, പാക്കിസ്ഥാനും തമ്മിൽ യുദ്ധം നടക്കുന്നു..! ആ യുദ്ധത്തിൽ നാല് ഇന്ത്യൻ സൈനികർ മരിച്ചു.! ഇതറിഞ്ഞ ഒരു ഇന്ത്യക്കാരന് പാക്കിസ്ഥാനോട് പകരം ചോദിക്കണമെന്നായി...! അതിനു മുന്നേ... മരിച്ച നാലുപേരുടെ വീട്ടുകാരെ നേരിട്ട് പോയി കണ്ട് ആശ്വസിപ്പിക്കണം എന്നു തോന്നി. ഒന്നാമന്റെ വീട്ടുകാരെ ആശ്വസിപ്പിക്കാൻ അയാൾ യാത്ര ആരംഭിച്ചു. ചെന്നന്വേഷിച്ചപ്പോഴാണ് അയാൾ അറിഞ്ഞത്, മരിച്ച ഒന്നാമൻ എന്റെ രാജ്യക്കാരനാണെങ്കിലും, അന്യ സംസ്ഥാനക്കാരനാണ്...! അവനോട് എനിക്ക് പ്രത്യേക മമത ഒന്നും ഇല്ല..! 'നാട്ടിൽ എത്ര ബംഗാളികളും, തമിഴന്മാരും ഉണ്ട്...! അവരെ അടുപ്പിക്കാനേ.. തോന്നാറില്ല...! അപ്പൊ പിന്നെ എന്തിനാ.. അയാൾക്ക് വേണ്ടി ഞാൻ കണ്ണീരൊഴുക്കണം...?' അങ്ങനെ അയാൾ മരിച്ച രണ്ടാമന്റെ വീട്ടുകാരെ ആശ്വസിപ്പിക്കാൻ വീട് അന്വേഷിച്ച് യാത്ര തുടർന്നു..

രണ്ടാമന്റെ നാട്ടിൽ എത്തിയപ്പോഴാ അറിയുന്നേ.. അയാൾ എന്റെ സംസ്ഥാനക്കാരനാണെങ്കിലും, എന്റെ മതക്കാരനല്ല...!എന്റെ മതക്കാരനല്ലാത്ത എല്ലാവരും എനിക്ക് പാക്കിസ്ഥാൻ പോലെ തന്നെ ആണ്.! എന്റെ ശത്രുക്കൾ..! ഒരു അന്യമതക്കാരന് വേണ്ടി ഞാനെന്തിന് വിലപിക്കണം...? അങ്ങനെ അയാൾ മരിച്ച മൂന്നാമന്റെ വീട് അന്വേഷിച്ച് യാത്ര തുടർന്നു.. അയാളുടെ നാട്ടിലെത്തി അന്വേഷിച്ചപ്പോഴാ അറിയുന്നേ.., മൂന്നാമൻ ഇന്ത്യക്കാരനാണ്, എന്റെ സംസ്ഥാനത്തുള്ള, എന്റെ മതക്കാരനും ആണ്, പക്ഷേ... അയാൾ എന്റെ 'ജാതി' അല്ലല്ലോ..? എന്റെ ജാതി അല്ലാത്തവരെ എല്ലാം എനിക്ക് വെറുപ്പാണ്...! സ്വന്തം ജാതി അല്ലെങ്കിൽ അവരെ അവഗണിക്കണം..! അവർ ആരായാലും, എത്ര വലിയവനായാലും, അംഗീകരിക്കാൻ പാടില്ല..! ദൂരേക്ക് മാറ്റി നിർത്തണം...! ഒടുവിൽ അയാൾ മരിച്ച നാലാമന്റെ വീട് അന്വേഷിച്ച് യാത്ര തുടർന്നു. കുറേ ദൂരം യാത്ര ചെയ്തു. നാലാമന്റെ നാട്ടിൽ ചെന്നപ്പോഴാ അറിയുന്നേ.. അയാൾ എന്റെ മതക്കരനാണ്.., ജാതിയാണ്, പക്ഷേ... അയാൾ..., അയാൾ..... എന്റെ രാഷ്ട്രീയ'ക്കാരനല്ല... എന്റെ രാഷ്ട്രീയം പിന്തുടരാത്തവർ ആരായാലും വച്ചേക്കരുത്....! വെട്ടിക്കീറണം..! അയാളെയൊന്നും ആശ്വസിപ്പിക്കേണ്ട ഒരു കാര്യം എനിക്കില്ല...! അല്ലെങ്കിലും ഞാനെന്തിനാ കണ്ടവർക്കുവേണ്ടി സമയം കളയുന്നേ.....? എനിക്ക് വേറെ പണിയൊന്നും ഇല്ലേ...? അല്ല പിന്നെ!

■

കഥ



**ദീപാ മാത്യു**
നിർമ്മലഗിരി കോളേജ്
കൂത്തുപറമ്പ്, കണ്ണൂർ

# വെറോണിക്കയുടെ തൂവാല

**വെ**യിൽ വേവിച്ച പാദങ്ങളോടെ മുറ്റത്തേക്കു വല്യമ്മച്ചി കയറിയപ്പോഴേക്കും മണം പിടിക്കുന്ന പട്ടിക്കുഞ്ഞുങ്ങളെപോലെ കൊച്ചുങ്ങൾ ഓടിവന്നു തൊട്ടും നക്കിയും ചട്ടേപ്പിടിച്ചും മടിക്കുത്തേലുമ്മവച്ചും മുണ്ടിന്റെ അടുക്കേപ്പിടിച്ചും സ്നേഹം പ്രകടിപ്പിച്ചു. അന്നു താൻ പിടിച്ച് തീപ്പട്ടിക്കൂട്ടിലാക്കിയ പതിനഞ്ച് കുഴിയാനകളെ വല്യമ്മച്ചിയുടെ കയ്യിൽ കൊടുത്ത് ലൂസി ചിരിച്ചു. അപ്പോൾ കടിച്ചീമ്പിയ കപ്പിലങ്ങായുടെ നീര് ഒലിച്ചിറങ്ങിയ പാടുകൾ അവളുടെ നെഞ്ചിൽ നിന്ന് താഴേക്ക് പനവള്ളിപോലെ ഊർന്നുകിടന്നിരുന്നു.

സ്വർഗ്ഗവാതിലിൽ കൈകൾ വശങ്ങളിലേക്ക് വിടർത്തി ഏവരെയും സ്വീകരിക്കാൻ നിൽക്കുന്ന ദൈവത്തമ്പുരാന്റെ ചിത്രം അനുസ്മരിപ്പിക്കും പോലെ വേറോനിക്കാ വല്യമ്മ കൈകൾനീട്ടി കുഞ്ഞുങ്ങളെ തന്റെ വിയർപ്പിന്റെ നനവിലേക്ക് ചേർത്തു നിർത്തി. പലഹാരങ്ങളുടെയും ഇറച്ചിക്കറിയുടെയും അപ്പത്തിന്റെയും സമ്മിശ്രമണം വല്യമ്മച്ചിയിൽ നിന്ന് ഗുമുഗുമാന്ന് പൊങ്ങുന്നത് ശ്വാസം മുട്ടിപ്പിടയുമ്പോൾ ആഞ്ഞെടുക്കുന്ന ശ്വാസം പോലെ അവർ ആർത്തിയോടെ വലിച്ചെടുത്തു.

കുഞ്ഞമ്മച്ചി എന്ന് സ്നേഹത്തോടെ കുഞ്ഞുങ്ങൾ വിളിക്കുന്ന വേറോനിക്ക വല്യമ്മ വിണ്ടുകീറിയ പാദങ്ങൾ നീട്ടിവച്ച് തളർന്നുകിടക്കുന്ന കുട്ടിയമ്മയുടെ അരികിൽ നിലത്തിരുന്നു. ഒരുപാട് സങ്കടങ്ങൾ നിറഞ്ഞ കറുത്ത വരകളാൽ അതിരു നിശ്ചയിക്കുന്ന വലിയ ഭൂപടങ്ങൾകൊണ്ട് ആ പാദങ്ങൾ സമൃദ്ധമായിരുന്നു. ദേശങ്ങളുടെയും കാലങ്ങളുടെയും കഷ്ടതകൾ ഓരോ വിണ്ടുകീറലിന്റെയും ഉള്ളിൽ ചില നഖങ്ങൾ നീണ്ട് വളഞ്ഞ് ദശയിലേക്കിറങ്ങി അകത്തുള്ള സങ്കടങ്ങളെ സമൃദ്ധമായി മറച്ചിട്ടുണ്ട്. ഇന്ന് കുഞ്ഞമ്മച്ചി പറയുന്ന എല്ലാ ജോലികളും കുഞ്ഞുങ്ങൾ ചെയ്യും. താഴെ പറമ്പിലെ കണ്ടത്തിൽപോയി കാല പെറുക്കണോ, പ്ലാവിൽ കയറി എല പറിക്കണോ പശൂനേം ആടിനേം കൂട്ടിൽ കയറ്റി കെട്ടണോ, കാടി കൊടുക്കണോ കുട്ടിയമ്മയുടെ മൂത്രത്തുണി മാറ്റണോ മേലെപറമ്പിലെ ആൾമറയില്ലാത്ത കിണറ്റിൽ നിന്ന് വെള്ളം എടുക്കണോ എന്തും ചെയ്യാൻ ലൂസിയും സെലിയും നിമ്മിയും തയ്യാറായിരുന്നു.

രണ്ടാമത്തവളായ മിനിക്ക് പതിമൂന്നുവയസ്സേ ഉള്ളുവെങ്കിലും ആ വീട്ടിലെ പണികൾ മുഴുവൻ ചെയ്യുന്നവളാണ്. അടുക്കളയിൽ അത്താഴത്തിനുള്ള പനങ്കുറുക്ക് ഉണ്ടാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു മിനി. അമ്മ രാവിലെ പണിക്കുപോവുന്നതിന്റെ മുമ്പ് എടുത്തുതന്ന ഉണക്കിയ ആറുപനന്തുണ്ടുകൾ ഉരലിലിട്ട് ഇടിച്ച് തെള്ളിയെടുത്ത് വെള്ളത്തിൽ കലക്കി ഊറാൻ വെച്ചപ്പോഴേക്കും കുട്ടിയമ്മയുടെ വിളിവന്നു.

എടീ മിനിക്കൊച്ചേ ഈ തുണിയൊന്നുമാറ്റാവോ നിസ്സാഹായമായ ആ വിളിയുടെ പിന്നാലെ വന്നപ്പോഴാണ് അവൾ കുഞ്ഞമ്മച്ചിയെ കണ്ടത്. കുഞ്ഞമ്മച്ചിയുടെ ഈ പോക്കുവരവ് മിനിക്ക് ഇഷ്ടമല്ല. ആരാന്റെ പല്ലിനേക്കാൾ നല്ലത് അവനോന്റെ മോണയാ എന്ന് കനപ്പിച്ച് പറഞ്ഞ് അവൾ കുട്ടിയമ്മയുടെ മൂത്രത്തുണി മാറ്റി അടുപ്പത്തുവച്ച വെളുത്തൂറിയ പനനൂറിലേക്ക് കറങ്ങിയിറങ്ങി. അമ്മ വരുമ്പോഴേക്കും കുറുക്കും ചമ്മന്തിയും ഉണ്ടാക്കണം. ചാച്ചൻ ഇന്നെത്ര കാലിലാ വരുന്നതെന്നറിയില്ല. ഈ കുറുക്ക് തിന്നാൻ ഭാഗ്യം ഉണ്ടാകുമോ അതോ മുറ്റത്ത് രാവിലെ വട്ടയപ്പം പോലെ കിടക്കേണ്ടി വരുമോ ആർക്കറിയാം. ഓരോന്ന് ചിന്തിച്ച്

ചിന്തിച്ച് ഇളക്കിക്കുറുക്കി പനങ്കുറുക്ക് അവൾ അടുപ്പിൽ നിന്നു വാങ്ങിവച്ചു.

കുട്ടിയമ്മയുടെ മുറിയിൽ നിന്ന് കല്ല്യാണ സൽക്കാരവിശേഷങ്ങൾ ഉറക്കെ കേൾക്കുന്നുണ്ട്. കുഞ്ഞമ്മച്ചി മനഃസമ്മതം എങ്ങനൊണ്ടാർന്ന് ഒത്തിരിപ്പേരൊണ്ടാരുന്നോ ഇറച്ചിക്കറിയൊക്കെ നെറച്ചൊണ്ടരിക്കും ല്ലേ. സെലിയുടെ ചോദ്യങ്ങൾ അവർ മൂന്നുപേരുടെയും ആഗ്രഹചോദ്യമാണ്. വല്യമ്മച്ചി വീട്ടിൽ നിന്നിറങ്ങിയതു മുതൽ തിരികെ വീട്ടിലെത്തുന്നതുവരെയുള്ള കാര്യങ്ങൾ കുട്ടിയമ്മക്കുവേണ്ടി വിവരിക്കും. എല്ലാം അവൾ ഭാവനയുടെ ചിറകുവിരിച്ചു കാണും.

കരോട്ടുഴുന്നാലിലെ സിസിലിയുടെ മനഃസമ്മതത്തിനു പോയിട്ടാണ് കുഞ്ഞമ്മച്ചിയുടെ ഇന്നത്തെ വരവ്. ഇന്നലെ പോയതാണ്. രാത്രീലെ മധുരം വെപ്പും പിറ്റേന്നത്തെ മനഃസമ്മതവും കൂടിയിട്ടാണ് വന്നത്. കുട്ടിയമ്മയുടെ പ്രായമാ സിസിലിക്ക്.

ഒന്നു പറയുന്നുണ്ടോ

ലൂസി ക്ഷമനശിച്ച് കുഞ്ഞമ്മച്ചിയുടെ മടിക്കുത്തിൽ കുത്തി. കഥകേൾക്കുന്നതിനുപരി ആ കോന്തലയിൽ ഒളിപ്പിച്ച വിഭവങ്ങളിലാണ് കുട്ടിയമ്മയൊഴികെ മറ്റെല്ലാവരുടെയും നോട്ടം. വല്യകഷണമൊക്കെ പെട്ടെന്ന് പെട്ടന്നെടുക്കണം ഓരോരുത്തരും മനസ്സിലുറപ്പിച്ചു. കഥ കഴിഞ്ഞാലേ വല്യമ്മച്ചി അതുതുറക്കൂ.

പുറത്തേക്കു നോക്കികൊണ്ട് കുഞ്ഞമ്മച്ചി പറഞ്ഞുതുടങ്ങി. വല്യ പന്തലൊക്കെ ഒണ്ടാരുന്നു. എല്ലാടത്തും ലൈറ്റിട്ടതുകൊണ്ട് ഇരുട്ടിയിട്ടും നല്ല വെട്ടം. ചെന്നപ്പോ ഫിലോപ്പെണ്ണ് ചായേം വട്ടയപ്പകഷ്ണോം തന്നു. പിന്നെ അച്ചപ്പോം ചീപ്പപ്പോം കുഴലപ്പോം ഒക്കെ ഒണ്ടാരുന്നു. കടിക്കാൻ പറ്റാത്തതുകൊണ്ട് ഞാനതൊന്നുമെടുത്തില്ല. വളരെ ദയനീയ സ്വരത്തിൽ കുഞ്ഞമ്മച്ചിയുടെ സംഭാഷണത്തിന് പിന്നണിഗാനം പോലെ ശ്ശോ എന്ന് ഒരേ സ്വരത്തിൽ പറഞ്ഞുകൊണ്ട് കുഞ്ഞുങ്ങൾ നിരാശയോടെ കുഞ്ഞമ്മച്ചിയുടെ മടിക്കുത്തിലേക്കു നോക്കി.

ചായ കുടിച്ചേച്ചിട്ട് കുഞ്ഞമ്മച്ചി ചോറുണ്ടില്ലേ?

എന്നാക്കെയായിരുന്നു കറികൾ?

എറച്ചി ഒണ്ടാരുന്നോ

കൊറെ കിട്ടിയോ? എല്ലൊള്ളകഷണമാരുന്നോ?

എടീ എറച്ചികൊതിച്ചി നിന്നെ കശാപ്പുകാരനെകൊണ്ടു കെട്ടിക്കാൻ ചാച്ചനോടും പറയാം. അപ്പം നിന്റെ കൊതിം മതിം തീരും. കുട്ടിയമ്മ ചിരിച്ചോണ്ടു ലൂസിയോടു പറഞ്ഞു.

ഒരു പോത്തിനെയാ കൊന്നത്. കാണാണ്ടിരിക്കോ. വേണോന്ന് കൊറേവട്ടം എന്നോട് എറച്ചി വിളമ്പുന്ന ചെറുക്കൻ ചോദിച്ചിരുന്നു. ഞാനിച്ചരെയെ മേടിച്ചൊള്ളു. ഒലർത്തിതും വറുത്തതും കറിം ഒക്കെ ഒണ്ടാർന്ന്. ഒന്നും തിന്നാൻ തോന്നിലാ. തിന്നതൊട്ട് എറങ്ങിയുമില്ല, കുഞ്ഞമ്മച്ചി കുട്ടിയമ്മയുടെ തലയിൽ തലോടി.

ലൂസിയുടെയും സെലിയുടെയും വായിലൂടെ ചതുരകഷണങ്ങളായ പോത്തുലർത്തു കഷണങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കളിച്ചു. കറുത്തുനിറത്തിൽ ഒരേ അളവിൽ മുറിച്ച മപ്പാസുകഷണങ്ങളും മസാല പിടിച്ച തേങ്ങാക്കൊത്തും കരിവേപ്പിലയും പെറുക്കിക്കളയാൻ മറന്ന് അവർ മനസ്സുകൊണ്ട് മപ്പാസും ഉലർത്തിയതും കഴിച്ച് ആ രുചിയിൽ വായിൽ നിറഞ്ഞ വെള്ളം ഈമ്പിയെടുത്തിറക്കി. കുഞ്ഞമ്മച്ചി പറ ബാക്കികൂടി? അച്ചമ്മാരൊക്കെ വന്നാരുന്നോ? കുട്ടിയമ്മ ആകാംക്ഷയോടെ ചോദിച്ചു. സന്ധ്യമയങ്ങിക്കഴിഞ്ഞപ്പോഴേക്കും അച്ചമ്മാര് വന്നു. അതിനുകുറച്ച് മുമ്പ് അടുത്തുള്ള ക്ലാരമഠത്തിലെ കൊറച്ച് കന്യാസ്ത്രീകളും വന്നിട്ടൊണ്ടായിരുന്നു. പ്രാർത്ഥനകഴിഞ്ഞപ്പോഴേക്കും ഒരു വല്യകേക്ക് കൊണ്ടന്ന് സിസിലിയും അവക്കടെ അപ്പനും അമ്മയും കൂടി മുറിച്ച് അങ്ങോട്ടുമിങ്ങോട്ടും കൊടുത്തു.

ഓരോരോ പരിഷ്കാരങ്ങള് അല്ലാണ്ടെന്നാ പറയാനാ. വല്യമ്മച്ചിക്ക് മധുരംവപ്പ് അത്രയ്ക്കങ്ങട്ട് ഇഷ്ടപ്പെട്ടില്ലെങ്കിലും പിള്ളേർക്ക് കേക്കും കുട്ടിയമ്മയ്ക്ക് സിസിലിക്കു കിട്ടിയ മധുരവും ഓർക്കാൻ സമയം കൊടുത്തുകൊണ്ട് വല്യമ്മച്ചിയൊന്നു നന്നായി മുറുക്കി.

ആരാ മധുരം വെച്ചത്?

മനസ്സിൽ നിന്ന് പഴയ ചിത്രങ്ങളെടുത്ത് അവരുടെ മുമ്പിൽ വിളമ്പി.

അതാ പ്രവിത്താനത്തൂന്ന് കെട്ടിക്കൊണ്ടുവന്ന ഒരു പരിഷ്കാരിയില്ലയോ മേഴ്സി. അവളും അവക്കടെ കെട്ട്യോനും കൂടാ.

മധുരം വെക്കട്ടെ എന്നു ചോദിച്ചപ്പൊ എല്ലാരടെ കൂടെ ഞാനും പറഞ്ഞു.

കേട്ടില്ലാന്ന്

മൂന്നാംവട്ടം മധുരം വെക്കട്ടെന്നു ചോദിച്ചപ്പൊ കേട്ടൂന്ന് എല്ലാരും ചിരിച്ചോണ്ട് ഉറക്കെ പറഞ്ഞു. ഒരു വല്യക്കിണ്ണത്തിൽ കുറേ കുഞ്ഞുകുഞ്ഞു പിഞ്ഞാണം. അതിൽ കൊറേ സാധനങ്ങൾ. പലതരം പഴങ്ങളും കൽക്കണ്ടവുമൊക്കെയാന്നാ പറഞ്ഞത്.

പിന്നെ ആളാംപ്രതി മധുരം കൊടുക്കലും പടമെടുക്കലും എന്നോടീം പറഞ്ഞ് പക്ഷേ ഞാൻ കൊടുത്തില്ല.

ഇതൊക്കെ ഇപ്പം വന്നതല്ലേ. എന്റെയൊക്കെ കാലത്ത് ആണുങ്ങളുടെ വീട്ടിൽ കല്ല്യാണത്തലേന്ന് മധുരംവെപ്പുണ്ട്. അച്ചൻ വന്ന് പ്രാർത്ഥന ചെല്ലും. അതുകഴിയുമ്പം ഒരു പരന്ന പിഞ്ഞാണത്തിൽ പച്ചത്തേങ്ങാച്ചിരണ്ടിയതിൽ ഇച്ചരെ പഞ്ചാരേം ഇച്ചരി ചെറുജീരകോം ഇട്ട് ഇളക്കിവക്കും. ഒരു കുഴിയൻ പിഞ്ഞാണത്തിൽ കള്ളുകുറുക്കിയ പാനിം.

ചെറുക്കന്റെ പെങ്ങളും അളിയനുംകൂടി മധുരംവക്കും. തേങ്ങയും പാനിയും ഇച്ചിരെ കല്യാണച്ചെറുക്കന്റെ വായിൽവച്ചുകൊടുക്കും. അതു തന്നെ മധുരംവെപ്പ്. പിന്നെ അടുത്ത ചാർച്ചക്കാരും വെക്കും.

ഇവിടങ്ങാനാന്നോ വരണോരും പോണോരും മധുരംവെക്കും. എന്നാ അറിഞ്ഞിട്ടാന്നാർക്കറിയാം. ഈ മധുരം മാത്രം വക്കുന്നതിനോട് എനിക്ക് വല്യ യോജിപ്പില്ല. ഇച്ചരെ കയ്പ്പ്നീരും കൂടി ഒരു കോപ്പയിൽ വെക്കണം. കുറേ മധുരം കൊടുത്തുകഴിഞ്ഞ് ഇച്ചരെ കയ്പ്പുനീര് കൊടുക്കണം. അതു നല്ലതാ. ചിലർക്ക് ജീവിതത്തില് മധുരമേ ഉണ്ടാകില്ല. കയ്പ്പ് മാത്രമേ ഉണ്ടാകത്തൊള്ളൂ. അതിപ്പഴേ രുചിച്ചറിഞ്ഞിരുന്നാൽ വെഷമം വരത്തില്ല. അന്നേ ഈ കയ്പ്പുംകൂടി കുടിച്ചതാണല്ലോന്നൊരു തോന്നലു വരുമ്പം ചാകാൻ തോന്നത്തില്ല.

ഈ കുഞ്ഞമ്മച്ചീടെ ഒരു കാര്യം. സിസിലി പിറ്റേന്ന് ഒരുങ്ങീട്ട് എങ്ങനൊണ്ടാർന്ന് അതുപറ. കുട്ടിയമ്മ വീണ്ടും സിസിലിയിലേക്ക് ഊർന്നിറങ്ങി. നല്ല ചൊമല പട്ടുസാരിയുടുത്ത് മുടിയൊക്കെ കെട്ടിവെച്ച് കഴുത്തേല് ഒരു വെള്ളകല്ലുമാത്രമിട്ട് അവള് പടി എറങ്ങി വരുന്നതു കണ്ടാ എന്നാ ശേലാന്നറിയാവോ. സാധാരണ കാണുമ്പോലയല്ല നല്ല വെളുത്ത് കണ്ണൊക്കെ എഴുതി ചുണ്ടൊക്കെ ചോപ്പിച്ച് പിന്നെ അവക്കടെ പുറകെ ഒരേപോലെ ഉടുപ്പിട്ട കൊറേ പിള്ളാരും.

ബാക്കി കേൾക്കാൻ നിക്കാതെ കുട്ടിയമ്മ ഭിത്തിയുടെ നേരെ തലചെരിച്ചു. കണ്ണുകളിലൂടെ തലയിണയിലേക്ക് ഒഴുകിയിറങ്ങുന്ന കണ്ണുനീരിനെ തൂത്തെടുത്തുകൊണ്ട് കുഞ്ഞമ്മച്ചി പറഞ്ഞു.

എന്റെ കൊച്ചിനും കുഞ്ഞമ്മച്ചി ഒരു മാപ്പളയെ കൊണ്ടത്തരും. സിസിലിക്ക് കിട്ടിയതിനേക്കാൾ മിടുക്കനെ, കരയല്ലേ?

അതൊരു നടക്കാത്ത കാര്യമാണെന്ന് വല്യമ്മച്ചിക്കും കുട്ടിയമ്മയ്ക്കും അറിയാമെങ്കിലും കുട്ടിയമ്മ വെറുതെ തലയാട്ടി. അന്നിട്ടോ വേഗം പറഞ്ഞുതീർക്കാൻ വേണ്ടി അക്ഷമയോടെ സെലി കുഞ്ഞമ്മച്ചിയെ തോണ്ടി.

സിസിലീടെ അപ്പൻ പ്രാർത്ഥന ചൊല്ലി പിന്നെ ഓരോരുത്തർക്കും അവൾ സ്തുതി കൊടുത്തു. ഓ പടം പിടുത്തക്കാരെക്കൊണ്ടാ മടുത്തത്. അവര് പറയുമ്പോലെ ഒരാൾക്ക് തന്നെ കുറെ പ്രാവശ്യം സ്തുതികൊടുക്കണം. കയ്യ് പിടിക്കണം, ചിരിക്കണം.

എന്നെക്കൊണ്ടെങ്ങും മേലാ ഓരോ കോപ്രായങ്ങള് കാണാൻ. ഞാനും മുളത്തിനാലെ കത്രിയും കൂടി പള്ളിലോട്ടു നടന്നു. മനഃസമ്മതം പള്ളിലച്ചൻ ചോദിക്കുന്നു. പള്ളിലെന്നാച്ചാരുന്നു.

അതോ അവക്കടെ മാമ്മോദീസാപ്പേര് വിളിച്ച് എലിസബത്തേ ഈ നിൽക്കുന്ന ജോസഫിനെ നിന്റെ ഭർത്താവായി..

നിങ്ങളിതിന് സാക്ഷികളാണല്ലോ എന്നച്ചൻ ചോദിച്ചപ്പോൾ ഇരുകൂട്ടരീന്നും മുതിർന്നവർ ഞങ്ങളിതിനു സാക്ഷികളാണ് എന്ന് ഏറ്റു പറഞ്ഞു.

അത്രേ ഒള്ള് അതുകഴിഞ്ഞ് ഒപ്പിട്ട് അവര് പന്തലിലേക്ക് വന്നു.

പള്ളിയോടു ചേർന്നുള്ള ഒരു വലിയ കെട്ടിടത്തിലായിരുന്നു ഭക്ഷണമൊക്കെ.

കുഞ്ഞമ്മച്ചിയുടെ ചട്ടയിൽ വിരലുകളോടിച്ച് ലൂസി ചോദിച്ചു.

ഇന്നും എറച്ചി ഒണ്ടാർന്നോ?

പിന്നെ അഞ്ചാറുകൂട്ടം ഒണ്ടാരുന്നു. എന്നാക്കെയാ, തുപ്പലുവിഴുങ്ങി അവൾ വീണ്ടും ചോദിച്ചു.

അപ്പോം കോഴിക്കറീം പിന്നെ ചോറും മോരുകറിം പയറ് തോരനും പോത്തുലർത്തും പന്നി വരട്ടിയതും മപ്പാസും കോഴി പല രീതിയിൽ വച്ചതും പൊരിച്ചതും അച്ചാറും പിന്നെ ഏതാണ്ടൊക്കെ ഒണ്ടാർന്ന്. അവസാനം ഒര് തള്തളോന്നിരിക്കുന്ന ഒരു പലഹാരം. അണയിൽ സൂക്ഷിച്ച മുറുക്കാൻ തുപ്പൽ വലിച്ചെടുത്ത് വല്യമ്മച്ചി കോളാമ്പിയിൽ തുപ്പി. ഞങ്ങക്കടെ കാലത്തൊക്കെ ചോറ് കഴിപ്പിന്റെ അവസാനം. പാനീം പഴോം തൈരും ചോറും കൂട്ടി ഞരടി ഒരു പിടുത്തമാണ്. എന്നാ രുചിയാന്നറിയാവോ.

രുചിയുടെ നിറവിൽ ഒരു നിമിഷം കുഞ്ഞമ്മച്ചി ആ ഭൂതകാലത്തിലേക്ക് ഓടിപ്പോയി തിരിച്ചു വന്നു. കുട്ടിയമ്മയപ്പോൾ അൾത്താരമുന്നിലായിരുന്നു. ചട്ടയും മുണ്ടുമുടുത്ത് കമ്മലും കുണുക്കുമിട്ട് അരികുത്തുമ്മലുള്ള കവണി ഞൊറിഞ്ഞു കുത്തി ഇളക്കത്താലിയും വളകളുമിട്ട് അവളൊരുങ്ങിനിന്നു. സമ്മതമാണോ എന്ന അച്ചന്റെ ചോദ്യത്തിന് സമ്മതമാണ് സമ്മതമാണ് സമ്മതമാണ് എന്ന് മൂന്നുവട്ടം പറഞ്ഞ് തന്നെ കെട്ടാൻ വന്ന ചെറുക്കനെ നോക്കാൻ തലചെരിച്ചപ്പോഴേക്കും കുഞ്ഞമ്മച്ചി ഈ കെട്ടൊന്ന് തുറക്കുന്നുണ്ടോ ഇല്ലയോ എന്ന ചോദ്യം. പുഴുപ്പല്ലിന്റെ വിടവിലൂടെ പുറത്തുവന്ന ചോദ്യം കുട്ടിയമ്മയെ വീണ്ടും മുറിയിലെ പായയിലേക്ക് ചായ്ച്ചിട്ടു. പെറാൻ മുട്ടി നിൽക്കുന്ന വയറുപോലെ കുഞ്ഞമ്മച്ചിയുടെ മടിക്കുത്ത് ചട്ടയ്ക്ക് മറയ്ക്കാത്തവിധം പുറത്തേക്ക് തള്ളിയിരുന്നു. മൂന്നാല് വയറിന്റെ കരച്ചിൽ ഒപ്പിയെടുത്ത് രുചിക്കൂട്ടുകളുടെ ആ വലിയ തൂവാലക്കഷണം കുഞ്ഞമ്മച്ചി പതിയെ തുറന്നു. അതിൽ വാഴയിലതുണ്ടുകളിലായി രുചികൾ പൊതിഞ്ഞുസൂക്ഷിച്ചിരുന്നു. ഊറിവന്ന കൊതിവെള്ളം ഈമ്പി വായിലേക്ക് തന്നെ വലിച്ചുകൊണ്ട് നിമ്മി ലൂസിയുടെ കയ്യിൽ മുറുകെപിടിച്ചു. പിള്ളേര് തിന്നുതീരുന്നതുവരെ ചാച്ചനിപ്പോഴൊന്നും വരല്ലേ എന്ന് മനമുരുകി പ്രാർത്ഥിച്ചുകൊണ്ട് മിനി മുറ്റം അടിച്ചുവാരി ചൂല് കഴുകിവച്ചു.

■

കഥ



**അമൃത കേളകം**
എം.എ. മലയാളം വിദ്യാർഥി
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

# ജലേസ്മിൻ സന്നിധിം

**മോ**ന്തായം വീങ്ങിത്തെറ്റിയിരിക്കുന്ന ആ വീട്ടിൽ ഒരച്ഛനും അമ്മയും മകനുമാണ് താമസം. തേറ്റ പോലെ പുറത്തോട്ടുന്തിയ പല്ല് കാണിച്ച് പാൽപാത്രവുമായി അച്ഛൻ പുലർകാലത്തും വൈകിട്ടും പതിവുചാലിലൂടെ നടക്കും. 'പടക്ക് പടക്ക്' എന്ന ഒച്ചപ്പാട് വച്ച് ആ നരച്ച നീല ചെരുപ്പ് അതിന് പിന്നണി പാടും.

അമ്മച്ചി പത്തുകൊല്ലമായി അടകിടപ്പാണ്. കിടന്നു കിടന്ന് പുറമൊക്കെ ചെതുമ്പലു കേറി. നട്ടെല്ല് നിവർത്തി നിൽക്കാൻ പണ്ടേ അറിയാത്ത അവർക്ക്, ഏതോ ഒരു കണക്കിൽ ഈ കിടപ്പ് അനിവാര്യമായി തോന്നിയതുകൊണ്ടായിരിക്കാം 'മാൻഡ്രേക്ക് അച്ചൻ' വന്ന് വെഞ്ചരിച്ച വെള്ളം തളിച്ചിട്ടും, കുതിര പോലെ കവുങ്ങിൻ തോട്ടത്തിലോടി നടക്കുന്ന അവരെക്കാണാൻ കണ്ണും മിഴിച്ചിരുന്ന അയൽക്കൂട്ടം പെണ്ണുങ്ങളെ കൂട്ടത്തോടെ നിരാശപ്പെടുത്തി കട്ടിലിലള്ളിപ്പിടിച്ചത്.

മകനൊരുത്തനാണ് അമ്മച്ചിപ്പണീം അച്ഛൻപണീം പുറംപണീം അകംപണീം പശുപ്പണീം കോഴിപ്പണീമൊക്കെ നടത്തിക്കൊണ്ടുപോകുന്നത്.

ബിരുദങ്ങളൊന്നുമില്ലാത്ത അയാൾ കണ്ണൂർ സിറ്റിയിലെ ഹോംനേഴ്സ് ഏജൻസി പറഞ്ഞയക്കുന്ന പെണ്ണിനെക്കാളും ആണിനെക്കാളുമെല്ലാം മിടുമിടുക്കനായി ആ പണിയിൽ കഴിഞ്ഞ പത്തുകൊല്ലമായി വ്യാപരിക്കുകയാണ്. സർട്ടിഫൈഡ് കോഴ്സോ മറ്റോ ആയി രജിസ്റ്റർ ചെയ്തിരുന്നെങ്കിൽ, അമ്മച്ചിപ്പുറത്തുള്ള അയാളുടെ കണ്ടുപിടുത്തങ്ങൾ 'ഹോംനേഴ്സ് ഗവേഷണ മേഖല'യ്ക്ക് പുത്തനറിവിന്റെ തൊപ്പിക്കുടകൾ സമ്മാനിച്ചേനേ...!

അച്ഛന്റെയൊപ്പം വളർച്ച തുടങ്ങിയ ഇല്ലിക്കൂട്ടം അതിന്റെ ആറാം തലമുറയിൽ എത്തിനിൽക്കുമ്പോൾ പല്ലൻ നാണുവിന്റെ – അതാണ് അച്ഛന്റെ പേര് – തൃപ്പുത്രനിവിടെ ഏറ്റവുമറ്റത്തെ കണ്ണിയായി തുടരുക എന്ന തപസിലങ്ങനെ ചറപറ പണിയെടുത്ത് നടപ്പാണ്.

നിറഞ്ഞ നിലാവുകളോ പൂത്തുപൂത്ത് പതം വന്ന കൈതകളോ മേലൊക്കെ കുളിര് കോരിയിട്ട് വന്നു പോയ മഴയിളക്കങ്ങളോ, പാതിരാവർത്തമാനങ്ങളിൽ ഇടയ്ക്കിടെ തല നീട്ടുന്ന മുല്ലപ്പൂക്കളുടെ മണം വലിച്ചു കേറ്റി ഇപ്പറഞ്ഞ ആൾക്കു മുന്നിൽ തുമ്മിത്തുമ്മിയിരിക്കുന്ന കാറ്റോ, വിഭാവ അനുഭാവ വ്യഭിചാരീ ഭാവങ്ങളായ് അയാളുടെ രസസൂത്രത്തിൽ പരിഗണിക്കപ്പെട്ടില്ല. എന്തിനുമേതിനും ആരെയെങ്കിലും കണ്ടു പഠിക്കാൻ മക്കളോട് പിറുപിറുവെക്കുന്ന സ്കറിയാ പിള്ളയ്ക്ക് പക്ഷേ ഈ ഒരു കാര്യത്തിൽ മാത്രം നാണുപുത്രനോട് വിയോജിപ്പായതിൽ, ആ വീട്ടിലെ പിള്ളേർ പര്യമ്പുറത്തെ ഇരുട്ടിലിരുന്ന് ഊറിച്ചിരിച്ചു.

ഉഷ്ണം അതിന്റെ ഏറ്റവും പന്ന സ്വഭാവം കാണിച്ചു പോയ രാത്രികളിലൊന്നും ആ പരിസരത്ത് ആരും ഉറങ്ങിയതേയില്ല. പകലുകളും രാത്രികളുമൊരു പോലെ, പഴുപ്പിക്കാൻ വെച്ചിടത്തിരുന്ന് കെട്ടുപോയ വാഴക്കുല എന്ന കണക്കെ, വിയർപ്പിന്റെ വെടക്ക് മണത്തെ പുറത്തേക്ക് വലിച്ചിട്ടു.

അങ്ങനെയൊരു രാത്രിയിൽ കൃത്യമായി കണക്കെടുത്തു നോക്കിയാൽ പറയാൻ കഴിയുന്ന ഏതോ ഒരു യാമത്തിൽ നാണു പുത്രൻ അമ്മയെ കോരിയെടുത്ത് ഇരുപത് കോൽ താഴ്ചയുള്ള കിണറ്റിലിട്ടു വത്രെ. വട്ടക്കിണറ്റിൽ കണ്ണും തെളിച്ചു കിടന്ന നിറനിലാവ്, ചെറുക്കന് പെട്ടെന്നുണ്ടായ ഈ വെളിപാടിൽ പേടിച്ചരണ്ട് അവിടെയെല്ലാം കിടന്നോടി എങ്ങോട്ടോ പരക്കംപാഞ്ഞ് കേറിപ്പോയി. വലിയൊരു ശബ്ദത്തിന് ശേഷം വെള്ളം അടങ്ങിയപ്പോൾ, അതിലേക്ക് തലയിട്ടു നോക്കി വീണ്ടും നിലാവ് വന്നോയെന്ന് ഉറപ്പാക്കിയ ചെറുക്കൻ, ചക്കരക്കയറേൽ കോർത്ത കിഴുത്ത വീണ തൊട്ടിയതിലേക്കിട്ട് ആർത്തിയോടെ വെള്ളം കോരിക്കോരി തലവഴിയൊഴിച്ചു.

ഉച്ചിമുതലുള്ളങ്കാലുവരെ കിനിഞ്ഞ് കിനിഞ്ഞ് ഉരുണ്ടിറങ്ങിയ തണുപ്പിൽ ഉറഞ്ഞ് നിന്നിട്ടവൻ മറന്നുവെന്നമ്മയോട് ഒരുപാട് കള്ളം പറഞ്ഞ ഗംഗേ ചയമുനേ ച... കൂട്ടിയിടിക്കുന്ന താടിയെല്ലുകൾക്കിടയിലൂടെ പറഞ്ഞൊപ്പിച്ചു. തണുത്ത് തണുത്ത് തണുപ്പിന്റെയങ്ങേയറ്റം ഒരു കുമിളയായ് ചുട്ടുപൊള്ളി അയാളങ്ങ് പൊട്ടിത്തീർന്നു.

■

കഥ

# സോഷ്യൽ മീഡിയക്കാലത്തെ രണ്ടു സദാചാര കഥകൾ

## സദാചാര പാഠങ്ങൾ

**രാധികാ മേനോൻ**
ശാസ്ത്രജ്ഞ
അക്ചുവറി, അമേരിക്ക

***എഫ്ബിയിൽ:***

അടിപൊളി സൗമ്യാ. നിങ്ങളെ ഞാൻ ഏറെ ബഹുമാനിക്കുന്നു. നിങ്ങളുടെ തുറന്നെഴുത്തിനെ, കൂസലില്ലായ്മയെ, ചങ്കൂറ്റത്തിനെ, ധൈര്യത്തിനെ ഒക്കെ. നിങ്ങളെപ്പോലുള്ള സ്ത്രീകളെയാണ് ഈ നാടിനാവശ്യം! ഞാനടക്കമുള്ള പുരുഷവർഗ്ഗത്തിന് കണ്ണ് തുറക്കാൻ നിങ്ങളൊക്കെയാണ് കാരണക്കാരി! ഹാറ്റ്സ് ഓഫ്! കീപ് ഇറ്റ് അപ്.

***വൈകീട്ടത്തെ പരിപാടിയിൽ:***

എടാ നീയാ സൗമ്യേടെ പുതിയ പോസ്റ്റ് കണ്ടോ? പുതിയ തെറിയൊക്കെ പഠിക്കാൻ നല്ലൊരു റഫറൻസാ. കമന്റ് ബോക്സ് നോക്കിയാൽ മതി. എന്നാലും എന്നാ തൊലിക്കട്ടിയാ അവൾക്ക്! ആവിഷ്കാര സ്വാതന്ത്ര്യമെന്ന് പറഞ്ഞ് എന്തൊക്കെയാ പടച്ചു വിടുന്നേ? വീട്ടിൽ ചോദിക്കാനും പറയാനും ആണുങ്ങളില്ലെങ്കിൽ ഇങ്ങനെയാ. കയറഴിച്ചു വിട്ടേക്കുവല്ലേ!?

***വീട്ടിൽ:***

വേണ്ട, ആ ഫോട്ടോ എഫ്ബില് ഇടണ്ട ഭാര്യേ. നിന്റെ ബ്ലൗസിന്റെ കഴുത്ത് നല്ലോണം ഇറങ്ങിയ പോലെ ഉണ്ട്. ഏയ് അതും ശരിയാവില്ല ഡ്രസ്സ് കുറച്ചു കൂടുതൽ ടൈറ്റായ പോലെ. ഈ കാണുന്നോരൊക്കെ എല്ലാരും നമ്മുടെ പോലെ ശുദ്ധഗതിക്കാരാവില്ല മോളൂ, എന്തിനാ വെറുതെ ആളുകളെ ക്കൊണ്ട് ഓരോന്ന് പറയിക്കണേ? ■

## ചില സദാചാര ആശ്വാസങ്ങൾ



**ജമി ഫിറോസ്**
പൊഴുതണ,
വയനാട്

രാവിലെ തന്നെ കട്ടൻ ചായക്കൊപ്പം ഫേസ് ബുക്ക് തൊട്ടുകൂട്ടുമ്പോഴാണ് അയാൾ ആ വീഡിയോ കണ്ടത്...

പാർക്കിൽ ചുറ്റാൻ പോയ കാമുകീകാമുകന്മാരെ ആൾക്കാർ തടഞ്ഞിട്ട് നിർബന്ധിച്ച് കല്യാണം കഴിപ്പിക്കുന്നു...

വെരി ഗുഡ്... ഇങ്ങനെ തന്നെ ചെയ്യണം. അല്ലേലും നമ്മുടെ നാടിന്റെ സംസ്കാരമെന്തെന്ന് അറിയാത്ത അവളുമാർക്കും അവന്മാർക്കും ഇതു തന്നെ വേണം... എന്ന കമന്റുമിട്ട് ലൈക്കും ചെയ്ത് ഷെയർ ബട്ടണും ക്ലിക്കിയപ്പോ എന്തോ ഒരു ആശ്വാസം....

അപ്പോ ദേ.. റോഡിലൂടെ കുറച്ച് പെൺകുട്ടികൾ പോവുന്നു..

ഹാ.. എന്നാ ചരക്കുകളാ...

കണ്ണു കൊണ്ടുഴിഞ്ഞ് അളന്ന് വെള്ളമിറക്കി നിൽക്കുന്നതിനെടേൽ ഒരു എഫ്.ബി. നോട്ടിഫിക്കേഷൻ നമ്മുടെ ആങ്ങളമാർ ഗ്രൂപ്പിൽ...

ആർത്തവത്തെ കുറിച്ചുള്ള ഒരു പോസ്റ്റ്... അതും ഒരു പെണ്ണ്...

ആഹാ... അത്രക്കായോ...

അതിനു താഴെ കണ്ണും കാതും പൊട്ടണ നാല് തെറീം വിളിച്ച് കൂടെ നിനക്ക് കഴപ്പാണെ ഡീ... ഞങ്ങൾ ഈ ആങ്ങളമാർ ഉള്ളിടത്തോളം കാലം ഇത്തരം അഴിഞ്ഞാട്ടമൊന്നും നടക്കില്ലെന്നും പറഞ്ഞ് കമന്റ് ഇട്ടപ്പോൾ അടുത്ത ആശ്വാസം...

രാത്രി മെസെഞ്ചർ ഓണാക്കി പച്ചവെളിച്ചം തെളിയണ പെണ്ണുങ്ങളെ തെരഞ്ഞുപിടിച്ച് ഒരു ഹായ്... ഹലോ.. ഉറങ്ങീലേ... എന്താക്കുവാ... എന്ത് ഡ്രസ്സാ ഇട്ടേക്കുന്നേന്നും കൂടെ അയച്ച് റിപ്ലേയായി തള്ളക്കും തന്തക്കും വരെ കേട്ടപ്പോ തീർത്തും ആശ്വാസം...

ഇനീപ്പോ അടുത്ത ആശ്വാസത്തിനായി മറ്റേ ലവൻ തന്ന ആ ചേച്ചീടെ നമ്പറിൽ ഒന്നു ട്രൈ ചെയ്യണം.... വല്ലോം നടക്കോ... ആവോ.... ■

കഥ



**നിജു ആൻ ഫിലിപ്പ്**
നഴ്സ്
ന്യൂഡൽഹി

# പാപ്പച്ചനും മാജിക്കൽ റിയലിസവും

**ച**രൽ വിരിച്ച മുറ്റത്തിന്റെ പടിഞ്ഞാറേ അറ്റത്ത്, അലക്കുകല്ലിന് താഴെ ആകാശം നോക്കി കിടക്കുന്ന പാപ്പച്ചനെ നോക്കി കുഞ്ഞന്നാമ്മ അലറി.

'ഏർണിയയുടെ ഓപ്പറേഷൻ കഴിഞ്ഞേച്ചും പത്തു തികഞ്ഞിട്ടില്ലാത്ത മനുഷ്യൻ ഇതെന്നാ കൂത്താ. പായിപ്ര ഡോക്ടർ എന്നതാ നിങ്ങളോട് പറഞ്ഞത്'

ഏതോ സ്വപ്നത്തിന്റെ പടിവാതിൽക്കൽ നിന്ന് തിരിച്ചു വിളിച്ചു കൊണ്ട് വരുന്നതിന്റെ അരിശം മുഴുവനും പാപ്പച്ചന്റെ മുഖത്തുണ്ടായിരുന്നെങ്കിലും ഒരക്ഷരം പറയാതെ ഏന്തി വലിഞ്ഞെണീറ്റ് അലക്കുകല്ലിൽ കയറിയിരുന്ന് കാലാട്ടിക്കൊണ്ട് അയാൾ ഭാര്യയോട് വളരെ ശാന്തനായി ആവശ്യപ്പെട്ടു.

'ടീ കുഞ്ഞന്നാമ്മോ കഞ്ഞി അനത്തിയേൽ ഇത്തിരി പറ്റിട്ട് കഞ്ഞിവെള്ളം ഇങ്ങു ഊറ്റിക്കേ'

ചവിട്ടിക്കുലുക്കി അകത്തേയ്ക്ക് പോയ കുഞ്ഞന്നാമ്മ ഒരു ചെരുവം കഞ്ഞി വെള്ളം കൊണ്ട് വന്ന് കൊടുത്തു.

നേരം വെളുക്കും മുൻപേ എഴുന്നേറ്റ് കഞ്ഞി വെച്ച്, ഉപ്പുമാങ്ങാ പൊട്ടിച്ചതും, കോവക്ക വെളിച്ചെണ്ണയിൽ പറ്റിച്ചതും കാലമാക്കി; കുളിച്ച്, ഉള്ളതിൽ നല്ല സാരിയും ഉടുത്ത് മണർകാട് പള്ളിയിൽ പെരുന്നാൾ കൂടാൻ പുറപ്പെടുകയായിരുന്നു കുഞ്ഞന്നാമ്മ. അപ്പോഴാണ് ഭർത്താവിന്റെ വിചിത്രമായ പെരുമാറ്റത്തെക്കുറിച്ച് ആധിപൂണ്ട് അവർ കലി തുള്ളിയത്.

'മാമോദിസയ്ക്ക് പള്ളിയിൽ പോയതാ. ഇനി പാപ്പച്ചൻ പെട്ടിയിൽ കേറിയെ പള്ളിയിലോട്ടുള്ളൂ' എന്ന് കട്ടായം പറഞ്ഞിരിക്കുന്നത് കൊണ്ട് വീട്ടിൽ ഇരിയ്ക്കുന്ന കെട്ട്യോന് നിർദ്ദേശങ്ങൾ കൊടുത്ത് ഒരു കുടയും കക്ഷത്തിൽ വെച്ച് കുഞ്ഞന്നാമ്മ പള്ളിയിലോട്ടിറങ്ങി.

പോകുന്ന വഴിയിയ്ക്ക് ഓരോ വളവിലും, മുക്കിലും കാത്തു നിൽക്കുന്ന വനിതാസമാജത്തിലെ പെണ്ണുങ്ങളോട് പാപ്പച്ചന് ഓപ്പറേഷന് ശേഷം വന്ന മാറ്റങ്ങളെ കുറിച്ച് കുഞ്ഞന്നാമ്മ ആവലാതിപ്പെട്ടു.

നേരം വെളുക്കുമ്പോൾ കിടന്നപായ ചുരുട്ടി വെച്ച് അലക്കുകല്ലിന്റെ ചുവട്ടിൽ മാനം നോക്കി കിടക്കുക, പടിഞ്ഞാറ് വശത്തെ കായ്ക്കാത്ത സിലോൺ പ്ലാവിനെ കെട്ടിപ്പിടിച്ചു പതം പറഞ്ഞു കരയുക, കുഞ്ഞന്നാമ്മയുടെ കണ്മണികളായ കോഴികളെ അറഞ്ചം പുറഞ്ചം എറിഞ്ഞോടിക്കുക എന്ന് തുടങ്ങി ചില ദിവസങ്ങളിൽ 'കാട്ടുതോടി'ന്റെ കരയിൽ രാത്രിയായത് അറിയാതെ ഇരുന്ന് ദിവാസ്വപ്നം കാണുക, ചിലപ്പോഴൊക്കെ താൻ കൃഷ്ണനാണ് എന്ന് കരുതിയിട്ടോ എന്തോ, തോട്ടിൽ അടിച്ചു നനച്ചു കുളിക്കാൻ വരുന്ന കല്യാണിയുടെ വസ്ത്രങ്ങൾ മോഷ്ടിക്കുക, കണ്ടത്തിൽ മേയുന്ന ആരാന്റെ പശുക്കളെ തെളിച്ചു വീട്ടിൽ കൊണ്ട് വരിക എന്നിങ്ങനെ ലീലാവിലാസങ്ങൾ നീണ്ടു.

സഹികെട്ട് കുഞ്ഞന്നാമ്മ മാപ്പപേക്ഷയുമായി പലവട്ടം കല്യാണിയെ പോയി കണ്ടു. പാപ്പച്ചന് സുഖമാകും വരെ തോട്ടിൽ കുളിക്കാൻ വരരുത് എന്ന് വരെ താണുകേണപേക്ഷിച്ചു.

പലവട്ടം കുഞ്ഞന്നാമ്മ ഗീവർഗീസ് പുണ്യാളനോടും, യൽദോ ബാവയോടും, മണർകാട് പള്ളി മാതാവിനോടും പരാതി പറഞ്ഞു. പായിപ്ര ഡോക്ടർ കുറിച്ചു കൊടുത്ത മഞ്ഞഗുളിക ചോറിൽ പൊടിച്ചിട്ടു കൊടുത്തു. ഒരു മാറ്റവും കണ്ടില്ല.

നടതുറക്കുന്ന ഏഴാം തീയതി മണർകാട് പള്ളിയുടെ കൽക്കുരിശിങ്കൽ നിന്ന് മാതാവിനോട് നേരിട്ട് സങ്കടം പറയാനാണ് ഇപ്പോൾ കുഞ്ഞന്നാമ്മയുടെ പോക്ക്. കുഞ്ഞന്നാമ്മ പറയുന്നത് 'മറുകാട്ടമ്മ അതിയാന്റെ തല നേരെയാക്കും' എന്നാണ്.

കറിനേർച്ച കൗണ്ടറിൽ കാശടച്ച്, രൂപ എൺപത് കൊടുത്തു ഒരു കുപ്പി എണ്ണയും വാങ്ങി ചങ്ക് പൊട്ടി നിലവിളിച്ചു കൊണ്ട് അവർ കൽക്കുരിശിങ്കലേക്ക് നടന്നു. വെള്ളാരം കല്ലുകളിൽ ചവിട്ടി കാലുകൾ പൊള്ളിയടരുന്നത് അവർ സാരമില്ലെന്നു വെച്ചു. നടതുറന്ന് നിമിഷങ്ങൾ മാത്രമായിരുന്നുള്ളൂ. ജനം തിക്കിത്തിരക്കി കൊണ്ടിരുന്നു. കൽക്കുരിശിന് മുൻപിൽ വെച്ചിരിക്കുന്ന ക്ലോസ്സ്സർക്യൂട്ട് ടി. വിയിൽ മാതാവും ഉണ്ണിയേശുവും തെളിഞ്ഞു.

കുഞ്ഞന്നാമ്മ നിലവിളിച്ചു കൊണ്ട് കാര്യം പറഞ്ഞു പ്രാർത്ഥിച്ചു. ഇടയ്ക്കിടയ്ക്ക് മാതാവിന്റെ

⟶

കഥ



ജസി കാരാട്
മലപ്പുറം

# ഒരുമ്പെട്ടോൾ

**ചാ**ണകം മെഴുകിയ തിണ്ടിൽ ഒറ്റയ്ക്കായിരുന്നു അവൾ മുറ്റത്തെ മാവിൻ ചുവട്ടിൽ അവനും അച്ഛൻ നേരത്തെ മരിച്ചു പോയിരുന്നതിനാൽ അവൾക്ക് അവൻ അച്ഛനാണെന്നു തോന്നി ഏട്ടന്മാരാരും ഇല്ലാത്തതിനാൽ ഏട്ടനാണെന്നും അമ്മയെ കാണാതെ വളർന്നവനായതിനാൽ അവന് അവൾ അമ്മയാണെന്നു തോന്നി അനിയത്തിമാരില്ലാത്തതിനാൽ അനിയത്തിയാണെന്നും തിണ്ടിൻ മുകളിൽ നിന്ന് അവൾ മുറ്റത്തേയ്ക്കിറങ്ങി മാവിൻ ചുവട്ടിൽ നിന്നും അവൻ ഇടവഴിയിലേയ്ക്കും പാടവരമ്പത്തിരുന്ന് അവർ ഇല്ലായ്മകളുടെ ചുമടിറക്കി കുസൃതിക്കഥകൾ പറഞ്ഞു കണ്ണീർ മുത്തുകൾ പരസ്പരം തുടച്ചു മുടിയിഴകൾക്കിടയിലൂടെ എണ്ണിപ്പെറുക്കി വിരലോടിച്ചു അവനൊരു ദേവനാണെന്ന് അവളറിഞ്ഞു കോവിലമ്മയാണവളെന്നവനും കൈകോർത്തു പിടിച്ച് അവർ കാറ്റിനൊപ്പം ഉലഞ്ഞ്, മയിലിനൊപ്പം ആടി കുയിലിനൊപ്പം പാടി പീലി നിർത്തി മാനം നോക്കി.

മഴയും, മഞ്ഞും, വെയിലും കടന്നു പോയതറിയാതെ വയൽ മധ്യത്തിലങ്ങനെ നിന്നു പോയി.

"ടീ.... മൂധേവീ ന്റെ ചെക്കനെ കണ്ണു കാണിച്ചു കറക്കിക്കളഞ്ഞല്ലോ ടീ.. നീ"

അമ്മായിയപ്പൻ നെഞ്ചത്തടിച്ചു. അവൾക്കൊന്നും തോന്നിയില്ല. പുളിക്കൊമ്പേൽ.. പിടിക്കാനായിട്ടല്ലേനീയിറങ്ങീത് നാട്ടുകൂട്ടം വിധിച്ചു. അവൾ പാറപോലെയുറച്ചു നിന്നു പക്ഷെ എന്റെ വിളി കേട്ടതേ നീയെന്തിനാണിറങ്ങി വന്നത് എന്നവൻ ചോദിച്ചതേ അവൾ വരണ്ടുണങ്ങിപ്പോയി പിന്നെ തീക്കൊള്ളിയായി......

■

---

മുഖത്തേയ്ക്ക് നോക്കി. പുഞ്ചിരിയല്ലാതെ മറ്റൊന്നും കാണാൻ ഇല്ല. ഇത് വരെ ഇല്ലാത്ത ശാന്തതയോടെ അവർ പെരുന്നാൾ കൂടി.

അന്നേരം പാപ്പച്ചനാകട്ടെ, പിടിവിട്ടത് പോലെ ഒഴുകിപ്പോകുന്ന കാട്ടുതോടിന്റെ കരയിൽ കൈലി മാടിക്കുത്തി നിന്ന്, തോട്ടിലേക്ക് ചാഞ്ഞു കിടക്കുന്ന തെങ്ങോലകളിൽ നിന്ന് ഈർക്കിൽ ചീന്തിയെടുത്ത് അതിവിചിത്രമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് നാക്ക് വടിച്ചു. അനന്തരം നടന്നു തേഞ്ഞ പാരഗൺ ചെരുപ്പുകൾ അതിശ്രദ്ധയോടെ ഊരി വെച്ച് ചകിരി കൊണ്ട് ഉരച്ചു കഴുകിത്തുടങ്ങി. വൃത്തിയാക്കിയ ശേഷം, വെളുപ്പിൽ നീലവൃത്തങ്ങൾ അങ്ങിങ്ങായി കാണപ്പെടുന്ന ചെരുപ്പുകളെ ഇരട്ടകുട്ടികളെ എന്ന പോലെ കയ്യിൽ അരുമയായി ചേർത്തു പിടിച്ചു കൊണ്ട് അവയെ ഉണക്കാൻ വെയ്ക്കാൻ വലിയൊരു പാറപ്പുറത്തേക്ക് വലിഞ്ഞു കയറി. തോടിനക്കരെ കരിമ്പിൻ കാട്ടിനുള്ളിലേക്ക് അരിവാളും കയറുമായി കയറിപ്പോകുന്ന കല്യാണി അപ്പോൾ മാത്രമാണ് പാപ്പച്ചന്റെ കണ്ണിൽ പെട്ടത്. അതു വരെ ഇല്ലാത്ത ഒരാവേശം സിരകളിൽ പടരുന്നത് അയാൾ അറിഞ്ഞു. തലയിൽ കെട്ടിയ തോർത്തുടുത്ത്, കൈലി പാറക്കെട്ടിൽ അഴിച്ചു വെച്ച് അയാൾ പെട്ടന്ന് തന്നെ തോട്ടിലേക്ക് എടുത്തു ചാടി. അക്കരെ നിന്ന് കല്യാണി കുണുങ്ങിച്ചിരിച്ചു. പാപ്പച്ചനെ കുഴക്കുന്ന കൊല്ലുന്ന ചിരി.

'ഇങ്ങനെ ചിരിക്കാതെന്റെ പൊന്നേ' എന്നും പറഞ്ഞാണയാൾ തീരമണഞ്ഞത്. കരിമ്പിൻകാട്ടിലേക്ക് ചിരിച്ചു കൊണ്ട് ഓടി മറഞ്ഞ കല്യാണിക്ക് പുറകെ അയാൾ പാഞ്ഞു പോയി.

പടിഞ്ഞാറേ തിണ്ണയിൽ മലർന്ന് കിടന്ന പാപ്പച്ചൻ സിലോൺ പ്ലാവിനെ നിർന്നിമേഷം നോക്കി. ഒരിക്കലും കായ്ക്കാത്ത പ്ലാവപ്പോൾ ഇറങ്ങനെ പൂവിട്ട് കായ്ക്കുന്നത് കണ്ട് അന്തംവിട്ടു. എത്താകൊമ്പത്ത് കല്യാണി ഇരുന്ന് കൊല്ലുന്ന ചിരി ചിരിയ്ക്കുന്നു. പാപ്പച്ചന്റെ നെഞ്ചു കിടുങ്ങി. വല്ലാത്തൊരു ആവേശത്തോടെ പ്ലാവിൻ ചുവട്ടിലേയ്ക്ക് പാഞ്ഞു.

കുഞ്ഞന്നാമ്മ പള്ളിയിൽ നിന്ന് തിരികെ വരുമ്പോൾ കടപഴുകി വീണ, കായ്ക്കാത്ത പ്ലാവിനെ നെറുകയിൽ ഏറ്റുവാങ്ങി തലതകർന്ന് വിറങ്ങലിച്ചു കിടക്കുകയായിരുന്നത്രെ പാപ്പച്ചൻ. തൊഴുത്തിൽ ആരുടെയൊക്കെയോ പശുക്കൾ നിന്ന് അമറുന്നുണ്ടായിരുന്നു, അലക്കുകല്ലിൽ ഒരു മുണ്ടും ബ്ലൗസും ചുരുട്ടി വെച്ചിരുന്നു. കുഞ്ഞന്നാമ്മയുടെ കോഴികൾ പേടിച്ചരണ്ട് കൊത്തിപ്പെറുക്കി തലങ്ങും വിലങ്ങും പാഞ്ഞു നടന്നിരുന്നത്രേ.

■

കഥ




**ബദറുന്നീസ എ.**
അദ്ധ്യാപിക
ജി.എച്ച്.എസ്.എസ്. മട്ടിൽ
കണ്ണൂർ


# തീപ്പാതി

**ആ**രോ ചവച്ചുതുപ്പിയ ച്യൂയിങ്ഗം പോലുള്ള ചുണ്ടുകൾ കണ്ണാടിയിൽ കണ്ടപ്പോൾ, തന്നെ മുഴുവനായി വിഴുങ്ങാതെ ബാക്കിവെച്ച തീ അവളുടെയുള്ളിൽ ഒന്നുകൂടി ആളിക്കത്തി. പതിയിരുന്ന് പാതിതിന്ന് ആ തീമൃഗം തന്നെയിങ്ങനെ കാഴ്ചവസ്തുവാക്കിയതെന്തിനാണ്? ഇളക്കി മറിച്ചിട്ട പാടത്തെ വെള്ളക്കുഴിയിൽ വറ്റാതെ കിടക്കുന്ന ഇത്തിരി വെള്ളം പോലെ രണ്ടിറ്റ് കണ്ണീർ അവളുടെ കൺതടങ്ങളിൽ വിറകൊണ്ടു.

അടുക്കളസ്ക്രീനിലെ കാർട്ടൂൺ കഥാപാത്രമായിരുന്നു അവളെന്നും.വയസ്സൻപല്ല് പോലെ ഒരു കല്ല് ആടിക്കൊണ്ടിരിക്കുന്ന വലിയ അടുപ്പിൽ പൊട്ടിയ ഓട്ടുകഷണം തിരുകിവെച്ച് തീപിടിപ്പിക്കുകയെന്ന സാഹസം അന്ന് പെട്ടെന്ന് വിജയിച്ചു. മറ്റേ അടുപ്പിൽ അച്ഛന് കുളിക്കാനുള്ള വെള്ളം ചൂടാക്കാൻ കരിപിടിച്ച കലത്തിലേക്ക് പൈപ്പ് തുറന്ന് വെള്ളം നിറയ്ക്കുമ്പോൾ 'അമ്മയെന്തിനാ ഈ കറുത്ത കലം മേടിച്ചേ?' എന്ന് മോളൊരിക്കൽ ചോദിച്ചതോർത്ത് അവളൊന്ന് പുഞ്ചിരിച്ചു. വെള്ളം അടുപ്പത്ത് വെച്ച് ചമ്മന്തിയ്ക്കുള്ള തേങ്ങ ചിരവാനിരുന്നു.ഇരുമ്പുനാവിൽ നിന്നുതിർന്നു കുഞ്ഞു തുമ്പപ്പൂവുകൾ!

തണുപ്പുകാലത്ത് അച്ഛന് കൂട്ടിനെത്താറുള്ള വരണ്ട ചുമ അപ്പുറത്തെ മുറിയിൽ നിന്ന് ഉയർന്നു കേട്ടപ്പോൾ, ചായയ്ക്കുള്ള വെള്ളവുമെടുത്ത് അവൾ ഗ്യാസടുപ്പിനരികിലെത്തി. സിലിണ്ടറിന്റെ വാൽവ് തുറക്കാൻ ചുവന്ന മേനിയിലൂടെ വിരലോടിച്ചപ്പോൾ ഓണാക്കിയിട്ടുണ്ട്. ഇന്നലെ രാത്രി ഓഫാക്കാൻ മറന്നുപോയോ? അല്ലെങ്കിലും ഈയിടെയായി മറവി ഇത്തിരി കൂടുതലാണ്. പണികളൊക്കെ തീർത്ത് ഉറങ്ങാൻ പോയാലും മറവിയ്ക്കൊരു കൊട്ട് കിട്ടിയെന്നോണം മിക്ക രാത്രികളിലും അടുക്കളവാതിലടച്ചോ എന്നൊക്കെ നോക്കാനായി ഒരു തിരിച്ചുപോക്ക് പതിവാണിപ്പോൾ. അടുക്കളപ്പൊത്തിലെവിടെയോ കരളൊളിപ്പിച്ചവരായിരിക്കുമോ ഇക്കണ്ട പെണ്ണുങ്ങളെല്ലാം എന്നവളോർക്കും അപ്പോഴെല്ലാം.

അടുപ്പ് കത്തിച്ചതും, ചെവിയടക്കുന്ന ശബ്ദത്തോടെ അടുക്കളയാകെ തീയിൽ കുളിച്ചതും, ഒരാർത്തനാദത്തോടെ അവൾ നിലം പതിച്ചതും, കമ്പിളിക്കുള്ളിലെ സുഖംപിടിച്ച കാലുകൾ പോലും കിടക്ക വിട്ടോടിയെത്തിയതും ഒരുമിച്ചായിരുന്നു.അതിവേഗത്തിൽ കാർ ആശുപത്രിയിലേക്ക് കുതിക്കുമ്പോൾ, ആർത്തിപിടിച്ച നാവുമായി പേപിടിച്ച നായയെ പോലെ തീ നാലുഭാഗത്തേക്കും പടരുകയായിരുന്നു.

മണിക്കൂറുകൾക്കുശേഷം ആശുപത്രിക്കിടക്കയിലുണർന്ന ബോധം ആദ്യം തിരഞ്ഞത് രണ്ട് കുഞ്ഞിക്കണ്ണുകളെയായിരുന്നു. അമ്മയുടെ സാരിത്തുമ്പിൽ പിടിച്ച് നിൽക്കുന്നുണ്ടായിരുന്നു ഉമ്മിണി. ആ കണ്ണുകളിൽ നിറഞ്ഞിരിക്കുന്ന പേടി കാണാൻ കെല്പില്ലാതെ അവൾ കണ്ണുകൾ മുറുക്കെയടച്ചു. എരിവുള്ളൊരു വലിച്ചിൽ മുഖമാകെ പടരുന്നതറിഞ്ഞ് വിറയാർന്ന വിരലുകൾ കൊണ്ട് അവൾ കവിളിലൊന്നു തൊട്ടു. കൊഴുത്ത പശയിൽ തൊട്ടെന്നവണ്ണം ഞെട്ടലോടെ അവൾ കൈകൾ പിൻവലിച്ചു. ഇന്നേവരെ കാണാത്ത അനുകമ്പ നിറഞ്ഞൊരു സ്നേഹഭാവം രാജീവിന്റെ മുഖത്ത് പരിഭ്രാന്തിക്ക് മുകളിലായി തളംകെട്ടിക്കിടക്കുന്നതും കൂടി കണ്ടപ്പോൾ സഹിക്ക വയ്യാതെ അവൾക്കുള്ളിൽ കരച്ചിലിന്റെ ഒരു ചീള് തൊണ്ടക്കുഴി കടക്കാനാകാതെ ശ്വാസംമുട്ടി നിന്നു.

മൗനം തിന്നും കുടിച്ചും ജീവിച്ച പിന്നെയുമെത്രയോ നാളുകൾ. മുകളിൽ കറങ്ങുന്ന ഫാനിൽ കണ്ണുകൾ നട്ടിരുന്ന് ഉറങ്ങാതിരുന്ന രാത്രികൾ. പാതി വെന്ത ശരീരം മനസ്സിനെയാണോ, പൊള്ളൽ വിഴുങ്ങിയ മനസ്സ് ശരീരത്തിനെയാണോ കീഴടക്കിയതെന്ന് തിരിച്ചറിയാനാകാതെ കിടന്ന തീദിനങ്ങൾ! മയങ്ങിപ്പോയൊരു ഉച്ചനേരത്ത് ചെമ്പകപ്പൂമൊട്ടുകൾ പോലുള്ള കുഞ്ഞുവിരലുകൾ കവിളിൽ

തൊട്ടതറിഞ്ഞ് അവൾ കണ്ണുകൾതുറന്നു. ഉമ്മിണി.. വാരിയെടുത്ത്, നെഞ്ചോടുചേർത്ത് ആ കുഞ്ഞു മുഖം നിറയെ ഉമ്മകൾ കൊണ്ട് മൂടുമ്പോൾ എന്തിനെന്നറിയാതെ അവൾ ഉറക്കെയുറക്കെ കരയുകയായിരുന്നു.

കരച്ചിൽ കേട്ട് മുറിയിലേക്കോടി വന്ന രാജീവ് സ്തബ്ധനായി നിന്നു. 'ജ്യോതീ, ഇതെന്താണ്? കുട്ട്യോളെപ്പോലെ?' പൊടുന്നനെ നിന്ന മഴ പോലെ അവൾ മുഖമുയർത്തി. ഞൊറിയിട്ട കവിളിലൂടെ കണ്ണീർ പല ചാലുകളായൊഴുകി. 'നോക്ക് രാജീവ്, ൻറുമ്മിണി എൻറടുത്ത് വന്നു. എന്നെ തൊട്ടു. ഉമ്മ തന്നു', വാക്കുകൾ സങ്കടപ്പെയ്ത്തായി തള്ളിവന്നപ്പോൾ അയാളുടെ കൈ അവളുടെ തലമുടിയിഴകളിലൂടെ സാന്ത്വനത്തെന്നലായൊഴുകി.

ആകാശത്തുനിന്ന് ഒരുപാളി മുറിച്ചെടുത്തത് പോലെയുള്ള ഇളംനീല സാരി ഭംഗിയായി ഞൊറിഞ്ഞുടുത്ത് അവൾ ഓഫീസിലേക്കിറങ്ങാൻ തയ്യാറാവുകയായിരുന്നു. നീണ്ട നാളത്തെ അവധിക്ക് ശേഷം ഈ രൂപത്തിൽ പുറത്തേക്കിറങ്ങുമ്പോൾ മറ്റുള്ളവർ തന്നെയെങ്ങനെ നോക്കിക്കാണുമെന്നോർത്ത് അവളുടെ നെഞ്ചിലൂടെ ഒരു വേവലാതി പിടഞ്ഞോടി. എങ്കിലും തുറന്നുവിട്ട കിളിയെ പോലെ വീടിന്റെ അന്തരീക്ഷത്തിൽ നിന്നുള്ള മാറ്റം അവളെ ഉന്മേഷവതിയാക്കി. ഗേറ്റ് തുറന്ന് പുറത്തേക്കിറങ്ങിയപ്പോൾ അവളുടെ കാലുകളൊട്ടും വിറച്ചില്ല, മുഖമൊട്ട് കുനിഞ്ഞതുമില്ല.

9.10 നാണ് 'സുറുമി' സ്റ്റോപ്പിലെത്തുക. ഇനിയും ആറേഴ് മിനുട്ട് ബാക്കിയുണ്ടല്ലോ എന്നോർത്ത് അവൾ വെയിറ്റിങ്ങ് ഷെഡിലെ സിമൻറ് ബെഞ്ചിൽ ഇരിപ്പുറപ്പിച്ചു. ബാഗിൽ നിന്ന് 12 രൂപയെടുത്ത് കൈയിൽവെച്ച് നോക്കുമ്പോഴാണ് എത്രയോ ജോഡി കണ്ണുകൾ വിവിധ ഭാവങ്ങളോടെ തന്നെ പൊതിയുന്നതായി അവളുടെ ശ്രദ്ധയിൽ പെട്ടത്. വലിയ ചുമട്ടു ബാഗുകൾ പിറകിൽ തൂക്കി സ്കൂളിലേക്ക് പോകാൻ ബസ് കാത്തുനിൽക്കുന്ന കുഞ്ഞുങ്ങളുടെ മുഖഭാവം എന്തെന്ന് വേർതിരിച്ചെടുക്കാനാവാതെ അവൾ കണ്ണുകൾ പിൻവലിച്ചു.

ബസ് സ്റ്റോപ്പിനോട് ചേർന്ന് വരിവരിയായി നിൽക്കുന്ന മൈനകളെപോലുള്ള ഓട്ടോറിക്ഷകളിൽ നിന്ന് പാറി വരാറുള്ള കൊത്തിവലിക്കുന്ന നോട്ടങ്ങൾ മുമ്പൊക്കെ അവളെ ദേഹത്തിലൂടെ പുഴുവരിക്കുമ്പോലെ അസ്വസ്ഥയാക്കാറുണ്ടായിരുന്നു. ഇപ്പോൾ ആ കണ്ണുകളിലെ തീ കെട്ടടങ്ങിയത് കണ്ടപ്പോൾ അവളുടെയുള്ളിൽ ചിരിയൂറി. ശരീരം മാത്രമല്ലാത്തൊരു വ്യക്തിത്വമെന്ന താൻ പോരിമ അവൾ ആസ്വദിക്കാൻ തുടങ്ങിയത് ആ നിമിഷം മുതലായിരുന്നു.

ഒന്നും സംഭവിച്ചിട്ടില്ലാത്തത് പോലെ ഓഫീസിലേക്ക് കയറിച്ചെന്നപ്പോൾ എന്ത് പറയണമെന്നറിയാതെ വിഷമിച്ച് നിൽക്കുകയായിരുന്നു സഹപ്രവർത്തകർ. സുമിത്ര, രേഖ, മുരളിയേട്ടൻ, ആരിഫ, സതീഷ്.. എല്ലാവരുമുണ്ട്. ആത്മവിശ്വാസം സ്ഫുരിക്കുന്ന കണ്ണുകളോടെ എല്ലാവരെയും നോക്കി ജ്യോതി സൗഹാർദ്ദപൂർവം തലയാട്ടി. എല്ലാവരും അവരവരുടെ സീറ്റുകളിലേക്ക് മടങ്ങി. കളിചിരികളും കളിയാക്കലുകളും നാട്ടുവർത്തമാനങ്ങളും മത്സരിച്ചിരുന്ന ഓഫീസ് സമയത്തിന് മുമ്പുള്ള ഇത്തിരി നേരം ഇന്ന് മൗനം വാടകയ്ക്കെടുത്തുവോ?

'മൗനം മരണമാകുന്നു' എന്ന് ചുള്ളിക്കാട് പറഞ്ഞത് എത്ര ശരിയാണ്! അസ്വസ്ഥതയോടെ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് ജ്യോതി സുമിത്രയ്ക്കരികിലെത്തി. സങ്കടം നിറഞ്ഞ കണ്ണുകളോടെ സുമിത്ര അവളുടെ കൈ കവർന്നു. 'നിന്റെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ എനിക്കൊരിക്കലും ഇങ്ങനെ പിടിച്ചുനിൽക്കാൻ കഴിയുമായിരുന്നില്ല' എന്ന് സുമിത്ര പറഞ്ഞപ്പോൾ ഉള്ളിൽ സങ്കടം പൊടിയാതിരിക്കാൻ ജ്യോതി സുമിത്രയുടെ കൈകളിൽ അമർത്തിപ്പിടിച്ചു. എന്തു പറയണമെന്നറിയാതെ മറ്റുള്ളവർ തല കുനിച്ചും ഫയൽ മറിച്ചും ആ നിമിഷം കടന്നു കിട്ടാൻ ശ്രമിക്കുന്നത് അവൾ കണ്ടില്ലെന്ന് നടിച്ചു.

രാജീവിന്റെ തറവാട്ടുവീട്ടിലെ വെളിച്ചം കുറഞ്ഞ മുറികൾ ജീവന്റെ തുടിപ്പുകളുമായി വീണ്ടും മൂളിപ്പാട്ടുകൾ പാടാൻ തുടങ്ങി. അത്താഴത്തിനു ശേഷം പാത്രങ്ങളൊക്കെ കഴുകി, അടുക്കള തൂത്തുവാരി മുറിയിലെത്തുമ്പോൾ ഉറങ്ങാനുള്ള കഥയ്ക്ക് കാത്തിരിപ്പുണ്ടാവും ഉമ്മിണി. ഉണ്ടാക്കിക്കഥകൾ പറഞ്ഞുപറഞ്ഞ് ഉമ്മിണിയെ ഉറക്കുമ്പോഴേക്കും രാജീവും ഉറങ്ങിയിട്ടുണ്ടാവും മിക്ക ദിവസങ്ങളിലും. പിന്നെ പണ്ടത്തെ കുടികൂടലിന് പാട്ട് വെക്കാൻ തെങ്ങിൽ കെട്ടുന്ന കോളാമ്പി മൈക്കുകൾ പോലെ തിരിഞ്ഞുറങ്ങലാണ് പതിവ്.

എന്നാലിപ്പോൾ രാജീവാകെ മാറിയിരിക്കുന്നു. അധികം സംസാരിക്കാത്ത പ്രകൃതക്കാരനാണയാൾ. രാജീവിന്റെ കണ്ണുകൾ നാവിനെ കടമെടുത്തെന്ന് തോന്നുന്നു. ഒരു കുഞ്ഞിനോടെന്ന പോലെ രാജീവ് സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കുന്നത് കാണുമ്പോൾ ഉള്ള് കടഞ്ഞുകടഞ്ഞ് ഒരു സങ്കടക്കട്ട നെഞ്ചിൽ ഉരുണ്ടു കൂടുന്നതായി ജ്യോതിക്ക് തോന്നി. കവിളിൽ തലോടിയ വിരലുകൾ നനഞ്ഞപ്പോൾ രാജീവ് അവളെ ചേർത്തുപിടിച്ചു.

'എന്തിനാടോ നീയിങ്ങനെ കരയുന്നത്? നീയെന്റെ നൽപ്പാതിയല്ലേ... ഉം' എന്ന് കുസൃതിയോടെ അവൻ ചെവിയിൽ തലോടി പറഞ്ഞപ്പോൾ 'ഉം, അതെയതെ തീപ്പാതി' എന്നവൾ അവന് കെട്ടിയുമ്മയോടൊപ്പം മറുപടി നൽകി. മേഘങ്ങൾക്കുള്ളിലൊളിച്ചിരുന്ന അമ്പിളി ജനൽവിടവിലൂടെ അവരെ എത്തിനോക്കി പുഞ്ചിരി തൂകി..

■

കഥ



**അമല ഷെഫീഖ്**
ഗവേഷക

# വെണ്ണാമ്മച്ചി

**ABCD** എന്ന സിനിമ ഇറങ്ങിയപ്പോൾ തുടങ്ങിയ മോഹമായിരുന്നു, ഡാഡി കോളിംഗ് എന്ന ആ റിംഗ് ടോൺ. എനിക്ക് വേണ്ടിയിരുന്നത് ചീനു കോളിംഗ് എന്ന് പറയാൻ വേണ്ടി മാത്രമായിരുന്നു. വെറുതെ ഒരു രസം, നല്ല താളത്തിൽ ചീനു കോളിംഗ്..... ചീനു കോളിംഗ്... എന്ന് പറയുന്നത് കേൾക്കാൻ.. വേറൊരു പേരും അതിൽ ചേർത്തു വയ്ക്കാൻ എനിക്ക് തോന്നിയില്ല... ഒടുക്കം സംഭവം ഒപ്പിച്ച് റിങ്ങ്ടോൺ സെറ്റ് ചെയ്തു ചീനുവിന്റെ വിളിയും കാത്തിരിപ്പായി.. ആഴ്ച്ചയിലൊരിക്കലൊ രണ്ടാഴ്ച്ച കൂടുമ്പോഴോ തീർച്ചയായും വിളിക്കുന്നതാണ്. അവളിങ്ങോട്ടു വിളിച്ചില്ലെങ്കിൽ ഞാൻ അങ്ങോട്ട് വിളിക്കും. പക്ഷെ ഇതിപ്പോ എനിക്ക് റിങ്ങ്ടോൺ കേൾക്കണമല്ലോ, വിളിക്കട്ടെ കാത്തിരിക്കാം.

മൂന്നാമത്തെ ശനിയാഴ്ച്ച രാവിലെ ഒരു പത്തര മണിക്ക് മീൻ വെട്ടുന്നതിനിടയിലാണ് എന്റെ പുന്നാര റിങ്ങ്ടോൺ ചീനു കോളിംഗ്... ചീനു കോളിംഗ്.... എന്നെ തേടി എത്തിയത്.. അവിടെയിരുന്ന് കുറെ പ്രാവശ്യം താളത്തിലും ഈണത്തിലും നീട്ടി പറയട്ടെ. സാധാരണ ഓടിപ്പാഞ്ഞെടുക്കുന്നതാണ്, പുന്നാര റിങ്ങ്ടോണിനെ കേട്ട് മതിയാവട്ടെ എന്നൊരു ദുഷ്ടലക്ഷ്യം ഉണ്ടായിരുന്നെങ്കിലും, മീൻ കൈ കഴുകാതെ പറ്റില്ലല്ലോ.. പിന്നെ ചീനു ആയതു കൊണ്ട് ഇയർ ഫോൺ വച്ചു സംസാരിക്കുന്നതാണ് നല്ലത്.. അങ്ങനെ നിർത്തില്ലാതെ അരമണിക്കൂർ മുതൽ ഒരു മണിക്കൂറും അതിലപ്പുറവും നീളും ചിലപ്പോൾ അവളുടെ വിശേഷങ്ങൾ... ഇങ്ങോട്ടൊന്നും പറയാൻ ഇട കൊടുക്കാതെ ചാടിക്കയറി പറഞ്ഞു; ചീനു, മീൻ വെട്ടുവാരുന്നെടീ... ഏകദേശം കഴിഞ്ഞു.. ഒരു പത്തു മിനിറ്റ്, ഇവനെയൊന്ന് അടുപ്പേലാക്കിയിട്ട് ഇപ്പൊ വരാം.. പതുങ്ങിയ സ്വരത്തിൽ ഒരു മൂളൽ മാത്രം മറുപടി.. ഫോണും വച്ചു.

മനസ്സ് പിടക്കാൻ തുടങ്ങി.. എന്തോ കുഴപ്പമുണ്ട്.. അവളുടെ അമ്മ (എന്റെ ആന്റി) മരിച്ചതിൽ പിന്നെ, ചെറിയ രീതിയിൽ ഉള്ള ശാസിക്കൽ, ഉപദേശിക്കൽ, സംശയ നിവാരണം നടത്തികൊടുക്കൽ തുടങ്ങിയവ ഒക്കെ ഞാൻ ഏറ്റെടുത്ത് നടത്തിപ്പോന്നു.. ചീനുവിന്റെ സ്വഭാവം നന്നായി അറിയാവുന്ന അവളുടെ ചേട്ടൻ അവിരായും ആ പട്ടം എനിക്ക് ദാനം ചെയ്തുകഴിഞ്ഞിരുന്നു. ചിലപ്പോ അവൻ പെട്ടന്ന് വിളിച്ചു പറയാറുണ്ട്, 'നീ അവളെയൊന്ന് വിളിച്ചേ' എന്ന്.. കൂടുതൽ പറച്ചിലും ഇല്ല ചോദ്യവും ഇല്ല. അവിരായ്ക്കും എനിക്കും കാര്യം അറിയാം; എന്റെ വിളി ഇപ്പൊ എത്തും എന്ന് ചീനുവിനും. ചില കാര്യങ്ങൾക്ക് വെറുതെ ടെൻഷൻ അടിക്കുക എന്നത് ചീനുവിന്റെ ഒരു ഹോബിയായി തുടർന്ന് പോന്നു. പണ്ടും അങ്ങനെ തന്നെ. അത് കുറച്ചൊക്കെ വളർത്തുന്നതിൽ ആന്റിക്കും ഒരു പങ്കുണ്ടായിരുന്നു എന്ന് പറയാതെ വയ്യ. അങ്ങനെയല്ല പറയേണ്ടത്; ആന്റി ഒരു ടെൻഷൻ കടലായിരുന്നു. ടെൻഷൻ ഇല്ലാതെ ആന്റിക്ക് ജീവിക്കാൻ കഴിയുമായിരുന്നില്ല. വെറുതെയുള്ള അതിഭീകര ടെൻഷനുകൾ. ശനിയാഴ്ച രാവിലെ ഏഴു മണിയാവുമ്പോൾ തുണി കഴുകാനിറങ്ങാൻ പറ്റുമോന്ന് വെള്ളിയാഴ്ച്ച രാത്രിയിൽ ടെൻഷൻ. മഴ പെയ്താലോ? ഇനി തുണി കഴുകുന്നതിനിടയിൽ, കരണ്ട് പോയാൽ വീണ്ടും മോട്ടോർ അടിക്കാൻ കഴിയാതെ വരില്ലേ; അപ്പോൾ എങ്ങനെ തുണി കഴുകി തീർക്കും എന്ന ടെൻഷൻ. വെളുപ്പിനെ അഞ്ചു മണിക്ക് എണീറ്റുടനെ തന്നെ അഞ്ചാറടി പൊക്കമുള്ള എമണ്ടകൻ ടാങ്കിൽ നിറയെ വെള്ളമടിച്ചിട്ടതാണെന്നോർക്കണം. പക്ഷെ തുണി കഴുകുകയല്ലേ, എങ്ങാനും തീർന്നു പോയാലോ? അപ്പോൾ കരണ്ടില്ലെങ്കിൽ എങ്ങനെ വീണ്ടും മോട്ടോർ അടിക്കും? ഇതൊരു സാമ്പിൾ മാത്രം. ഇജ്ജാതി ടെൻഷനുകളിൽ ആന്റി എല്ലാവരെയും ടെൻഷനടിപ്പിച്ചുകൊണ്ടിരുന്നു. അവിരായെയും അവന്റപ്പൻ തോമ്മാച്ചായനെയും (എന്റെ അമ്മാച്ചൻ) മാത്രം ഇതൊന്നും ബാധിച്ചില്ല. 'ഇതൊക്കെയെന്ത്' എന്ന സ്ഥായിയായ മുഖഭാവം അവിരാ നേടിയെടുത്തത് ഇത്തരം നിരന്തരമായ പരിശീലനത്തിലൂടെയായിരുന്നു എന്ന് പിൽക്കാലത്താണ് എനിക്ക് മനസ്സിലായത്. അമ്മുക്കുട്ടി ഇതൊന്നും കണ്ട് ബേജാറാവണ്ട, പൊന്നുക്കുഞ്ഞിനു രാവിലെ ബൂസ്റ്റിട്ട പാല് വേണോ അതോ ചായ മതിയോ എന്ന് തോമ്മാച്ചായന്റെ കയ്യിലെ കട്ടൻ കാപ്പിയിൽ നോക്കി വെള്ളമിറക്കി ഇരിക്കുന്ന എന്നോട് ഒരു കള്ളച്ചിരിയോടെ ചോദിക്കാറുണ്ട്. പിന്നേ, രാവില

ത്തെയും രാത്രിയിലത്തെയും പാല് കുടിയിൽ നിന്നും എന്നെ രക്ഷിക്കേണമേ എന്ന് വിശുദ്ധ മരിയ ഗോരെത്തിയോടു എന്നും സന്ധ്യക്ക് മുട്ടിപ്പായി പ്രാർഥിക്കുന്ന എന്നോട് തന്നെ വേണം ഇങ്ങനെ ചോദിക്കാൻ. കട്ടൻ പിള്ളേർക്കുള്ളതല്ല എന്ന് എന്റപ്പൻ (അവരുടെ മാത്യൂച്ചായൻ) നിയമം പാസ്സാക്കിയിട്ടുണ്ടെന്നു എന്റെ അമ്മ റോസി സഹോദരന്റെയും നാത്തൂന്റെയും അടുത്ത് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇവർ രണ്ട് പേരും രാവിലെയും വൈകിട്ടും പിള്ളേരെ എല്ലാം ഓരോ ഗ്ലാസ് പാൽ കുടിപ്പിക്കുക എന്ന മഹനീയ കൃത്യം അണുവിട തെറ്റാതെ അനുഷ്ഠിച്ചു പോന്നു. ഞങ്ങൾ പിള്ളേർ മൂന്നു പേരും ഒരേപോലെ വെറുത്തിരുന്ന ഏക കാര്യവും ഇത് തന്നെ ആയിരുന്നു. എന്നാലും തോമ്മാച്ചായന്റെ ഏറ്റവും പ്രിയപ്പെട്ട അനന്തിരവൾ ഞാനായിരുന്നതിനാൽ (സ്വന്തം മകളെ പോലെ കണ്ടിരുന്നതിനാലും) എന്റെ ഒരാഗ്രഹത്തിനും എതിര് നില്ക്കാൻ എന്റെ വെലിചാച്ചിക്ക് (വലിയ ചാച്ചൻ ആണ് ലൊപിച്ച് ഇങ്ങനെയായത്) കഴിയുമായിരുന്നില്ല. അതുകൊണ്ട് ആന്റി കാണാതെ കുറച്ചു കട്ടൻ കാപ്പി ചെറിയ സ്റ്റീൽ ഗ്ലാസ്സിലാക്കി തരും. അവിരായ്ക്കും ചീനുവിനും കിട്ടാത്തതിന്റെ കൊതിക്കെറുവ് രണ്ടിന്റെയും മുഖത്ത് കാണാറുണ്ട്. എന്നാലും ഓ, അമ്മുവല്ലേ എന്നൊരു കുട്ടി ഡയലോഗിൽ മിക്കവാറും അവർ അതിനെ തള്ളിക്കളയുകയും ചെയ്യും.

എന്റെ പേരിനോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ചീനു പേര് മാറ്റിയ പോലത്തെ യാതൊന്നും ചെയ്യാൻ അവിരായ്ക്ക് കഴിയാഞ്ഞതിന്റെ നിരാശ അക്കാലത്ത് അവനെ വല്ലാതെ അലട്ടിയിരുന്നു. മൂത്ത അമ്മാച്ചനെ വെലിചാച്ചി എന്നും, ഇളയ അമ്മാച്ചനെ കുൻചാച്ചി (കുഞ്ഞിചാച്ചി) എന്നും വിളിച്ചിരുന്ന എന്നെ കൊണ്ട് അവനെ മോൻചാച്ചി എന്ന് വിളിപ്പിക്കാനായി അവന്റെ കുത്സിത നീക്കം. ഈ നീക്കത്തിനു ആക്കം കൂട്ടാനായി, ചീനു അമ്മൂനെ പേര് വിളിക്കണ്ടാ അവള് ചേച്ചിയല്ലേ എന്നൊരു സെന്റി ഡയലോഗും. അങ്ങനെ ചീനുവിനു ഞാനവളുടെ ചേച്ചിമ്മാമ്മ ആയി. ഈ വിചിത്ര പേരിനു പിന്നിൽ ഞങ്ങളുടെ അമ്മച്ചിയായിരുന്നു എന്ന് ഞാൻ പിന്നീടാണ് അറിഞ്ഞത്. നമ്മൾ ക്രിസ്ത്യാനികൾ ചേച്ചി ചേട്ടാ എന്നൊന്നുമല്ല വിളിക്കേണ്ടത്, അച്ചായൻ അമ്മാമ്മ എന്നൊക്കെയാണ് എന്ന് പാരമ്പര്യം പറഞ്ഞ അമ്മച്ചിയെ സോപ്പിടാനും, എന്റെ ചീത്തവിളിയിൽ നിന്നും അവിരായുടെ ഇടിയിൽ നിന്നും രക്ഷപ്പെടാനുമുള്ള ചീനുവിന്റെ ബുദ്ധിയായിരുന്നു ഈ വിചിത്ര വിളിപ്പേര്.

അവിരായെ മോന്ചാച്ചി എന്ന് എന്നെ കൊണ്ട് വിളിപ്പിക്കുന്നതിൽ കുറച്ചു നാളത്തേക്ക് അവൻ വിജയിച്ചു എങ്കിലും; മോന്ചാച്ചി ലോപിച്ച് മോഞ്ചാച്ചി ആയപ്പോൾ അതിലൊരു ദ്വയാർഥം കടന്നു വരുന്നോ എന്ന് അവനൊരു സംശയം. അത് കൊണ്ട് അവൻ കോളേജിൽ ചേരുന്ന കാലത്ത് നീയിനി എന്നെ പേര് വിളിച്ചാൽ മതി എന്ന ഒരു ഔദാര്യം എനിക്കനുവദിച്ച് തരികയും, ഞാനത് ആദ്യമൊക്കെ ഇടയ്ക്കിടെയും പിന്നെ സ്ഥിരമായും നടത്തിപ്പോരുകയും ചെയ്തു. ഞാനെന്ത് ചെയ്താലും അതേ പാത പിന്തുടരുന്ന ചീനു ഇക്കാര്യത്തിലും അങ്ങനെ ചെയ്യാൻ ശ്രമിക്കുകയും അതിൻ ഫലമായി അവിരായുടെ കൈയ്യിൽ നിന്നും മുതുകിൽ നാല് ഇടിയും ആന്റിയുടെ വായിൽ നിന്നും 'പെണ്ണിന് നെഗളിപ്പ് കുറച്ചു കൂടുന്നുണ്ട്' എന്ന മഹനീയ പട്ടവും നേടിയെടുക്കുകയും ചെയ്തു. അത് കൊണ്ട് തന്നെ എന്നെ ചേച്ചിമ്മാമ്മ എന്ന് വിളിക്കുന്നതിൽ നിന്നും രക്ഷപ്പെടാൻ ചീനുവിനു കഴിഞ്ഞില്ല. പകരം, എടി നീ എന്നൊക്കെ പുട്ടിന് പീരയിടുന്നത് പോലെ നാഴികക്ക് നാല്പ്പത് വട്ടം വിളിക്കുകയും, എടീ ചേച്ചിമ്മാമ്മേ എന്ന് വിളിച്ചു അവൾ സന്തോഷിക്കുകയും ചെയ്തു. അവളുടെ സന്തോഷം എന്റെയും സന്തോഷം.

ചീനുവിന് എന്നെക്കാൾ ഒന്നര വസ്സിളപ്പമെ ഉണ്ടായിരുന്നുള്ളൂവെങ്കിലും അവളെ എന്നും കുഞ്ഞായിട്ടെ എനിക്ക് കാണാൻ കഴിഞ്ഞിട്ടുള്ളൂ. ഞങ്ങളെയെല്ലാം ഞെട്ടിക്കുകയും കിടിലം കൊള്ളിക്കുകയും ചെയ്ത ചില തീരുമാനങ്ങൾ എടുത്ത് അവൾ ജീവിതം മുമ്പോട്ട് കൊണ്ടുപോയെങ്കിലും അവിരായ്ക്കും എനിക്കും അവൾ എന്നും ഞങ്ങളുടെ പൊട്ടിക്കാളി ചീനു തന്നെയായിരുന്നു. അവൾക്കും അതായിരുന്നു പ്രിയം. വാ തോരാതെ ചിലച്ചു കൊണ്ടിരിക്കുന്ന ചീനുവിനെയാണ് എനിക്കും അവിരായ്ക്കും ഇഷ്ടം. അതുകൊണ്ട് ഗുണം രണ്ട്. അവിരായ്ക്ക് എന്നെ ഫോൺ വിളിക്കണ്ട വിശേഷങ്ങൾ ഒന്നും അറിയിക്കണ്ട; പിന്നെ ഞങ്ങൾ മൂന്നാളും ഒന്നിച്ചു കൂടുമ്പോഴും അവിരായ്ക്ക് ചിലകാര്യങ്ങളിൽ വെറുതെ മൂളുകയും, ഒന്നോ രണ്ടോ വാക്കിൽ മറുപടി പറയുകയും ചെയ്താൽ മതി. ആകാശവാണിയും ദൂരദർശനുമായി ചീനുവും അവിരായുടെ ഭാര്യ നാൻസിയും തകർത്താടിക്കോളും.

ആന്റി മരിച്ചതിനു ശേഷം ചീനുവിന് ഞാൻ പുതിയൊരു അനുവാദം കൂടി കൊടുത്തിരുന്നു, ഏതു പാതിരാത്രിയിലും നിനക്ക് സംസാരിക്കണം എന്ന് തോന്നിയാൽ (വെളുപ്പിനെ മൂന്ന് മണിക്കാണെങ്കിൽ പോലും) എന്നെ വിളിക്കാം; ആന്റിയില്ലല്ലോ എന്ന് ചിന്തിക്കരുത് എന്നെ ശല്യപ്പെടുത്തുകയാണെന്നും കരുതരുത് എന്ന്. ഞാൻ വളരെ വൈകിയേ ഉറങ്ങുകയുള്ളൂ എങ്കിലും ഉറങ്ങിക്കഴിഞ്ഞ് ആരെങ്കിലും എന്നെ വിളിച്ചാൽ കൊലപാതകം നടക്കും എന്ന് എല്ലാവർക്കും അറിയാമായിരുന്നു. ഞങ്ങൾക്കിടയിൽ ഇത് പ്രത്യേകം പറയേണ്ട കാര്യമില്ലെങ്കിൽ പോലും എനിക്കെന്തോ അപ്പോൾ അത് ചില വാക്കുകളാൽ ചീനുവിനോട് പറയണം എന്ന് തോന്നി. അത് നന്നായി എന്ന് തന്നെയാണ് പിന്നീടുള്ള പല അനുഭവങ്ങളും തെളിയിച്ചത്.

പക്ഷെ ഇപ്പോൾ എന്നെ വിഷമിപ്പിച്ചു കൊണ്ടിരുന്നത് ഇതൊന്നുമല്ല, ചീനു എന്താണ് മൂന്നാഴ്ചയായി വിളിക്കാതിരുന്നത്, ഇപ്പോൾ വിളിച്ചപ്പോഴും എന്റെ വാക്കിന് ഒരു മൂളലിൽ മറുപടി ഒതുക്കിയതെന്ത്? മീൻകറി എങ്ങനെയൊക്കെയോ

അടുപ്പത്ത് കയറ്റി. ഇയർ ഫോണെടുത്ത് അടുക്ക ളയിലേക്ക് തന്നെ വന്നു, ചീനുവിനെ വിളിക്കാൻ. ആദ്യത്തെ റിങ്ങിൽ തന്നെ അവൾ ഫോണെടുത്തു. പതിവില്ലാത്ത ചോദ്യം,

'ചേച്ചിമ്മാമ്മേ നീയിപ്പൊ എവിടാ?'

ദൈവമേ, ചീനു അമ്മു എന്ന വിളി ഒഴിവാക്കി എന്നെ ചേച്ചിമ്മാമ്മേ എന്ന് അവസാനം വിളിച്ചത് ആന്റി മരിച്ചതറിഞ്ഞ് ഞാൻ വിളിച്ചപ്പോഴാണ്. ഉള്ളി ലൂടൊരു കൊള്ളിയാൻ പാഞ്ഞു പോയി. ഇപ്പൊ ആരാണ് മരിച്ചത്, അല്ലെങ്കിൽ എന്തുണ്ടായി? ഇനി ചീനു വീണ്ടും ഒരാത്മഹത്യയുടെ വക്കിൽ? അടുക്കള യിലെ കസേരയിലേക്ക് അറിയാതെ ഇരുന്നു പോയി.

'എന്താ മോളെ?'

'ചേച്ചിമ്മാമ്മ എവിടെങ്കിലും ഇരിക്കൂ, എന്നിട്ട് പറ'.

'ഞാനിരിക്കുവാ ഇവിടെ അടുക്കളയിൽ. നീ കാര്യം പറ കുഞ്ഞേ..'

ഒരു കരച്ചിൽ, പിന്നെ ചിതറിയ ഒന്ന് രണ്ടു വാക്കും.

'കഴിഞ്ഞാഴ്ച്ച ഞാൻ വീട്ടിലായിരുന്നു. ഭ്രാന്താണ് ചേച്ചിമ്മാമേ, നമ്മുടെ അക്കൂറ്റെ അമ്മ ച്ചിക്ക് ഭ്രാന്തായി....'

ഇത്തവണ നാക്കിറങ്ങിപ്പോയത് എനിക്കാണ്, ഇരുന്നത് നന്നായി. ഒരു വാക്ക് പോലും പറയാൻ എനിക്ക് കഴിഞ്ഞില്ല. കേട്ടു എന്നറിയിക്കാൻ എങ്ങ നെയോ മൂളി. ഞാനൊന്നും ചോദിച്ചില്ല. ചീനു കാര്യങ്ങൾ ചുരുക്കി പറഞ്ഞു. എന്നെ നന്നായി അറിയാവുന്നത് കൊണ്ടാവണം ആശ്വസിപ്പിക്കാൻ ഒരു വാക്ക് പോലും പറഞ്ഞില്ല അവൾ. എന്നെ എന്റെ വഴിക്ക് വിട്ടു. പിന്നെ വിളിക്കാം എന്ന് മാത്രം പറഞ്ഞു. അക്കൂറ്റമ്മച്ചിയുടെ ചക്കര മോളായിരുന്നു ഞാൻ. എല്ലാ ശനിയാഴ്ചയും ഞാൻ എത്തിയിട്ട് മാത്രം ചന്തയിൽ പോകാൻ കാത്തിരിക്കുന്ന അക്കൂറ്റമ്മ.

എത്ര നേരം അങ്ങനെ ഫോണും പിടിച്ചി രുന്നു എന്നറിയില്ല. കരിവ് മണം വന്നപ്പോൾ അടു പ്പിലെ തീ ഓഫ് ചെയ്ത് പുറത്തെ വരാന്തയിൽ ഉള്ള കിടക്കാവുന്ന ഊഞ്ഞാലിൽ പോയിരുന്നു, പിന്നെ കിടന്നു. തെളിഞ്ഞ ആകാശം, ഒരൊറ്റ മഴക്കാറ് പോലുമില്ല. ഒന്നും ചിന്തിക്കാതെ മനസ്സ് ശൂന്യമായി രുന്നു. പറക്കുന്ന പക്ഷികളെയും, ചെറിയ കാറ്റി ലാടുന്ന ഇലകളെയും ഒക്കെ നോക്കി നോക്കി, ഉറങ്ങി.

ഉച്ചക്ക് ഭദ്രൻ വന്നപ്പോൾ സുഖമായുറങ്ങുന്ന എന്നെ കണ്ടതാണ്. വിളിച്ചില്ല. തനിയെ ഊണെ ടുത്ത് കഴിച്ച് തിരികെ പോയി. ആരെയോ കണ്ട ശേഷം നാലുമണിക്ക് തിരികെ വന്നപ്പോഴും ഉറ ങ്ങുന്ന എന്നെ കണ്ടപ്പോൾ ഭദ്രന് പരിഭ്രമമായി. നല്ല കട്ടൻ ചായയുടെ മണമാണോ അതോ ഭദ്രന്റെ തലോടലാണോ എന്നെ ഉണർത്തിയതെന്നറിഞ്ഞു കൂടാ.. എനിക്ക് നേരെ ചായക്കപ്പും നീട്ടി നിൽ ക്കുന്ന ഭദ്രൻ. ഇതെന്ത് മറിമായം? ഒരിക്കലും പതി വില്ലാത്തത്.. എനിക്കാണോ വട്ട് അതോ ഭദ്രനോ എന്ന ചിന്ത എന്നെ വീണ്ടും അക്കൂറ്റെ അമ്മച്ചിയി ലേക്ക് കൊണ്ടുപോയി.. എന്റെ മുഖം മാറിക്കാ ണണം.. നിറഞ്ഞു തുടങ്ങുന്ന കണ്ണിന്റെ ഒരറ്റത്തു കൂടെ ഭദ്രൻ കപ്പ് മേശയിൽ വയ്ക്കുന്നതും എന്റെ അടുത്തേക്ക് വരുന്നതും കണ്ടത് മാത്രമേ ഓർമ്മ യുള്ളൂ. പിന്നിടെപ്പോഴോ ഉണരുമ്പോൾ സന്ധ്യ മയങ്ങിയിരുന്നു.. മങ്ങിയ വെളിച്ചത്തിൽ കസേരയിൽ വായിച്ചു കൊണ്ടിരുന്ന ഭദ്രനെ കണ്ടു. ഞാനുണ ർന്നതു കണ്ട് പുസ്തകം താഴെ വച്ച് എന്റെ കൂടെ ഊഞ്ഞാലിലേക്ക് ഭദ്രനും വന്നു. പിന്നെ വീണ്ടും അടുക്കളയിലേക്ക് പോയി ഒരു കപ്പ് ചായയുമായി വന്നു. ഇന്ന് വരെ സംഭവിക്കാത്ത കാര്യമാണ്.. ഈ ചായ ഇടൽ.. എന്തെങ്കിലും പറയണം എന്നുണ്ടാ യിരുന്നു. പക്ഷെ ഒന്നും കഴിഞ്ഞില്ല.. വെറുതെ ചായ കുടിച്ചു കൊണ്ടിരുന്നു.. മഴക്കാലമായതിനാൽ ചെറി യൊരു ചാറ്റൽ മഴ പെയ്യുന്നുണ്ടായിരുന്നു.

'അവിരാ വിളിച്ചിരുന്നു. അതാണ് ഞാനു ച്ചക്ക് വന്നത്. നീയറിഞ്ഞില്ല. ഉറങ്ങിക്കോട്ടെ എന്ന് ഞാനും കരുതി. പിന്നെ വൈകിട്ട് വന്നപ്പോൾ നീയെന്നെ കണ്ടിരുന്നു.. അമ്മൂനോർമ്മയുണ്ടോ?'

ഇതെന്താണ് ഭദ്രൻ ഇങ്ങനെ കുഞ്ഞുങ്ങ ളോട് സംസാരിക്കുന്നത് പോലെ ചോദിക്കുന്നത്? ഒർമ്മയുണ്ടോന്നും മറ്റും?

'അമ്മു ഇന്ന് വീണ്ടും മയങ്ങി... ഓർമ്മ യുണ്ടോ?'

ഇല്ല, ഓർമ്മയില്ല.. വൈകിട്ട് ഭദ്രൻ വന്നതും ചായ കൊണ്ടുവന്നതും ഓർക്കുന്നു. ഒരു കരച്ചിൽ വന്നില്ലേ? പിന്നൊന്നും ഓർമ്മയില്ല. അച്ഛ മരിച്ചതിനു ശേഷം കുറച്ചു കാലത്തേക്ക് എനിക്കീ മയക്കം ഉണ്ടായിരുന്നു. ഭദ്രനെന്തെങ്കിലും വഴക്ക് പറഞ്ഞാൽ അപ്പോൾ മയങ്ങി വീഴൽ.. അവിരായും ചീനുവും എന്നെയോർത്ത് ഉറക്കമിളച്ച നാളുകൾ.. നീ കരയാ ത്തതാണ് നിന്റെ കുഴപ്പം; *>?^# <*.. എന്ന് അവിരാ എന്നെ തെറി വിളിച്ച കാലം. ആദ്യമായാണ് അവ നെന്നെ ഒരു തെറി വിളിക്കുന്നത്. ചീനുവിന്റെ കര ച്ചിലിൽ അവിരായുടെയും കണ്ണ് നിറഞ്ഞ് മറ്റു ചില തെറികൾ കൂടി വിളിച്ചു കൊണ്ട് അവനിറങ്ങി പോയി. ഒന്നും മനസ്സിലാകാതിരുന്ന ഭദ്രന് എന്റെ കുട്ടിക്കാലത്തിന്റെ നിറം പിടിപ്പിച്ച കഥകൾ ഒരാഴ്ച നീണ്ട കാത്തിരിപ്പിൽ രണ്ടാളും കൂടി പറഞ്ഞു കൊടുത്തു.. കുറച്ചൊക്കെ ഭദ്രനറിയാമായിരുന്നു.. പക്ഷെ, മരിപ്പിന്റെ ചടങ്ങുകൾക്ക് എല്ലാവരും ദുഖിത രായി കാത്തിരുന്ന സമയത്തുള്ള ഈ അയവിറക്കൽ, വാസ്തവത്തിൽ അമ്മയുൾപ്പെടെ എല്ലാവർക്കും ഒരാശ്വാസം തന്നെയായിരുന്നു.. പലപ്പോഴായി ഓരോരുത്തരും കരഞ്ഞു, ചിരിച്ചു, മൌനത്തിലായി, എന്നെ ഓർത്ത് ആകുലപ്പെട്ടു..

അച്ഛ മരിച്ച് കഴിഞ്ഞ് മൂന്നു മാസം ഞാൻ ഞാനല്ലായിരുന്നു എന്നാണ് ഭദ്രൻ പറയുന്നത്. ഒരു മെഴുകുതിരി കത്തിച്ച് വൈകിട്ട് അച്ഛക്ക് വേണ്ടി പ്രാർഥിച്ച എന്നെ ഭദ്രൻ ചോദ്യം ചെയ്തതിൽ നിന്നായിരുന്നു തുടക്കം. മെഴുകുതിരി കൈവെള്ള വച്ചു കെടുത്തി ഒന്നും മിണ്ടാതെ അടുത്ത മുറിയി ലേക്ക് പോയ ഞാൻ പോകുന്ന വഴിയിൽ നേരെ മയങ്ങി വീണു. ഉണർന്നപ്പോൾ ഒന്നും സംസാരി

ച്ചില്ല.. അങ്ങനൊരു വഴക്ക് നടന്നതായി പോലും (നടന്നോ) ഭാവിച്ചില്ല.. അടുത്ത ദിവസം രണ്ടു മൂന്നു തവണ കൂടി ഇതാവർത്തിച്ചപ്പോൾ ഭദ്രന് എന്ത് ചെയ്യണം എന്ന് അറിയാതെയായി.. അങ്ങനെയാണ്, അവിരായെയും ചീനുവിനെയും വിളിച്ചത്.. സുഹൃത്ത്, കാമുകി, ഭാര്യ എന്ന നിലയിലല്ലാതെ, ഒരു കുഞ്ഞി ഭീകരിയെ ഭദ്രനപ്പോഴാണ് അറിഞ്ഞത്..

അക്കാലത്തിനു ശേഷം ഇത്ര വർഷങ്ങൾക്കിപ്പുറം ഇന്നാണ് വീണ്ടും ആ മയക്കം എന്നെ തേടി എത്തിയത്.. എന്റെ അച്ഛയോടുള്ള അടുപ്പത്തിന്റൊപ്പമൊന്നും എനിക്ക് ആരോടുമില്ല. പക്ഷെ അക്കൂറ്റെ അമ്മച്ചിയുടെ വാർത്ത എന്നെ എന്താണിങ്ങനെയൊരു മയക്കത്തിലേക്ക് കൊണ്ട് പോയതെന്നും അറിയില്ല.

'അത് നിന്റെ തൈരമ്മച്ചിയല്ലേ അമ്മൂ; നിനക്ക് നാട്ടിൽ പോണോ? കാണണോ?'

വേണ്ട. സുബോധമില്ലാതെ ചിരിക്കുകയും കരയുകയും ഉടുതുണി വലിച്ചെറിയുകയും ചെയ്യുന്ന തൈരമ്മച്ചിയെ എനിക്ക് കാണണ്ടാ. എന്റെ മനസ്സില് ആ പഴയ രൂപം മതി. നീയിങ്ങനെ ഗുണ്ടുമണിയായത് നിന്റെ തൈരമ്മച്ചി കാരണമാണെന്ന് ഭദ്രനെത്രയോ തവണ പറഞ്ഞിരിക്കുന്നു, ഒരിക്കൽ പോലും കാണാത്ത അവരെക്കുറിച്ച്.. അവരെനിക്ക് തൈരമ്മച്ചി അല്ലായിരുന്നു. അത് അടുത്ത വീടുകളിലെ പിള്ളേരിട്ട പേരാണ്. ചുറ്റുപാടുമുള്ള വീട്ടുകാർക്കൊക്കെ അവർ അക്കൂറ്റമ്മ ആയിരുന്നു, പിള്ളേർക്ക് തൈരമ്മച്ചി, എനിക്ക് വെണ്ണാമ്മച്ചിയും.

അമ്മ വീട്ടിലേക്കുള്ള യാത്രകളിൽ കനാലിന്റെ പാലം നടന്നു കയറി കഴിയുമ്പോൾ എന്നെ കാത്ത് പറമ്പിൽ നിൽക്കുന്ന അവിരായ്ക്കും ചീനുവിനും നടന്നു വരുന്ന എന്നെയും അമ്മയെയും കാണാൻ പറ്റും. അക്കരെ കരയിൽ ബസ് വന്നു നിന്നപ്പോൾ മുതൽ ഏന്തി വലിഞ്ഞു നോക്കുന്നതാണ്. അമ്മു വന്നേ എന്ന കോറസുമായി കാറി കൂവി ഓടുന്ന അവിരായും ചീനുവും പാലം വരെ ഓടി വന്ന് എന്നെ കൂട്ടും, കൂടെയുള്ള അമ്മയെ ചിലപ്പോൾ മൈൻഡ് ചെയ്യുക പോലുമില്ല. പിന്നെ ഓരോ വീട്ടുമുറ്റത്തും നിൽക്കുന്ന അമ്മച്ചിമാരോടും അമ്മാമ്മമാരോടും കുശലാന്വേഷണങ്ങളൊക്കെ കഴിഞ്ഞ് അമ്മ എത്തുമ്പോൾ ഒരു സമയമാവും.. ഞങ്ങൾ മൂന്നാളും ഇതൊന്നും ശ്രദ്ധിക്കാനേ പോകാറില്ല.. ഓടി തിരികെ വരുന്നതിനിടയിലെ ആദ്യത്തെ സ്റ്റോപ്പാണ് അക്കൂറ്റ്. അമ്മച്ചി ചായ്പ്പിലിരുന്ന് തൈര് കടയുന്നുണ്ടാവും. അമ്മൂനെ കാണാൻ നോക്കിയിരിക്കുവാണ് അമ്മച്ചി റെസ്റ്റ് എടുക്കാൻ എന്ന് അമ്മച്ചിടെ ഇളയ മകൻ ജോബിച്ചാൻ തമാശ പറയാറുണ്ട്..

അമ്മുമോനിങ്ങു വന്നേ, എന്ന് വിളിച്ചു അമ്മച്ചി ചായ്പ്പിൽ നിന്നുമിറങ്ങി 'പെര' എന്ന് വിളിക്കുന്ന വീട്ടിലെക്ക് നടക്കും. ജോബിക്കാണ് ഈ സമയം തൈരിന്റെ കാവൽ. ഇടുപ്പിൽ നിന്നും ഒരു വലിയ താക്കോൽ കൂട്ടമെടുത്തു ഭിത്തി അലമാരി തുറക്കുമ്പോൾ തന്നെ നല്ല ശുദ്ധമായ നെയ്യുടെ വാസന മൂക്കിലടിച്ച് കയറും. പാൽ എന്ന സാധനത്തിനോടു ഞങ്ങൾക്ക് മൂന്നാൾക്കും വിരോധമണെങ്കിലും അതുമായി ബന്ധപ്പെട്ട ബാക്കി ഒരു സാധനത്തിനോടും ആ വിരോധം ഞങ്ങൾക്കില്ല. കുറച്ച് ബുദ്ധിമുട്ടി, മുകളിലെ തട്ടിൽ നിന്നും ഒരു വലിയ കുടുവൻ പിഞ്ഞാണം എടുത്ത് അതിലെ വെള്ളത്തിൽ തുള്ളിക്കളിക്കുന്ന വെണ്ണ ഉരുട്ടി ഉരുട്ടി എടുത്ത് മൂന്നാൾക്കും തരും. ജോബിക്കുള്ളത് കൈയ്യിലുമെടുക്കും.. മങ്ങിയ വെള്ള നിറമോ, അതോ ചെറിയ ചന്ദന കളറോ, അന്നൊന്നും ആ വെണ്ണയുടെ നിറം പറയാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. നല്ല ക്രീം നിറം എന്ന് ഇപ്പോൾ പറയാം. കുഞ്ഞു കൈവെള്ളയിൽ മുഴുവൻ നിറയുന്ന വലിപ്പമായിരുന്നു ആ ഉരുളൻ വെണ്ണയുടെ കണക്ക്. എന്റെ പത്താം ക്ലാസ് കഴിഞ്ഞ് ഹോസ്റ്റലിലേക്കുള്ള യാത്ര വരെ മിക്ക ശനിയാഴ്ച്ചകളിലും ഈ പതിവ് തുടർന്നു പോന്നു. ഹോസ്റ്റൽ വാസ കാലത്ത് ആ വെണ്ണ രുചി ചെറുതായൊന്നുമല്ല എന്നെ ഭ്രമിപ്പിച്ചിരുന്നത്. അല്പം ആഗ്രഹ ശമനത്തിനായി, നല്ല ഉരുക്കിയ സ്വർണ്ണ വർണ്ണത്തിലുള്ള നെയ്യ് എല്ലാ മാസവും വീട്ടിലെത്തിയിരുന്നു.. എന്റൊപ്പം ഹോസ്റ്റലിൽ പോലും. പലതരം പശുക്കൾ നിരന്ന് നിൽക്കുന്ന വലിയ എരുത്തിൽ, അതിൽ ഒരു പ്രമാണിയെ പോലെ തലങ്ങും വിലങ്ങും നടക്കുന്ന വെണ്ണാമ്മച്ചി.. ചിലപ്പോ വാത്സല്യം, ചിലപ്പോ വഴക്ക് പറച്ചിൽ അങ്ങനെ പലതും കേൾക്കാം ആ എരുത്തിലിൽ നിന്നും.

'അമ്മുക്കുട്ടാ മക്കക്കറിയാവോ, ഇവർക്കെല്ലാം വെണ്ണാമ്മച്ചി പറയുന്നെ മനസ്സിലാവും' എന്ന് അന്തം വിട്ടു നോക്കുന്ന എന്നോട് അമ്മച്ചി പറയാറുണ്ട്.. സംശയമുണ്ടെങ്കിൽ ചീനൂനൂട് ചോദിക്ക് എന്ന് കേൾക്കേണ്ട താമസം ചീനു വക കഥകൾ തുടങ്ങുകയായി.

അങ്ങനെ പ്രതാപിയായി പശുക്കളെയും, ഭർത്താവിനെയും അമ്മായി അപ്പനെയും അമ്മയെയും, പിന്നീട് മക്കളെയും മരുമക്കളെയും കൊച്ചുമക്കളെയും ഭരിച്ച് ആ വലിയ വീടിന്റെ കാര്യങ്ങൾ മുഴുവൻ നോക്കി നടത്തി, ഒരു പ്രദേശത്തുള്ള ആളുകളെ മുഴുവൻ നല്ല ശുദ്ധമായ പാലും തൈരും നെയ്യും കുടിപ്പിക്കുകയും കഴിപ്പിക്കുകയും ചെയ്ത വെണ്ണാമ്മച്ചി ആണ് സുബോധമില്ലാതെ ഉടുതുണി പോലും വലിച്ചെറിഞ്ഞ് ഇപ്പോൾ ഒരു നാടിനു മുഴുവൻ വേദനയായി മാറിയിരിക്കുന്നത്. ആരാന്റമ്മക്ക് ഭ്രാന്ത് വന്നാൽ ചിരിക്കും എന്നത് വെണ്ണാമ്മച്ചിയുടെ കാര്യത്തിൽ ഒരു തരിമ്പു പോലും സത്യമല്ലായിരുന്നു. ആരും ചിരിച്ചില്ല. എല്ലാവരും സങ്കടപ്പെട്ടു. പെട്ടന്ന് എന്താണിതിനു കാരണം എന്നാർക്കും മനസ്സിലായില്ല.

കുറച്ചു കാലം കഴിഞ്ഞപ്പോൾ അവിരാ പറഞ്ഞു, വെണ്ണാമ്മച്ചി ഒക്കെയും ഒന്നിച്ചു ഏറ്റെടുത്തു തളർന്നെന്നും അവർ ഒരിക്കലും ആരോടും ഒന്നും പറഞ്ഞിരുന്നില്ലെന്നും. പിന്നെ ദൈവത്തോട് തനിയെ സംസാരിക്കാൻ തുടങ്ങി, അക്കൂട്ടത്തിൽ പിന്നെ പിശാചിനെ കണ്ടു.. പിശാചുക്കൾ ആക്രമിക്കാൻ വരുന്നു എന്ന് ഭയന്നു... പേടിച്ച് പുറത്തിറങ്ങാതായി. പിശാചുക്കളിൽ നിന്നും കൊച്ചുമക്ക

ളെയും വീട്ടുകാരെയും രക്ഷിക്കാൻ ആരെയും പുറത്തു വിടാതെയായി.. ആരെങ്കിലും പുറത്തു പോകുന്നു എന്ന് കണ്ടാൽ ഇട്ടിരിക്കുന്ന തുണി പറിച്ചു, അവരെ പിടിക്കാൻ വരുന്ന പിശാചുക്കളെ ആട് തോമ സ്റ്റൈലിൽ പിടിക്കാൻ നോക്കി, എന്നെ കൊന്നിട്ടേ നിനക്കെന്റെ കുഞ്ഞുങ്ങളെ കൊണ്ടു പോകാനാവൂ എന്നലറി... കൈയ്യിൽ കിട്ടുന്ന സാധനങ്ങൾ പെറുക്കി എല്ലാവരെയും എറിഞ്ഞു. വീട്ടിലോ വഴിയിലോ കൂടി പോകുന്ന ആരും അമ്മച്ചിക്ക് പിശാചുക്കളായി, പക്ഷെ വെലിചാച്ചിയെ മാത്രം തെറി വിളിച്ചില്ല. ഓ, ഒരു തോമ്മാസാറ് എന്ന് പിറുപിറുത്തു.. നമ്മളെയൊന്നും തിരിച്ചറിയാത്ത അമ്മച്ചി തോമ്മാസ്സാറിനെ എങ്ങനെയാ തിരിച്ചറിയുന്നെ, ഒക്കെ അഭിനയം ആയിരിക്കും എന്ന് മരുമക്കൾ രോഷം പൂണ്ടു..

അങ്ങനെ ഒന്ന് രണ്ടു വർഷങ്ങൾക്ക് ശേഷം വെണ്ണാമ്മച്ചിക്ക് അൽപ്പം കുറവുണ്ടെന്ന് കേട്ടു. ആൾക്കാരെ തെറി വിളിക്കുന്നതൊക്കെ നിർത്തി; ഇടയ്ക്കിടെ സ്വബോധം കിട്ടുന്നുണ്ട് എന്നും കേട്ടു. ഈ രണ്ടു വർഷവും ഞാൻ അമ്മ വീട്ടിൽ പോയില്ല. നാട്ടിൽ പോയപ്പോൾ വെലിച്ചാച്ചിയെ പട്ടണത്തിലുള്ള അവിരായുടെ വീട്ടിൽ വച്ചു കണ്ടു. മൂന്നാമത്തെ വർഷം നാട്ടിൽ പോയപ്പോൾ അമ്മ വീട്ടിൽ പോകേണ്ടതായി വന്നു. അവിരായുടെ കുഞ്ഞിന്റെ മാമ്മൊദീസ. പരിചയമില്ലാത്ത ആൾക്കാരെ കാണുമ്പോൾ വെണ്ണാമ്മച്ചി വീണ്ടും കുറച്ചു വയലന്റ് ആകും എന്ന് അറിഞ്ഞിരുന്നു. അക്കരെ കരയിൽ കാറിൽ നിന്നിറങ്ങി, കാറ് മുന്നേ പറഞ്ഞു വിട്ട് ചിറയുടെ കരയിലൂടെ ഭദ്രനോടൊപ്പം വീട്ടിലേക്കു നടന്നു. കനാലിന്റെ പാലം കയറിയപ്പോൾ ചീനുവിന് ഫോൺ ചെയ്തു. വെണ്ണാമ്മച്ചി കുറച്ചു വയലന്റാണ്, ഒരു പക്ഷെ നിന്നെ തിരിച്ചറിയില്ല, പുതിയ ആരെങ്കിലുമാണെന്നു കരുതി ചിലപ്പോൾ ചീത്ത വിളിക്കും, എന്ന് പറഞ്ഞു ചീനു പാലം വരെ വരാൻ തയ്യാറായി. പക്ഷെ അവള് വരാൻ കാക്കാതെ ഞങ്ങൾ വീട്ടിലേക്ക് നടന്നു.. നോട്ടം നേരെ ചെന്ന് വീണത് വാതിൽക്കലിരിക്കുന്ന വെണ്ണാമ്മച്ചിയിലേക്കാണ്... അഞ്ചാറു വർഷമായി എന്നെ കണ്ടിട്ട്.. വെണ്ണാമ്മച്ചി എണീൽക്കാൻ ശ്രമിക്കുന്ന പോലെ എനിക്ക് തോന്നി. വെണ്ണാമ്മച്ചി എണീറ്റ് മുറ്റത്തിറങ്ങിയപ്പോഴേക്കും എന്റെ ശ്വാസം നിലച്ചത് പോലെയായി. എന്തിനാണ് പേടിച്ചതെന്ന് എനിക്ക് പോലുമറിയില്ല. ഭദ്രന്റെ കൈയ്യിൽ മുറുകെ പിടിച്ചു പതിയെ മുമ്പോട്ട് നടന്നു. വെണ്ണാമ്മച്ചി പതിയെ മുറ്റത്തിന്റെ അരികിലേക്ക് വന്നു. വഴിയുടെ അങ്ങേയറ്റത്ത് നിന്നും നടന്നു വരുന്ന ചീനുവിനെയും അവിരായെയും കൺകോണിലൂടെ കണ്ടു.

'അവിടെനിന്നെ... അമ്മുക്കുട്ടനല്ലേ' എന്ന ചോദ്യം എന്നെ പിടിച്ചു നിർത്തി.

'അതെ'. പേടിച്ചരണ്ട മുഖത്തോടെ ഒരുവിധം പറഞ്ഞൊപ്പിച്ചു.. വെണ്ണാമ്മച്ചിയുടെ മരുമക്കൾ രണ്ടു പേർ അമ്മച്ചിയുടെ പിറകിൽ പതിയെ വന്ന് നിലയുറപ്പിച്ചു. എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കും എന്ന പ്രതീതി ഉണ്ടാക്കുന്ന അവസ്ഥ.

'മാത്യൂച്ചായന് സുഖമാണോ അമ്മുക്കുട്ടാ'

അച്ഛ ഞങ്ങളെ വിട്ടു പോയതൊന്നും ആ മനസ്സിലില്ല.. അത് കൊണ്ട് അതിനും അതെ എന്ന് തന്നെ ഉത്തരം പറഞ്ഞു..പക്ഷെ ഭദ്രനെ നോക്കിയുള്ള അടുത്ത ചോദ്യം ഞങ്ങളെ ഏവരെയും ഞെട്ടിച്ചുകളഞ്ഞു..

'അപ്പൊ നീയാണ് ഞങ്ങളുടെ അമ്മുക്കുട്ടനെ തട്ടിക്കൊണ്ടു പോയവൻ, അല്ലെ?' ചീനുവും ആവിരായും പിന്നെ ഞാനും ഭദ്രനും വായടക്കാൻ പോലും മറന്നു നിന്നു.

'നിന്നെ ഇവൻ നന്നായി നോക്കുന്നുണ്ടോ അമ്മുക്കുട്ടാ.. എന്റെ കുഞ്ഞിനെ നീ കരയിക്കരുത്, നിന്നെ ഞാൻ ശരിയാക്കും; കേട്ടല്ലോ.. എന്തെങ്കിലും ഉണ്ടെങ്കിൽ ചീനുവിനോട് പറഞ്ഞാ മതി കേട്ടോ അമ്മുക്കുട്ടാ.. അവള് വന്നു പറഞ്ഞോളും (ചീനു ബോധം കെടുമെന്ന അവസ്ഥയിലായി, ഇക്കാലമത്രയും വെണ്ണാമ്മച്ചി വെലിച്ചാച്ചിയെ അല്ലാതെ ആരെയും തിരിച്ചറിഞ്ഞിരുന്നില്ല).. എനിക്ക് വയ്യാ അമ്മുക്കുട്ടാ, ഭയങ്കര കാലു വേദനയാ, പിന്നെ തലക്കാത്തു വെല്യ കുത്തലാ, മക്കക്കു കാണാൻ പറ്റുന്നുണ്ടോ എന്റെ തലേടെ പെറകില് നിന്ന് എന്നെ കുത്തുന്ന പിശാചുക്കളെ? മക്കള് വേഗം പൊക്കോ, അവര് നിന്നേം പിടിക്കും.. പോ പോ'

വീണ്ടും സ്വബോധത്തിൽ നിന്നും മറഞ്ഞു പോകുന്ന വെണ്ണാമ്മച്ചിയെ ഇതൊക്കെ കണ്ടു പിറകിൽ നിന്നിരുന്ന മരുമക്കൾ ഓടി വന്നു പിടിച്ചു. അമ്മു പൊക്കോളൂ, ഭദ്രാ വേഗം അമ്മൂനെയും കൊണ്ട് പോകൂ എന്ന് അവർ പറയുന്നത് കേട്ട പാടെ, അവിരായും ചീനുവും വന്ന് ഞങ്ങളെ വലിച്ചു കൊണ്ട് പോയി. പോകുന്ന പോക്കിൽ ഒരു നോട്ടം ഞാൻ കണ്ടു, സ്വബോധം വീണ്ടും മറഞ്ഞ വെണ്ണാമ്മച്ചിയെ.

അതായിരുന്നു എന്റെ അവസാന കാഴ്ച്ച.. നാലു മാസത്തിനു ശേഷം വെണ്ണാമ്മച്ചിയുടെ മരണവാർത്ത എന്നെ തേടി എത്തിയപ്പോൾ ഞാൻ കരഞ്ഞില്ല, മയങ്ങി വീണുമില്ല. വെണ്ണാമ്മച്ചിയെ കണ്ടതിനു ശേഷം ഇടക്കെപ്പോഴോ എന്റെ മനസ്സ് അതുമായി പൊരുത്തപ്പെട്ടിരുന്നു.. എന്നെ അത്രയധികം സ്നേഹിച്ച ആ മനസ്സില്, കടുത്ത ഭ്രാന്തിനിടയിലും ഞാൻ ഒളിച്ചുകളിച്ചിരുന്നു എന്ന അറിവ് അതിനോരുപാട് സഹായിച്ചു. അവിരായാണ് മരണവാർത്ത ഭദ്രനെ അറിയിച്ചത്.. ഒരു ശനിയാഴ്ച രാവിലെ. ഒന്നേ ചെയ്യാനുണ്ടായിരുന്നുള്ളൂ. വെണ്ണാമ്മച്ചിക്ക് ഇഷ്ടമുള്ള നല്ല കോവക്ക മെഴുക്കുപുരട്ടി ഉണ്ടാക്കി, വള്ളിപ്പയറ് തോരൻ വച്ചു, കുത്തരിയിട്ടു നല്ല പതുപതുത്ത ചോറ് വച്ചു, മോര് കാച്ചി, പിന്നെ ഉച്ചക്ക് ഭദ്രൻ വന്നപ്പോൾ ഇലയിൽ ഇതൊക്കെ വിളമ്പി, വെണ്ണാമ്മച്ചിക്ക് വേണ്ടി ഞാൻ നല്ല ചൂട് ചോറിൽ നെയ്യൊഴിച്ച് ഉപ്പു ചേർത്തിളക്കി കഴിച്ചു. കണ്ണിരു വീണു ഉപ്പു കൂടിപ്പോയ ചോറിൽ നിന്നും മുഖമുയർത്തി നോക്കുമ്പോൾ നിറഞ്ഞ കണ്ണിൽ കൂടി എന്നെ നോക്കി പുഞ്ചിരിക്കുന്ന ഭദ്രന്റെ മുഖം ഞാൻ കണ്ടു.. ഉവ്വ് വെണ്ണാമ്മച്ചി, അവനെന്നെ നന്നായി നോക്കുന്നുണ്ട്.

■

കഥ



**മായ രമേഷ്**
യോഗാധ്യാപിക

# സദാചാര തമ്പുരാക്കൾ

അന്നയാൾക്ക് ഒന്നിലധികം പരിപാടികളിൽ പങ്കെടുക്കണമായിരുന്നു പ്രത്യേകിച്ചും ഒക്ടോബർ രണ്ട്, എല്ലാം കുട്ടികളുടെ പരിപാടികൾ തന്നെ, രാത്രി പതിനൊന്നിന് വീട്ടിൽ നിന്നും ഫോൺ 'ഇന്നും വീട്ടിലേക്കില്ലേ....", ഇല്ലാ മണി പതിനൊന്ന് ആയില്ലേ ഇനി അവിടെത്തുമ്പോഴേക്കും വെളുക്കാറാകും, മോൾ ഉറങ്ങിയോ നീ അവൾടൊപ്പം കിടന്നോ.... അതോടെ കോൾ കട്ടായി. അന്നത്തെ പൊതുപരിപാടികൾ തീർന്നു..

അയാൾ വേറൊരു നമ്പറിലേക്ക് കോൾ ചെയ്തു ഞാൻ ഇറങ്ങുവാ മോളോട് ഉറങ്ങരുതെന്ന് പറയണം അങ്കിൾ ചിക്കനും സ്വീറ്റ്സുമായി വരുന്നുണ്ട്, നിമിഷങ്ങൾക്കകം അയാൾ ആ ഫ്ളാറ്റിന് മുന്നിലെത്തി അവൾ വന്നു വാതിൽ തുറന്നു. കൈയ്യിലെ പൊതികൾ ഏൽപ്പിച്ചു പറഞ്ഞു ഞാൻ കുളിച്ചു ഫ്രഷായി മോൾടെ വിശേഷങ്ങൾ തിരക്കട്ടെ! നീ വേഗം ഫുഡ് ഉണ്ടാക്ക്......

മുകളിലേക്ക് കയറിച്ചെല്ലുന്ന അയാളെ പേടിയോടെ ആ പതിമൂന്നു വയസുകാരി നോക്കി. അയാൾ ചെന്ന് അവളെ പൊക്കി എടുത്ത് ചുണ്ടുകളിൽ ഉമ്മ വെച്ചു തുടങ്ങി. കുതറി മാറാൻ ശ്രമിച്ച അവളെ ബലിഷ്ഠമായ കൈകൾ നെഞ്ചിലേക്കമർത്തി ഞെരുക്കി... ഉറക്കെ ശബ്ദമുണ്ടാക്കാൻ തുറന്ന വായിലേക്ക് അയാൾടെ പല്ലും നാവും ആഴ്ന്നിറങ്ങി കാമാഗ്നി ജ്വലിപ്പിച്ചു. നിശ്ശബ്ദയാക്കപ്പെട്ട ആ പിഞ്ചു ബാല്യം തളർന്നുവീണപ്പോൾ ആത്മസംതൃപ്തിയോടെ അയാൾ കുളിക്കാനായി കയറി.

ടേബിളിന് മുകളിൽ വിഭവങ്ങൾ നിരത്തി മകളെ വിളിക്കാനായി മുകളിലെത്തിയ അമ്മയോട് അവൾ വേണ്ടാ എന്ന് തലയനക്കി, തിരകെയെത്തി ചപ്പാത്തിയും ചിക്കനും പ്ലെയിറ്റിലേക്ക് വെച്ചു.... അയാൾ പകുത്തെടുത്ത് അവളുടെ വായിലേക്ക് വെച്ചു കൊടുത്തു. സ്നേഹമൂറുന്ന പ്രകടനങ്ങൾക്കുശേഷം ബെഡ്റൂമിലേക്ക് ഉറങ്ങാത്ത ഒരു രാത്രി കൂടി അവൾക്ക് നൽകി പുലരാൻ കാത്ത് നിൽക്കാതെ അയാൾ കാറിലേക്ക് കയറും മുൻപ് ആ ദിവസത്തെ പൊതുപരിപാടികൾ ഒന്നുകൂടി മൊബൈലിൽ സെർച്ച് ചെയ്തു രാവിലെ ഒമ്പതിന് ഗവൺമെന്റ് സ്കൂളിലെ കൗൺസിലിങ്ങ് സെന്റർ ഉദ്ഘാടനം പ്രസംഗ വിഷയം "സദാചാരം കുടുംബത്തിൽ"

■

---

*(തുടർച്ച പേജ് 10)*

സ്വീകരിച്ചതെന്നും ചോദിക്കുന്ന സമൂഹത്തോട് അവൾക്ക് ചിലത് ചോദിക്കാനുണ്ട്. 'ഇപ്പോഴാണ് ശരിക്കും ഞാൻ ശരീരം വിറ്റവളായതെന്ന 'അവളുടെ വാക്കുകൾക്ക് മൂർച്ചയേറെയാണ് താനും. രാഖി റാസിന്റെ 'പ്രണയം ദുർബ്ബലം' എന്ന കഥ പ്രണയത്തിനു മുൻപിൽ മരണം ദുർബ്ബലമെന്ന പഴയ പറഞ്ഞുറപ്പിച്ച കാല്പനിക സങ്കല്പത്തെ തകർക്കുന്നു. വിവാഹബാഹ്യ പ്രണയത്തിന്റെ ഉന്മാദലഹരി അനിർവചനീയമാണ്. അതവളെ സ്വപ്നാടകയാക്കുന്നു. ഈ 36 വയസിലും തന്നിലൊരു കാമുകിയുണ്ടോയെന്നു വിസ്മയിപ്പിക്കുന്നു. 'ആവശ്യം കഴിഞ്ഞ് അടുക്കി വെക്കുന്ന ചായപ്പെൻസിലുകൾ പോലെ എല്ലാ പ്രായവും നമ്മിൽത്തന്നെയുണ്ട്, ഏതു പ്രായത്തിലും മറ്റേതു പ്രായവുമെടുത്തു വരക്കാൻ കഴിയു' മെന്ന് തിരിച്ചറിവുണ്ടാക്കുന്നു. പക്ഷേ എല്ലാം ക്ഷണികം. കപടമായ പ്രണയം, കപടമായ ബന്ധങ്ങൾ, രാഖിയുടെ കഥ പുതിയ കാലത്തിന്റെ ഉള്ളൊഴുക്കുകളെ ഭംഗിയായി വരച്ചിട്ടുണ്ട്.

സാഹിത്യവും സംസ്കാരവും ദർശനവും ശാസ്ത്രവുമൊക്കെ എന്നും പുരുഷന്റെ മേൽക്കോയ്മയെ ആഘോഷിക്കുകയാണ്. സ്വാഭാവികമായും എഴുത്തിന്റെ മേഖലയിലേക്കുള്ളത് സ്ത്രീകളുടെ കടന്നുകയറ്റമായിരുന്നു. നിരോധിക്കപ്പെട്ട ഇടത്തേക്ക് അനുമതിയില്ലാതെ കടന്നു ചെല്ലുന്നതിന്റെ പകപ്പ് ആദ്യകാല സ്ത്രീ എഴുത്തുകാരികൾ എല്ലായ്പ്പോഴും നേരിടുകയും ചെയ്തിട്ടുണ്ടാവും. പക്ഷേ അധികാരത്തിന്റെ സ്ത്രീ വിരുദ്ധതയെ ചെറുക്കാൻ അവൾക്കുള്ള ശക്തമായ ആയുധമായിരുന്നു എഴുത്ത്. സമൂഹത്തിലെ, സംസ്കാരത്തിലെ പുതുചലനങ്ങളോട് വൈകാരികമായും വൈചാരികമായും സംവദിക്കുന്ന സ്ത്രീകൾ അവരുടെ കാഴ്ചകളെക്കുറിച്ച്, അനുഭവങ്ങളെക്കുറിച്ച് എഴുതുന്നു. പുതിയ ഭാഷ, സ്ത്രൈണമായ അഭിരുചികളിൽ നിന്നും ആവശ്യങ്ങളിൽ നിന്നും രൂപപ്പെടുത്തിയെടുത്ത പുതിയ ആഖ്യാനം, ഭാഷയ്ക്കുള്ളിലെ കൗശലങ്ങൾ, യാഥാസ്ഥിതിക സ്ത്രീ ബിംബങ്ങളെ തകർക്കൽ, രൂക്ഷമായ സാമൂഹിക വിമർശനം തുടങ്ങി അനേകം സങ്കേതങ്ങളിലൂടെ എഴുത്തുകാരികൾ തങ്ങളുടെ ലോകത്തെ മാറ്റിപ്പണിയുന്നു. മിണ്ടാതിരുന്ന് ചരിത്രത്തിനു വെളിയിലാവാൻ അവർ തയ്യാറല്ല, നിരന്തരം മിണ്ടിക്കൊണ്ട് അവർ പുതിയ ചരിത്രം സൃഷ്ടിക്കുന്നു.

■

കഥ



**ശ്രീകല അജയ് ശങ്കർ**
നൂറനാട്,
ആലപ്പുഴ

# വെന്തുചാവുന്നവർ

**ചി**ല ദൂരങ്ങൾ നടന്നാൽ തീരില്ല. ആ നടത്തം കയ്യിൽ പൊള്ളി പിടയുന്ന കുഞ്ഞുമായിട്ടാകുമ്പോൾ കാലുകളുടെ വേഗത തീരെ കുറഞ്ഞുപോകുന്നു. രാത്രിയാണെന്നും പെണ്ണാണെന്നും ഉള്ള ഭയത്തെ അമ്മയാണെന്നുള്ള ബോധം ഇല്ലാതാക്കുന്നുണ്ട്.

രാവിലെ പോയപ്പോൾ കുഞ്ഞിന് അസുഖം ഉണ്ടായിരുന്നില്ല. അയൽവീടുകളിൽ ഓടിനടന്നു കളിക്കുന്നതല്ലേ. അവിടെയൊന്നും പ്രിയപ്പെട്ടവർ ആരും ഉണ്ടായിട്ടല്ല. അവരാരും വാത്സല്യക്കൂടുതൽ കൊണ്ട് വന്നെടുത്തിട്ടു പോകുന്നതും അല്ല. ഞാൻ എന്റെ നിവൃത്തികേടുകൊണ്ടു അവിടെ കൊണ്ടാക്കുമ്പോൾ അവരുടെ ബുദ്ധിമുട്ടു കണ്ടില്ല എന്ന് വെക്കുന്നതാണ്. മിക്കവാറും വൈകീട്ട് വരുമ്പോളേക്കും കുഞ്ഞിക്കയ്യിലാകെ ചെളി പുരണ്ടു വല്ലാണ്ടാകാറുണ്ട്.

നെഞ്ചോടടുക്കി പിടിച്ചു എത്ര ഉമ്മ വെച്ചാലും വല്ലയിടങ്ങളിലും പകലുമുഴുവൻ അലഞ്ഞു തീർത്ത വേദന അവളുടെ മുഖത്തുനിന്നും മായില്ല.

നാലു വയസ്സുകാരിക്കുഞ്ഞാണ്. 'അമ്മ മാത്രമുള്ളവൾ. അന്ന് ആശുപത്രിയിൽ നിന്നും ഏറ്റുവാങ്ങി എനിക്കൊപ്പം കൊണ്ട് പോകുമ്പോളും വെറുപ്പായിരുന്നു ആ ചോരക്കഷ്ണത്തിനോട്. ഇന്നും അവളെന്നാൽ എനിക്ക് നോവാണ്. പക്ഷെ മുലപ്പാൽ വറ്റിയ എന്റെ മുലകൾ അവളുടെ വായിലേക്ക് തിരുകിക്കയറ്റി വെച്ച് കരച്ചില് തീർത്ത ആ നിമിഷം മുതൽ അവളോടുള്ള സ്നേഹമാണ് എന്നെ നോവിക്കുന്നത്. ഈ പ്രായത്തിനിടയിൽ അവൾ എന്തെല്ലാം അനുഭവിച്ചിരുന്നു.

ശരീരത്തിന്റെ ചൂട് പെട്ടെന്നിങ്ങനെ കൂടുകപതിവാണ്. വയ്യാഴിക ഞാൻ കാണുന്നതും ജോലി കഴിഞ്ഞു തിരിച്ചു വരുമ്പോൾ മാത്രവും.

കാലുകൾ വലിഞ്ഞിഴഞ്ഞു ആശുപത്രി വരാന്തയിൽ എത്തിയിരുന്നു. ഡ്യൂട്ടി ഡോക്ടർ മാത്രമാണ് ഉണ്ടായിരുന്നത്. പെട്ടന്ന് തന്നെ ഡോക്ടറെ കാണാനുള്ള കുറിപ്പടി കിട്ടി. വാതിലിലേക്ക് കടക്കാൻ ശ്രമിക്കുമ്പോൾ ഒരു കൂട്ടം ആളുകൾ ചാടിവന്ന് ഞങ്ങളെ തള്ളി മാറ്റി മുറിയിലേക്ക് കയറി. ഡോക്ടർ പെട്ടന്ന് ഇറങ്ങി അവിടെ ആംബുലൻസിൽ നിന്നും ഇറക്കുന്ന ശരീരത്തിനൊപ്പം മറ്റൊരു മുറിയിലേക്ക് പോയി.

എല്ലാവരും പരിഭ്രാന്തരാണ്. അതുകണ്ടിട്ടാണ് ഞാനും അവിടേക്കു എത്തി നോക്കിയത്.

ഒന്നേ നോക്കിയുള്ളൂ. പുകപറക്കുന്ന ഒരു ശരീരം. പെണ്ണാണെന്ന് ആരൊക്കെയോ പറയുന്നു. ഒരുത്തൻ കത്തിച്ചതാണെന്നു പറഞ്ഞ ആ മനുഷ്യന്റെ മുഖത്തു സംഭവം നേരിൽ കണ്ട ഭീതിയുണ്ട്.

'ഈശ്വരാ.. എന്റെ മോള്... പെട്ടന്ന് അവളുടെ മുഖമാണ് ചങ്കിലേക്കു വന്നിടിച്ചു നിന്നത്. നാല് വർഷം മുൻപ് എന്റെ പൊന്നുമോൾ.. എന്റെ കുഞ്ഞിന്റെ അമ്മ.....'

ഭിത്തിയിൽ ഒന്നു ചാരി അമങ്ങി നിന്ന് ശരീരം നിലത്തേക്ക് നിരക്കി ഇറക്കുകയായിരുന്നു.

കണ്ണിൽ ഇരുട്ടുകയറി. പുകഞ്ഞു വേവുന്ന മാംസകഷ്ണത്തിന്റെ ഗന്ധം മൂക്കിലേക്ക് തുളച്ചു കയറി.

ഞാൻ അടുക്കള പണിയെടുത്തു ഡോക്ടറാകാൻ അയച്ച ഒരു ഇരുപത്തൊന്നുകാരി മകൾ ഏഴുവർഷങ്ങൾ മുൻപുവരെ എനിക്കൊപ്പം ഉണ്ടായിരുന്നു. വൈകിട്ട് പണികഴിഞ്ഞു ഞാൻ വരുമ്പോൾ കൊണ്ടുക്കൊടുക്കുന്ന പഴംപൊരി തിന്ന് കൊതിയടക്കി എന്നെ സന്തോഷിപ്പിക്കാൻ കാത്തിരുന്നിരുന്നവൾ.

പരീക്ഷകൾക്കെല്ലാം നൂറിൽ നൂറ് മാർക്ക് വാങ്ങി എന്നെ സന്തോഷിപ്പിച്ചു എന്റെ ഉമ്മ വാങ്ങുന്നവൾ. അവൾക്കു ഉമ്മകൊടുക്കാൻ വേണ്ടി മാത്രം ജീവിച്ചിരുന്ന ഞാനും.

അന്നും പഠിക്കാൻ പോയിട്ട് വരുന്നതും നോക്കിയിരുന്നു ഞാൻ. ഞാനെത്തും മുൻപ് വീട്ടിൽ വന്നു എന്നെ കാത്തിരിക്കുന്നവൾ വരാൻ താമസിക്കുന്നത് കണ്ടു വെപ്രാളമുണ്ടായി.

അപ്പോൾ എന്നെത്തേടിവന്നത് ഒരു ഫോൺ വിളി മാത്രമായിരുന്നു. അമ്മേ എന്റെ കല്യാണം കഴിഞ്ഞു എന്ന ഒറ്റ വാചകത്തിൽ അവൾ എന്നെ കൊന്നുകളഞ്ഞതായി തോന്നി. ഇഷ്ടമായിരുന്നു അത്രേ. 'അമ്മ സമ്മതിക്കില്ലെന്ന് ഉറപ്പായോണ്ടാണ്.. ഇത്തിരി കള്ളു കുടിക്കും എന്നതൊഴിച്ചാൽ നല്ലവനാണെന്ന്. അവൾക്കു ഞാൻ കൊടുത്ത സ്നേഹത്തിന്റെ അടുക്കള മണം മാറ്റി ലില്ലിപ്പൂവിന്റെ വാസന നൽകുവാൻ അവന്റെ വാസന തൈലത്തിനു കഴിഞ്ഞിരുന്നു.

→

കഥ



**രജിത കെ.സി.**
തളിപ്പറമ്പ്, കണ്ണൂർ

# സദാചാര പോരാളി

ഇത്രയും സമയമായിട്ട് അവളെ കാണുന്നില്ലല്ലോ? അല്ലെങ്കിലും ഈയിടെ അവൾക്ക് അഹങ്കാരം കുറച്ചു കൂടുന്നുണ്ട്. ഇന്ന് അവൾ വാട്സ് ആപ്പിലെ പഴയ ഫോട്ടോ മാറ്റി അവളുടെ ഫോട്ടോ ഇട്ടു. ലെഗിൻസ് ഒക്കെ ഇട്ട്, അതിൽ അവളുടെ ബ്രായുടെ വള്ളി കൂടി കാണുന്നുണ്ട്. വരട്ടെ ശരിയാക്കാം. സ്ഥിരം സ്ഥലത്തു കാണാമെന്നു പറഞ്ഞത് കൊണ്ട് പിന്നെ വിളിച്ചും ഇല്ല. നോക്കാം. അപ്പോഴാണ് വാട്സ്ആപ്പിൽ അവളുടെ മെസ്സേജ് വന്നത്

'പ്രിയപ്പെട്ട സുമേഷേട്ടാ

ഏട്ടൻ നല്ല പോരാളിയൊക്കെയാണെന്ന് എനിക്കറിയാം. ഒരുപാട് പേരെ നന്നാക്കാനുള്ള മനസും ഏട്ടന് ഉണ്ട്. പക്ഷെ എനിക്ക് എന്റെ സ്വാതന്ത്ര്യം ആണ് വലുത്. ഏട്ടനെ പേടിച്ച് എനിക്ക് ഇഷ്ടപ്പെട്ട ഡ്രസ്സ് ഇടാനോ, ഒരു ആൺകുട്ടിയോട് സംസാരിക്കാനോ, എന്തിനു ഒരു പ്രൊഫൈൽ പിക്ചർ മാറ്റാൻ പോലുമോ സ്വാതന്ത്ര്യം ഇല്ലായിരുന്നു. ഇത്രയും കാലം തന്നെ സഹിച്ചത് ഇഷ്ടം നിരസിച്ചാൽ പ്രേമം മൂത്ത് അത് കത്തി ആയിട്ടോ, പെട്രോൾ ആയിട്ടോ എന്റെ മേലെ വരും എന്ന് പേടിച്ചിട്ടാ. എന്റെ കോഴ്സ് കഴിഞ്ഞു ഇവിടം വിട്ടു പോകാനുള്ള ട്രെയിനിൽ ഇരുന്നാണ് ഇത് എഴുതുന്നത്. ഇതു കഴിഞ്ഞു ഈ നമ്പർ ഞാൻ കളയും. എന്നെ ഇനി ദ്രോഹിക്കാൻ വരരുത്. അവസാനമായി ഒരു കാര്യം കൂടി ഒന്നു നന്നായിക്കൂടെഡോ?'

'അളിയാ അവൾ വന്നാ?'

'ഇല്ലെടാ അവൾ തേച്ചു'

'അവൾ പോയാൽ പോകട്ടെ. ദേ അവിടെ രണ്ടെണ്ണം ഇരിപ്പുണ്ട്. രണ്ട് മര്യാദ പഠിപ്പിച്ചിട്ട് പോകാം'

'ഡീ എന്താടി നിന്റെ പേര്? നീ ഏതാടാ? ലവ്ജിഹാദാണോടാ?' സുമേഷ് അലറി.

■

---

പിന്നീട് വാടകക്ക് താമസിക്കുന്നതായും ഗർഭിണിയായതായും ഒക്കെ നാട്ടുകാർ പറഞ്ഞാണ് അറിഞ്ഞിരുന്നത്. കള്ളിന്റെ ലഹരി കുറഞ്ഞപ്പോൾ കഞ്ചാവിലേക്കും മയക്കുമരുന്നിലേക്കും തിരിഞ്ഞ അവൻ എന്റെ ഡോക്ടർ കൊച്ചിനെ പൊതിരെ തല്ലുമെന്നും ആരോരും ഒര് സഹായത്തിനു ഇല്ലന്നും കേട്ടാണ് ഞാൻ പിന്നീട് കാണാൻ ചെന്നത്. വയറു വീർത്ത അസ്ഥികൂടം കണക്കായ അവൾ, എന്നെ കണ്ടതും കെട്ടിപിടിച്ചു ഏങ്ങിക്കരയുകയായിരുന്നു. മാപ്പ് ചോദിക്കുകയായിരുന്നു. എന്നെ വിട്ട് പോകല്ലേയെന്നു പൈതൽ കണക്കു കെഞ്ചുകയായിരുന്നു. തൊട്ടടുത്ത ദിവസം തന്നെ കൂട്ടിക്കൊണ്ടു പോകാൻ വരാം എന്ന് വാക്കുകൊടുത്താണു തിരികെ പോന്നത്.

പിറ്റേന്ന് ആരോ വന്നു മകൾക്കു പ്രസവ വേദന എന്ന് പറഞ്ഞാണ് കൂട്ടിക്കൊണ്ടുപോയത്. തയ്യാറാക്കി വെച്ചിരുന്ന വെള്ളത്തുണികളും ഇഞ്ചയുമായി പെട്ടന്ന് കൂടെ പോയി.

അവിടെ ചെന്നപ്പോൾ ആകെ കരിഞ്ഞ മാംസത്തിന്റെ മണമായിരുന്നു. കാട്ടിത്തന്ന കട്ടിലിനടുത്തേക്കു ചെന്നപ്പോൾ ആ മണം കൂടിക്കൂടി വന്നു. ആവി പറക്കുന്ന എന്റെ കുഞ്ഞിന്റെ ശരീരത്തിലേക്ക് ഞാൻ ഒന്നേ നോക്കിയുള്ളൂ. എന്നോട് ഇന്നലെ അവൾ കരഞ്ഞു തീർന്നിട്ടില്ലായിരുന്നു. ഇന്ന് രാവിലെ എനിക്കൊപ്പം ആശുപത്രിയിലേക്ക് വരാനായി തയ്യാറെടുത്തു നിന്നിരുന്നു. പെട്ടന്ന് കയറി വന്നവൻ, കഞ്ചാവ്ലെക്ക് കെടുത്തിയവൻ കയ്യിലിരുന്ന പെട്രോൾ അവൾക്കു നേരെ എറിഞ്ഞു. ലഹരി ബീഡി കത്തിക്കുവാൻ തീപ്പെട്ടി കത്തിച്ചു എന്റെ കുഞ്ഞിലേക്ക് തീ പടർത്തി. ശരീരത്തിൽ നിന്നും ജീവൻ വേർപെടും മുൻപ് പലതവണ കണ്ണുകൾ കൊണ്ട് അവൾ എന്റെ കാലു പിടിച്ചു മാപ്പു പറയുന്നുണ്ടായിരുന്നു. അന്ന് അവിടെ നിന്നും തിരികെ കൊണ്ടുവരാൻ എനിക്ക് അവളുടെ ശരീരം ബാക്കിയില്ലായിരുന്നു. അതിനു പകരം ഡോക്ടർ എന്റെ കയ്യിലേക്ക് വെച്ചുതന്നതു ഒരു പിഞ്ചു മേനിയാണ്. ഇന്നത്തെ ഈ നാല് വയസ്സുകാരി.

അന്നുമുതൽ തന്നെ എന്റെ കുഞ്ഞു ഇടയ്ക്കിടെ പൊള്ളിഉരുകും. ആ ചൂടിൽ പനിച്ചു വിറച്ചു എന്നോട് ഒട്ടിക്കിടക്കും. ഞാൻ കണ്ണുതുറന്നു നോക്കിയപ്പോൾ അവൾ ആശുപത്രി വരാന്തയിൽ ഓടിക്കളിക്കുന്നുണ്ടായിരുന്നു.. അമ്മേ എന്റെ അസുഖം മാറി എന്ന് പറഞ്ഞു കൊഞ്ചുന്ന അവളുമായി ഞാൻ അവിടെ നിന്നും തിരിഞ്ഞു നടന്നു. പുകഞ്ഞു നീറുന്ന മനസ്സിലേക്ക് ഞാൻ എന്റെ കുഞ്ഞിനെ കയറ്റിയിരുത്തി അങ്ങനെ നടന്നു.

■

കഥ

ഭവിത വത്സലൻ

# കഥയറിയാതെ.....

പുതിയ പോസ്റ്റ് ഓഫീസിൽ ചാർജ് എടുക്കാൻ പോകുമ്പോൾ അവന്റെ മനസ്സു എന്നത്തേയും പോലെ ശാന്തമായിരുന്നു.

ഒരു പഴയ കെട്ടിടത്തിലെ നാലാമത്തെ നിലയിലെ ഒരു കുടുസു മുറി. പോസ്റ്റ് ഓഫീസ് എവിടെയും ഇങ്ങനൊക്കെ തന്നെ. ഒരു ചെറിയ റൂമിൽ ഒരു ഭാഗത്ത് തട്ടു തട്ടു ആയി കിടക്കുന്ന സ്റ്റീൽ അലമാര റാക്ക്. ജനൽ സൈഡിൽ ഒരു മേശയും കസേരയും.

ജനലഴികളിൽ ഒന്ന് അടർത്തി മാറ്റിയിരിക്കുന്നു. കൊടുക്കൽ വാങ്ങലുകൾ നടത്താൻ വേണ്ടി ആണ്. ഒരു ഭാഗത്ത് ഒരു നീണ്ട മേശയും ബെഞ്ചും. അതിൽ ഒരു മധ്യവയസ്ക്കൻ എതിരെ ഭാഗം നോക്കി കത്തുകളും മറ്റും അടുക്കി വയ്ക്കുന്ന തിരക്കിൽ ആണ്.

'ടും ടും ഡും ഡും ടും ടും'

അവന്റെ ചിന്തകളെ ഭേദിച്ചു കൊണ്ട് താളാത്മകമായി അയാൾ സീൽ അടിച്ചു കൊണ്ടിരുന്നു...

"ഉം എംകും എം.."

ചെറുതായൊരു ചുമ വരുത്തി അയാളുടെ ശ്രദ്ധ പിടിക്കാൻ അവൻ ഒരു ശ്രമം നടത്തി.. എന്നാൽ ആ കുഞ്ഞു മുറിയിൽ രണ്ടാമതൊരു ശ്വാസം അയാൾ തിരിച്ചറിയുന്നുണ്ടായിരുന്നില്ല..

തന്റെ ജോലിയിൽ വ്യാപൃതനായ അയാൾ യാതൊന്നും ശ്രദ്ധിക്കുന്നില്ല.. തന്റെ ചിന്തകളെ കൂട്ടു പിടിച്ചാണ് അയാൾ സീൽ അടിക്കുന്നത് എന്നു അയാളുടെ തല ആട്ടിയുള്ള ആഗ്യങ്ങളിൽ നിന്നും വ്യക്തമാണ്...

"ആരാ"

പിറകിൽ നിന്നും ഒരു ഘനഗാംഭീര്യ ശബ്ദം..

'ഞാൻ പുതിയ'

'ഹാ. മനസിലായി.. താൻ നാളെ മുതൽ അല്ലെ ഇവിടെ?'

അവന്റെ വാക്കുകൾ മുഴുമിപ്പിക്കും മുൻപേ ആ മനുഷ്യൻ ബാഗു മേശപ്പുറത്തു വെച്ചു മുന്നിലെ കസേരയിൽ ഇരുന്നു..

പോസ്റ്റുമാഷ് ആണ്...

'അല്ല.. ഇന്ന് മുതൽ ആണ്...'

അവൻ കൈയിലുള്ള പേപ്പർ പോസ്റ്റ് മാഷിന് നേരെ നീട്ടി...

ബെഞ്ചിൽ ഇരുന്നു.. മറ്റേ വ്യക്തി അപ്പോഴും കത്തുകളും മറ്റും അടുക്കി വയ്ക്കുകയും സീൽ അടിക്കുകയും ഒക്കെ ആയി തിരക്കിലാണ് ...

ഇങ്ങനെ ഒരാൾ വന്നതായി അയാൾ ശ്രദ്ധിക്കുന്നതേ ഇല്ല..

മാഷ് കടലാസ് നോക്കി എന്തൊക്കെയോ രേഖപ്പെടുത്തുന്നുണ്ട്..

'സംഗീത്, അല്ലെ?'

'അതേ'

'താൻ അവിടെ ഇരിക്കെടോ.'

ബെഞ്ച് ചൂണ്ടി കാട്ടി മാഷ് പറഞ്ഞു..

ഒരു അനുസരണയുള്ള കുട്ടി കണക്കെ അവൻ മാഷ് ചൂണ്ടിക്കാണിച്ച ബെഞ്ചിൽ ഇരുന്നു.. സീലടിക്കുന്ന മനുഷ്യനെ നോക്കി ചിരിച്ചെങ്കിലും അയാൾക്കു മുഖത്തു പ്രത്യേകിച്ചു യാതൊരു ഭാവഭേദവും ഉണ്ടായില്ല...

'താൻ വന്ന സ്ഥിതിക്ക് സതീശനെ ഇനി ഇപ്പോൾ എന്താ ചെയ്യുക'

ആ മനുഷ്യൻ താത്കാലിക പോസ്റ്റ്മാൻ ആണെന്ന് ആ സംസാരത്തിൽ നിന്നും അവൻ ഊഹിച്ചു..

മാഷ് തന്നെ നോക്കി തുടർന്ന്..

'താൻ നാളെ ജോയിൻ ചെയ്യും എന്നാണ് വിചാരിച്ചത്.. സതീശൻ പെയിന്റടിക്ക് പോകുന്നതാണ് ആ പണി വിട്ടാ ഇന്ന് വന്നെയ്..'

മാഷ് എന്തു തീരുമാനിച്ചാലും ഞാൻ അതിനു തയ്യാറാണെന്ന് പറയാൻ തോന്നിയെങ്കിലും മൗനമായി ഇരുന്നു.

'ഇന്നൂടെ സതീശൻ പോകട്ടെ.. താൻ വേണേൽ കൂടെ കൂട്.. ഊടും വഴിയും പഠിക്കാം കൂടെ ചിലരെയൊക്കെ പരിചയപെടലും നടക്കും....'

മുഖത്തു നോക്കി ചിരിക്കാത്ത ആ മനുഷ്യന്റെ ഒപ്പം ആ പ്രദേശം കറങ്ങുന്നത് ഓർത്തപ്പോൾ തന്നെ അവനു പാതി ശ്വാസം പോയി..

എങ്കിലും ചിരിച്ചു കൊണ്ട് 'ആയിക്കോട്ടെ മാഷേ' എന്നു ഒരുവിധം പറഞ്ഞൊപ്പിച്ചു..

'രാവിലെ വല്ലതും കഴിച്ചോ. താഴെ റോഡിനപ്പുറത്തു ചായക്കട ഉണ്ട്.. നല്ല പുട്ടും കടലയും കിട്ടും..'

'കഴിച്ചിട്ട് ഇറങ്ങിയതാ.'

സതീശൻ അപ്പോഴേക്കും കത്തുകളൊക്കെ

ബാഗിൽ ആക്കി പോകാൻ റെഡി ആയി നിന്നു..

'വാ.'

ഒരു മയവും ഇല്ലാതെ പിന്നാലെ ചെല്ലാൻ അയാൾ കല്പിച്ചു.. അവൻ വീണ്ടും അനുസരണ യുള്ള കുട്ടിയായി.. മാഷോട് തല ചലിപ്പിച്ചു പോവുന്നു എന്നു ആഗ്യം കാണിച്ചു..

തന്റെ ബൈക്ക് ഉണ്ട്, അത് എടുക്കാം എന്നു പറയാനുള്ള അവസരം കിട്ടും മുൻപ് തന്നെ തൊണ്ണൂറ് കാലത്തെ താൻ ജനിക്കും മുൻപേ ഉള്ള സൈക്കിൾ കൂടെ ഉരുട്ടി അയാൾ വേഗത്തിൽ നടന്നു.. പിറകെ അവനും..

നീർച്ചാലുകളും വയലും തെങ്ങിൻ തോപ്പും പഴയ വീടുകളും പുതിയ പടുകൂറ്റൻ വീടുകളും ഒക്കെ, നന്മ നിറഞ്ഞ നാടിന്റെ ഗ്രാമഭംഗി എന്നു തന്ന വിശേഷിപ്പിക്കാം..ഇതിനു മുൻപേ ജോലി ചെയ്ത പോസ്റ്റ് ഓഫീസ് ഒക്കെ ബൈക് എടുത്തായിരുന്നു കറക്കം... എന്നാൽ ഇന്ന് നയന മനോഹര കാഴ്ചകൾ കണ്ടു നടക്കുന്നതിനിടയിൽ തളർച്ച അനുഭവപ്പെട്ടില്ല എന്നു മാത്രമല്ല നല്ലൊരു ഉന്മേഷവും അവനു അനുഭവപ്പെട്ടു..

നെല്ല് വിള കഴിഞ്ഞു പച്ചക്കറിക്കായി ഒരുങ്ങുന്ന പാടം...ട്രില്ലർ അടിക്കുമ്പോൾ മണ്ണിന്റെ മുകളിൽ എത്തുന്ന മണ്ണിരകളെ ലക്ഷ്യമിട്ട് കൊറ്റികള് ട്രില്ലറടിക്കുന്ന കർഷകന്റെ പിന്നാലെ അകമ്പടി സേവിക്കുന്നു...

വയലും കരയിലെ പശു ഞങ്ങളെ ദൂരെ നിന്ന് കണ്ടതും 'അമ്പേ മ്പേ ' എന്നു വിളിക്കാൻ തുടങ്ങി..

'ഇന്നില്ലടി.. നാളെ കൊണ്ടു വരാം..'

'ങേ..പശുവിനും കത്തു വരുന്നുണ്ടോ'

'പശുവിനും കത്തയക്കാൻ ആളോ?' അവന്റെ ആത്മഗതം കേട്ടുവെന്നോളം അയാൾ ചിരിയോടെ മറുപടി പറഞ്ഞു.

'അതിനു കാലിത്തീറ്റ എത്തിക്കുന്നത് ഞാനാണ്.. ഇത് കഴിഞ്ഞ് ഗുഡ്സ് ഓട്ടോ ഓടിക്കാൻ പോകും.. തീർന്നു കാണും. അതാ കാണുമ്പോൾ തന്നെ ഉള്ള ഈ വിളി..'

ഹാവൂ, എന്തു തന്നെ ആയാലും ഈ മനുഷ്യൻ ചിരിച്ചു കണ്ടല്ലോ.. അത്രയും സമാധാനം അവനു ആശ്വാസം.. കാർമേഘം മാറി മാനം തെളിയുന്നുണ്ട്.. ഉള്ളാലെ ഒരു ചിരി മിന്നി മാഞ്ഞു...

അല്ലറ ചില്ലറ കർഷകശ്രീ മാസികകൾ, എൽ ഐ സി പോലെ ഉള്ളവയുടെ കത്തുകൾ, പെൻഷൻ.. ഇവ മാത്രമേ ഉണ്ടായുള്ളൂ... ജോലി ഒത്തിരി ഉണ്ടെങ്കിലും രണ്ടു വർഷമായി ജോലിക്ക് കയറിയിട്ടു ഇതൊക്കെ തന്നെ ആയിരുന്നു എവിടെയും കൊണ്ട് കൊടുക്കാൻ ഉണ്ടായത്...

കൊടുക്കുന്നിടത്തൊക്കെ സതീശൻ പുതിയ പോസ്റ്റ്മാൻ ആണെന്ന് പരിചയപ്പെടുത്തുന്നുണ്ട്.. അവരോടൊക്കെ സൗഹൃദപരമായി സംസാരിക്കുന്നുണ്ട്.. ചിലപ്പോഴൊക്കെ അവനെ പോസ്റ്റ് ആക്കി ആമാൻ അയാളുടെ സ്വന്തം ഇടപാടുകൾ നടത്തുന്നുമുണ്ട്... അത് കഴിഞ്ഞു നടക്കുമ്പോൾ ആൾക്ക് ഒരു ഗൗരവം...ഇങ്ങനെ പോയാൽ തന്റെ സ്വത സിദ്ധ ശൈലി പുറത്തെടുത്തെടുക്കേണ്ടി വരും. തുറന്നാൽ അടക്കാൻ പറ്റാത്ത വായയും കൊണ്ട് ആണ് മൗനി ആയി താൻ കൂടെ നടക്കുന്നത് എന്നു ആ മനുഷ്യനോട് ഉറക്കെ അലറാൻ തോന്നി...

ശിവന്റെ തപസ്സിളക്കാൻ ശരം തൊടുത്ത കാമദേവൻ കണക്കെ ഒരു സംഭാഷണത്തിനു തുടക്കം കുറിക്കും വിധം ചോദ്യത്തിന്റെ ആദ്യ ശരം തൊടുത്തു വിട്ടു..

'ഇവിടെ അടുത്തണോ വീട്?'

'അതേ.'

ഉത്തരം കിട്ടേണ്ട താമസം രണ്ടാമത്തെ ചോദ്യ ശരം മറുപടി കിട്ടും മുന്നേ വിട്ടു...

'വീട്ടിൽ ആരൊക്കെ ഉണ്ട്?'

'ഭാര്യ മക്കൾ അമ്മ..തന്റേയോ?'

ആശ്വാസം.. ചോദ്യശരം തിരികെ വന്നിരിക്കുന്നു..

'അച്ഛൻ ഒരു പെങ്ങള് കുട്ടി..'

പിന്നീടവിടം മുതൽ ഓരോ വീട് കയറി ഇറങ്ങുമ്പോഴും സംസാരിക്കാൻ വിഷയങ്ങൾ അവർക്കിടയിൽ വന്നു കൊണ്ടേയിരുന്നു...

അതുവരെ അണിഞ്ഞിരുന്ന ഗൗരവക്കാരന്റെ മുഖംമൂടി അഴിഞ്ഞു വീണു.. സാധാരണ ഗ്രാമ നിഷ്കളങ്കതയുടെ പ്രതിരൂപം ആയി അയാൾ പതിയെ മാറുന്ന കാഴ്ച അവൻ സന്തോഷത്തോടെ നോക്കി കണ്ടു.. ഉച്ചക്ക് പോസ്റ്റ് ഓഫീസിലേക്ക് തിരികെ വരുമ്പോൾ അവനു അയാൾ സതീഷേട്ടനും അയാൾക്കു തിരിച്ചു അവൻ സംഗിയും ആയി മാറിയിരുന്നു...

സതീശൻ തന്റെ ജോലി പൂർത്തിയാക്കി അന്നത്തെ ദിവസത്തെ വേതനവുമായി പോയി..

അവൻ പോസ്റ്റ് മാഷെ കൈയിലെടുക്കാനുള്ള ചോദ്യങ്ങളുമായി അവിടെ ഇരുന്നു...

അടുത്ത ദിവസം മുതൽ ഒരു പുതിയ തുടക്കമായി, ആ നാട്ടിൽ നാടിന്റെ സ്പന്ദനമറിയുന്ന പോസ്റ്റ് മാൻ ആയി അവൻ വളരെ പെട്ടന്ന് മാറുകയായിരുന്നു...

വീടുകൾ തോറും കയറി ഇറങ്ങുമ്പോൾ ചിലർക്ക് മകനായി, ചിലർക്ക് കൊച്ചുമകനായി, ചിലർക്ക് ഏട്ടനായി, അനിയൻ ആയി, കുഞ്ഞു മക്കളുടെ മാമൻ ആയി ഒക്കെ വേഷങ്ങൾ പകർന്നാടുകയായിരുന്നു.. രണ്ടു മൂന്നു മാസം കടന്നു പോയത് അറിഞ്ഞില്ല..

അന്ന് പതിവിവിലും നേരത്തെ അവൻ പോസ്റ്റോഫീസിൽ എത്തി..

ജോലിക്കിടയിൽ ഒരു തവണ താഴെ വീണ പേന എടുക്കാൻ ശ്രമിച്ചപ്പോഴാണ് താഴെ അലമാര റാക്കിനിടയിയിൽ ഒരു പോസ്റ്റ് കാർഡ് അവന്റെ ശ്രദ്ധയിൽ പെട്ടത്... ജോലിയിൽ കയറി രണ്ടു കൊല്ലം ആയെങ്കിലും പോസ്റ്റ് കാർഡ്, ഇൻല്ലന്റ് ഓക്കെ അപൂർവമായേ കണ്ടിട്ടുള്ളു...

ആകാംക്ഷയോടെ അവൻ അത് കയ്യിൽ എടുത്തു.. ഒരാഴ്ച മുന്നേ ഇവിടെ എത്തിയത് ആണ്... അറിയാതെ താഴെപ്പോയതിനാൽ ആരും ശ്രദ്ധിച്ചുകാണില്ല..

ഒരിക്കൽ മാത്രമേ നോക്കിയെങ്കിലും ആ പേര് മനസിൽ തറച്ചു

Dr. അനാമയ രാധാകൃഷ്ണൻ
D/o. പത്മാവതി ടീച്ചർ
ശ്രീനിലയം

Po ഈസ്റ്റ് 770621

ഒരു ഡോക്ടർക്ക് പോസ്റ്റ് കാർഡ്... അവനു വീണ്ടും ആകാംക്ഷ ഇരട്ടിച്ചു..

തിരിച്ചു പിടിച്ചു പോസ്റ്റിൽ എഴുതിയത് വായിച്ചു നോക്കി..

2010-2011 പ്ലസ് ടു ബാച്ച് ഗേറ്റ്റ്റുഗേതർ. 25.12.2018, 11 മാ നു.. തീർച്ചയായും എത്തിച്ചേരുക..

രണ്ടു വരി മാത്രമേ ഉണ്ടായിരുന്നുള്ളു...

ആ പ്രദേശത്തെങ്ങും അങ്ങിനെ ഒരു ഡോക്ടറുടെ വീട് ഉള്ളതായി കണ്ടതായി ഓർമ്മയിലെങ്ങും തെളിഞ്ഞു വന്നില്ല.. കലാലയങ്ങളെയും സ്കൂളിനെയും നെഞ്ചോടു ചേർത്ത് നിർത്തിയിരുന്ന അവനു ആ കുഞ്ഞു പോസ്റ്റ് കാർഡ് ഏതു വിധേനയും അഡ്രസ് കണ്ടെത്തി ആ ഡോക്ടറുടെ കൈകളിൽ എത്തിക്കാൻ തൃഷ്ണ ഏറി..

'ശ്രീനിലയം പത്മാവതി ടീച്ചർ', സതീഷേട്ടനെ വിളിച്ചു അന്വേഷിച്ചപ്പോൾ ആണ് വയൽക്കരയ്ക്കു എതിർവശമുള്ള ടീച്ചറുടെ വീടിനെ പറ്റി പറഞ്ഞു തന്നത്..

നാലഞ്ചു വർഷങ്ങൾ ആയി അവർ തിരുവനന്തപുരത്തോ മറ്റോ ആയിരുന്നു.. മോൾ അവിടെ മെഡിക്കൽ കോളേജിൽ ആണ് പടിക്കുന്നത്.. ഇത്രയും വിവരങ്ങൾ സതീഷേട്ടനിൽ നിന്നും കിട്ടി..

പത്മാവതി ടീച്ചർ...

ടീച്ചർമാർ ഗ്രാമ പ്രദേശങ്ങളിൽ ദൈവതുല്യരാണ്... അവർക്കെന്നും അവിടങ്ങളിൽ ഒരു പ്രത്യേക സ്നേഹവും ബഹുമാനവും അവരിൽ നിക്ഷിപ്തമായിരിക്കും...അത് കൊണ്ട് തന്നെ ആ വീട് കണ്ടുപിടിക്കാൻ അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല...

കോളിങ് ബെൽ രണ്ടു അടിച്ചപ്പോൾ ഒരു പ്രായം ചെന്ന സ്ത്രീ വന്നു വാതിൽ തുറന്നു..

'പത്മാവാതി ടീച്ചർ'

ആണെന്ന അർത്ഥത്തിൽ ടീച്ചർ തലയാട്ടി..

'മോൾക്ക് ഒരു കത്തുണ്ട്..'

ടീച്ചർ ഓടി വന്നു ആ കാർഡ് വാങ്ങി.. അതും നെഞ്ചോടു ചേർത്തു പൊട്ടി കരഞ്ഞു... അപ്രതീക്ഷിതമായ രംഗങ്ങളിൽ പ്രതികരിക്കാൻ ആവാതെ അവൻ ഒരു നിമഷം സ്തബ്ധനായി... സമചിത്തത കൈവരിക്കാൻ സമയമെടുത്തു.. അപ്പോഴേക്കും ആ അമ്മ കത്തുമായി വരാന്തയിൽ തളർന്നിരുന്നു...

'ടീച്ചറെ' എന്നും വിളിച്ചു അവൻ ടീച്ചറെ താങ്ങി നിർത്തി.

'എന്തു പറ്റി..കുടിക്കാൻ വെള്ളം വേണോ?'

'വേണ്ട.. എനിക്കൊന്നു കിടക്കണം..'

അവർ ഗദ്ഗദത്തോടെ പറഞ്ഞു..

അപ്പോഴേക്കും തൊടിയിൽ നിന്നും പ്രായം ചെന്ന മനുഷ്യൻ ഓടി വന്നു.. അയാളും കൂടി സഹായിച്ചു അവരെ അകത്തു ചെന്നു കിടത്തി... പുറത്തിറങ്ങിയതും അവൻ അയാളോട് പറഞ്ഞു

'ഡോക്ടർക്കു ഒരു കത്തുണ്ടായിരുന്നു.. അത് കൊടുക്കാൻ വന്നതാണ്.. പക്ഷെ ടീച്ചർ...?'

ചില സമയങ്ങളിൽ വാചകങ്ങൾ ആവശ്യം വരില്ല.. വാക്കുകളിൽ ചോദ്യവും ഉത്തരവും ആക്ഷേപങ്ങളും എല്ലാം ഉണ്ടാവും...

'മോൾ പോയിട്ടു രണ്ടാഴ്ച ആവുന്നതെ ഉള്ളു.. അപ്പോഴാണ് ഇങ്ങനൊരു ലെറ്റർ..'

കണ്ണീരിന്റെ നനവിൽ അയാൾ അതു മുഴുമിപ്പിച്ചില്ല...

മൂന്ന് ദിവസം കൊണ്ട് എത്തേണ്ട കാർഡ്.. ഒരുപക്ഷേ ആ കുട്ടി പോയ അന്ന് എത്തേണ്ട കാർഡ്.. ഒരാഴ്ച്ച താമസിച്ചു തങ്ങളുടെ പോസ്റ്റ് ഓഫീസിൽ എത്താൻ.. വീണ്ടും ആരുടെയൊക്കെയോ അശ്രദ്ധയിൽ താഴെ വീണു ശ്രദ്ധിക്കപ്പെടാതെ വീണ്ടും ഒരാഴ്ച..

വീണ്ടെടുത്തു അതുമായി ഇവിടെ വരേണ്ടിയിരുന്നില്ല എന്നു അവനു തോന്നി...

'എങ്ങിനെ ആയിരുന്നു..?'

അല്പം മടിയോടെ ആണെങ്കിലും അവൻ ചോദിച്ചു..

'ആക്സിഡന്റ്... ഹൗസർജൻസി കഴിഞ്ഞു ഇസ് ഐ ഹോസ്പിറ്റലിൽ കിട്ടിയതിന്റെ നാലാം നാൾ.. കൂട്ടുകാരിയുടെ ബർത്ഡേ ആഘോഷിക്കാൻ പോയതാണ്.. തിരിച്ചു വന്നത് ജീവനില്ലാത്ത ശരീരം ആയിരുന്നു...'

ആ മനുഷ്യനോട് എന്തു പറയണം എന്ന് അറിയാതെ അവൻ അയാളെ സഹതാപ പൂർവം നോക്കി..

അയാൾ തുടർന്നു...

'സ്കൂട്ടർ ചെറുതായൊന്നു തെന്നിയെ ഉള്ളു.. താഴെ വീണത് തലയടിച്ചായിരുന്നു.. ഹെൽമറ്റ് ഇടാഞ്ഞതിനാൽ ഇടിച്ചുടനെ ആ ഭാഗം ബ്ലഡ് ക്ലോട്ടായതാത്രെ...' ഒന്നു നിർത്തിയ ശേഷം അയാൾ വേദനയോടെ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു

'അച്ഛൻ പോയിട്ടു വർഷം പത്തിരുപതു കഴിഞ്ഞു.. ഇപ്പോൾ മോളും.. പാവം എന്റെ പപ്പി...'

'നിങ്ങൾ'

'ആങ്ങള ആണ്.. പപ്പിടെ മൂത്ത ചേട്ടൻ....'

'ഉം'

ചില സമയങ്ങളിൽ അങ്ങിനെ ആണ്.. വാക്കുകൾ എവിടെ പോയി ഒളിച്ചെന്നു നമുക്ക് സങ്കല്പിക്കാൻ പോലും ആവില്ല... പുറത്തെ വെയിലിനും അകത്തെ ഉമിനീര് വറ്റിയ കനലിനും ഒരേ ചൂടായിരുന്നു... വാക്കുകൾ ദഹിപ്പിക്കാൻ ശേഷിയുള്ളത്രയും ചൂട്... താൻ അതിൽ വെന്തു പോകും പോലെ അവനു അനുഭവപ്പെട്ടു.. അവൻ ആ മനുഷ്യന്റെ ശോഷിച്ച കൈകൾ കൂട്ടി പിടിച്ചു..അയാളുടെ കൈവിരലുകൾ വിറയ്ക്കുന്നുണ്ട്.. അവൻ പതുക്കെ കൈ എടുത്തു 'ഇറങ്ങുന്നു' എന്നു തല ചലിപ്പിച്ചു.

ഇറങ്ങും മുൻപേ അവൻ ആ അമ്മയുടെ മുറിയിലേക്ക് ഒന്നുപാളി നോക്കി... അവർ അപ്പോഴും ആ പോസ്റ്റ് കാർഡ് നെഞ്ചോടു ചേർത്തു പിടിച്ചു തേങ്ങുന്നുണ്ടായിരുന്നു...

തിരിച്ചിറങ്ങി ബൈക്കിൽ കയറിയതും എന്തോ ഒന്നു ഓർത്തപോലെ അവൻ ആദ്യം ആ ഹെൽമറ്റ് എടുത്തു തലയിൽ വച്ചു....

ചില അനുഭവങ്ങൾ നമുക്ക് എന്നും ഒരു പാഠങ്ങൾ ആണ് എന്ന തിരിച്ചറിവ് കൂടി ആയിരുന്നു ആ സംഭവം അവന്.. ഒരു പോസ്റ്റ്മാന്റെ ജീവിതത്തിലെ മറക്കാനാവാത്ത നിമിഷങ്ങൾ...

■

കഥ



**രശ്മി കിട്ടപ്പ**
എഴുത്തുകാരി
ഇന്ദിരാപുരം,
ഗാസിയാബാദ്

# അപ്പുറം

***ഒന്ന്***

വെയിൽ പഴുത്തുകിടന്ന ഒരുച്ചനേരത്താണ് അവൾ വീട്ടിലേക്ക് കയറിവന്നത്. അത് പതിവുള്ളതാണ്. കത്തിക്കാളുന്ന ഉച്ചയിലോ, മഴക്കാറ് കാത്തുകെട്ടിക്കിടക്കുന്ന സന്ധ്യയിലോ അതുമല്ലെങ്കിൽ കാക്കകൾ നിർത്താതെ കരയുന്ന പുലർകാലത്തിലോ എപ്പോൾ വേണമെങ്കിലും അവൾ വന്നുകയറാം. ആർത്തലച്ചെത്തുന്ന ഒരു പെരുമഴപോലെ അവൾ വന്നെത്തുന്ന നിമിഷങ്ങളെ കാത്തിരിക്കാറുണ്ടായിരുന്നു അച്ഛനുമമ്മയും.

അവൾ അനുരാധ. ജോലിചെയ്യുന്ന വിദൂരനഗരത്തിലെ ലേഡീസ് ഹോസ്റ്റലിൽനിന്നും വീട്ടിലേക്ക് പുഴകളും വയലുകളും പട്ടണങ്ങളും കടന്ന് എത്തിപ്പെടാറുള്ളവൾ. നിശ്ശബ്ദതകൊണ്ട് കനത്തുപോയ വീടിന്റെ ഉൾത്തടങ്ങളെ ഒരു മൂളിപ്പാട്ടുകൊണ്ട് തഴുകുന്നവൾ. അച്ഛനുമമ്മയ്ക്കുമിടയിലെ മൗനത്തെ ചിരികൊണ്ട് തകർക്കുന്നവൾ. വീട് വീടാകുന്നതിവൾ വരുന്നനേരത്തെന്ന് വീണ്ടും വീണ്ടും ഉറപ്പാക്കുന്നവൾ.

അവൾ വന്നുകയറിയ നേരത്ത് ഊണുകഴിഞ്ഞ് കൈകഴുകുകയായിരുന്നു അച്ഛൻ. കണ്ണുകളിൽ പതിവുപോലെ മിന്നിമായുന്ന അത്ഭുതം. അച്ഛനുമമ്മയ്ക്കും ഈയൊരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൈയ്യിലുണ്ടായിരുന്ന ബാഗിൽനിന്നും മൂന്നു പുസ്തകങ്ങൾ പുറത്തെടുത്ത് അവൾ അച്ഛനുകൊടുത്തു. വായനയെയും അച്ഛനെയും കൂട്ടിക്കെട്ടിയിരുന്ന അദൃശ്യമായ കണ്ണികളുടെ ഉറപ്പ് കാലങ്ങളായി മനസ്സിലാക്കിപ്പോന്നവളായിരുന്നു അനുരാധ. കഴിഞ്ഞ തവണ വന്നുപോകുമ്പോൾ കൊടുത്ത ലിസ്റ്റിൽ രണ്ടെണ്ണം കുറവാണെന്നുകണ്ട് അച്ഛൻ പുസ്തകങ്ങൾ തിരിച്ചും മറിച്ചും നോക്കി, തലയുയർത്തി സംശയത്തോടെ അവളിലേക്ക് കണ്ണയച്ചു. അതു കാണാത്തതുപോലെ അവൾ അമ്മയുടെ പിറകെ അടുക്കളയിലേക്ക് കയറി. അവൾക്ക് തെറ്റുപറ്റാറില്ലെന്ന് അച്ഛനറിയാമായിരുന്നു. പറഞ്ഞ അഞ്ചുപുസ്തകങ്ങളിൽ അയാൾക്കിഷ്ടപ്പെട്ട എഴുത്തുകാരുടെ രണ്ടുപുസ്തകങ്ങളാണ് ഇല്ലാതിരുന്നത്.

അമ്മയ്ക്ക് പരാതിയുണ്ടായിരുന്നു. കിട്ടുന്ന കാശിൽ പകുതിയും പുസ്തകങ്ങൾ വാങ്ങാനാണ് ചിലവാക്കുന്നത്.തങ്ങളുടെ കാലം കഴിഞ്ഞാൽ മകളെന്തുചെയ്യുമെന്ന ആധി അമ്മയുടെ നെറ്റിയിലെ വരകളുടെ എണ്ണം കൂട്ടിക്കൊണ്ടിരുന്നു. പുറത്തുപറയാൻ കഴിയാത്ത സങ്കടം മുടിയിഴകളെ വെളുപ്പിച്ചുകൊണ്ടിരുന്നു.

കാലത്തെക്കുറിച്ച് അനുരാധയ്ക്ക് പേടിയുണ്ടായിരുന്നില്ല. വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കാറുമുണ്ടായിരുന്നില്ല. പുസ്തകങ്ങൾക്കിടയിൽ വളർന്ന് അവയിലൂടെ ജീവിച്ചുകൊണ്ടിരിക്കുന്ന തന്റെ വ്യക്തിത്വത്തോട് ഈയ്യിടെയായി അവൾക്കുതന്നെ എന്തെന്നില്ലാത്ത ആരാധന തോന്നിത്തുടങ്ങിയിരുന്നു. കുട്ടിയായിരിക്കുമ്പോൾത്തന്നെ എണ്ണിയാൽത്തീരാത്തത്രയും പുസ്തകങ്ങൾ അവൾ വായിച്ചുതീർത്തിരുന്നു. വീട്ടുകാരുടെയും നാട്ടുകാരുടെയും അത്ഭുതവും അസൂയയും നിറഞ്ഞ കണ്ണുകൾ ഓർത്തെടുക്കാൻ കഴിയുന്നുണ്ട് ഇപ്പോഴും. തന്റെ സാമ്രാജ്യത്തിന്റെ അതിരുകൾ വികസിപ്പിക്കുന്ന ഒരു ചക്രവർത്തിയെപ്പോലെ വായനയുടെ അതിരുകൾ അവൾ കൂട്ടിക്കൊണ്ടിരുന്നു. “കാലുകളനക്കാതെ തന്നെ പുസ്തകങ്ങൾ നിങ്ങളെ യാത്ര ചെയ്യാനനുവദിക്കുന്നു” എന്ന് ഒരു എഴുത്തുകാരി പറഞ്ഞത് എത്ര ശരിയാണ്. അവൾ കാണാത്ത നാടും നാട്ടുകാരുമില്ല, കുന്നും മലകളുമില്ല, പൂക്കളും മരങ്ങളുമില്ല. പുഴയില്ല കടലില്ല.

ചാരനിറത്തിൽ കട്ടിയുള്ള പുറംചട്ടയോടുകൂടിയ ‘റഷ്യൻ നാടോടിക്കഥകൾ’ എന്ന പുസ്തകം പണ്ടവൾക്കായി അച്ഛൻ കൊണ്ടുവന്നിരുന്നു. വായനയുടെ വാതിലുകൾ പലദിക്കു

കളിലേക്കായി തുറന്നിടാൻ തുടങ്ങുന്ന ആ കാലത്ത് ഒരുപാട് കഥാപാത്രങ്ങൾ ആ പുസ്തക ത്തിൽ നിന്നും അവളുടെ മനസ്സിലേക്കിറങ്ങിവന്നു. ബുദ്ധിമതിയായ വസിലീസ, ഇവാൻ രാജകുമാരൻ, വാളമീൻ കല്പിക്കുന്നു ഞാൻ ഇച്ഛിക്കുന്നു എന്നി ങ്ങനെ അതുവരെ കേട്ടിട്ടില്ലാത്ത തലക്കെട്ടുക ളോടെ ആ പുസ്തകത്തിലെ ഓരോ കഥയും അവൾക്കുമുന്നിൽ അത്ഭുതങ്ങളുടെ ലോകങ്ങൾ തുറന്നിട്ടു.കഥയിലെ മനുഷ്യരാണെന്ന് സ്വയം സങ്കൽപ്പിച്ച് ഉറങ്ങുകയും ഉണരുകയും ചെയ്തു അവൾ.

പെട്ടെന്നൊരു ദിവസം ആ പുസ്തകം കാണാതായി. വായിച്ചുവായിച്ച് താളുകൾ ഇളകി ത്തുടങ്ങിയിരുന്ന കാലത്തായിരുന്നു അത്. പുറം ചട്ടയുടെ നിറവും മങ്ങിത്തുടങ്ങിയിരുന്നു. അത്ഭുത ങ്ങളുടെ മായാലോകമായ ആ പുസ്തകം എവി ടെയോ ഒളിച്ചിരിക്കുന്നുണ്ടെന്നും ഒരുനാൾ പിന്നി പ്പോയ താളുകൾ തുന്നിച്ചേർത്ത് തിളക്കമാർന്ന പുറംചട്ടയുമായി അത് പൊടുന്നനെ മേശപ്പുറത്ത് പ്രത്യക്ഷപ്പെടുമെന്നും വളരെക്കാലം അവൾ വിശ്വ സിച്ചു. ഒരിക്കലും അതു സംഭവിച്ചില്ല. ഇന്നും പുസ്തകക്കടകളിൽ അവളാ പഴയ പുസ്തക ത്തിന്റെ കോപ്പി തിരയാറുണ്ട്. എപ്പോഴെങ്കിലും കൈയിലെത്തുമെന്ന പ്രതീക്ഷയിൽ വഴിയരികിൽ പഴയപുസ്തകങ്ങൾ വിൽക്കുന്നിടങ്ങളിലേക്ക് ഓടി ച്ചെല്ലാറുണ്ട്.

അമ്മ അവൾക്ക് ഊണുവിളമ്പാനുള്ള തിര ക്കിലാണ്. പെട്ടെന്നുള്ള വരവ് പ്രതീക്ഷിക്കാത്തതി നാൽ അടുക്കള അമ്പരന്നു നിൽക്കുന്നതുപോലെ. എത്ര തവണ ഊട്ടിയതാണ് എന്നു പറയുന്നതു പോലെ. പതുക്കെ അവൾ തണുത്ത ചുവരിൽ തൊട്ടു. അവയുടെ നിറം മങ്ങിത്തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ തവണ വന്നപ്പോഴും അച്ഛൻ അതോർ മ്മിപ്പിച്ചു. അടുത്തവരവിൽ പുതിയനിറം നൽകി അടുക്കളയെത്തന്നെ അതിശയിപ്പിക്കണമെന്ന് കരുതിയതായിരുന്നു. അതുനടന്നില്ല.

അവൾ വടക്കുവശത്തേക്കിറങ്ങി. കിണറി നടുത്ത് ലില്ലിപ്പൂക്കൾ കൂടിനിന്നിരുന്ന സ്ഥലം ശൂന്യമായിക്കിടക്കുന്നു. എന്നിട്ടും കാറ്റ് ആ പൂക്ക ളുടെ മണം കൊണ്ടുവരുന്നുണ്ടെന്ന് വെറുതെ തോന്നുന്നതാണോ? കണ്ണടച്ചുകൊണ്ട് അല്പനേരം നിന്നു. അവിടെനിന്ന് ഒന്നു വിളിച്ചാൽ വിളികേൾ ക്കുന്നിടത്താണ് ശങ്കുവെല്ല്യച്ഛന്റെ വീട്. അവൾ രണ്ടുവീടിന്റെയും ഇടയിലുള്ള അരമതിലിനടു ത്തേക്ക് നടന്നു. പണ്ടിവിടെ ഈ മതിലുണ്ടായി രുന്നില്ല. മനുഷ്യരുണ്ടാക്കുന്ന മതിലുകളെക്കുറിച്ച് ബോധമില്ലാതിരുന്ന ഒരു കാലത്ത് അവരോടിക്കളി ച്ചിരുന്നത് ഈ സ്ഥലത്താണ്. അവളും വെല്ല്യച്ഛന്റെ മക്കൾ ഭാമയും വിശ്വനും. ശങ്കുവെല്ല്യച്ഛൻ അവ ളുടെ ബന്ധുവായിരുന്നില്ല. എന്നിട്ടും വെല്ല്യച്ഛൻ എന്നുവിളിച്ചാണ് ശീലിച്ചത്. അവൾക്ക് രണ്ടുവയ സ്സുള്ളപ്പോഴാണ് വല്ല്യച്ഛനും കുടുംബവും ദൂരെ നിന്നും വന്ന് അവിടെ താമസം തുടങ്ങിയത്.

പിന്നീടെപ്പോഴാണ് എല്ലാം മാറിമറിഞ്ഞത്?

എവിടെയാണ് ബന്ധങ്ങൾക്ക് തേയ്മാനം വന്നത്?

ഒരിക്കലും മുറിയില്ലെന്നു കരുതിയ സൗഹൃ ദത്തിന്റെ കണ്ണികൾ അറ്റുപോയതെന്നാണ്?

നാളുകളോ തിയ്യതിയോ ഓർമ്മയില്ല.

ഊണുകഴിച്ചുകൊണ്ടിരിക്കെ അമ്മ അവ ളുടെ അടുത്തുവന്നിരുന്നു. ഒരുപാട് കാര്യങ്ങൾ കേൾക്കാനും പറയാനുമുണ്ട് അമ്മയ്ക്ക്.

"ഞാനൊന്ന് ശങ്കുവെല്ല്യച്ഛന്റെ വീട്ടിൽ പോയ്ക്കോട്ടേ അമ്മേ" പ്ലേറ്റിൽ നിന്നും മുഖമുയ ർത്താതെ പെട്ടെന്നവൾ ചോദിച്ചു. ശബ്ദം ഇടറു ന്നത് അമ്മയ്ക്ക് മനസ്സിലായിട്ടുണ്ടാവും.

അപ്രതീക്ഷിതമായ ആ ചോദ്യത്തിൽ അമ്മയുടെ മുഖം വല്ലാതായി. ഉത്തരമൊന്നും പറയാതെ, അച്ഛൻ കേൾക്കേണ്ട എന്ന് അമ്മ പതുക്കെ ആംഗ്യം കാണിച്ചു. എന്നുമുതലാണ് അമ്മ അച്ഛനെ പേടിച്ചു തുടങ്ങിയത്?

ഭാമയും അവളും അടുത്ത കൂട്ടുകാരികളാ യിരുന്നു. ഒരുമിച്ചുകളിക്കുകയും പഠിക്കുകയും ചെയ്തവർ. ഏഴാംക്ലാസ്സുവരെ ഒരേ ഡിവിഷനി ലായിരുന്നു. അതുകഴിഞ്ഞ് രണ്ടുപേരെയും പട്ടണത്തിലെ സ്കൂളിൽ ചേർത്തെങ്കിലും അവർ വെവ്വേറെ ക്ലാസുകളിലായി. ആ സങ്കടം കുറേ ക്കാലം ഇരുവരും ഉള്ളിൽക്കൊണ്ടുനടക്കുകയും ചെയ്തിരുന്നു. വായനയിൽ തീരെ താല്പര്യ മില്ലാത്ത ഭാമയെ 'മരമണ്ടൂസ്' എന്നാണ് വിശ്വേട്ടൻ വിളിച്ചിരുന്നത് എന്നവൾക്കോർമ്മ വന്നു. അയാൾ വായിക്കുമായിരുന്നു. അനുരാധയുടെ വായനയെ കടത്തിവെട്ടാൻ കഴിഞ്ഞില്ലെങ്കിലും പുസ്തകങ്ങളെ സ്നേഹിക്കുകയും അവയോട് നീതിപുലർത്തു കയും ചെയ്തിരുന്നു അയാൾ. പഠിക്കുന്ന കാലം തൊട്ട് വിശ്വൻ രാഷ്ട്രീയത്തെ കൂടെക്കൊണ്ടു നടന്നു. ഉള്ളിൽക്കിടത്തിഉറക്കുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. സ്വപ്നങ്ങൾ കാണാൻ പഠിപ്പിക്കുകയും സഹനം ശീലിപ്പിക്കു കയും ചെയ്തു. ഒടുവിൽ താൻ വളർത്തിയ ആശയങ്ങൾ തിരിഞ്ഞുകൊത്താൻ തുടങ്ങിയപ്പോ ഴേക്കും കാലം മുന്നോട്ടുപോകുകയും അയാൾക്ക് വഴിതെറ്റുകയും ചെയ്തു. ഓർമ്മപ്പെയ്ത്തിൽ അനുരാധ നനഞ്ഞുകൊണ്ടിരുന്നു.

ശങ്കുവെല്ല്യച്ഛൻ മരിച്ചിട്ട് അഞ്ചാറു വർഷ മായിക്കാണണം. വെല്ല്യമ്മയും വിശ്വേട്ടനും മാത്ര മാണ് ഇപ്പോഴാവീട്ടിലുള്ളത്. ഭാമ വിവാഹം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിൽ. തമ്മിൽക്കണ്ടിട്ട് കുറേക്കാലമാകുന്നു. പണ്ട് വെല്ല്യച്ഛന്റെ വീടിന്റെ മുറ്റത്ത് നിറച്ചും പൂക്കളായിരുന്നു. അത് ഭാമയുടെ ലോകമായിരുന്നു. പുസ്തകങ്ങളിൽനിന്നും ഭാമ ഒളിച്ചുകടന്നത് എന്നും പൂക്കളിലേക്കായിരുന്നു.

ഒരിക്കലും പോയിട്ടില്ലാത്ത ഭാമയുടെ ഇപ്പോഴത്തെ വീട്ടിലും പൂക്കളുണ്ടാകുമോ?

വിശ്വേട്ടന്റേതെന്ന് പറഞ്ഞ് ഭാമ വായിക്കാൻ തന്നിരുന്ന പുസ്തകങ്ങളുടെ ഉള്ളടക്കം മനസ്സിലാക്കാൻ പലതവണ വായിക്കേണ്ടി വന്നിരുന്നു. ഇങ്ങനെയും പുസ്തകങ്ങളുണ്ടാകുമോ എന്ന് അതിശയിച്ചിരുന്ന കാലം. എങ്കിലും ക്ഷമയോടെ വായിച്ചുതീർത്തിരുന്നു അതെല്ലാം.ഒരിക്കൽ ഒരു പുസ്തകത്താളിൽനിന്നും ഉണങ്ങിയ പൂവിതളുകൾ കണ്ടെടുത്തത് അവളോർത്തു. ഭാമ സ്വന്തം ഇഷ്ടത്തോടെ കൊണ്ടുവന്ന പുസ്തകങ്ങളായിരുന്നില്ല അതെന്ന് മനസ്സിലാക്കിയത് വളരെ വൈകിയാണ്. ഏതാനും വർഷങ്ങൾക്ക് മുൻപുണ്ടായ അപകടത്തിൽ ഒരുകാലിന്റെ സ്വാധീനം നഷ്ടപ്പെട്ട് വീട്ടിൽ ത്തന്നെ എഴുത്തും വായനയുമായി കഴിയുകയാണ് ഇപ്പോൾ വിശ്വേട്ടൻ. അത് അപകടമായിരുന്നില്ലെന്നും കൊലപാതകശ്രമമായിരുന്നുവെന്നും രണ്ടഭിപ്രായമുണ്ട്. അപകടമല്ലെന്ന് വിശ്വസിക്കാനും മറ്റുള്ളവരെ വിശ്വസിപ്പിക്കാനും അച്ഛൻ കാണിക്കുന്ന ശുഷ്ക്കാന്തി അനുരാധയെ പലപ്പോഴും വല്ലാതെ വേദനിപ്പിക്കാറുണ്ട്. ജോലികിട്ടിപ്പോയിട്ടും ഇടയ്ക്ക് വരുമ്പോഴെല്ലാം അവൾ ശങ്കുവെല്ല്യച്ഛന്റെ വീട്ടിൽ പോകാറുണ്ടായിരുന്നു. അച്ഛനതിൽ നേരിയ എതിർപ്പുണ്ടെന്ന് അന്നെല്ലാം ഓരോ തവണ അവിടെനിന്നും മടങ്ങിയെത്തുമ്പോഴും അദ്ദേഹത്തിന്റെ മുഖത്തുനിന്നും അവൾ വായിച്ചെടുത്തു. ഇരുവീട്ടുകാരും തമ്മിൽ കണ്ടിട്ടും മിണ്ടിയിട്ടും വളരെ നാളുകളായി.കുമ്മായം അടർന്നുവീണ ചുമരുകളുമായി ആ വീട് വിറങ്ങലിച്ചുനിൽക്കുന്നത് മുകളിലത്തെ തന്റെ മുറിയിൽ നിന്നും മിക്കപ്പോഴും അവൾ നോക്കിനിൽക്കാറുണ്ട്.

“എന്നാണ് തിരിച്ചുപോകുന്നത്?”

അച്ഛൻ മുഖത്തെടുത്തിട്ട ഗൗരവം വലിച്ചുകീറിക്കളയാൻ തോന്നിയെങ്കിലും ഒട്ടും ഈർഷ്യ കാണിക്കാതെ അവൾ മറുപടി പറഞ്ഞു.

“മൂന്നു ദിവസം കഴിഞ്ഞ്”

അച്ഛനിപ്പോൾ ജോലിയെക്കുറിച്ച് ചോദിക്കും. സർക്കാറിന്റെ പുതിയ സാമ്പത്തിക നയങ്ങളെക്കുറിച്ച് പറയും. തന്റെ രാഷ്ട്രീയ നിലപാട് വ്യക്തമാക്കാൻ ബന്ധങ്ങളെപ്പോലും തള്ളിപ്പറഞ്ഞുകൊണ്ട് സംസാരിക്കും. അച്ഛൻ നയങ്ങൾ മാറ്റിക്കൊണ്ടേയിരിക്കുന്നു, പതിവുകളും. ശങ്കുവെല്ല്യച്ഛന്റെ വീടും അച്ഛന്റെ രാഷ്ട്രീയമാറ്റത്തിന്റെ ഇരയാണ്. അതിനുള്ളിലെ മനുഷ്യജീവികൾ ശത്രുക്കളാണച്ഛന്. എന്നിട്ടും അച്ഛൻ വായിച്ചുകൊണ്ടേയിരിക്കുന്നതാണത്ഭുതം. മന്ദാരച്ചുവട്ടിൽ അറിയാതെ വന്നുപെട്ട് കണ്ണുതുറിച്ചിരിക്കുന്ന ഒരു ഓന്തിനെ നോക്കിനിന്നു അവൾ. രാഷ്ട്രീയമില്ലെങ്കിലും നിറം മാറാനറിയാം. അറിയാതെ ചിരിച്ചുപോയപ്പോൾ അച്ഛൻ ചുളിഞ്ഞ നെറ്റിയുമായി അവളെത്തന്നെ നോക്കി നിൽക്കുന്നു. പെട്ടെന്നു മുഖംതിരിച്ച് അവൾ പടികളിറങ്ങി.

മുറ്റത്തുനിറയെ കരിയിലകളായിരുന്നു. വീട്ടിലെ സഹായി ഇന്നു വന്ന ലക്ഷണമില്ല. ഇത്തിരിക്കാറ്റിൽ അവ മിണ്ടുകയും പറയുകയും ചെയ്യുന്നുണ്ടെന്ന് അവൾക്കുതോന്നി. ആ ഇലകളുടെ ഒടുവിലത്തെ ഗതിയെന്താണ്? ലോകത്തുള്ള കരിയിലകൾ മുഴുവൻ കൂട്ടിയിട്ടാൽ എത്ര കുന്നുകളുണ്ടാക്കാൻ കഴിയും? അവൾ പതുക്കെ തിരിഞ്ഞ് ഉമ്മറത്തേക്ക് നോക്കി.അച്ഛൻ ചാരുകസേരയിൽ ഇത്തിരിനേരം കണ്ണടക്കാനുള്ള ശ്രമത്തിലാണ്.വടക്കേമുറ്റത്തേക്ക് നടന്നപ്പോൾ അമ്മയുടെ ചെറിയ പച്ചക്കറിത്തോട്ടം ഉച്ചവെയിലിൽ വാടിനിൽക്കുന്നത് കണ്ടു. അരമതിലിനടുത്ത് ശങ്കുവെല്ല്യച്ഛന്റെ വീട്ടിലേക്ക് ചാടിക്കടക്കാനായി വെച്ചിരുന്ന ഒതുക്കുകല്ലുകൾ എന്നോ എടുത്തുമാറ്റിയിരുന്നു. അപ്പുറത്ത് വലിയൊരു മാവുണ്ടായിരുന്നു. അവൾ മതിൽ ചുറ്റി ഗേറ്റിനടുത്തെത്തി. ശക്തിയായി മിടിക്കുന്ന ഹൃദയത്തെ ശാന്തമാക്കിക്കൊണ്ട് ഒട്ടും തിരക്കില്ലാതെ മുന്നോട്ടു നടന്നു. പുല്ലുനിറഞ്ഞ നടപ്പാതയും കടന്ന് മകൾ വടക്കേ വീട്ടിലേക്ക് കയറിപ്പോകുന്നത് നെഞ്ചിടിപ്പോടെ അമ്മ നോക്കിനിൽക്കുന്നുണ്ടെന്ന് അനുരാധയറിഞ്ഞു. അവളുടെ ഉള്ളു കരഞ്ഞു.

***രണ്ട്***

അച്ഛനുണരുമ്പോഴേക്കും അനുരാധ തിരിച്ചെത്തുമോയെന്ന വേവലാതിയോടെ മുറ്റത്ത് നിന്നിരുന്ന അമ്മയേയും കടന്ന്, ഒരു മൂളിപ്പാട്ടും പാടി, മറ്റേതോ ലോകത്തിലെന്നപോലെ അവൾ വീട്ടിനുള്ളിലേക്ക് കയറിപ്പോയി. മേശപ്പുറത്ത്, അവളുടെ ബാഗിൽനിന്നും താഴെവീണ, അഞ്ചു പുസ്തകങ്ങൾക്ക് പണമടച്ചു എന്നതിന്റെ തെളിവുള്ള രസീത് ആരോ എടുത്തുവെച്ചിരുന്നു. ഉമ്മറത്ത് അച്ഛൻ ചുമയ്ക്കുന്ന ശബ്ദം.

പകൽ നടന്ന സംഭവത്തെക്കുറിച്ച് അമ്മ അവളോടൊന്നും ചോദിക്കുകയോ പറയുകയോ ചെയ്തില്ല. എങ്കിലും,ഏറെക്കാലത്തിനുശേഷം അന്നുരാത്രിഅമ്മയുടെ കൂടെ ഉറങ്ങാൻ കിടന്നപ്പോൾ പലതും പറയുന്ന കൂട്ടത്തിൽ ശങ്കുവെല്ല്യച്ഛന്റെ വീട്ടിൽപ്പോയതിനെക്കുറിച്ചും അനുരാധ പറഞ്ഞുകൊണ്ടിരുന്നു. തുറന്നിട്ട ജനാലയിലൂടെ കാറ്റ് വീണ്ടും ലില്ലിപ്പൂക്കളുടെ മണവുമായി വരുന്നുണ്ടെന്ന് തോന്നി.

“ഇന്ന് വിശ്വേട്ടന്റെ പിറന്നാളായിരുന്നു” അമ്മയുടെ മുഖത്തോട് മുഖം ചേർത്തുകൊണ്ട് അനുരാധ പതിഞ്ഞശബ്ദത്തിൽപ്പറഞ്ഞു.

അമ്മ ഉറങ്ങിപ്പോയിരുന്നു. അതുകൊണ്ട് അച്ഛനുവേണ്ടി വാങ്ങിയതിൽനിന്നും രണ്ടു പുസ്തകം പിറന്നാൾ സമ്മാനമായി അയാൾക്ക് കൊടുത്തു എന്നവൾ പറഞ്ഞത് അമ്മ കേട്ടില്ല. വീട് മുഖംപൊത്തിച്ചിരിച്ചു. അവളും.

■

കഥ



**സൗമ്യ ധർമ്മരാജൻ**
സോഫ്റ്റ്‌വെയർ
എൻജിനീയർ
ബേഗൂർ റോഡ്,
ബാംഗ്ലൂർ

# ജിബ്രാനും നെരൂദയും അല്പം സദാചാരവും

**"Love is trembling happiness!"**

ഉറങ്ങി കിടക്കുന്ന അവന്റെ മുടിയിഴകൾ ഒതുക്കിയിട്ടു വില്ല് പോലെ വളഞ്ഞ പുരികക്കൊടിയിലൂടെ വിരലോടിക്കുമ്പോൾ ജിബ്രാന്റെ വരികളാണ് അവൾക്കോർമ്മ വന്നത്.

ഒരു ദിവസം മുന്നേ ഇല്ലംകോട് നൈറ്റ് ട്രെക്കിങ്ങിനു പോയപ്പോഴാണ് അവനെ പരിചയപ്പെട്ടത്. ജന്മജന്മാന്തരങ്ങളായി പരിചയമുള്ളവരെ പോലെ ആ രാത്രി മുഴുവൻ അവർ കഥ പറഞ്ഞു. വളരെ നാളുകൾക്കു ശേഷമായിരുന്നു അവൾ ആരോടെങ്കിലും മനസ് തുറന്നു സംസാരിക്കുന്നത്. അതും ഒരു അപരിചിതനോട്. അവന്റെ രസകരമായ കോളേജ് വിശേഷങ്ങളിലൂടെ, അവളുടെ വിരസമായ ഓഫീസ് വിശേഷങ്ങളിലൂടെ, നെരൂദയുടെ കവിതകളും ജിബ്രാന്റെ ഫിലോസഫിയും ലോകത്തെ പട്ടിണി മരണങ്ങളും വർദ്ധിച്ചു വരുന്ന ചൂടും എല്ലാം കടന്നാണ് അവർ പ്രണയത്തിന്റെ തണുപ്പിലെത്തിയത്.

തന്നിൽ ഇനിയും പ്രണയത്തിന്റെ ഇളം തരികൾ ബാക്കിയുണ്ടെന്ന അറിവ് തന്നെ അവൾക്കൊരു അത്ഭുതം ആയിരുന്നു. ഒരുപക്ഷെ ഇനിയൊരിക്കലും പ്രണയിക്കാനാവില്ലെന്ന ഭയമായിരിക്കാം അവന്റെ ക്ഷണം സ്വീകരിച്ചു ഈ മുറിയിലേക്ക് വരാൻ അവളെ പ്രേരിപ്പിച്ചത്.

'അഞ്ചു വർഷങ്ങൾക്കു മേലേയായി ഞാൻ..'

'പേടിയുണ്ടോ?'– അവന്റെ കണ്ണിൽ കുസൃതി...

'ചോര തിളയ്ക്കുന്ന നിന്റെ പ്രായത്തെ പേടിക്കണ്ടേ?' അവളുടെ ചോദ്യം അവനെ വിഷമിപ്പിച്ചു.

'ഞാൻ വെറുതെ പറഞ്ഞതാണ്. താൽപര്യമില്ലെങ്കിൽ നമുക്ക് ഈ പ്ലാൻ വേണ്ട'

'നമുക്ക് നോക്കാം... ഒന്നും നടന്നില്ലേലും നല്ല പതുപതുത്ത മെത്തയിൽ കൊതു കടി കൊള്ളാതെ കിടന്നു കഥ പറയാമല്ലോ' അവളുടെ പ്രായോഗികത അവനു ഇഷ്ടപ്പെട്ടു.

അവർ ആ രാത്രിയിൽ വ്യത്യസ്തമായ കഥകൾ പറഞ്ഞു. ആദത്തിന്റെയും ഹൌവയുടെയും കാലം മുതലേ ഇണകൾ പറഞ്ഞു പതിഞ്ഞ കഥകൾ.

അവന്റെ ഉറക്കം മുറിക്കാതെ അവൾ വസ്ത്രം മാറി റെഡി ആയി. യാത്രക്കുറിപ്പ് എഴുതണോ വേണ്ടയോ എന്ന സന്ദേഹത്തിൽ തട്ടി നിൽക്കുമ്പോഴാണ് ഡോർ ബെൽ അമർത്തിയടിച്ചത്. അവർ റൂം സർവീസ് ഒന്നും പറഞ്ഞില്ലല്ലോ എന്നോർത്ത് ചെറിയൊരു അമ്പരപ്പോടെ ആണ് അവൾ വാതിൽ തുറന്നത്. പുറത്തു നിൽക്കുന്ന കപ്പട മീശക്കാരനായ പോലീസ് വേഷധാരിയെ അവൾ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. അവളുടെ നരച്ച ജീൻസും അയഞ്ഞ ജുബ്ബയും മുടിയിഴകളിലെ വെള്ളി വരകളും അയാൾ ഒറ്റ നോട്ടത്തിൽ അളന്നെടുത്തു.

'മാഡം ഇവിടെ കുറച്ചു പ്രശ്നം ഉണ്ട്. റെയ്ഡ് നടക്കുന്നു. റൂമിൽ കൂടെ ആരാണുള്ളത്?...' അയാളുടെ ശബ്ദം പരുക്കനായിരുന്നെങ്കിലും ബഹുമാനം കലർന്നതായിരുന്നു.

'ഞാനും മകനും മാത്രമേ ഉള്ളു. അവന്റെ അച്ഛന്റെ ആണ്ടാണ്. അമ്പലത്തിൽ ഒരു നേർച്ച ഉണ്ട്. അതിനു വന്നതാണ്. പ്രശ്നം ഗുരുതരമാണോ സർ? ഞങ്ങൾ വേറെ എവിടേക്കെങ്കിലും മാറണോ?'

അവളുടെ ശബ്ദം ശാന്തമായിരുന്നു.

'വേണ്ട, നിങ്ങൾ കതകടച്ചിരുന്നോളു. ഞങ്ങൾ നോക്കിക്കോളാം'

കതകടച്ചു പിന്തിരിഞ്ഞത് കത്തുന്ന ഇളം ബ്രൗൺ കണ്ണുകളിലേക്കാണ്.

'നിങ്ങൾ എന്തിനു കള്ളം പറഞ്ഞു. നിങ്ങൾക്ക് ഇതിനേക്കാൾ ധൈര്യം ഉണ്ടെന്നാണ് ഞാൻ വിചാരിച്ചിരുന്നത്' അവന്റെ വാക്കുകളിൽ പുച്ഛം...

'എന്റെ വിഡ്ഢിയായ കൊച്ചു റോമിയോ. ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം കഴിക്കണം എന്ന് നീ ഇതു വരെ പഠിച്ചിട്ടില്ലേ?'

'പക്ഷെ ഇവിടെ അതിനെന്തു പ്രസക്തി'

'നടുക്കണ്ടം കഴിച്ചില്ലേലും കഴിച്ചതായി അഭിനയിക്കാലോ. ഇനിയൊരിക്കൽ കൂടി കാണാൻ ഇടയില്ലാത്ത നമ്മൾ വെറുതെ അവരുടെ ആചാരം തെറ്റിച്ചു ശിക്ഷ ഏറ്റു വാങ്ങണോ?!' പൊട്ടിച്ചിരിച്ചു കൊണ്ടാണ് അവൾ ചോദിച്ചത്.

'ആചാരം?'

'സദാചാരം!'

അവന്റെ കണ്ണുകളിലെ പുച്ഛത്തിന്റെ നാമ്പുകൾ പുഞ്ചിരിയിലേക്കു വഴി മാറുന്നതും നോക്കിയിരുന്നപ്പോൾ അവൾക്കെന്തൊ നെരൂദയെ ആണ് ഓർമ വന്നത്!

**"Then love knew it was called love."**

■

കഥ



**സുമയ്യ സുമം**
അദ്ധ്യാപിക,
മഞ്ചേരി, മലപ്പുറം

# ഐ പി സി-309

**കേ**വലമൊരു ജാലകക്കാഴ്ച്ചയുടെ അകലം മാത്രമായിരുന്നു ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നത്. അതേ ജാലകക്കാഴ്ച്ചയുടെ മധ്യത്തിലായി ചെറിയൊരു പഞ്ചായത്ത് റോഡ്.. അതിന്റെ ഇരുവശങ്ങളിൽ വളർന്നു മുരടിച്ച ചെമ്പരത്തി വേലിയുടെ ഇലമറവിൽ കൂടി പാഞ്ഞെത്തിയ അവളുണ്ടാക്കിയ കറിക്കൂട്ടുകളുടെ വ്യത്യസ്ഥങ്ങളായ മണങ്ങൾ.. അയൽക്കാരിയെന്ന അടുപ്പത്തിനപ്പുറം അവളെ എന്നിലേക്കാഴ്ത്തിയിറക്കിയത് കൈപ്പുണ്യം പരത്തുന്ന ആ മണം തന്നെയായിരുന്നു.. രാവിലെ ഏഴ് ഏഴരയായിട്ടും, അവളുടെ അടുക്കളയിൽ നിന്നുമെത്താറുള്ള വറവുമണം മൂക്കിലേക്ക് തുളച്ചു കയറാത്ത ഇരുപത്തേഴ് ദിവസങ്ങൾക്കു മുന്നേയുള്ള ഒരു പ്രഭാതത്തിൽ സിറ്റൗട്ടിലിരുന്നു പത്രം കരടിക്കൊണ്ടിരുന്ന സമയത്താണ് സഖാഫി വിളിച്ച് കാര്യം പറഞ്ഞത്..

മൈമാക്കാ, എത്താ ഗഫൂറിന്റെ പൊരേല്??

എന്താണ്?

ങ്ങളൊന്ന് ഓന്റെ പൊരേക്കൊന്ന് കേറി നോക്കി.. ഔടെ കൊറച്ച് ആള് കൂടീണ്ട്.

ഇത്ര അടുത്തായിട്ടും ഞാനറിയാത്ത ഒരാൾക്കൂട്ടം ചെമ്പരത്തി മറവിനപ്പുറം എത്തിനോക്കുന്നുണ്ടോയെന്നറിയാൻ പത്രമുപേക്ഷിച്ച് ഞാൻ റോഡിൽ കേറി നോക്കി.. പ്രമേഹത്തിനുള്ള ഗുളിക കാലിവയറ്റിലേക്കെത്തിയ കാരണം ആമാശയത്തിലെ കാളിച്ച കത്തിജ്ജ്വലിച്ച് ചൂടുപിടിപ്പിച്ചിരുന്നു. അപ്പോൾ ചുട്ടെടുത്ത ഓട്ടടകൾ രണ്ടാമടുക്കളയിലെ ഡൈനിങ്ങ് ടേബിളിൻമേൽ കൊണ്ടുവന്ന് വെച്ച്  മാളു പ്രാതൽ കഴിക്കാൻ വിളിക്കുന്ന സമയമായിട്ടുണ്ട്. പക്ഷെ റസൂലിന്റെ വീടിന്റ ഉമ്മറത്ത് കണ്ട ആൾക്കൂട്ടത്തിനിടയിൽ ഞെരുങ്ങിയമർന്ന് എന്റെ വിശപ്പ് എവിടേക്കാണ് ഒളിച്ചോടിയിരുന്നതെന്ന് ഇപ്പോഴെന്റെ ഓർമ്മയിലില്ല.. ചുറ്റും കണ്ടവരോടൊക്കെ എന്തു പറ്റിയെന്ന് തിരക്കുമ്പോഴേക്കും ആരൊക്കെയോ ആ വീടിന്റെ മുറ്റത്തും തൊടിയിലും ടാർപ്പായി കൊണ്ടുള്ള പന്തലുയർത്തുകയും പള്ളിവക വാടകക്കടയിൽ നിന്നും കൊണ്ടുവന്ന നീലയും ചുവപ്പും നിറമുള്ള സ്റ്റൂളുകൾ നിരത്തുകയും ചെയ്തു.. പെട്ടെന്നുയരുന്ന പന്തലുകളും, പെട്ടെന്ന് നിരക്കുന്ന ഇരിപ്പിടങ്ങളും ഞങ്ങളുടെ നാട്ടിൽ മരണത്തിന്റെ അടയാളങ്ങളാണെന്ന് നെഞ്ചിൽ പുകഞ്ഞിരിക്കെ ചുണ്ടുകൾ അടക്കം പറയുന്നത് ഞാൻ ചെവിയോർത്തു..

കുക്കറ് പൊട്ടിത്തെറിച്ച ഒച്ച കേട്ട് ഔത്തറച്ചി സ്തംഭിച്ചാ...

മരണത്തിന്റെ പന്തലാണ് ഉയർന്നിരിക്കുന്നതെന്ന് മണത്തറിഞ്ഞു.. അതിന്റെ കാരണവും.. പക്ഷെ ആരാണെന്നുള്ള വളരെ വ്യക്തമായ ചോദ്യവും കൊണ്ട് ഞാൻ ആൾക്കൂട്ടത്തിനിടയിലേക്ക് മാറിനിന്നതേയൊള്ളൂ, മൂർദ്ധാവിൽ ലൈറ്റണക്കുകയും ശബ്ദം നിലക്കുകയും ചെയ്ത ഒരാമ്പുലൻസ് ഞരക്കത്തോടെ വന്ന് നിന്നു.. അതുവരെ അകത്തെ മുറികളിൽ അടക്കം പറഞ്ഞിരുന്ന ബന്ധുസ്ത്രീകൾ അലറിക്കരഞ്ഞു കൊണ്ട് പൂമുഖത്തേക്ക് പാഞ്ഞു വന്ന് തിരക്ക് സൃഷ്ടിച്ചപ്പോഴേക്കും വെളുത്ത തുണികൊണ്ട് മുഖംമൂടിയ സ്ത്രീശരീരത്തെ സ്റ്റ്രക്ചറിൽ നിന്നും ഗഫൂറും മറ്റു ചിലരും ചേർന്ന് പടിഞ്ഞാറിലേക്ക് ചെരിച്ചിട്ട പടിയിലേക്ക് കിടത്തി..

നോക്കീ..മയ്യത്തെത്തീണു, ബർത്താനം കൊർച്ച് കൊർക്കീ

മയ്യത്ത്...

അവസാനമെന്നാണെന്ന് ഒരു നിശ്ചയവുമില്ലാത്ത ജീവിതത്തിന്റെ നൂലറ്റത്ത് ഏതൊരാളെയും ഒരുപോലെ കെട്ടിയിടുന്ന പേര്.. ധനികനെന്നും ദരിദ്രനെന്നും പണ്ഡിതനെന്നും പാമരനെന്നും

സവർണ്ണനെന്നും അവർണ്ണനെന്നും വിവേചനമി ല്ലാത്ത സമത്വസുന്ദരമായ അടയാളപ്പെടുത്തൽ. ആയുസ്സു കാലത്ത് വിളിപ്പേരിലെ മുഴുവൻ അക്ഷ രവും തികച്ചു വിളിക്കാത്തവർ പോലും യാതൊരു സങ്കോചവുമില്ലാതെ ഉരുവിടുന്ന ആ പദം ഞങ്ങ ളുടെ നാട്ടിലും പരിസര പ്രദേശങ്ങളിലും മരണം അനൗൺസ് ചെയ്യുന്ന അബ്ദുള്ളക്കുട്ടിക്ക മൈക്കി ലൂടെ ഉറക്കെ പറഞ്ഞു തുടങ്ങി..

മലപ്പുറം കൊട്ടപ്പാറയിൽ താമസിക്കുന്ന മംഗലത്ത് ഗഫൂറിന്റെ ഭാര്യ മംഗലത്ത് ജുമൈലത്ത് എന്നവർ ഇന്ന് രാവിലെ മരണപ്പെട്ട വിവരം എല്ലാ നാട്ടുകാരേയും ബന്ധുമിത്രാദികളേയും വളരെ വ്യസന സമേതം അറിയിച്ചു കൊള്ളുന്നു... പരേത യുടെ മേലിലുള്ള മയ്യത്ത് നിസ്ക്കാരം ഇന്ന് രാവിലെ പത്തേമുപ്പതിന്ന് കൊട്ടപ്പാറ ജുമാമസ്ജി ദിൽ വെച്ച് നടക്കുന്നതാണ്..

എത്ര പെട്ടെന്നാണ് ജുമൈലത്ത് എന്ന നാലക്ഷരം മയ്യത്ത് എന്ന മൂന്നക്ഷരമായി ലോപി ച്ചത്... ഗഫൂറിന്റെ ഭാര്യയെന്ന പദവിയിൽ നിന്നും മയ്യത്ത് എന്ന പൊതു രൂപത്തിലേക്കുള്ള അവിചാ രിതമായ പരിണാമത്തിനിടയിൽ ആ വെള്ളമൂടി ക്കിടക്കുന്ന മുപ്പത്തിയെട്ടുകാരി അനുഭവിച്ചിരി ക്കാമെന്ന് അനുമാനിക്കുന്ന സകല കാര്യങ്ങളും അവിടെ കൂടി നിന്നിരുന്നവർ മൂക്കത്ത് വിരൽ വെച്ച് ചെവിയിൽ നിന്നും ചെവിയിലേക്ക് മന്ത്രി ക്കുന്നുണ്ട്..

അങ്ങനെ പറഞ്ഞാൽ പോര, ഭീകരമായ വൈറസ് വ്യാധി പകരുന്നത് പോലെ പരക്കു ന്നുണ്ട്..

ചിലർ അന്ധാളിക്കുന്നു, മറ്റു ചിലർ അത്ഭു തപ്പെടുകയോ കുടുംബനാഥയില്ലാതായ മക്ക ളെയും കുടുംബത്തേയുമോർത്ത് സഹതാപ ക്കണ്ണീർ തുടക്കുകയോ ചെയ്യുന്നു..

ഒരാഴ്ച്ചക്ക് ശേഷം നടക്കാനുള്ള ഇരട്ട ആങ്ങളമാരുടെ കല്യാണ ഒരുക്കങ്ങൾ കഴിഞ്ഞ് ജനിച്ചവീടിന്റെ സ്വസ്ഥതയിൽ നിന്നും അവളാ ഭ്രാന്തൻ ചെമ്പരത്തിപ്പൂക്കളുടെ മറവിനപ്പുറത്തേക്ക് എത്തിയത് മരണത്തലേന്നിന്റെ പാതിരാത്രിയായി രുന്നത്രേ. ആത്മബന്ധമുള്ളവരാരോ തേങ്ങലോടെ വെളിപ്പെടുത്തുന്നതിനരികെത്തന്നെ നിന്നു കൊണ്ട് നാളുകൾ കഴിഞ്ഞ് പരസ്പരം കാണുന്നവർ ആഹ്ലാദത്തോടെ പരിചയം പുതുക്കുന്നു. പരദൂഷ ണക്കുമ്പാരം ഉയർത്തുന്നു. അങ്ങനെയങ്ങനെ വീടിന്റെ നാലുഭാഗത്തും പള്ളിപ്പരിസരത്തും സൂചി കുത്താനിടയില്ലാത്തത്രയും ജനങ്ങൾ നിറഞ്ഞു തിങ്ങുന്ന രണ്ടോ മൂന്നോ മണിക്കൂറുകൾക്കിടയിൽ എന്റെ ബാപ്പയെ മറവ് ചെയ്ത മൺവീടിനരികെ മഹല്ലിന്റ കുയ്യൻ പുതിയൊരെണ്ണം തയ്യാറാക്കി വെച്ച് വിയർപ്പ് തുടച്ച് കുഴിയിൽ നിന്നും മുകളി ലേക്ക് ഏന്തിക്കേറി..

മൈമാക്കാ മയ്യത്ത് കുൾപ്പിച്ചോ..??

നിസ്കാരം കണക്കാക്കി ധൃതിയിൽ ഓടി വന്ന ഒരു പരിചയക്കാരന്റെ സംശയത്തിനുള്ള ഉത്തരമെന്നോണം ഇരുപത്തിമൂന്ന് വർഷം ഗഫൂ റിന്റെ ഭാര്യയായിരുന്ന ആ മയ്യത്തിനേയും ചുമന്നു കൊണ്ട് പള്ളിയിലേക്കുള്ള യാത്ര ഞങ്ങളെല്ലാവരും തുടങ്ങിക്കഴിഞ്ഞിരുന്നു. മിമ്പറിന് താഴെ മയ്യത്ത് കട്ടിൽ ഇറക്കിവെച്ച് തൽപ്പരല്ലാവരും നിസ്കാര ത്തിനായി സ്വഫ് കെട്ടിക്കൊണ്ടിരിക്കുമ്പോൾ പത്തമ്പതോളം ആളുകൾ ഹൗളിന്റെ സമീപത്ത് നിന്നു കൊണ്ട് മരണം മറന്ന തമാശകളിലേക്ക് ശബ്ദം ചുരത്തുന്നത് കേട്ട് മുക്രിയുസ്താദ് തൊണ്ട യനക്കി.

ആരേം കാത്ത് നിക്കൂല ട്ടോ.. വേം കേറി ക്കോളീ

കുറേ കാലത്തിന് ശേഷം കൊട്ടപ്പാറ ജുമാ മസ്ജിദിൽ മരണ നിസ്കാരത്തിന് അകത്തേപള്ളി നിറഞ്ഞ് ജനം പുറത്തേ വരാന്തയിലേക്ക് നിരക്കു ന്നത് ആ നിസ്ക്കാരത്തിനായിരുന്നു.. സമൂഹപ്രാർ ത്ഥനയിൽ നാൽപ്പത് പേരുണ്ടെങ്കിൽ അതിലൊരാ ളുടെയെങ്കിലും പ്രാർത്ഥന അള്ളാഹു കേൾക്കു മെന്ന ധാരണയിൽ അന്ന് കൂടിയ വമ്പൻ ജനാവ ലിയെ നാൽപ്പത് കൊണ്ട് ഹരിച്ച്, ചുരുങ്ങിയത് എത്ര പേരുടെ പ്രാർത്ഥന കേട്ടിട്ടുണ്ടാവുമെന്ന് കണ്ടെത്തി..

ഭാഗ്യം തന്നെ... ജീവിത സമയത്ത് മാനുഷി കമായ പാപം ചെയ്തിട്ടുണ്ടെങ്കിലും മരണ ശേഷം മറ്റുള്ളവരുടെ പ്രാർത്ഥന കൊണ്ട് സ്വർഗം കിട്ടു ന്നവർ....

മയ്യത്ത് മണ്ണിലേക്കിറക്കിയെന്ന് ഉറപ്പായ പ്പോഴേക്കും മറന്നു പോയ വിശപ്പും ഗുളിക കഴിച്ച കാര്യവും ഓർമ്മയിലേക്ക് തലനീട്ടി. അതങ്ങനെ യാണ്, അടുത്തവരുടെ മരണം നിമിത്തം പൊടു ന്നനെ സ്വയം ഇഞ്ചക്റ്റ് ചെയ്യുന്ന ആത്മീയതയും ഭയവും നൈമിഷികമാണല്ലോ.....! വീട്ടിലേക്കുള്ള മടക്കം പള്ളിപ്പറമ്പിലെ അയൽവാസികളായ ബാപ്പയുടെയും ഗഫൂറിന്റെ ഭാര്യയുടെയും ഖബ റിനരികിലൂടെയുള്ള ചെറിയൊരു കുറുക്കുവഴി യിലൂടെയാണ്.. അതിന്റെ സമീപത്തുള്ള പഴയ ഖബറാളികളുടെ രക്തത്തിൽ വേരോടി ചുവന്നു പോയ മൈലാഞ്ചിത്തൈകൾ വീടിന്റെ തൊടിയുടെ അരികു വരെ വളർന്നിട്ടുണ്ട്. ബാപ്പയുടെ സ്പർശം നെഞ്ച് തുളച്ച് മിഴികളിലൂടെ പുറത്ത് ചാടുന്ന ചുരുക്കം ചില നേരത്തൊക്കെ, ബാപ്പയുടെ ശിര സ്സിന് മുകളിൽ മണ്ണിനെ തൊട്ട് ഞാന്ന് കിടക്കുന്ന മൈലാഞ്ചിതളിരലകളിൽ നിന്നുമൽപ്പം വീട്ടിലേക്ക് ഞാൻ ഊരിക്കൊണ്ടുവരാറുണ്ട്. മാളു അത് അരച്ച് തലമുടിയിലിട്ടു തരും. ഉണങ്ങിക്കഴുകുമ്പോൾ വെളുത്ത മുടിയിഴകളൊക്കെ ചുവന്ന് തുടുത്ത് പ്രായം മറന്ന് ചെറുപ്പമാകും, പിന്നീട് ചുവപ്പുനര

യെല്ലാം വെളുക്കും വരെ വല്ലാത്തൊരു ഊർജ്ജ മാണ് എനിക്കുണ്ടാവാറ്.. ബാപ്പയെ തൊടുന്ന അതേ ഊർജ്ജം..

അടുക്കളയിലിരുന്ന്, തണുത്തു പോയ ഓട്ട ടയും മധുരമില്ലാത്ത ചായയും കഴിച്ച് പത്രങ്ങളി ലേക്ക് മടങ്ങിയപ്പോഴാണ് എന്നെ വീണ്ടും സഖാഫി വിളിച്ചത്.

ഗഫൂറും ഓന്റെ പെണ്ണും തമ്മില് യെന്തേലും കൊയപ്പം ണ്ടായീനോ..?

യെന്താ പ്പോ അങ്ങനെ ചോയിക്കാൻ?

അല്ലേയ്, ഞാനൊരു കട്ടൻ കുടിച്ചാൻ മാണ്ടി തോരപ്പന്റെ കടേല് കേറ്യപ്പോ.. ചെലോ ലൊക്കെ യെന്തൊക്ക്യോ പറീണ്ട്

ഇജ്ജെന്താ കേട്ടത്?

പള്ളീന്ന് സുബ്ഹി നിസ്കരിച്ച് ഓൻ പൊരേക്കെത്ത്യേപ്പോ ഓള് ജനൽമ്മെ തൂങ്ങി നിക്കേ യ്നി ന്ന്

ചെമ്പരത്തിയിലകളുടെ മറവിൽ കൂടി മരണ വീട്ടിൽ നിന്നും മാളു മടങ്ങിവരുന്നത് കണ്ടതും എന്റെ സംസാരം ഞാൻ പതുക്കെയാക്കുകയും സിറ്റൗട്ടിൽ നിന്ന് അകത്തേ മുറിയിലേക്ക് പോവു കയും ചെയ്തു.. പിന്നീടുള്ള സംഭാഷണമൊ ക്കെയും മാളു കേൾക്കാത്ത രീതിയിലായിരുന്നു

...ഏയ് അങ്ങനേണെങ്കി പോസ്റ്റ്മോർട്ടം ചെയ്യൂലേ?.. അല്ലേലും ജനൽമ്മെ തൂങ്ങ്യാ മരിക്കോ? കാല് നെലത്ത് തട്ടൂലെ? ഓള് ബല്യൊരു മൻഷത്തി ആയീനല്ലോ...

...അതന്നെ ഇബടെ എല്ലാരും പറേണത്, തൂങ്ങി നിക്ക്ണത് കണ്ടോല്ണ്ട്... പക്ഷെ, സ്വയം തൂങ്ങ്യേതല്ലാന്നൊക്കെയാണ് കേക്ക്ണത്..

...പിന്നേ.!?

...കൊന്ന് തൂക്കിയതാണ്ന്നൊക്കെ..

...ആര്..?!

ആരാന്ന് ആർക്കറിയാം?

ഞെട്ടലിന്റെ മൂർത്ത ഭാവത്തിൽ ശബ്ദം പുറത്ത് ചാടിയത് മാളു ശ്രദ്ധിച്ചോ ആവോ..???

പിന്നെയും ഞങ്ങളെന്തൊക്കെയോ സംസാ രിച്ചു. ഗഫൂറിന്റെ നന്മയെപ്പറ്റി, അയാൾ പറയാ റുള്ള തമാശകളെപ്പറ്റി, അവന്റെയും അവളുടെയും നിയോഗത്തെപ്പറ്റി, അവരുടെ മൂന്നാൺമക്കളെ ക്കുറിച്ച്, മരണത്തലേന്ന് അവർ അവളുടെ വീട്ടിൽ നിന്ന് ഏറെ സന്തോഷപൂർവ്വം മടങ്ങി വന്നതി ന്റെയും മരണപ്പുലർച്ചയുടെയും ഇടയിൽ സംഭവി ക്കാനിടയുള്ള (ഊഹം മാത്രം - പ്രത്യക്ഷത്തിൽ മാതൃകാ ദമ്പതികളായിരുന്നു) തീവ്രമായ പിണക്ക ങ്ങളെ കുറിച്ച്, അങ്ങനെയങ്ങനെ കുറേ കാര്യങ്ങൾ. ഇതിനിടയിൽ പള്ളിപ്പറമ്പിൽ നിന്ന് റസൂലിന്റെ ഭാര്യക്ക് വേണ്ടി മഹല്ല് ഖാളി തൽക്കീൻ* ചൊല്ലി ക്കൊടുക്കുന്നതിന്റെ നേർത്ത ശബ്ദം എന്റെ ഫോൺ സംഭാഷണത്തിന്റെ പശ്ചാത്തലമെ ന്നോണം ഞാൻ കേൾക്കുന്നുണ്ടായിരുന്നു..! ഏറ്റവും നിശ്ശബ്ദമായിട്ടിരിക്കേണ്ട ആ സമയത്തും ഒച്ചയെ മെല്ലിപ്പിച്ച് സഖാഫിയുമായി പങ്കുവെച്ചി രുന്ന കാര്യങ്ങൾ അതേപടിയോ അല്ലെങ്കിൽ അതിൽ കൂടുതലോ ഞങ്ങളുടെ മഹല്ലിലെ മറ്റുള്ള വരും പറഞ്ഞിട്ടുണ്ടാവും. എല്ലാവരും ചോദ്യങ്ങളും ഉത്തരങ്ങളും സ്വയം കണ്ടെത്തിയിട്ടുണ്ടാവും, മറ്റാരുമായും പങ്കുവെയ്ക്കരുതെന്ന ഉടമ്പടിക ളോടെ ഏറ്റവും വിശ്വസ്തരായവരോട് അനുമാന ങ്ങൾ പങ്കുവെച്ചിട്ടുമുണ്ടാവും.

അന്നേരം ശരീരത്തെ സൃഷ്ടിച്ച മണ്ണിന്റെ ചൂര് അവൾ ആഴത്തിലേക്കലിഞ്ഞ് അറിയുന്ന തേയുണ്ടായിരുന്നുള്ളൂ.. അപ്പോഴേക്കും ഒരു നൂറു തവണ ആരൊക്കെയോ ചേർന്ന് കഫൻ പുടവ യഴിച്ച് അവളെ വിവസ്ത്രയാക്കി..! നാക്കുളി കൊണ്ട് പല തവണ പോസ്റ്റ്മോർട്ടം ചെയ്തു! അതിലൂടെ ദുർഗന്ധം വമിക്കുന്ന ചലമൊഴുകി, നാടാകെ പരന്നു.!

എന്നാൽ അവളേക്കാൾ എത്രയോ തവണ ആരോപണങ്ങളുടെയും പ്രത്യാരോപണങ്ങളു ടെയും പോസ്റ്റ്മോർട്ടം ടേബിളിൽ കിടന്ന് വെട്ടലും കുത്തലും ചൂഴ്ന്ന് നോക്കലുമനുഭവിച്ചത് ഗഫൂ റാണ്. അവന്റെ കൂട്ടക്കാരാണ്. ഭൗതികശരീര ത്തിന്റെ ജീർണ്ണനാദിനങ്ങളുടെ എണ്ണം വർധിക്കു ന്നതിനനുസരിച്ച് (കൃത്യം ഇരുപത്തേഴ് ദിവസ ങ്ങൾ) മരണത്തിന് മുമ്പേ അവർക്കിടയിൽ ഉണ്ടാ വാൻ സാധ്യതയുള്ള സൗന്ദര്യപ്പിണക്കങ്ങളുടെ കാരണങ്ങൾക്കൊപ്പം അവിഹിതം കൂടി നാട്ടുകാർ ഉരസിച്ചേർത്തപ്പോൾ പരാതിയായി, വാർത്തക്കാരും നിയമം പാലിക്കുന്നവരും വന്ന് ഗഫൂറിന്റെ ഭാര്യ യായിരുന്ന ജുമൈലത്തിന്റെ മീസാൻ കല്ലുകളി ളക്കി, മൂടുകല്ല് വെട്ടിപ്പൊളിച്ച് അവശേഷിച്ചതെ ന്തൊക്കെയോ മാന്തിയെടുക്കാൻ ഉത്തരവായി..

പള്ളിപ്പറമ്പിൽ നിന്ന് ഖബറ് മാന്തിയതിന്റെ ആരവം ഒഴിഞ്ഞിട്ടില്ല. പോസ്റ്റ്മോർട്ടം കഴിഞ്ഞ് പുത്തൻ കഫൻ പുടവയിൽ അതേ മണ്ണറയിലേക്ക് ഒരു മതാചാരത്തിന്റെയും അകമ്പടിയില്ലാതെ ഗഫൂറിന്റെ ഭാര്യയെ കുത്തിയിറക്കുന്നതും കാത്ത് ജനസംഘങ്ങൾ അവിടെത്തന്നെ നിലയുറപ്പിച്ചി ട്ടുണ്ട്. പള്ളിയുടെ ഉമ്മറപ്പടികളിൽ ഞങ്ങൾ കുറച്ചു പേർ കാരണവൻമാർ മണ്ണ് മാന്തുന്നതും ശേഷം വീണ്ടും മറവ് ചെയ്യുന്നതും കാണാതിരിക്കാൻ ശ്രമിക്കുകയാണ്. കാരണം, അന്യസ്ത്രീയാണ്. ശരീരം കാണൽ ഹറാമാണല്ലോ..!

ഇരുപത്തിയേഴ് ദിവസം മണ്ണിനടിയിൽ ദമ്മ് ചെയ്യപ്പെട്ട ഒരു മൃതശരീരത്തിൽ കാണാനും, ആഗ്രഹിക്കാനും, വികാരം കൊള്ളാനും എന്താണ് ഉണ്ടാവുക എന്ന എന്റെ ചിന്തയെ മുറിച്ചു കൊണ്ട് സഖാഫി ചെവിയിൽ മന്ത്രിച്ചു..

മൈമാക്കാ, ഓള് ശഹീദന്നെ ട്ടോ

ന്തേ..യ് ?

ഓളെ തടിക്കൊന്നും പറ്റീല്ലോലോ..!

തീരെ വിശ്വാസം വരാത്ത ഒരു പരിഹാസ ച്ചിരി അടക്കിക്കൊണ്ട് ചുണ്ടുകടിച്ചാണ് ഞാന തിനെ ഏതിരേറ്റത്..

ജ്ജ് കണ്ടോ..?

ഓലൊക്കെ പറഞ്ഞത് കേട്ടു

ഖബറിൽ നിന്നും കോരിയെടുത്ത ശരീരം പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞു കെട്ടി ആംബുല ൻസിലേക്ക് കയറ്റുമ്പോൾ ഒറ്റനോട്ടം ഞാൻ കണ്ട താണ്.. സഖാഫി പറഞ്ഞ പോലെ ശഹീദാവുന്ന തിന്റെ മുമ്പ് ഒരു പാട് തവണ ഞാനവളെ ശ്രദ്ധി ച്ചിട്ടുമുണ്ട്. മഹല്ല് കാര്യങ്ങളുടെ ചർച്ചക്കായി ഗഫൂറിന്റെ വീട്ടിൽ പോവുമ്പോഴെല്ലാം വലിയ ഗ്ലാസിൽ വിവിധതരം ജ്യൂസുകൾ നൽകിക്കൊണ്ട് അവളെന്നെ സൽക്കരിക്കുമായിരുന്നു.. അതിലെ നിക്ക് ഏറ്റവും ഇഷ്ടപ്പെട്ടു പോയത് തേങ്ങാപൊങ്ങ് ജ്യൂസായിരുന്നു.. അത് വലിച്ച് കുടിക്കുന്ന അത്രയും നേരം അവളെന്നോട് കുശലം ചോദിക്കും.. എന്നുമെന്നും ചോദിച്ച ചോദ്യ ങ്ങൾ തന്നെ മാറ്റിയും തിരിച്ചും ആവർത്തിച്ചും... പറഞ്ഞതെന്നെ വീണ്ടും വീണ്ടും പറയുമ്പോൾ ഇവൾക്ക് നൊസ്സുണ്ടോ എന്ന് എന്റെ നെഞ്ച് കടയും.. മാളുവിന്റെ പെരടി വേദനയെക്കുറിച്ചുള്ള എന്റെ ഉത്തരങ്ങൾക്കായി ആകാംക്ഷയോടെ കാത്തുനിൽക്കുമ്പോൾ ഞാനവളെ തലതൊട്ട് കാൽവരെ കണ്ണുകൊണ്ട് മെല്ലെയൊന്ന് ഉഴിയും... സ്ത്രീശരീരത്തിന്റെ അവശ്യ മേഖലകളിലെല്ലാം ഉയർച്ചകളുള്ള ഒരു വലിയ പെണ്ണ് തന്നെയായി രുന്നു ജുമൈലത്ത്.. ആ ശരീരമാണ് ചുക്കിച്ചുരു ങ്ങിയളിഞ്ഞ്...

സഖാഫിയുടെ മന്ത്രിക്കൽ കേട്ടപ്പോൾ കണ്ടവർ അവിടെ നിൽക്കട്ടെ, കേട്ടവർ പറയട്ടെ എന്ന പഴമൊഴി എന്റെ മനസ്സിലൂടെ പൊട്ടിച്ചിരിച്ചു കൊണ്ട് പാഞ്ഞു പോയി.. അതുകൊണ്ടാവാം ദിവസങ്ങളോളം മണ്ണിനടിയിൽ കിടന്നിട്ട് പുഴു ക്കളും മണ്ണും തിന്നാത്ത ശരീരം ഉണ്ടാവില്ല എന്ന എന്റെ പുരോഗമന ചിന്തയും ശഹീദ് (സത്യത്തിന് വേണ്ടി യുദ്ധം ചെയ്ത് കൊല്ലപ്പെട്ടവൻ) എന്ന സഖാഫിയുടെ ഒറ്റപ്പദപ്രയോഗവും തമ്മിൽ അടി പിടിയായി. ഒരു തെളിവിന്റെയും അടിസ്ഥാനമി ല്ലാതെ, കൊല്ലപ്പെട്ടതോ, ആത്മഹത്യയോ, സ്വാഭാവിക മരണമോ എന്ന് തെളിയിക്കാതെ എങ്ങനെയാണ് മരണരാഷ്ട്രീയത്തിലെ സത്യവും അസത്യവും ബോധ്യമാവുക.? ഇനിയും മുന്നോ നാലോ ആഴ്ച്ചകൾ പിടിക്കുമായിരിക്കും ശരിയായ തെന്തോ അത് തിരിച്ചറിയാൻ.. അതുവരേക്കും നൂറു നിഗമനങ്ങൾക്കുള്ളിലൂടെയും കഥകൾക്കു ള്ളിലൂടെയും ജുമൈലത്തിന്റെ ആത്മാവ് രസകര മായ പല യാത്രകൾ നടത്തുന്നത് ഞാനൂഹിച്ചു..

ആ യാത്ര പള്ളിപ്പറമ്പ് കടന്ന് മദ്രസയിലെ ഉസ്താദിന്റെ ക്ലാസിലെ ബെഞ്ചിലേക്കെത്തി പെട്ടെന്ന് നിന്നു.

മരണ ശേഷം ശിക്ഷ ഉറപ്പുള്ള ഏഴു വൻ ദോഷങ്ങൾ എണ്ണിപ്പറയൂ മക്കളേ....

ഒന്ന്... ഷിർക്ക്

രണ്ട്...

.....

.....

ഏഴ്.... സ്വന്തം ശരീരത്തെ ഇല്ലായ്മ ചെയ്യൽ..!

ജുമൈലത്തിന്റെ ആത്മാവ് നടുങ്ങിയെ ണീറ്റു.. തന്റെ ശരീരത്തിന്റെ തലയറ്റത്തുള്ള മൈലാഞ്ചി ശിഖരങ്ങളിലേക്ക് ചേക്കേറിക്കൊണ്ട് തല കുമ്പിട്ടിരുന്നു.. വളരെ പെട്ടെന്ന് വലിയൊരു മുണ്ടക്കൻ കയറിൽ ആരോ ആയിരമായിരം കുരു ക്കുകൾ പണിയുകയും അത്രയും തവണ അവൾ തൂങ്ങിയാടുകയും ചെയ്തു..

അതേ സമയം പരിഭവക്കെട്ടുമായി ഗഫൂർ ഖബറിനരികെ ഇരിക്കുന്നുണ്ട്.. സംശയിക്കപ്പെട്ട വന്റെ ഇടർച്ചകളറിഞ്ഞ് മൈലാഞ്ചി പെയ്യുകയും ആത്മാവ് കോച്ചുന്ന ഒരു ഉശിരൻ തണുപ്പ് ഖബർ പൊടിച്ച മണ്ണിലേക്ക് ലയിച്ചു ചേരുകയും ചെയ്യു ന്നുണ്ടായിരുന്നു...

ഞാൻ മറ്റൊന്ന് കണ്ടുപിടിച്ചിരിക്കുന്നു.. ബാപ്പയുടെ മൈലാഞ്ചിച്ചെടിയിൽ പുതുതായി വന്ന തളിരിലകൾക്കെല്ലാം നല്ല ചെഞ്ചുവപ്പ് നിറവും വറവ് മണവും കൈവന്നിട്ടുണ്ട്.... എനിക്ക് ഉറപ്പുണ്ട്.. ചുവടെ മണ്ണിന്റെ ഇടുക്കുവഴികളിൽ കൂടി അവളുന്നുണ്ടാക്കിയ ഏതെങ്കിലും പുതിയ ഇനം കറിയായിരിക്കും എന്റെ ബാപ്പയ്ക്ക് നൽകി യിട്ടുണ്ടാവുക.. മണ്ണിനടിയിൽ നാരുവേരുപോൽ പടർന്ന സ്വസ്ഥതയുമായി അവളവളുടെ രാജ്യത്തെ സ്വർഗ്ഗരാജ്യമാക്കുന്നതിനിടയ്ക്ക് ചിലരുടെ നൊസ്സു മൂത്തത് തന്നെയാണ് അവളുടെ മൺ വീട് പൊടി ച്ചത്..

ഖബറിലും കൂടി സ്വൈര്യം തരാത്ത ജാത്യാള്...

എന്റെ രണ്ട് പെൺമക്കൾ ഒഴിവുദിനങ്ങളിൽ വീട്ടിൽ അടിപിടി കൂടുമ്പോൾ മാളു പൊതുവേ പറയാറുള്ള ആ ഒറ്റവാക്യത്തിന്റെ അർത്ഥം ഉള്ളു കൊണ്ടറിഞ്ഞ് ഞാനെന്റെ ചിരി അമർത്തി വെക്കു കയാണ്...

കാരണം,

ഖബറിലും കൂടി സ്വൈര്യം തരാത്ത ജാത്യാ ളാണല്ലോ ചുറ്റിലും...

NB: മാനസികരോഗമുള്ളവരെ പരിഗണിച്ചു കൊണ്ട് 2017ൽ സുപ്രീം കോടതി ആത്മഹത്യ ശ്രമം, ആത്മഹത്യ (IPC -309) എന്നിവ കുറ്റകരമല്ല എന്ന് വിധിച്ചിട്ടുണ്ട് .

■

കഥ



**സിസി രതീഷ്**
ചേർത്തല,
ആലപ്പുഴ

# സെമിത്തേരി

കല്ലറയിലെ പൂക്കളുടെ അഭാവമാണ്, ജോണിയ്ക്ക് ഡാനിയോട് അനുകമ്പ തോന്നാൻ കാരണം. ശബ്ദങ്ങളുടെ അഭാവത്തിൽ പ്രേതങ്ങൾക്കു മാത്രം മനസ്സിലാകുന്ന രീതിയിൽ അവർ സ്വയം പരിചയപ്പെട്ടു. ഒരു പിടി വെളുത്ത റോസാപൂക്കൾ കൊണ്ടലങ്കരിച്ച ജോണിയുടെ കല്ലറയേക്കാൾ എന്തുകൊണ്ടും ഭംഗി ശവം നാറി പൂക്കൾ വളർന്ന ലങ്കരിച്ച ഡാനിയുടെ കല്ലറയ്ക്കായിരുന്നു.

ജോണി പുതിയ സ്ഥലത്തു വന്ന് ഏതാനും ദിവസങ്ങൾക്കു ശേഷമായിരുന്നു ഡാനിയുടെ വരവ്. ജീവിച്ചിരുന്നപ്പോൾ ഒരടി മണ്ണു പോലും സ്വന്തമായില്ലാതിരുന്ന ജോണി, മരിച്ചിനു ശേഷം ആറടിമണ്ണ് സ്വന്തമായ വിരോധാഭാസത്തിൽ അന്തിച്ച് ചിരിക്കണോ കരയണോ എന്ന അവസ്ഥയിൽ കിടക്കുമ്പോഴാണ് ഡാനിയുടെ വരവ്. കൃത്യമായി ഓർക്കുന്നില്ലെങ്കിലും, ഇത്തിരി മാറി മൂലയിൽ കാണുന്ന തെമ്മാടിക്കുഴിയിലേയ്ക്ക് മോളി വന്നതിന്റെ പിറ്റേന്നായിരുന്നു ഡാനിവന്നത്.

തെമ്മാടിക്കുഴിയിലേക്കാകുമ്പോ നമ്മളൊന്നു ശ്രദ്ധിക്കുമല്ലോ. വഴിപിഴച്ചോ? വറുതിയിലായോ വിഷാദം മൂത്തോ ആത്മഹത്യ ചെയ്തവരായിരിക്കുമല്ലോ? ജോണി ഇതാദ്യമായാണ് മതത്തിന് പുറത്തു നിന്ന് ചിന്തിക്കാൻ തുടങ്ങിയത്. ജീവിച്ചിരുന്നപ്പോൾ ജീവിക്കാനുള്ള നെട്ടോട്ടത്തിൽ ആർക്കാണ് ആലോചിക്കാൻ സമയം. 'കാശുള്ള സഭയോ സഭയിലെ ഏതെങ്കിലും കുഞ്ഞാടോ ശ്രമിച്ചാൽ ഒഴിവാക്കാമായിരുന്ന ആത്മഹത്യകൾ'. ജീവിച്ചിരുന്നപ്പോൾ കൈ പിടിച്ചോ പകുത്തു നൽകിയോ ചേർത്തു നിർത്തിയോ ഒഴിവാക്കാവുന്ന മരണങ്ങൾ. ദൈവഹിതമല്ലാതെ നടക്കുന്ന മരണത്തിൽ മനുഷ്യഹിതമനുസരിച്ച് സെമിത്തേരിയിൽ അവർക്കും ഒരു കുഴി കുത്തിയല്ലോ, ജോണി നിശ്വസിച്ചു.

ഡാനിയുടെ വരവ് ശ്രദ്ധിക്കാൻ കാരണം ജോണി വന്നിട്ട് ഇതുവരെ കാണാത്ത, ജീവിച്ചിരുന്നപ്പോഴും കാണാത്ത തരത്തിലുള്ള ആഢംബര ശവസംസ്ക്കാരമായിരുന്നു ഡാനിയുടേത്. ഫ്ളാഷ് ലൈറ്റുകളും മൊബൈലുകളും ഇങ്കിലാബ് വിളിക്കുന്ന ശവപ്പറമ്പു പോലിരുന്നു സെമിത്തേരി. പോരാത്തതിന് ശവം റാഞ്ചാൻ വട്ടമിട്ടു പറക്കുന്ന പരുന്തിനെ പോലെ ഡ്രോണും. പറക്കമുറ്റാത്ത മക്കളേയും ഭാര്യയേയും കുറിച്ച് ആകുലപ്പെട്ടു കിടന്ന ജോണി, ആലോചനയിൽ നിന്ന് തെന്നിമാറിയത് ആൾക്കാരുടെ ഒച്ചപ്പാടിലാണ്. വിശ്വാസമനുസരിക്കാതെ, താൻ നാൽപത് തികയും മുന്നേ സ്വർഗ്ഗത്തിലെത്തിയോ? എന്ന വിചാരമായിരുന്നു ജോണിക്ക്. പക്ഷേ അല്ല കേട്ടോ ശുഭ്രവസ്ത്രധാരികളായ ഡാനിയുടെ ബന്ധുക്കളായിരുന്നു. വെള്ള പൂക്കളാൽ അലങ്കരിച്ച മഞ്ചലിലേറി ഡാനി വന്നു, മരണത്തിന്റെ ആഘോഷം!

മരണത്തിന്റെ രാജകുമാരനായിട്ടായിരുന്നു ഡാനിയുടെ വരവ്. മരണ രാജാവ് എഴുന്നള്ളുന്നതും കാത്ത്, ഡാനിയുടെ ബന്ധുക്കൾ വളരെ നാളായി നോക്കെത്താ ദൂരത്ത് കാത്തിരിക്കുകയായിരുന്നു.

ഡാനിയെ മരണം മറയ്ക്കുകയായിരുന്നു. ബന്ധുജനങ്ങളുടെ പ്രബലതയിൽ കുഴിമാടത്തിൽ തിരിതെളിക്കാനോ, പൂവെയ്ക്കാനോ ആവാത്ത വിധം കടലാസു പോലെ മഞ്ഞച്ചുപോയ മറവിയായി.

ഒരടി മണ്ണു പോലും സ്വന്തമായില്ലാതിരുന്ന ജോണി സ്വയം ആശ്വസിച്ചു മക്കളുടെ മുന്നിൽ ജോണിയുടെ മരണം തീരാനഷ്ടമായിരുന്നു. അന്നം മുടങ്ങിയ മക്കൾക്ക് മുന്നിൽ ജോണിയുടെ മരണം വകതിരിവിന്റെ മിന്നൽ പിണരായിരുന്നു. വിശപ്പറിയാതിരുന്ന മക്കളിപ്പോൾ വിശപ്പറിഞ്ഞു തുടങ്ങിയിരിക്കുന്നു. അവരച്ഛന്റെ അഭാവം അനുഭവിക്കാൻ തുടങ്ങുന്നു. വിശപ്പടങ്ങുന്നതു വരെയെങ്കിലും എന്റെ മക്കളെന്നെ ഓർക്കും. സ്വന്തമായ് അന്നം തേടുന്നതുവരെ ഒരു പനിനീർ പൂവെങ്കിലും എനിക്കായ് കരുതും. ഡാനീബ നിനക്കെന്റെ ഇല്ലായ്മയിൽ അസൂയപ്പെടാം.....

അതുവരെ ഒന്നും അറിയിക്കാതിരുന്ന ഡാനി തന്റെ മൗനത്തിന്റെ ഭാണ്ഡക്കെട്ട് ജോണിക്കു മുമ്പിൽ അഴിച്ചിട്ടു. അതിൽ പങ്കുവെച്ച സ്വപ്നങ്ങളേക്കാൾ കൂടുതൽ കൂട്ടി വച്ച സ്വപ്നങ്ങളായിരുന്നു.... നഷ്ട വാത്സല്യങ്ങളും സ്നേഹങ്ങളും കൊണ്ടുള്ള തുള വീണ ഭാണ്ഡത്തിലെങ്ങനെയാണ് നിന്റെ സ്വപ്നങ്ങളുടെ കൊട്ടാരം പണിതുയർത്തുക ഡാനീ – മരണത്തിനു മുന്നേ നീ പരാജയമറിഞ്ഞു. അതെ മരണത്തിനു മുന്നിലെ മരീചികയായിരുന്നു ജീവിതം.

ബാല്യത്തിലെപ്പഴോ ആർത്തലച്ചു പെയ്ത മഴയിൽ കുത്തിയൊലിച്ചു പോയ കൂരയോളം പഴക്കമുണ്ട് ഡാനിയുടെ ഓർമ്മകൾക്ക്. പുതുമകൾ തേടി നാടുവിട്ട അപ്പൻ കുടിയേറ്റക്കാരനായ് മല വെട്ടി പിടിക്കാൻ വന്നിട്ട് അധികമായില്ലായിരുന്നു. അമ്മയും മലയോര ജീവിതവുമായി പൊരുത്തപ്പെട്ടു തുടങ്ങിയിട്ടില്ല. ഓരോ ശ്വാസത്തിലും കടലുപ്പിന്റെ കാറ്റുണ്ടായിരുന്നു. അന്നത്തിനു വകയില്ലാതെ വന്നപ്പോൾ പിച്ചതെണ്ടാൻ അറച്ച കാലുകൾ കുടയേറ്റത്തിന്റെ കാണാപ്പുറങ്ങൾ തേടി മല കയറി വന്നതാണ്.

മഴയിൽ മങ്ങിയ കാഴ്ചയിൽ കുത്തിയൊലിച്ചു പോയ അപ്പനും അമ്മയും. ബാല്യം വിടാത്ത താൻ മറിഞ്ഞ് കിടന്ന മരത്തിന്റെ വേരുകൾക്കിടയിൽ കുടുങ്ങി. ജീവിതം വലയിൽ കുടുങ്ങി കിട്ടിയതാണ്. സർക്കാർ കണക്കിൽ പോലും എണ്ണപ്പെടാത്ത മരണമായപ്പോൾ ബന്ധങ്ങളും മുറിഞ്ഞ് പോയിരുന്നു.

അനാഥത്വത്തിന്റെ സ്വാതന്ത്ര്യത്തിൽ അഴലുകളറിയാതെ മണ്ണുതിന്നും കിഴങ്ങു തിന്നും മണ്ണിൽ പണിയെടുത്തു, ഡാനി വളരുകയായിരുന്നു.

ജീവിതം വളഞ്ഞും പുളഞ്ഞും ഒഴുകി പോകവേ, എന്നോ ഒരിക്കൽ വഴിക്കരികിലെ സെമിത്തേരിയിൽ കരഞ്ഞു തളർന്ന ഒരു പെങ്കൊച്ചിനെ കണ്ടു. അന്ന - യാദൃച്ഛികം നിശ്ചയമായ കാഴ്ചയായപ്പോൾ ഒരു ദിവസം അങ്ങോട്ടു ചെന്നു അന്നയെ പരിചയപ്പെട്ടു. കൈ പിടിച്ച് ജീവിതത്തിലേയ്ക്കു കയറ്റി, പിന്നീടുള്ള ഡാനിയുടെ വളർച്ച പെട്ടന്നായിരുന്നു. ജീവിതത്തിന് അടുക്കും ചിട്ടയും വന്നതോടുകൂടി കൃഷി വിപുലീകരിച്ച് താമസിയാതെ നാട്ടിലെ പ്രമുഖനായ പ്ലാന്ററായി.

ബന്ധങ്ങൾ ബന്ധവസ്സായെന്നു കരുതിയ ഡാനി സ്വാതന്ത്ര്യത്തിന്റെ മേച്ചിൽപുറങ്ങൾ തേടി, ലഹരിക്കു മുന്നിൽ കൂപ്പുകുത്തി, മക്കളു വളർന്നതോ പറന്നതോ അറിയാതെ സമ്പത്തിന്റെ പറക്കുംതളികയിൽ ഉന്മത്തനായി പറന്നുയർന്നു.

നിനക്കറിയുമോ ജോണി ഈ സമ്പത്തൊക്കെ ഉണ്ടായിട്ടും ഉറുമ്പരിച്ചും പുഴുവരിച്ചുമാണ് ഞാൻ മരിച്ചത്. അന്നയ്ക്ക് എങ്ങനെ എന്നെ കണ്ടില്ലെന്നു നടിയ്ക്കാൻ കഴിഞ്ഞു.

'ജോണി നിനക്കറിയുമോ എന്റെ അന്നയുടെ കഥ. അന്നു സെമിത്തേരിയിൽ കരഞ്ഞു നിന്ന അവളെ ഏറ്റെടുത്തത്. ഒറ്റപ്പെട്ടുപോയ അവൾക്കൊരു താങ്ങാകാനായിരുന്നു. എല്ലാം അറിഞ്ഞു കൊണ്ട് - ചതിയിൽപ്പെട്ട് ഗർഭിണിയായ അവളെ തെമ്മാടിക്കുഴിക്കരികിൽ പെട്ടെന്നൊരു ദിവസം വയറൊഴിഞ്ഞ നിലയിൽ കണ്ടു. പതിവിൽ കൂടുതൽ വിളറിയിരുന്ന മുഖത്ത്, കണ്ണുനീരിന്റെ ചാലു വറ്റാതെ ഒഴുകിയിരുന്നു.

അന്നയുടെ അമ്മ ആത്മഹത്യ ചെയ്തതാണ്. മകളുടെ അവിഹിത ഗർഭം വളർന്നു വലുതാവുന്നതു കാണാൻ നിക്കാതെ അവർ പുഴയിൽ ചാടി മരിച്ചതാണ്.

കുഴിമാടത്തിൽ നിന്ന അന്നയുടെ മാറിലൊതുക്കിയ സഞ്ചിയിൽ നിന്നും കിനിഞ്ഞൊഴുകുന്ന ചോര! എന്റെ കണ്ണു തള്ളി. അന്ന മാസം തികയാതെ ഒരു കുഞ്ഞിനെ പ്രസവിച്ചു. ഭ്രഷ്ട് കല്പ്പിച്ച് ഭ്രാന്തിയാക്കിയ നാട്ടുകാരുടെ സഹായം തേടാതെ പൊക്കിൾക്കൊടിമുറിച്ച് മറുപിള്ളയേയും കുഞ്ഞിനേയും സഞ്ചിയിലാക്കി കുഴിച്ചുമൂടാൻ വന്നതാണ്. സഞ്ചിയിലെ തുണിക്കിടയിൽ വാ പൊളിച്ച് കരഞ്ഞിട്ടും ശബ്ദമില്ലാതിരുന്ന കുഞ്ഞിനെ കണ്ടപ്പോൾ എന്റെ അനാഥത്വം കുഞ്ഞിനു മുന്നിലെ ശൂന്യതയിൽ അന്ധാളിച്ചു പോയി. പിന്നെ ഒന്നും ആലോചിച്ചില്ല, അന്ന ആദ്യം സമ്മതിച്ചില്ലെങ്കിലും ഞാനവരെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി. എന്റേതല്ലാത്ത ചോര എന്റെ ചോരയിലെ വിയർപ്പുതുള്ളിയിൽ വളരാൻ തുടങ്ങി. ആരോഗ്യം തീരെ കുറവായ കുട്ടി കുറച്ചു ദിവസത്തിനു ശേഷം മരിച്ചു.

അന്നയ്ക്ക് ആയിടയ്ക്ക് ഒരു നിസ്സംഗഭാവമായിരുന്നു. കാലം പലതും മായ്ക്കുന്നതു പോലെ എനിക്കും അന്നയോട് സ്നേഹം തോന്നി, അന്നയും സന്തോഷവതിയായിരുന്നു. ഞങ്ങളിലും മക്കളുണ്ടായി. മുറ്റത്തും പറമ്പിലും ഓടിക്കളിയ്ക്കാൻ മക്കളുണ്ടായപ്പാൾ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ബന്ധുത്വം വളർന്നപ്പോൾ, വിഴിപ്പുകെട്ടു ചുമന്ന വിശാലമനസ്കതയെ പലരും കളിയാക്കി തുടങ്ങി. എന്റെ സത്വം രക്ഷിക്കാൻ ഞാൻ മദ്യപിച്ചു തുടങ്ങി, പല ദിവസങ്ങളിലും ഞാൻ കൂടണയാത്ത കിളിയായിരുന്നു.

അന്ന സ്നേഹമുള്ളവളായിരുന്നു. അന്നയുടെ സങ്കടമൊന്നും ഞാൻ തിരക്കിയില്ല. അന്നയൊട്ടു പറഞ്ഞതുമില്ല. പണവും സ്വത്തുമെല്ലാം മക്കളെല്ലാവരും കൂടി പങ്കു വച്ചെടുത്തു. നാട്ടിൽ പരന്നു കിടന്ന അമ്മയുടെ കഥ അറിയാവുന്ന മക്കൾക്ക് അമ്മയോട് ഈർഷ്യത തോന്നി തുടങ്ങി കാണും. സ്വബോധമില്ലാതിരുന്ന എന്നെ ഇതൊന്നും ബാധിച്ചിരുന്നില്ല.

കനലെരിഞ്ഞ അന്നയിൽ മൗനം വെണ്ണീറു പോലെ വന്നു മൂടി തുടങ്ങി. വീര്യം കെട്ടുപോയ ഏതോ നിമിഷത്തിൽ ജനലരികിൽ പുറത്തേയ്ക്കു കണ്ണുനട്ടിരിക്കുന്ന അന്ന എന്റെ ഓർമ്മ മാത്രമാണ്.

എന്റെ ഉന്മത്തവസ്ഥ പോലും അന്ന അറിഞ്ഞു കാണുകയില്ല. ജോണിക്കറിയുവോ വല്ലപ്പഴും വീട് വൃത്തിയാക്കാൻ വരുന്ന പണിക്കാരനാണ് ശ്വാസകോശം വരെ ഉറുമ്പരിച്ചും ആസനത്തിൽ നിന്ന് പുഴുവരിച്ചും തുടങ്ങിയ എന്നെ കണ്ടത്. അന്ന അപ്പൊ എവിടെ ആയിരുന്നിരിക്കും?

അനാഥത്വത്തിന്റെ അരക്ഷിതത്വത്തിൽ അക്ഷര കൂട്ടത്തിലെവിടെയോ കണ്ട ശൂ വരച്ചോ? അബോധാവസ്ഥയിൽ തള്ളവിരൽ അമർത്തിയോ ബന്ധങ്ങൾ അടർത്തി വിട്ടത് ഞാൻ പോലുമറിഞ്ഞില്ല ജോണി..

എന്നാലും എന്റെ അന്ന മഴ തീർത്ത മങ്ങലിപ്പോഴും ഉണ്ട്. അവിടെ ആ തെമ്മാടിക്കുഴിയ്ക്കു മുന്നിൽ അന്നയാണോ എന്നെ തുറിച്ചു നോക്കുന്നത്!

■

കഥ



**സിനി സി.കെ.**
സിവിൽ എൻജിനീയർ
ബാംഗ്ലൂർ

# തുലാഭാരം

**അ**ന്ന് ശനിയാഴ്ചയാണെന്ന കാര്യം അവൾ മറന്നു പോയിരുന്നു. ത്രാസ്സിന്റെ ഒരു തട്ടിൽ താൻ ഒരുക്കി വെച്ച ചോറും കറിയും വറുത്തമീനും എടുത്തുവെച്ചു മറ്റേ തട്ടിൽ അവൾ കയറി ഇരുന്നു. തന്റെ തട്ട് താഴ്ന്നു തന്നെ! അതെങ്ങനെയാ ശരിയാവാ ? കെട്ടിക്കൊണ്ടുവന്ന പെണ്ണിന്റെ സൗന്ദര്യത്തിലും സ്വർണത്തിലുമാത്രെ ത്രാസ്സിന്റെ തട്ട് താഴ്ന്നുനിൽക്കാവൂ. കൂടിയത്താഴ്ന്നു നിൽക്കുന്ന ഏക സ്ഥലം! (ഈ ത്രാസ്സു കണ്ടുപിടിച്ച ആളെ സമ്മതിച്ചു!).

ഇതിപ്പോ എന്താണാവോങ്ങനെ ?.. ആ. ഇതൊക്കെ മതി എന്നും പറഞ്ഞു അലക്കിയ തുണി വിരിച്ചിടാനായി എടുക്കുമ്പോഴാണ് നീ ഇന്ന് ഉപ്പേരി ഒന്നും വെച്ചില്ലേ, അവൻ വീട്ടിലുള്ള ദിവസം അല്ലെ എന്ന്' അമ്മ ചോദിച്ചത്.

ഓ..അത് ശരിയാണല്ലോ, വെറുതെ അല്ല എന്റെ തട്ട് താഴ്ന്നു നിന്നത്.

വെണ്ടയ്ക്ക ഉപ്പേരി ഉണ്ടാക്കി വെച്ചപ്പോ തട്ട് ഇത്തിരി പൊങ്ങി, പപ്പടം കൂടെ വറുത്തു വെച്ചപ്പോ വിഭവങ്ങളുടെ ത്രാസു താണു. ഹാവൂ സമാധാനം ആയി.

വിരിക്കലും അടിക്കലും ഒക്കെ കഴിഞ്ഞു ഉച്ചഭക്ഷണോം തട്ടി ഒന്ന് ചായാന്വെച്ചപ്പോ സമയം 3.30. സാരല്യ ഒന്ന് കിടക്കാം....

'കുട്ടി എന്താ ഇവടെ ?'

'എനിക്കൊരു തുലാഭാരം നടത്തണം'

'ആയിക്കോട്ടെ... ശീട്ടാക്കിയോ?'

'ശീട്ടാക്കണോ?'

'ആ വേണം എന്തോണ്ടാ തുലാഭാരം വേണ്ടത്?'

'സ്വപ്നംകൊണ്ട്.'

'ന്തോണ്ട് ?'

'എന്റെ സ്വപനങ്ങൾ കൊണ്ട്.'

'ഓ ശരി.. അത് കൊണ്ട്വന്നിട്ടുണ്ടോ?'

'പിന്നില്ലാതെ, എന്റെ മാറാപ്പിൽ സ്വപ്നങ്ങളും ഓർമകളും മാത്രേ ഉള്ളൂ.'

'സാധനം കൊണ്ട്വന്നൊണ്ട് നൂറ് രൂപ ശീട്ടാക്കിയ മതി.'

'ശരി.'

'ഇതാ ശീട്ട്... എവിടെയാ വെക്കേണ്ടത്.'

'ആ തറയിലോട്ടു വെച്ചോളൂ... സ്വപ്നങ്ങൾ നിറച്ച ചാക്കും അവിടെ വെച്ചോളൂ... ന്നട്ട് ആ തട്ടിലോട്ടു കേറിയിരുന്നോളൂ.'

'ശരി ..ഞാനിരിക്കാം'

'ഉം...'

ഞാൻ തട്ടിൽ കേറി ഇരുന്നു. ഇനി അപ്പുറത്തെ തട്ടിൽ സ്വപ്നങ്ങളും വെച്ചാൽ സ്വപ്നം കൊണ്ട് തുലാഭാരം ചെയ്യണമെന്ന എന്റെ ആഗ്രഹം സഫലമാകും.

'കുട്ടീ, പ്രാർത്ഥിച്ചിരുന്നോളൂ..'

'ശരി.' കൈകൂപ്പി കണ്ണടച്ച് ഞാൻ ഇരുന്നു.

ഡിം... തലക്കുള്ളിൽ നിന്നും മിന്നലും ഈച്ചയും ഒരുമിച്ചു പറന്നു.

കണ്ണ് തുറന്നു നോക്കുമ്പോ ഞാനും ത്രാസ്സും മേൽക്കൂരയിൽ തട്ടി നിക്കാണ്.

'ഇതിനിത്രേം തൂക്കംണ്ടാ?' തിരുമേനി ചോദിച്ചു

'ഇല്ലാണ്ട് പിന്നെ... അത് നിറയെ എന്റെ...'

'ഡീ...' കുലുക്കി സർബത്തടിക്കുന്ന പോലെ കുലുക്കി ഉള്ള വിളി കേട്ട് കണ്ണും തിരുമ്മി ഞാൻ തല തടവി നോക്കി..

'നാല് മണി ആയി.. പോയി ചായ വെയ്ക്ക്'

സ്വപ്നങ്ങൾ ചാക്കിലേക്കു മാറ്റി ജീവിതം വീണ്ടും ത്രാസ്സിലേക്കെടുത്തുവെച്ചു.

■

കഥ



**പൂർണ്ണിമ ജി.**
അദ്ധ്യാപിക,
ചിറ്റൂർ, പാലക്കാട്

# താമരക്കുളം

എപ്പോഴത്തേയും പോലെ സ്റ്റാഫ് മീറ്റിംഗ് ശബ്ദമുഖരിതമായിരുന്നു. സ്കൂളിന്റെ പ്രധാന ലക്ഷ്യം റിസൾട്ട് മെച്ചപ്പെടുത്തലാണെന്നും അത് മുന്നിൽ കണ്ട് വേണം എല്ലാ പ്രവർത്തനങ്ങളെന്നും എച്ച്.എം. പറഞ്ഞു നിർത്തി. പതിവ് പോലെ മഞ്ജുള ടീച്ചർ കുറേ സ്വപ്നങ്ങൾ നിരത്താൻ തുടങ്ങി. അതിന്റെ പ്രായോഗികതയെക്കുറിച്ച് മറ്റുള്ളവർ സംശയിച്ചാൽ വളരെ നിഷ്കളങ്കമായി ടീച്ചർ വിവരണം തുടങ്ങും. ഇങ്ങനെ യുക്തി ഇല്ലാതെ ചിന്തിക്കുന്നതെങ്ങനെ എന്ന് അതിശയവും അസൂയയും തോന്നാറുണ്ട്. താൻ ഇത്രയൊക്കെ കഷ്ടപ്പെട്ടിട്ടും ഈ സ്കൂൾ എന്താ ഇങ്ങനെ എന്ന് തലയ്ക്ക് കൈ കൊടുത്തിരിക്കുന്ന മധു സാർ. കുറേപ്പേർ എന്നത്തേയും പോലെ നിസ്സംഗരായിരിക്കും. നാല് മണിക്കൊപ്പം കൊഴിയുന്ന വേറെ ചിലർ. അഭിപ്രായം പറയാൻ മിടുക്ക് കാണിക്കാത്ത തന്നെ പോലുള്ളവർ ഒന്നിനും കൊള്ളാത്തവരാണ്. പാവങ്ങൾ. അല്ലെങ്കിൽ പ്രതികരണ ശേഷി നഷ്ടപ്പെട്ടവർ. പല ചോദ്യങ്ങളും അഭിപ്രായങ്ങളും മനസ്സിലുയരാതെയല്ല. അല്ലെങ്കിൽ തന്നെ എന്നാണ് സ്വന്തം അഭിപ്രായം പറഞ്ഞിട്ടുള്ളത്? നല്ല മകൾ, ഭാര്യ, മരുമകൾ, അമ്മ അങ്ങനെ നീളുന്ന പട്ടികയിൽ എവിടെയൊക്കെയോ സ്വന്തം ഇഷ്ടങ്ങൾ മറന്നു വെച്ചു. ചിന്തകൾ നൂലറ്റ പട്ടമായി....

രേണുക ടീച്ചർ രണ്ട് ദിവസമായി പതിവ് വഴി വിട്ട് വളഞ്ഞ വഴിയിലൂടെയാണ് പോക്കും വരവും. സ്റ്റാഫ് മീറ്റിംഗ് കഴിഞ്ഞപ്പോൾ നേരം വൈകിയതു കൊണ്ട് ഇന്ന് എളുപ്പവഴിക്ക് പോവാമെന്ന് വെച്ചു. പാടങ്ങൾക്കിടയിലൂടെ നടന്ന് കുളത്തിനടുത്തെത്തി. നിശ്ചലമായ വെള്ളത്തിൽ നിന്ന് പെട്ടെന്നാരോ പൊങ്ങുന്നു! ഇതവനല്ലേ സതീഷ് ? വല്ലപ്പോഴും മാത്രം ക്ലാസ്സിലെത്തുന്നവൻ. എന്നത്തേയും പോലെ മുഷിഞ്ഞ ഷർട്ടും ട്രൗസറും. പക്ഷെ ക്ലാസ്സിൽ വരാത്ത ദിവസങ്ങളിൽ പുറത്ത് വെച്ച് കണ്ടാൽ ഓടി ഒളിക്കാറുള്ളവൻ, ഇന്ന് അരികിലേക്ക് വന്നു. 'ടീച്ചറിന്ന് വൈകിയോ?' അവന്റെ മുഖത്ത് നിഷ്കളങ്കമായ ചിരി.

'നീയെന്താ ക്ലാസ്സിൽ വരാത്തെ?'

'ടീച്ചറിന് അറിയാലോ..' അവന്റെ തല കുനിഞ്ഞു.

'എന്നും കൃത്യമായി ക്ലാസ്സിൽ വരണം'

'ശരിയാ കൃത്യമായി വന്നാ മതിയായിരുന്നു..' ആ മുഖത്ത് സങ്കടം.

'നീ എന്തിനാ സതീ കള്ളപ്പണിക്കൊക്കെ നിക്കണെ? ആറിലല്ലേ എത്തിയുള്ളൂ. നിനക്ക് പൈസക്കെന്താ ഇത്ര ആവശ്യം?'

'എനിക്കല്ല ടീച്ചറെ. അച്ഛന് വേണ്ടീട്ടാ. ഷാപ്പിലെ കടം വീട്ടാൻ അച്ഛനാ എന്നോട്...'

'നിന്റെ കൈയ്യിൽ ഫോൺ കണ്ടൂന്ന് രാധ ടീച്ചർ എന്നോട് പറഞ്ഞൂലോ, അതെവിടുന്നാ?'

'അത്... അതച്ഛൻ വിറ്റു. എനിക്കതിൽ കളിക്കാൻ ഇഷ്ടായിരുന്നു.' അവന്റെ മുഖം വാടി.

'കണ്ടവരുടെ തേങ്ങയും മാങ്ങയും സൈക്കിളുമൊക്കെ എടുക്കുന്നത് തെറ്റാന്നറിയില്ലേ നിനക്ക്? നീ ബുദ്ധി ഉള്ളോനാ പഠിച്ചാ നല്ല ജോലി കിട്ടും.'

പെട്ടെന്ന് അവന്റെ കണ്ണുകളൊന്ന് തിളങ്ങി പിന്നേയും നിർജ്ജീവങ്ങളായി.

'പക്ഷേ... ടീച്ചറെ അന്ന് ഞാൻ കക്കാൻ പോയതല്ല. കഞ്ഞിക്ക് ചമ്മന്തി അരയ്ക്കാൻ തേങ്ങയില്ലെന്ന് അമ്മ പറഞ്ഞപ്പോൾ കുളത്തിൽ വീണു കിടന്ന തേങ്ങയുടെ കാര്യം ഓർത്തു. അതെടുക്കാനായി കുളത്തിലിറങ്ങി നീന്തിയപ്പോ കാലേതോ വള്ളിയിൽ കുടുങ്ങി. ശ്വാസം മുട്ടി നിലവിളിച്ചു. ആരും കേട്ടില്ല. ഞാനങ്ങനെ വെള്ളത്തിലേക്ക്....' അവൻ തേങ്ങി.

'സാരമില്ല. പോട്ടെ. അതിനി പറഞ്ഞിട്ടെന്താ..'

'ടീച്ചറിന്റെ വീട് ഈ വഴിക്കല്ലേ എന്റെ കുറച്ചപ്പുറത്താ.' അവൻ തിരിഞ്ഞു നടന്നു.

'ആ കുട്ടീടെ കാര്യം കഷ്ട്ടായി ല്ലേ ടീച്ചറെ?'

തെങ്ങു കേറ്റക്കാരൻ മുനിച്ചാമിയുടെ ചോദ്യമാണ് ചിന്തയിൽ നിന്നുണർത്തിയത്.

അവനെവിടെ? ഞെട്ടലോടെ തിരിഞ്ഞ് നോക്കി. പരന്നു കിടക്കുന്ന പാടത്തൂടെ ഒരു കുഞ്ഞിക്കാറ്റ് കടന്നു പോയി.

'അതെ. പാവം കുട്ടി'. ടീച്ചറുടെ മറുപടിക്ക് കാക്കാതെ മുനിയപ്പൻ നടന്നകന്നിരുന്നു.

■

കഥ



**ഷാഹിന ഷെഖായി**
വാടാനപ്പള്ളി, തൃശ്ശൂർ

# നിയമം നിയമത്തിന്റെ വഴിയേ.. ഞാനെന്റെ വഴിയേ

'എന്തൊരു നാണം കെട്ട നിയമവ്യവസ്ഥിതിയാണിവിടെ..' സ്ത്രീകൾക്കായി വാരാന്ത്യത്തിലുള്ള പതിവ് മതബോധന ക്ലാസിൽ പ്രഭാഷകൻ രോഷാകുലനായി. ഭാര്യയുടെ പരപുരുഷബന്ധത്തിനെതിരെ ഭർത്താവിനു പരാതിപ്പെടാനാവില്ല എന്നത് മൂപ്പരെ കുറച്ചൊന്നുമല്ല ചൊടിപ്പിച്ചത്. സ്വവർഗ്ഗരതിക്ക് അനുകൂലമായ സുപ്രീം കോടതി വിധി കൂടി പത്രത്തിൽ വായിച്ചതോടെ ഇടിവെട്ടേറ്റവനെ പാമ്പു കടിച്ചെന്നു പറയുന്ന പോലെയായി അദ്ദേഹം. 'എങ്ങോട്ടാണ് നാടിന്റെ പോക്ക്. ലൂത്ത് നബിയുടെ ജനതയെ ദൈവം ശപിച്ചതോർക്കുന്നില്ലേ.. ഇതൊക്കെ ലോകാവസാനത്തിന്റെ അടയാളം തന്നെ എന്നതിൽ സംശയമില്ല.' ഇങ്ങനെ തുടർന്നു പോയ്ക്കൊണ്ടിരുന്നു പരിദേവനങ്ങൾ.

അദ്ദേഹം ഇമാമായി ചാർജ്ജെടുത്തിട്ട് അധികം നാളുകളൊന്നും ആയിരുന്നില്ല എങ്കിലും മഹല്ലു നിവാസികളുടെ പ്രിയങ്കരനാവാൻ വളരെ പെട്ടെന്നു തന്നെ സാധിച്ചു. ഇടതൂർന്ന നല്ല നീണ്ട താടിയും തടവി തൊപ്പിക്ക് മീതെ ഒരു തലപ്പാവും അതിനും മുകളിൽ ത്രികോണാകൃതിയിൽ മടക്കിയിട്ട ചുവന്ന വരകളുള്ള തട്ടവും ധരിച്ച് അദ്ദേഹം നടന്ന് വരുന്നത് ദൂരെ നിന്ന് കാണുമ്പഴേക്കും അന്നാട്ടിലെ പ്രായമേറിയവർ വരെ ബഹുമാനപുരസ്സരം എഴുന്നേറ്റു നിന്നു പോവും. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ സ്ഥിരമായി ശ്രവിച്ചുകൊണ്ടിരുന്നതിനാൽ അന്നാട്ടിലെ ഫ്രീക്കത്തികൾ പോലും ദൈവഭയത്താൽ കെട്ടിലും മട്ടിലും എന്തിനു നടപ്പിൽ വരെ മാറ്റങ്ങൾ വരുത്താൻ തയ്യാറായി. ഉസ്താദിന്റെ ഖ്യാതി അന്യദേശങ്ങളിൽ വരെ കൊടുങ്കാറ്റിനേക്കാൾ വേഗത്തിൽ അലയടിച്ചെത്തി. പ്രഭാഷണങ്ങൾക്ക് കേൾവിക്കാരേറി വന്നു. അന്യദേശങ്ങളിൽ നിന്നു പോലും ധാരാളം ബുക്കിങ്ങുകൾ ലഭിച്ചപ്പോൾ അവിടേക്കൊക്കെ എത്തിപ്പെടാനുള്ള സൗകര്യത്തിനായി അദ്ദേഹം സ്വന്തമായി ഒരു വാഹനം വാങ്ങി. അത് തവണയടിസ്ഥാനത്തിൽ വാങ്ങിയതാണെന്നു ചില അസൂയാലുക്കൾ പറഞ്ഞു പരത്തിയെങ്കിലും മഹല്ലു ഭാരവാഹികൾ അതൊന്നും കാര്യമാക്കിയില്ല. അദ്ദേഹത്തിന്റെ പൊരുത്തം സമ്പാദിക്കുന്നതിനായി വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കി വെക്കാൻ അവർ ഭാര്യമാരെ നിർബന്ധിച്ചു കൊണ്ടേയിരുന്നു.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. പതിവു പോലെ ജുമാ നമസ്കാരത്തിനു നേതൃത്വം നൽകാൻ അദ്ദേഹം എത്തിയിട്ടില്ലല്ലൊ എന്നാലോചിച്ച് കൊണ്ട് ഷുക്കൂർ അംഗശുദ്ധി വരുത്തുവാനായി ടാപ്പിനടുത്തേക്ക് നടന്നു. അപ്പോഴാണു ഉസ്താദിന്റെ ചുവന്ന ഇൻഡിക്ക കാർ പള്ളിയുടെ എതിർവശത്തുള്ള റോഡിലൂടെ വേഗത്തിൽ കടന്നു പോയത് ശ്രദ്ധയിൽ പെട്ടത്. ബാക്ക് സീറ്റിൽ ആരൊ ഇരിക്കുന്നതു പോലെ തോന്നിയെങ്കിലും വ്യക്തമായിരുന്നില്ല. നമസ്കാരമൊക്കെ കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു പോയി.

പിന്നീട് സന്ധ്യാ പ്രാർത്ഥനക്ക് ശേഷം വീട്ടിലേക്കുള്ള ഇടവഴിയിൽ വച്ചാണ് ഷുക്കൂർ ആ നടുക്കുന്ന വാർത്തയറിഞ്ഞത്. തന്റെ പ്രിയ സുഹൃത്തിന്റെ കുഞ്ഞു മകൾ.. അയാൾക്ക് രോഷമടക്കാനായില്ല. അതിലേറെ സങ്കടവും. സുഹൃത്തിന്റെ വീട്ടിലെത്തിയപ്പോൾ അവിടെയാകെ ശ്മശാനമൂകത.. പുറത്തെ കോലായിൽ പോലും വെളിച്ചമില്ല. കേട്ടതെല്ലാം സത്യമെന്ന് തിരിച്ചറിഞ്ഞപ്പോൾ, ശിലപോലിരിക്കുന്ന തന്റെ ആത്മസുഹൃത്തിനെ എന്തു പറഞ്ഞ് ആശ്വസിപ്പിക്കണമെന്നറിയാതെ അയാൾ വല്ലാതെ പ്രയാസപ്പെട്ടു. തന്റെ പൊന്നുമകൾ മുൻപൊരിക്കൽ ഉസ്താദിനെ കുറിച്ച് പറഞ്ഞ

*(ശേഷം പേജ് 55)*

കഥ



**ചിന്തു രാജ്**
ആറ്റിങ്ങൽ,
തിരുവനന്തപുരം

# മരണം ശ്വസിക്കുന്നവൾ

ശബ്ദവ്യതിയാനങ്ങൾക്കനുസരിച്ചു നിറങ്ങൾ എന്റെ മുന്നിൽ നൃത്തമാടി. ആ വർണ്ണ കാഴ്ച്ചകൾ ഞാൻ ക്യാൻവാസിലേക്ക് പകർത്തി. നീലാകാശവും നീലഭൂമിയും നീലക്കടലും മാത്രം വരച്ച എന്റെ കൈകൾ വെള്ളി മേഘങ്ങളേയും പച്ച താഴ്വാരങ്ങളേയും സ്വർണ്ണ മത്സ്യങ്ങളേയും വരച്ചു. ചായകൂട്ടങ്ങൾ കൊണ്ട് ഒരു മാസ്മരിക ലോകം ഞാൻ സൃഷ്ടിച്ചു.

'നീ ലോകം അറിയേണ്ട ചിത്രകാരി, ആ പഴയ ചിത്രകൂടിനുള്ളിൽ കിടന്നു ചിതലരിച്ചു പോകാതെ നീയും നിന്റെ സൃഷ്ടികളും വെളിച്ചം കാണൂ.'

അവന്റെ ശബ്ദം. ശബ്ദമെന്നാൽ എനിക്ക് കാഴ്ച്ചയാണ്. അവന്റെ ശബ്ദമെന്നാൽ എനിക്ക് സംഗീതം പോലെ മനോഹരവും, അവൻ സംസാരിക്കുമ്പോഴൊക്കെ വിവിധ നിറങ്ങൾ എന്റെ മുന്നിൽ വർണ്ണവിസ്മയം സൃഷ്ടിച്ചു. അവൻ എനിക്ക് വേണ്ടി മനോഹരമായി പാടിയപ്പോൾ ഞാനവനു വേണ്ടി ചിത്രങ്ങൾ വരച്ചുകൂട്ടി.

അതേ അവൻ പറഞ്ഞത് ശരിയാണ് ചിത്രകൂടിൽ എപ്പോഴും ഇരുട്ടാണ് നീനക്ക് അതാണ് ഇഷ്ടം.

'നീന' എന്നേക്കാൾ പതിനാറു വയസ്സിനു മൂത്തവൾ. നീനയും ഞാനുമാണ് ചിത്രകൂടിലെ അന്തേവാസികൾ. രണ്ടു അനാഥ ജന്മങ്ങളായി ഞങ്ങൾ ആ വീട്ടിൽ ജീവിക്കാൻ വേണ്ടി ജീവിക്കുകയായിരിന്നു. ആ ചിതലരിച്ച വീടിനു ചിത്രകൂടെന്നു പേരിട്ടത് ഞാനാണ്. ചിത്രകൂടിന്റെ ഗേറ്റ് കടന്നു പുറത്തു പോകരുതെന്നാണ് നീനയുടെ ഉത്തരവ്.

'എനിക്ക് പോകാറായി നീനക്ക് എന്തോ സംശയങ്ങളൊക്കെയുണ്ട് അവൾ വരുന്നതിനു മുമ്പ് വീട്ടിൽ എത്തണം' അവന്റെ മറുപടിയ്ക്ക് കാക്കാതെ ഞാൻ വീട്ടിലോട്ട് ഓടി.

ചിത്രകൂടിന്റെ വലിയ ഇരുമ്പു ഗേറ്റ് തുറക്കുന്ന കിരുകിരാ ശബ്ദംകേട്ടപ്പോൾ അവർ രണ്ടു പേരുമോടി എന്റെടുത്തു വന്നു കൊക്കുരുമ്മി നിന്നു. അവർ കൃഷ്ണയും വേണിയും നീന എനിക്ക് വേണ്ടി കൊണ്ടുവന്ന കോഴികുഞ്ഞുങ്ങൾ. എലിയെ കടിച്ചുകീറുന്ന പൂച്ചയെ വരച്ചു കൊണ്ടുനിന്ന സന്ധ്യയിലാണ് നീന എനിക്ക് ഈ കോഴിക്കുഞ്ഞുങ്ങളെ സമ്മാനിച്ചത്.

അവരുടെ ശബ്ദം അരോചകമായിരുന്നെങ്കിലും അവരെ കണ്ട മാത്രയിൽ ഒരു സുഗന്ധം എനിക്കു ചുറ്റും പടർന്നു. എണ്ണയുടെ, മഞ്ഞളിന്റെ, പാലിന്റെ, കുഞ്ഞുങ്ങളുടെ ഗന്ധം. അതേ കാഴ്ച്ചയെന്നാൽ എനിക്ക് ഗന്ധമാണ്, ഗന്ധങ്ങളിലൂടെയാണ് ഞാൻ കാഴ്ച്ചയെ ഇഷ്ടപ്പെടുന്നത്.

ചെറിയ ചുള്ളിക്കമ്പുകൾ കൊണ്ട് അവർക്ക് മനോഹരമായൊരു വീടുണ്ടാക്കി ഞാനതിനു കൃഷ്ണവേണിയെന്നു നാമകരണം ചെയ്തു.

ഞാൻ ഒരു അനാഥയാണെന്നു നീന എന്നെ എല്ലായ്പ്പോഴും ഓർമിപ്പിച്ചുകൊണ്ടിരുന്നു. അവളുടെ ഔദാര്യവുമാണ് എന്റെ ജീവിതമെന്നവൾ പറയാതെ പറഞ്ഞു. എന്നെ കുറിച്ചുള്ള ഒരു ചോദ്യങ്ങൾക്കും അവൾക്കുത്തരമുണ്ടായില്ല. ഒരിക്കൽ അവൾ ജോലി ചെയ്യുന്ന കടയിൽ എന്നെയും കൂട്ടികൊണ്ടുപോയി അവളുടെ അനിയത്തിയാണെന്ന് എല്ലാർക്കും പരിചയപ്പെടുത്തി, അതിലൊരാൾ സ്നേഹത്തോടെ എന്നോട് സംസാരിക്കാൻ വന്നപ്പോൾ അവൾ ദേഷ്യത്തോടെ എന്റെ കൈയ്യും പിടിച്ചു വേഗത്തിൽ നടന്നു.

ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോളാണ് നീനയെന്റെ പഠിത്തം നിർത്തിച്ചത്. അതു വരെയവൾ എന്നെ നിത്യവും രാവിലെ സ്കൂളിൽ കൊണ്ടാക്കി വൈകുന്നേരം കൃത്യം സ്കൂൾ വിടുമ്പോൾ പടിവാതിലിൽ എന്നെ കാത്തുനിന്നു. പുറമേ ചിരിച്ചു ചതിക്കുന്നവരാണ് എല്ലാരുമെന്നും ഈ ലോകത്തെ വിശ്വസിക്കാൻ കൊള്ളില്ലെന്നും അവൾ പറഞ്ഞു, പക്ഷേ അപ്പോഴേക്കും മനോഹരമായ ഈ ലോകത്തെ ഞാൻ അതിയായി സ്നേഹിച്ചു

⟶

*(തുടർച്ച പേജ് 53..)*

പരാതി വേണ്ടവിധം ഗൗനിക്കാതിരുന്നതിനെ ചൊല്ലി സുഹൃത്ത് ഗദ്ഗദ കണ്ഠനായി.

പിറ്റേന്നു തന്നെ മഹല്ലുഭാരവാഹികൾ ഷുക്കൂറിന്റെ നേതൃത്വത്തിൽ അടിയന്തിര യോഗം ചേർന്നു. ദീനീ സംരക്ഷകർ എന്നു സ്വയം അവകാശപ്പെടുന്നവരിൽ പെട്ടവരുടെ ഒന്നു രണ്ടു അപശബ്ദങ്ങളുയർന്നുവെങ്കിലും ഇമാമിന്റെ സ്ഥാനത്ത് നിന്നും അയാളെ മാറ്റിയില്ലെങ്കിൽ നാളെ നമ്മുടെ വീട്ടിലും ഇത്തരം ഒരവസ്ഥ വന്നു ചേരാം എന്ന ഷുക്കൂറിന്റെ താക്കീതിനൊടുവിൽ എല്ലാവരും ഐക്യകണ്ഠേന തീരുമാനത്തിനു സമ്മതം മൂളി. അന്നു വൈകുന്നേരം ഉസ്താദിന്റെ വീടിനു മുന്നിൽ ഒരു പോലീസ് വാഹനം ഇരച്ചെത്തി. കയ്യാമം വച്ച് ജീപ്പിലേക്ക് കയറിയ ഇമാമിനെ കണ്ട് ഷുക്കൂറിന്റെ വന്ദ്യമാതാവ് ആത്മഗതമരുളി.. 'കപട പണ്ഡിതന്മാരുടെ എണ്ണം വർദ്ധിക്കും.. അത് അന്ത്യനാളിന്റെ അടയാളമത്രെ'

■

---

തുടങ്ങിയിരുന്നു.

അവൾ നിശബ്ദതയെ പ്രണയിച്ചപ്പോൾ ഞാൻ ശബ്ദങ്ങളെ ഇഷ്ടപ്പെട്ടു, അവളുടെ നിറം കെട്ട ലോകത്തേക്ക് എന്നെയും തളച്ചിടാൻ ശ്രമിച്ചപ്പോൾ, ഞാൻ നിറങ്ങളെ സ്നേഹിക്കാൻ തുടങ്ങി, സ്വപ്നങ്ങൾ കാണാൻ തുടങ്ങി, അവളുടെ വിശ്വാസങ്ങളെ ചോദ്യം ചെയ്തു തുടങ്ങി, അപ്പോഴാണവൾ ഇനി ഞാൻ സ്കൂളിൽ പോകേണ്ടെന്ന തീരുമാനം എടുത്തത്. അവളെ അനുസരിക്കുക മാത്രമേ എനിക്ക് നിവർത്തിയുണ്ടായിരുന്നുള്ളു.

നീനയില്ലാത്ത ഒരു പകലിലാണ് ഞാൻ ആ സാഹസം കാണിച്ചത്, അവളുടെ വിലക്കുകൾ ലംഘിച്ചു ഞാൻ ചിത്രകൂടിന്റെ അടുത്തുള്ള പാറക്കെട്ടുകൾ കാണാൻ പോയി, അന്നു തന്നെയാണ് അതും സംഭവിച്ചത്, ഞാൻ അവനെ കാണുന്നത്. അവനായിരിന്നു നീനറിയാത്ത എന്റെ ജീവിതത്തിലെ ആദ്യ രഹസ്യം. അവന്റെ ശബ്ദമായിരിന്നു എന്നെ ആകർഷിച്ചത്, അവൻ മനോഹരമായി പാടിയപ്പോൾ എനിക്ക് നഷ്ടപ്പെട്ടുപോയ എന്റെ നിറങ്ങൾ വർണ്ണചിറകുകൾ വീശി എന്റെടുത്തെത്തി. നീനയുടെ തടവറയിൽ നിന്ന്, എന്റെ അനാഥത്വത്തിൽ നിന്ന്, എന്നെ മോചിപ്പിക്കാൻ വന്ന ഗന്ധർവനാണവനെന്ന് ഞാൻ വിശ്വസിച്ചു.

നിറം മങ്ങിയ ചിത്രങ്ങൾ മാത്രം വരച്ച എന്റെ ചിത്രങ്ങളിലെ പുതിയ വർണ്ണവിസ്മയങ്ങൾ കണ്ടു നീനയ്ക്കും ചില സംശയങ്ങളൊക്കെ തോന്നിത്തുടങ്ങിയിരുന്നു പക്ഷേ ഞാൻ അതിനൊന്നും വില കല്പിച്ചിരുന്നില്ല. അതുകൊണ്ടാണ് ഇന്നലെ, അവന്റെ ചോദ്യങ്ങൾ എന്റെ ചോദ്യങ്ങളായി ഞാൻ വീണ്ടും നീനയോടു ചോദിച്ചത്. എന്റെ ജന്മത്തെ കുറിച്ച്, എന്റെ രക്ഷിതാക്കളെ കുറിച്ചു, ഒറ്റപ്പെട്ട ഈ വീടിനെ കുറിച്ച് ഒന്നും മിണ്ടാതെയവൾ രാത്രി വൈകിയും വരാന്തയിലൂടെ ഉലാത്തികൊണ്ടിരിന്നു.

ചിത്രകൂടിൽ ഇരുട്ടു പരക്കുന്നു. അവൾ ഇതുവരെ എത്തിയിട്ടില്ല, ഒരിക്കലും നീന ഇത്രയും വൈകിയിട്ടില്ല, ഇന്നലത്തെ എന്റെ ചോദ്യങ്ങൾ ഒരുപാടവളെ വേദനിപ്പിച്ചിട്ടുണ്ടാവാം അവളിനി എന്നെ ഉപേക്ഷിച്ചു പോയിക്കാണുമോന്നു വിഷമിച്ചിരിക്കുമ്പോഴാണ് അവൾ വന്നത്. വല്ലാതെ പരിഭ്രമിച്ചിരുന്നു. അവളുടെ നിശ്ശബ്ദത അവഗണന ഒക്കെ എനിക്കുള്ള ഉത്തരങ്ങളായിരുന്നു. അവൻ പറഞ്ഞതാണ് ശരി. അവൾ എന്റെ ആരുമല്ല, അവളോടുള്ള എന്റെ പക വർധിച്ചു, നേരം പുലരാനായി ഞാൻ കാത്തിരുന്നു.

രാവിലെ നീന പോയിക്കഴിഞ്ഞു ഞാൻ അവനെ കാണാനിറങ്ങി, പതിവായി കാണാറുള്ള എല്ലായിടത്തും അന്വേഷിച്ചെങ്കിലും അവനെ കാണാനായില്ല. ഞാൻ ഭയപ്പെട്ടതുപോലെതന്നെ സംഭവിച്ചിരിക്കുന്നു! തിരികെ വീട്ടിലെത്തിയപ്പോൾ നീനയവിടെ ഗൂഢസ്മിതത്തോടെ നിൽക്കുന്നു.

'ഇനിയൊരിക്കലും അവൻ നിന്നെ തേടി വരില്ല' അവൾ ഉച്ചത്തിൽ ചിരിക്കാൻ തുടങ്ങി.

ഞാനവളെ സൂക്ഷിച്ചു നോക്കി പെട്ടന്നവൾ ചെമ്പട്ടും, കാൽത്തളയും അരമണിയും അണിഞ്ഞ, ചിലമ്പും വാളുമേന്തിയ കോമരമായി മാറി. അസുര വാദ്യങ്ങൾ എന്റെ ചെവികളിൽ മുഴങ്ങി, വെറുപ്പും പകയും ഇടകലർന്ന ചുവപ്പും മഞ്ഞയും നിറങ്ങൾ എന്റെ കാഴ്ച്ചയെ മറച്ചു, ആ നിമിഷത്തിൽ കറിക്കത്തി കൊണ്ട് ഞാനവളെ ആഞ്ഞുകുത്തി.

ചെണ്ടമേളങ്ങൾ അവസാനിച്ചപ്പോൾ നീന രക്തംവാർന്ന് താഴേ കിടക്കുന്നതാണ് ഞാൻ കണ്ടത്, അവൾക്കു ചുറ്റും രക്തം ഒഴുകി പടർന്നിരിക്കുന്നു പെട്ടെന്നവിടെമാകെ ഒരു ഗന്ധം നിറഞ്ഞു വാത്സല്യത്തിന്റെ ഗന്ധം, ആത്മ ബന്ധങ്ങളുടെ ഗന്ധം. ഞാനവളെ സ്നേഹപൂർവം തലോടി

'പതിനാറാം വയസ്സിൽ നിന്നെ പെറ്റവൾ ഞാൻ, നിന്നെ തേടി ആരും വരില്ല, ഇനി നീ അനാഥ' നീനയുടെ അവസാന വാക്കുകൾ.

മരണത്തിലും അവളെന്നെ തോല്പിക്കാൻ ശ്രമിക്കുകയാണ്, നീന താഴിട്ട് പൂട്ടിയിരുന്ന ജനാല ഞാൻ പതുക്കെ തുറന്നു; ദൂരെ തെളിഞ്ഞാകാശവും മലനിരകളും. നീന ശാന്തമായി ഉറങ്ങുന്നു. ഞാനെങ്ങനെയാണ് അനാഥയാവുന്നത് നീന;

'ആകാശ ദേവതമാരും
ഭൂമി മാതാവും
ജലകന്യകമാരും, എനിക്ക് കാവൽ
ഞാനോ എന്റെ രക്തത്തിനു കാവൽ.'

ശേഷമവൾ നീന കാണാതെ ഒളിപ്പിച്ചുവച്ച ചെറുതായ വീർത്തവയറിൽ വാത്സല്യത്തോടെ തലോടി.

■

കഥ



**ബിന്ദു അതൂർ**
ഡോക്ടർ
പെരിന്തൽമണ്ണ,
മലപ്പുറം

# നെരിപ്പോട്

സമയം നീങ്ങുന്നില്ലല്ലോ. എത്ര നേരമാന്നു വെച്ചാ ഇങ്ങനെ ഇരിക്കുക. ബീച്ചിൽ തിരക്കേറി തുടങ്ങി. ശ്രുതി തിരിഞ്ഞ് പുറകിലേക്ക് നോക്കി. അമ്മയും അച്ഛനും ചിറ്റപ്പനുമായി ഗൗരവമേറിയ ചർച്ചയിലാണ്. ഇടയ്ക്ക് ചിറ്റപ്പന്റെ ശബ്ദം വല്ലാതെ പൊങ്ങുന്നുണ്ട്. പക്ഷേ കുറച്ചു ദൂരെയായതുകൊണ്ടാണോ, തിരകളുടെ തീവ്രത കൊണ്ടാണോന്നറിയില്ല, വാക്കുകൾക്ക് തെളിച്ചമില്ല. അച്ഛൻ എന്തൊക്കെയൊ പറഞ്ഞു പൊലിപ്പിക്കാൻ നോക്കുന്നു. ഇടയ്ക്ക് തല കുനിച്ചു നിൽക്കുന്നു. അമ്മ കണ്ണു തുടയ്ക്കുകയും മുഖം തൂവാല കൊണ്ട് മറയ്ക്കുകയും ചെയ്യുന്നുണ്ട്.

കുറേ കാലു പിടിച്ചിട്ടാണ് അച്ഛൻ ചിറ്റപ്പനോട് സംസാരിക്കാമെന്ന് സമ്മതിച്ചത്. നാട് ഓടുമ്പോൾ നടുവെ തന്നെ ഓടണമല്ലോ. എൻട്രൻസ് എഴുതി. പക്ഷേ റാങ്ക് അല്പം പുറകിലാണ്. ഒരു അമ്പത് ലക്ഷം ഉണ്ടെങ്കിൽ കയറിപ്പറ്റാം. പോസ്റ്റുമാനായ അച്ഛൻ ഡിഗ്രിയ്ക്ക് ചേരാൻ പറഞ്ഞു. 'അയ്യട, ഞാൻ സമ്മതിച്ചതു തന്നെ. ശോ.. പ്രിയയുടേയും രഹ്നയുടേയും മുന്നിൽ ഞാനെങ്ങനെ തലയുയർത്തി നിൽക്കും?' അവസാനത്തെ അടവെടുത്തു. 'എന്നെ മെഡിസിന് ചേർത്തില്ലെങ്കിൽ ഞാൻ തൂങ്ങിച്ചാവും"

അങ്ങനെ കുടുംബ സ്വത്ത് വീതം വെച്ച് അച്ഛന്റെ ഓഹരി വിറ്റ് ചേർക്കാമെന്ന് അച്ഛൻ ഏറ്റു. പക്ഷേ ചിറ്റപ്പന്റെ സമ്മതം വേണം. ആളൊരു മൂശേട്ടയാണ്. വാശിക്കാരനും. കോർപ്പറേഷനിലെ ജോലിക്കാരനായതു കൊണ്ട് അഞ്ച് മണിയ്ക്കു ശേഷം തൊട്ടടുത്ത ബീച്ചിൽ വെച്ച് സംസാരിക്കാമെന്ന് ചിറ്റപ്പൻ ഏറ്റു.

ആ ചർച്ചയാണവിടെ നടക്കുന്നത്. ചിറ്റപ്പന്റെ ശബ്ദം, ദേഷ്യം വന്നാൽ ഉച്ചത്തിലാവും. അതു മനസ്സിലാക്കി തന്നെയാണ് അധികം ആൾക്കാർ വരാത്ത ഇങ്ങേ അറ്റത്തെ ഒരു സ്ഥലം അച്ഛൻ തിരഞ്ഞെടുത്തത്.

പക്ഷേ ശ്രുതിയ്ക്ക് വല്ലാത്ത മടുപ്പു വന്നു. ഒരാഗ്രഹം മനസിൽ വന്നാൽ പിന്നെ അതിനു മാത്രം ഏഴഴകും ബാക്കിയുള്ളതൊന്നും മനോഹരവുമല്ലല്ലോ. ഇവിടുത്തെ കടലിന് ഒരു കറുത്ത കളറാണ്. തിരകൾ നന്നേ കുറവും. കുറച്ച് പട്ടികൾ കടിപിടികൂടുന്നു. ബലൂണും പട്ടവും വിൽക്കുന്ന നാടോടികൾ ഉച്ചത്തിൽ ചിരിച്ചു കൊണ്ട് ജനങ്ങൾ സാധാരണ ഇറങ്ങാറുള്ള ബീച്ചിന്റെ അങ്ങേയറ്റത്തേക്ക് നടക്കുന്നു. ഇതിലും വലുതായിട്ട് ഇവിടെന്തുണ്ട് കാണാൻ.

ശ്രുതി പതുക്കെ എണീറ്റു നടന്നു. ഒരു നേർത്ത കരച്ചിൽ കേൾക്കുന്നുണ്ട്, ചെറിയ കുട്ടിയുടെതാണല്ലോ, ചിണുങ്ങുന്ന പോലെ. രണ്ടു മൂന്നടി മുന്നോട്ടു നടന്നപ്പോൾ, അക്കേഷ്യ മരത്തിന്റെ തണലിൽ ഒരു മുഷിഞ്ഞ തുണിയിൽ ഒരു കുട്ടി കിടക്കുന്നു. ഏകദേശം ഒന്നര വയസു പ്രായം വരും തൊട്ടടുത്ത് അവളുടെ ചേച്ചിയാണെന്നു തോന്നുന്നു കുപ്പിയിലുള്ള വെള്ളം വായിലേക്ക് തിരുകി വെയ്ക്കുന്നു. അതോടെ വാവ ചിണുങ്ങിക്കരച്ചിൽ നിർത്തി. പത്തു വയസ്സു കാണും കറുത്ത സുന്ദരിചേച്ചിക്ക്. എണ്ണ നന്നായി തേച്ച് രണ്ടു വശത്തേക്കും ഭംഗിയായി പിന്നിയിട്ടിരിക്കുന്നു. നെറ്റിയിൽ വലിയ പച്ച പൊട്ട്. വെള്ളയിൽ പച്ച പൂക്കളുള്ള മുഷിഞ്ഞ പാവാടയും കുപ്പായവും. മൂന്നു തട്ടുള്ള വെള്ളി കൊലുസുണ്ട് കാലിൽ, പക്ഷേ ചളി നിറഞ്ഞ് ചാരനിറമായിട്ടുണ്ട്.

എന്തോ, ഒരു അപരിചിതയെ കണ്ടതു കൊണ്ടാവണം, അവൾ ആ ചെറിയ കുഞ്ഞിനെ എടുത്ത് നെറ്റിയിലൊരുമ്മ കൊടുത്ത് തോളത്തിട്ടു. പതുക്കെ കൈ കൊണ്ട് പുറം തടവിക്കൊടുക്കുന്നുണ്ട്. ചെറുതിന് ഉറങ്ങാൻ ഭാവമില്ല. അടുത്തുള്ള ചെറിയ പാത്രത്തിൽ നിന്ന് എന്തോ വാരി കഴിയ്ക്കാൻ കൊടുക്കുന്നു. എന്തു പക്വതയോടെയാണ് ആ പത്തു വയസുകാരി ആ കുഞ്ഞിനെ നോക്കുന്നത്. കടലോളം കരുതലും സ്നേഹവും നെഞ്ചിൽ തുന്നിപ്പിടിപ്പിച്ചാണോ ഒരോ പെൺകുട്ടിയേയും

*(ശേഷം പേജ് 58)*

കഥ




**ജിയാ ജോർജ്**
നഴ്സ്
ഓസ്ട്രേലിയ


# മരണം പഠിപ്പിക്കുന്ന പാഠങ്ങൾ

**വേ**ട്ടപ്പട്ടിയെപോലെ ശൗര്യത്തോടെ മരണം എങ്ങും തളം കെട്ടി നിന്നിരുന്നു. മരണത്തിന്റെ ഗന്ധം ആ മുറിയിലാകെ നിറഞ്ഞു നിന്നിരുന്നു. '102ലെ അമ്മച്ചി ഡെത്ത് ആയിട്ടോ'. ചേഞ്ചിങ് റൂമിൽ നിന്നു മേരിക്കുട്ടി സിസ്റ്റർ പറയുന്ന കേട്ടു.

ഒരു ദിവസം എത്ര ആവർത്തി തുണി മാറി ഉടുക്കണം. റോഡിലൂടെ വരുമ്പോൾ ഒരു സാരീ. ഹോസ്പിറ്റലിൽ വെള്ള. വീട്ടിൽ എത്തുമ്പോൾ വേറെ. നേഴ്സ് ആയി ജോലി തുടങ്ങിയതിൽ പിന്നെ നന്നായി സാരി ഉടുക്കാൻ പഠിച്ചു. ഇത് മനസ്സിൽ വിചാരിച്ചു ഒരാഴ്ച ആയി കഴുകാതെ ഇട്ടേക്കുന്ന വെള്ള സാരി ഞാൻ ഭംഗി ആയി ഞൊറിഞ്ഞുടുത്തു.

വാർഡ് ലേക്ക് ചെന്നപ്പോൾ 102നു മുമ്പിൽ ഒരു വലിയ ജനാവലി. രോഗികളെ റൂം നമ്പർ വെച്ചു അഭിസംബോധന ചെയ്യരുത് എന്നാണ് നഴ്സിംഗിന്റെ ആദ്യ പാഠങ്ങളിൽ മേരിക്കുട്ടി സിസ്റ്റർ പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ പലപ്പോഴും മറിഞ്ഞും തിരിഞ്ഞും കഷ്ടപ്പെട്ടു നേഴ്സ് ആയി കഴിഞ്ഞാൽ ഒരു നേരം ഈ പത്ത് മുപ്പത് പേരെ കാണുമ്പോൾ പേരോർത്തിരിക്കുക എന്നത് കഷ്ടമാണ്, അത് കൊണ്ട് തന്നെ പലപ്പോഴും റൂം നമ്പർ തന്നെ ശരണം. ചൊറിയുള്ള അപ്പച്ചൻ എന്ന് പറയുന്നതിലും ഭേദം അല്ലേ 112 ലെ അപ്പച്ചൻ എന്ന് പറയുന്നത് എന്ന മുടന്തൻ ന്യായവും കൂട്ടുണ്ട്.

102ലെ അമ്മച്ചിയെ എല്ലാവർക്കും അറിയാം ത്രേസി ചേടത്തി. മുൻപ് ഹാർട്ട് അറ്റാക്ക് വന്നു രണ്ടു തവണ ഇവിടെ തന്നെ അഡ്മിറ്റ് ആയതാണ്. സർജറി ഒക്കെ ഇവിടെ ആയിരുന്നു. ത്രേസി ചേട്ടത്തി വന്നാൽ പിന്നെ വാർഡിൽ എപ്പോഴും പലഹാരങ്ങൾ ആണ്. പല പല വർണങ്ങളിലും നിറത്തിലും ഉള്ള ഫോറിൻ ചോക്ലേറ്റ്, ലഡ്ഡു, ഹലുവ ഒക്കെ കാണും. അതും എല്ലാവർക്കും ഉള്ളതും ചിലപ്പോഴൊക്കെ വീട്ടിൽ കൊണ്ട് പോകാനുള്ളതും കാണും.

പണ്ട് പീടികയുടെ അടുത്ത് വീടുള്ള ആമിന ഡിവോഴ്സ് ആയി നിന്നപ്പോൾ, നൈറ്റ് ഷിഫ്റ്റിനു കൊച്ചിനെ നോക്കാൻ ആളില്ല എന്ന് പറഞ്ഞു കരഞ്ഞപ്പോൾ. 'ഇങ്ങോട്ട് കൊണ്ട് പോരടി ഞാൻ നോക്കിക്കോളാം', എന്ന് രണ്ടാമതൊന്നു ആലോചിക്കാൻ പോലും നില്ക്കാതെ പറഞ്ഞ ചേട്ടത്തിയെ മറക്കാൻ ഇവിടെ ആർക്കും ആവില്ല.

ഇത്തവണ പക്ഷെ പിടിച്ചത് മറ്റവനാണ് കാൻസർ. ആദ്യമേ തന്നെ ചേടത്തിക്ക് അറിയാമായിരുന്നു ഇനി ഒരു മടക്ക യാത്ര ഇല്ല എന്ന്. ഒരുപാട് വർത്തമാനം ഒന്നും പറയാത്ത, വേദന കടിച്ചമർത്തുന്ന ചേട്ടത്തിയെ ആണ് ഞങ്ങൾ ഇത്തവണ കണ്ടത്. 102നു വെളിയിൽ ഒരു ജാഥക്കുള്ള ആളുണ്ട്.

മിന്നുന്ന ചെരുപ്പുകൾ അണിഞ്ഞ ചേട്ടത്തിടെ മോൾ, റോളക്സ് വാച്ച് കെട്ടിയ കൊന്ത്രൻ പല്ലുള്ള അവരുടെ ഭർത്താവ്. മഞ്ഞ ബാഗ് തോളിൽ ഇട്ടു മുടി ബോബ് ചെയ്ത ചുണ്ടിൽ ചുവപ്പ് ലിപ്സ്റ്റിക്ക് അണിഞ്ഞ മരുമോൾ, മോനെ കാണുന്നില്ല. എല്ലാവരും കരച്ചിലിൽ ആണ്. പക്ഷെ അത്രയും കണ്ണുനീരിന്റെ ഇടയിലും ഹൃദയം നുറുങ്ങുന്ന വേദനയുടെ സ്വരം ഞാൻ കേട്ടില്ല. സാധാരണ ആരെങ്കിലും ഡെത്ത് ആയാൽ ഞങ്ങൾ നേഴ്സ് മാർക്ക് കറക്റ്റ് ആയി മനസിലാവുന്ന വസ്തുതകൾ ഉണ്ട്. കണ്ടിട്ടിട്ടും കേട്ടിട്ടിട്ടും ഒന്നും മനസിലാവാത്ത പോലെ ഞങ്ങൾ പൊട്ടൻ കളിക്കും. കഞ്ഞി കുടി ആണല്ലോ പ്രധാനം.

കണ്ണുനീർ പൊഴിച്ചു കൊണ്ട്, ഏങ്ങലടിച്ചു കരയുന്ന പല മുഖങ്ങളിലും ഞങ്ങൾ തെളിഞ്ഞു കണ്ടിരുന്നത് ചിരി ആണ്. വരാൻ പോകുന്ന സ്വത്തു ഭാഗം വയ്ക്കൽ ഓർത്തു കൊണ്ടുള്ള ചിരി. അല്ലെങ്കിൽ ഭാരം ഒഴിഞ്ഞു പോയി എന്നുള്ള ചിരി. ചില

*(ശേഷം അടുത്തപേജിൽ)*

(തുടർച്ച പേജ് 56)

ദൈവം ഭൂമിയിലേക്ക് വിടുന്നത്. ആയിരിക്കും. അല്ലെങ്കിൽ എങ്ങനെ ഇവൾ.! ശ്രുതിയ്ക്കവരുടെ അടുത്തു പോയിരിക്കാനും വിശേഷങ്ങൾ ചോദിച്ചറിയാനും തോന്നി. വേണ്ട, യാതൊരു പരിചയവുമില്ലാത്ത തന്നെക്കണ്ടവൾ പേടിച്ചാലോ. ബലൂൺ വിൽക്കാൻ വന്ന നാടോടികളാവാം. അച്ഛനും അമ്മയും വില്പന തീർത്ത് വൈകുന്നേരം തിരിച്ചു വരുന്നതുവരെ ഒഴിഞ്ഞ കോണിൽ ഇരുത്തിയിട്ട് പോയതാവാം.

ആർത്തിയോടെ, കഴിച്ചു കഴിഞ്ഞ ഉടനെ അനിയത്തിക്കുട്ടി ഉറക്കം പിടിച്ചു. ഒഴിഞ്ഞ നിറം മങ്ങിയ അലുമിനിയം പാത്രം ദൂരേയ്ക്ക് മാറ്റി വെച്ച് ആ പച്ച പൊട്ടുകാരിയും പതുക്കെ ശബ്ദമുണ്ടാക്കാതെ അവിടെ കിടന്നു.

'ശ്രുതീ'. അമ്മ കൈകൊണ്ട് മാടി വിളിക്കുന്നു. ശ്രുതി തിരിഞ്ഞു അമ്മയുടെ അടുത്തേക്ക് നടന്നു. ബീച്ചിൽ ഉപ്പിലിട്ട മാങ്ങയും പൈനാപ്പിളും സർബത്തും വിൽപന നടത്തികൊണ്ടിരുന്ന നീല ക്കൈലിയും വെള്ള ബനിയനും ഇട്ട ഒരു മെലിഞ്ഞ ആൾ അവളെ മറികടന്നു പുറകോട്ടു പോയി.

'ന്നാ കപ്പലണ്ടി, മൊരിഞ്ഞിരിക്കുന്നതു കൊണ്ട് നല്ല സ്വാദാ....' ഒരു കൂടു കപ്പലണ്ടി നീട്ടിക്കൊണ്ട് അമ്മ തുടർന്നു. 'ചിറ്റപ്പൻ സമ്മതിച്ചൂട്ടോ. കുറച്ച് നഷ്ടമൊക്കെ ആണെങ്കിലും, നിന്റെ ആഗ്രഹം നടക്കട്ടെ. അമ്മയ്ക്ക് സന്തോഷായി. ഇനി നിന്റെ താഴെയുള്ള രണ്ട്യേറ്റങ്ങളും കൂടി ഇങ്ങനത്തെ വല്ല ആഗ്രഹോം പറഞ്ഞാ ഞങ്ങള് പെടൂട്ടോ' അമ്മ ചിരിച്ചു.

മനസിൽ തിരകൾ തുള്ളിച്ചാടാൻ തുടങ്ങി. അസ്തമയ സൂര്യൻ തന്നെ നോക്കി കണ്ണിറുക്കിയോ. ഈ ലോകത്തിലെ ഓരോ അണുവും തന്റെ ആഗ്രഹത്തിനു കൂട്ടുനിൽക്കുന്നുവെന്നോ.

പെട്ടെന്ന് എന്തോ ഓർത്തത് പോലെ ശ്രുതി അമ്മയുടെ കൈയിലുണ്ടായിരുന്ന മൂന്ന് കപ്പലണ്ടി പൊതികളും വാങ്ങി 'ഒരഞ്ചു മിനിറ്റമ്മേ ഒരാൾക്കിത് കൊടുത്തിട്ട് ഇപ്പോൾ വരാംട്ടോ' തിരിഞ്ഞ് ആ അക്കേഷ്യ മരത്തിന്റെയടുത്തേക്ക് ഓടി.

അവിടെ അവൾ ശാന്തമായി ഉറങ്ങുന്നുണ്ടായിരുന്നു. ആ ഒന്നര വയസ്സുകാരി. പക്ഷേ.. എവിടെ പച്ചപ്പൊട്ടുള്ള സുന്ദരി. ഈ കുഞ്ഞ് എണീറ്റു കരഞ്ഞാൽ ആരെടുക്കും. ആരോടു പറയും. ഇരുട്ടു പരന്നു തുടങ്ങിയിരിക്കുന്നു. ഈ പക്ഷികൾക്ക് മനുഷ്യരെക്കാൾ വ്യഗ്രതയാണ് വീടെത്താൻ. അവയുടെ ശബ്ദം തിരമാലകളെപ്പോലും വിഴുങ്ങുന്നു.

എങ്കിലും വേർതിരിച്ചു മനസിലാവുന്നുണ്ട്. ഒരു കൊലുസിന്റെ ശബ്ദം. മൂന്നു തട്ടുള്ള കൊലുസിന്റേത് തന്നെ. അപ്പുറത്തുള്ള കുറ്റിക്കാട്ടിൽ നിന്നാണ്. അടുക്കിപ്പിടിച്ച ഒരു തേങ്ങലുണ്ടോ. മനസിലാവുന്നില്ല. നീലക്കൈലിയുടുത്ത ആൾ ഒരു മിന്നായം പോലെ മറയുന്നത് കണ്ടപ്പോൾ തല തരിച്ചു പോയി. മിന്നൽപ്പിണരേറ്റ പോലെ. കാലുകൾക്ക് ചലനശേഷി നഷ്ടപ്പെട്ടു വീഴാനൊരുങ്ങിയപ്പോൾ അച്ഛനാണെന്നു തോന്നുന്നു പിടിച്ചത്.

തിരിച്ചു പോകുമ്പോൾ അച്ഛന്റെ തഴമ്പാർന്ന കൈ മുറുക്കി പിടിച്ച് ശ്രുതി പിറുപിറുത്തു കൊണ്ടേയിരുന്നു. 'എനിക്ക് ലക്ഷങ്ങൾ വേണ്ട ... ചേർത്തു നിർത്താൻ ഈ കൈകൾ മാത്രം മതി'

■

(തുടർച്ച പേജ് 57)

പ്പോഴൊക്കെ ഒരു തുള്ളി കണ്ണീർ പൊഴിക്കാതെ മതിലിൽ ചാരി നിൽക്കുന്നവരെ നോക്കുമ്പോൾ തെളിഞ്ഞു കാണുന്നത് ഉള്ളിന്റെ ഉള്ളിൽ ഹൃദയം നുറുങ്ങുന്ന വേദന ആണ്.

ഇതിപ്പോ ഉറപ്പാണ്. അമ്മച്ചിയെ പള്ളിയിലേക്ക് അടക്കിനു എടുക്കുന്നതിനു മുമ്പ് തുടങ്ങും സ്വത്തു തർക്കം. ആഭരണങ്ങളുടെ കണക്കെടുപ്പ്, തോട്ടത്തിന്റെ കണക്കു എന്ന് വേണ്ട കിണ്ടി മുതൽ കോളാമ്പി വരെ തൂക്കി വിൽക്കാൻ ഉള്ള സെറ്റപ്പ്.

ഐസ് പെട്ടിയിലേക്കു എടുത്തു പാക്ക് ചെയ്താൽ പിന്നെ മരിച്ച വീട്, കല്യാണ വീടായി മാറും മരിച്ച വ്യക്തിയെ തന്നെ അവർ മറക്കും. അതാണ് ഇവിടെയും നടക്കാൻ പോകുന്നത് എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ മനസ്സ് മന്ത്രിച്ചു.

എല്ലാവരോടും സ്നേഹം മാത്രം ഉള്ള ഒരു സ്ത്രീ ആയതു കൊണ്ടാവാം അവർ മരിച്ചപ്പോൾ എല്ലാവരും ഒപ്പം ഉണ്ടായിരുന്നത്. ചിലപ്പോഴൊക്കെ മരണനേരത്തു ആളുകൾ ആരും ഇല്ലാതെ ഒറ്റയ്ക്ക്. നിങ്ങൾ കരുതുന്നുണ്ടാവും അത് കഷ്ടപ്പാടാണെന്നു പക്ഷെ സത്യം പലപ്പോഴും മറിച്ചാണ്. ഉറ്റവരെ വേദനിപ്പിക്കാതെ, മരിക്കാൻ ആണ് എല്ലാവർക്കും ഇഷ്ടം.

ചേട്ടത്തിയുടെ മരിച്ചടക്കിനു ഞാനും പോയിരുന്നു. പ്രാർത്ഥനകൾ ഉരുവിട്ട അച്ചന്റെ അടുത്ത നിന്നു കരയുന്ന ബന്ധുമിത്രാദികൾ. പക്ഷെ എങ്ങും ആത്മാർത്ഥതയുടെ കണിക പോലും കാണാൻ ഇല്ല. തിരിച്ചു വരാൻ തുടങ്ങിയപ്പോൾ ആമിനയുടെ മോളെ കണ്ടു. ഏങ്ങലടിച്ചു കരഞ്ഞു മുഖം ചുവന്നിരുന്ന ആ കുഞ്ഞിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഞാൻ കണ്ടത് ചേട്ടത്തിയെ മനസ്സ് നിറഞ്ഞു സ്നേഹിച്ചിരുന്ന ഒരു മനസ്സാണ് അതിന്റെ നുറുങ്ങുന്ന വേദനയാണ്.

■

കഥ



**സബൂറ മിയാനത്ത്**
പടന്ന,
കാസർകോട്

# മതമില്ലാത്ത ജീവിതം

നല്ല തണുത്ത കാറ്റു വീശിയടിച്ചു... വൗ.. നല്ല മഴമണം.. അടുത്തെവിടെയോ മഴപെയ്തു തുടങ്ങി.. ആകാശത്തു മേഘങ്ങൾ കൂട്ടം കൂടുമ്പോൾ മനസ്സൊരു മയിലാവും.. ചുണ്ടിൽ ഗസലൊഴുകും...

മഴക്കുമുമ്പ് വീടാണയാനുള്ള തത്രപ്പാടിൽ എല്ലാരും വേഗം ചാടിയിറങ്ങി. ഓഫീസിൽ നിന്നിറങ്ങി വണ്ടി സ്റ്റാർട്ടയ്ക്കുമ്പഴാ മൊബൈൽ റിങ് ചെയ്തത്.. സന്ദേഹത്തോടെ കാൾ അറ്റൻഡ് ചെയ്തു. സിനിയാണ്.

'ഇത്താ പുതിയ വീടിന്റെ കുടിയിരിക്കലാണ്.. ഞായറാഴ്ച. മറക്കാതെ വരണം ട്ടാ..'

'അയ്യോ മോളു, ഒരു യാത്രയുണ്ടല്ലോ.. മുമ്പേ തീരുമാനിച്ചതാ... നോക്കട്ടെ, മാറ്റിവെക്കാൻ പറ്റുമോന്നു നോക്കീട്ടു വരാംട്ടോ...'

വല്യ സന്തോഷം തോന്നി. അങ്ങനെ അവരും ഒരു കടവിലേക്കടുക്കുന്നു.. എങ്ങനെയെങ്കിലും യാത്ര മാറ്റിവെക്കണോല്ലോ.. അവരുടെ സന്തോഷത്തിൽ പങ്കുകൊണ്ടില്ലേൽ പിന്നെന്തു ഇത്താത്തയാ ഞാൻ.. അവൾ തന്നെ പറഞ്ഞിട്ടുണ്ട്, നിങ്ങളെ പരിചയപ്പെട്ടതിൽ പിന്നാ ഒരു ചേച്ചിയില്ലാത്തതിന്റെ സങ്കടം മാറിയതെന്ന്..

സിനിയും റഷീദും പ്രണയിച്ചു, ഒളിച്ചോടി വിവാഹം കഴിച്ചതാണ്. രജിസ്റ്റർ ചെയ്യുകയായിരുന്നു. കുറച്ചുകാലത്തിനു ശേഷം രണ്ടാളും നാട്ടിൽ തിരിച്ചെത്തി. ബന്ധുക്കളൊന്നും വലിയ ദേഷ്യവും എന്നാൽ അത്ര അടുപ്പവും കാണിച്ചില്ല.. സിനി റഷീദിനെ സുബ്ഹിക്ക് പള്ളിയിലേക്കയച്ചും നോമ്പുതുറയൊരുക്കിയും, ഓണവും പെരുന്നാളും ആഘോഷിച്ചും സിനിയായി തന്നെ ജീവിച്ചു.. കുറച്ചു വർഷങ്ങൾ കഴിഞ്ഞപ്പോൾ മോളൊന്നു പിറന്നു.. ബന്ധുക്കൾക്കിടയിലെ സ്നേഹം മുറുകി.. സിനിയുടെ വഴിയേ ആങ്ങളയും ഒരു മുസ്ലിം പെണ്ണിന്റെ ഭർത്താവായി.. അവളുടെ വീട്ടുകാരുടെ സ്വാധീനത്തിൽ അവൻ മുസ്ലിമുമായി.

സിനിയുടെ അച്ഛനമ്മമാർ സങ്കടപ്പെട്ടു.. മോളും മുസ്ലിമാവുമെന്ന് ഭീതിയിലിരിക്കെ, കുഞ്ഞുമോൾ ബാലവാടിയിൽ പോയിത്തുടങ്ങി, സിനി ജോലിക്കും. അഞ്ചു വയസ്സ് തികഞ്ഞപ്പോൾ നസ്‌ലയെന്നു പേരുള്ള മകളെ സ്കൂളിലും ഒപ്പം മദ്രസയിലും ചേർത്തു. കൂട്ടുകാരികൾ അമ്മയുടെ മതവും പേരും പറഞ്ഞു മോളെ വിഷമിപ്പിച്ചു. അവൾ വീട്ടിൽ വന്നു കരഞ്ഞു തുടങ്ങി..

അയല്പക്കക്കാർ സമാധാന കമ്മിറ്റിയായി. എന്തായാലും മതം മാറ്റമാണ് പ്രശ്ന പരിഹാരം. മരിച്ചാൽ എന്ത് ചെയ്യും എന്ന ചോദ്യത്തിനൊടുവിൽ ഏതെങ്കിലുമൊരു മതം തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. സിനിയാണല്ലോ ഇറങ്ങിവന്നവൾ.. അപ്പോൾ അവളെ റഷീദിന്റെ മതത്തിലേക്ക് മാറ്റാം.. സിനി, സീനത്ത് ആവാൻ തയ്യാർ. പക്ഷെ, ഒരേയൊരു കണ്ടീഷൻ.. ഇന്നാട്ടിൽ താമസിച്ചോണ്ട് മതം മാറില്ല.. അമ്മയെയും അച്ഛനെയും വിഷമിപ്പിക്കാൻ വയ്യ. നാട് വിടാൻ റഷീദും തയ്യാറല്ല..

ഒടുവിൽ ഒറ്റപ്പെട്ടുപോയ റഷീദ് മദ്യത്തിലേക്ക് അടുത്ത് തുടങ്ങി.. കുടിയനോട് ആരും ചോദിക്കേം പറയേം ഇല്ലല്ലോ.. സിനിയെ അവൻ അവഗണിച്ചു തുടങ്ങി. മുറുമുറുപ്പ് കലഹത്തിലേക്ക്.. സിനി അമ്മവീട്ടിൽ തിരിച്ചെത്തി.. നാളുകൾ കുറെ കഴിഞ്ഞു.. പൂക്കളും കുറെ കൊഴിഞ്ഞു.

സിനിയുടെ സങ്കടപ്പെയ്ത്തിലേക്കാണ് ഇത്താത്തയായി എന്റെ രംഗപ്രവേശം.. ബാങ്കിലേക്ക് പണയം വെക്കാൻ വന്നപ്പോഴുള്ള പരിചയമായിരുന്നു..

'കുടജാദ്രിയിൽ കുടികൊള്ളുമാ കോടമഞ്ഞു പോലെയീ പ്രണയം...'

ഏതോ കസ്റ്റമറുടെ മൊബൈൽ പാടിത്തുടങ്ങിയപ്പോൾ.. 'ഉം.. പാട്ടുകേട്ടാൽ കുളിരുകോരും.. പിന്നീടറിഞ്ഞോളും ബാക്കി' എന്നു അവൾ പിറുപിറുത്തു. ചിരിക്കാതിരിക്കാനായില്ല.. ആദ്യത്തെ കൗതുകം അടുപ്പമായി.. നല്ല ചങ്ങാതിയായപ്പോൾ അവൾ ഇത്തായെന്നു വിളിച്ചുതുടങ്ങി.. ഇടക്ക് വീട്ടിലേക്ക് ക്ഷണിച്ചു.. നേരത്തെ ബാങ്കിൽ നിന്നിറങ്ങിയാൽ അവളുടെ വീട്ടിലേക്ക് പോയി കഥകൾ പറയാൻ നേരം കണ്ടെത്തി..

അങ്ങനെയൊരുനാളിലാണ് അവൾ ജീവിതത്തിന്റെ താളം തെറ്റിത്തുടങ്ങിയ കഥ പറഞ്ഞത്.. കാര്യങ്ങളറിഞ്ഞപ്പോൾ ഞാൻ സിനിക്കൊപ്പം ചെന്ന് റഷീദിനെ കണ്ടു.

കുഞ്ഞു കുഞ്ഞു ചോദ്യങ്ങൾ.. സിനിയോട് ഇഷ്ടം തോന്നിയപ്പോൾ, അവളേം കൊണ്ട് ഒളിച്ചോടുമ്പോൾ, നിന്റെ കുഞ്ഞിനെ പ്രസവിക്കുമ്പോൾ അവൾ ആരായിരുന്നു ? എങ്ങനായിരുന്നു?..

*(ശേഷം അടുത്ത പേജിൽ)*

കഥ




**ശാന്തി പാട്ടത്തിൽ**
അദ്ധ്യാപിക
ചുങ്കമന്ദം, പാലക്കാട്


# നോക്കുകൂലി

**അ**ഞ്ചു വയസ്സുകാരി ക്യാമറ കണ്ടപ്പോൾ ആകെ പേടിച്ചു.... ഫോട്ടോഗ്രാഫർ നല്ല വാക്കുകൾ പറഞ്ഞാണ് പിടിച്ചിരുത്തിയത്..

പിന്നെ കൗമാരക്കാരി കല്യാണത്തിന് പോയപ്പോൾ കണ്ട ക്യാമറ... പേടി പോയിരുന്നു എന്നാൽ വല്ലാത്ത ജാള്യത.... പിന്നീട് യൗവ്വനത്തിലെടുത്ത ഫോട്ടോകളിൽ കൂടുതൽ സുന്ദരിയാവാനും സൗന്ദര്യത്തിന്റെ അഴകളവുകൾ ക്യാമറയിലേക്ക് എങ്ങനേയും എത്തിക്കാനുമുള്ള പരിശ്രമം ...

അങ്ങനെ ജീവിതത്തിൽ ഫ്ളാഷുകൾ എന്നും ഒരു തുണ്ടുവെട്ടവും സന്തോഷവും നൽകിയിരുന്നു. ആ ക്യാമറയെയാണ് കണ്ണൻ മാഷ് 'ക്യാ -മറ?' എന്നു കളിയാക്കിയത്. ഒരു തരത്തിൽ മാഷ് കളിയാക്കിയത് ശരിയാണെന്ന് സുചിത്രയ്ക്ക് തോന്നി. തുണിക്കടയിലെ ട്രയൽ റൂമുകളിലും ദേശീയ പാതകളിലെ വേഗതാ പരിശോധന ക്യാമറകളിലും ഒന്നും മറയ്ക്കാനാവില്ലല്ലോ? പക്ഷേ മനു എന്ന കൗമാരക്കാരന്റെ ജീവിതം മാറ്റിമറിച്ചതും ഇതാണല്ലോ എന്നോർത്തപ്പോഴാണ് സുചിത്ര കാലഘട്ടങ്ങളെ ഒരു പ്രത്യേക ത്രാസിൽ തൂക്കി നോക്കാൻ തുനിഞ്ഞത്.

'ലൈല ടീച്ചറേ ഈ സാരിക്ക് ഈ ബ്ലൗസ് ചേരില്ല പുതിയ കലംകാരി തയ്ക്കൂ' എന്ന് ശോഭയും 'ഉവ്വോ അത് ടൗണിൽ എവിടാ കിട്ടാ?' എന്ന് ലൈല ടീച്ചറും അത് കോളേജ് റോഡിലെ Teen talk ൽ ഉണ്ടെന്ന് പൂർണ്ണിമ ടീച്ചർക്കും സ്ക്കൂൾ വരാന്തയിൽ വച്ച് സംസാരിക്കാതിരിക്കാൻ കഴിഞ്ഞില്ല - വരാന്തയിൽ നടക്കുമ്പോൾ മാത്രമാണ് അവർക്ക് സംസാരിക്കാൻ സമയം കിട്ടാറ് ! 'ടീച്ചർമാരെ മുകളിലൊരാൾ എല്ലാം കാണണ്ട്ട്ടോ എന്ന് മുകുന്ദൻ മാഷ് കളിയാക്കിയപ്പോഴാണ് സ്ഥലത്തുണ്ടായിരുന്ന താൻ ആ 'മുകളിലുള്ളവനെ' കാണുന്നത്. അവൻ ആ സ്ക്കൂളിൽ പലയിടത്തായി മുകളിൽ നിന്ന് എല്ലാം നിരീക്ഷിക്കുന്നുണ്ടെന്ന് സുചിത്ര മനസ്സിലാക്കി. ഏഴു പിരിയഡ് ക്ലാസും ഒരു പിരിയഡ് എക്സ്ട്രാവർക്കും ഇന്റർവെല്ലിനും ഉച്ചഭക്ഷണ വേളയിലും റജിസ്റ്റർ, സ്കോളർഷിപ്പ്, മറ്റു ജോലികൾ ചെയ്ത് 'സുഖിക്കുന്ന' അധ്യാപകർക്ക് വീണ്ടും ഒരു പണി കിട്ടിയല്ലോ എന്ന് സന്തോഷിക്കുന്ന സി സി ടി

*(ശേഷം പേജ് 63)*

---

*(തുടർച്ച പേജ് 59)*

ഉത്തരങ്ങൾ ദീർഘമായിരുന്നു..

മുല്ലപ്പൂ ചൂടിയ, രണ്ടുവശത്തും മുടി പിന്നിയിട്ട തുളസിക്കതിർചൂടി ഈറൻമുടിയഴിച്ചിട്ട, സിനിയുടെ രൂപം ഓർമ്മയിലെത്തി..

അന്നവളോടുള്ള പ്രണയം മൂത്ത് അമ്പലനട വരെ പിന്നാലെ നടന്നത്, സ്കൂളിലേക്കും തിരിച്ചു വീട്ടിലേക്കും അകമ്പടി പോയത്...

ഓർമ്മകൾ പൂക്കളായി വാക്കുകളിൽ സൗരഭ്യം നിറച്ചു.. മുസ്ലിമിന്റെ വീട്ടിലെത്തിയപ്പോൾ, പ്രാർത്ഥനാവിധികൾ പഠിച്ചില്ല, പാലിച്ചില്ല എന്നതൊഴികെ ബാക്കിയൊക്കെ അവൾ തനിക്കായി, ഉപേക്ഷിച്ചിരിക്കുന്നു. ഉമ്മാക്ക് സുഖമില്ലാതെ കിടപ്പിലായപ്പോൾ പൊന്നുപോലെ നോക്കിയത് അവളായിരുന്നു..

പക്ഷെ, മരണം അതാണവനെ അസ്വസ്ഥമാക്കുന്നത്.. ജീവിച്ചു തീർന്നിട്ടല്ലേ മരണം???

മരണം ആർക്കാണ് ബാധ്യതയാവുന്നത് ? മരിക്കുന്നതുവരെയുള്ള ജീവിതം മാത്രമാണ് ബാധ്യതയാവാൻ ഇടയുള്ളത്..

മരിച്ചു കഴിഞ്ഞാൽ മൃതദേഹം ബാധ്യതയാവുന്നത് നാട്ടുകാർക്കല്ലേ.. കുഴിച്ചിടുകയോ ദഹിപ്പിക്കുകയോ ചെയ്തില്ലെങ്കിൽ അവർക്കല്ലേ മൂക്കുപൊത്തേണ്ടി വരിക.. അതുകൊണ്ട് ഏതുവിധേനയും അവരത് നശിപ്പിക്കും..

പൊന്നു മക്കൾ സിനിയായും റഷീദായും അങ്ങനങ്ങ് സന്തോഷായി ജീവിച്ചാട്ടെ എന്ന് പറഞ്ഞു ഞാൻ പടിയിറങ്ങി. സിനി റഷീദിന്റെ കരവലയത്തിലേക്കും...

നമ്മൾ ജീവിക്കുന്ന ചുറ്റുപാട് നമുക്ക് അസ്വസ്ഥതകൾ മാത്രം സമ്മാനിക്കുമ്പോൾ എത്രയേറെ ഇഷ്ടമുള്ളിടമാണെങ്കിലും വെറുത്തു പോവും.. അങ്ങനാ അവരും ജീവിതത്തെ പുതിയ സ്ഥലത്തേക്ക് പറിച്ചു നടാൻ തീരുമാനിച്ചത്.. പുതിയ വീട്ടിൽ അവർക്ക് സന്തോഷം മാത്രം നൽകണേയെന്ന് പ്രാർത്ഥിച്ചു..

വല്ലാത്ത സന്തോഷം തോന്നി.. കൂട്ടായി ചാറ്റൽ മഴയും.. ഹെൽമെറ്റിട്ടു, മഴയത്തു വണ്ടിയോടിക്കുമ്പോൾ ചുണ്ടിൽ ആ പാട്ടു തന്നെ വന്നു..

കിസീനെ അപ്നാ ബാനാ കെ മുജ്കോ മുസ്ക്കുരാനാ സിഖാദിയാ...

അന്ധേരെ ഘർമേം കിസീനെ ഹസ്കോ ചിരാഗ് ജൈസേ ജലാദിയാ..

■

കഥ



ഗീതു സുരേഷ്
വെള്ളാനിക്കര, തൃശ്ശൂർ

# കാഴ്ച

**കാ**രൾ മാറ്റിവച്ച് നീണ്ട ആശുപത്രിവാസത്തിനു ശേഷം ആണ് കരൾ പകുത്ത് നൽകിയവളെ ഒന്ന് കാണാൻ പറ്റുന്നത്. അവളോട് സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് നാട്ടിലെ പ്രമാണിയായ അയാളും സുഖവിവരം അന്വേഷിക്കാൻ എത്തിയത്..

അവളെ കണ്ടതും അവജ്ഞയോടെ നോക്കി അയാൾ പറഞ്ഞു:

ഈ മൊതലാണോ ടീച്ചർക്ക് കരൾ തന്നത്.

കുശലാന്വേഷണത്തിനു ശേഷം യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ 'പോക്ക് കേസാണല്ലോ ടീച്ചറെ' എന്നു അയാൾ അടക്കം പറഞ്ഞു, അവളെ നോക്കി വഷളൻ ചിരി ചിരിച്ചു..

ഞാൻ ഒന്നു ഞെട്ടി അവളെ പാളി നോക്കി. കണ്ണുകൾ തീക്കനൽ പോലെ ചുവന്നിരിക്കുന്നു. ചോദ്യചിഹ്നമായിരിക്കുന്ന എന്റെ മുഖത്തേക്ക് നോക്കി അവൾ പറഞ്ഞു:

എങ്ങനെ ജീവിക്കുന്നു എന്നൊന്നും ആരും അന്വേഷിക്കില്ല സാറേ.. കെട്ടിയവന്റെ ഹൃദയം നിന്നുപോകുമെന്ന അവസ്ഥയിൽ, ലോകത്ത് ഉള്ള സകലമാന ജോലിക്കും പോയവളാ ഞാൻ.

ചികിത്സക്ക് അതൊന്നും പോരാതെ വന്നപ്പോളാ വട്ടിപ്പലിശയ്ക്ക് കടം വാങ്ങിയത്.

തിരിച്ചടവ് മുടങ്ങി, സാവകാശം ചോദിക്കാൻ പോയപ്പോഴാ അയാൾ എന്നെ പലിശയാക്കി എടുത്തത്. ആദ്യം മരിച്ചാലോ എന്നു തന്നാ ചിന്തിച്ചേ... പക്ഷേങ്കി കെട്ട്യോനും കുട്ട്യോളും കണ്ണീന്ന് മായണില്ലായിരുന്ന്..

ആ ആളു തന്നാ ഇപ്പോ ഇവിടെ ചാരിത്ര്യ പ്രസംഗം നടത്തിയേച്ച് പോയത്..

ബീച്ചിലും പാർക്കിലും ഒരുമിച്ച് ഇരിക്കുന്ന ആൺപിള്ളാരേം പെമ്പിള്ളേരേം അടിക്കാൻ നടക്കുന്നവനാ അയാൾ.. എന്നിട്ട് പാവത്തുങ്ങളുടെ ഫോട്ടോ എടുത്ത് ഭീഷണിപ്പെടുത്തി ആ പെൺകുട്ടികളെ വലയിലാക്കുന്നവനാണ് ആ സാമദ്രോഹി... അയാളുടെ കൂട്ടുകാർക്കെല്ലാവർക്കും ഇതൊക്കെ അറിയാം. എന്നിട്ടും അയാൾ മാന്യൻ!

അല്ലേലും നഷ്ടപ്പെടാൻ പെണ്ണിന് മാത്രമേ എന്തേലും ഉള്ളൂ എന്ന് പറഞ്ഞു വച്ചേക്കുന്ന കാരണമല്ലേ ആ പാവങ്ങൾ ഈ ചതിക്കുഴിയിൽ വീഴുന്നത്.

ആണിന് നഷ്ടപ്പെടാൻ ഇല്ലാത്തതൊന്നും പെണ്ണിനും ഇല്ല എന്റെ സാറേ! പിന്നെ, ഞാനും ആലോചിച്ചു, ഈ ലോകത്ത് എത്രയെത്ര തൊഴിൽ ചെയ്യുന്നവരുണ്ട്? ഇത് എന്റെ തൊഴിൽ! അങ്ങനെ കണ്ടാ പ്രശ്നം ഇല്ലല്ലോ സാറേ ..

എല്ലാവരും അവരുടെ ജോലിക്ക് കാശു വാങ്ങുന്ന പോലെ ഞാനും ചെയ്യുന്ന തൊഴിലിന് കാശു വാങ്ങുന്നു. ന്യായീകരിച്ചതല്ല, നിവൃത്തികേടായിരുന്നു.

ആളെ കൊല്ലുന്ന രാഷ്ട്രീയക്കാരും ആളെ വിട്ട് പീഡിപ്പിക്കുന്ന നടനും പെണ്ണുങ്ങളെ വലയിലാക്കുന്ന പ്രമുഖരും ഒക്കെ ഇവിടെ വിലസുന്നില്ലേ? അവർക്ക് ജയ് വിളിക്കുന്നവർ ഇല്ലേ? അവർക്ക് ഒന്നുമില്ലാത്ത എന്ത് സദാചാരം ആണ് എനിക്ക് വേണമെന്ന് അവർ വാശി പിടിക്കുന്നത്.

അവരൊന്നും തെറ്റല്ലാത്തിടത്തോളം ഞാനും തെറ്റല്ലാ..

അല്ലേലും മറ്റുള്ളവരെ വിധിക്കാനല്ലേ എല്ലാവർക്കും ഇഷ്ടം

തിന്നാനും കുടിക്കാനും ഉണ്ടോ എന്നൊന്നും ആരും തിരക്കിയിട്ടില്ല സാറേ.. അവരാണ് ഇപ്പോ കാണുമ്പോഴേക്ക് കാർക്കിച്ച് തുപ്പാൻ വരുന്നത്.. വെളിച്ചത്ത് കണ്ടാൽ അറയ്ക്കുന്നവർക്ക് ഒന്നും രാത്രി ഒരറപ്പും കാണത്തില്ല കേട്ടോ.!

എല്ലാവർക്കും വലുത് സ്വന്തം ജീവനല്ലയോ സാറേ .. എന്നിട്ടും ആ ജീവൻ ആണ് എന്റെ ഭർത്താവിന് വേണ്ടി നിങ്ങൾക്ക് ഞാൻ പകുത്ത് തന്നത്.

മാനം പോയോ എന്ന് നോക്കി നടക്കുന്നവർ എന്താ സാറേ ജീവൻ പോയാലും കണ്ടില്ലെന്ന് നടിക്കണെ?

മാനം വിറ്റപ്പോ ചോദിക്കാൻ വന്ന സദാചാരൻമാരെന്തേ ശരീരം മുറിച്ചു വിൽക്കമ്പോൾ ചോദിക്കാൻ വരാഞ്ഞേ.. നിർത്തിക്കോണം ഈ പണി എന്ന് അവരാരും പറഞ്ഞില്ലല്ലോ..

ഇപ്പോ ഞാൻ ശരിക്കും ശരീരം വിറ്റവളായി. കരൾ നിങ്ങൾക്ക്, വൃക്ക മറ്റൊരാൾക്ക് ..

എന്നാലും ആളുകൾക്ക് എന്നെ വിളിക്കാൻ ഒരു പേരേ കാണത്തുള്ളൂ. അതാണ് മനുഷ്യരുടെ കാര്യം..

ഓരോരുത്തരുടെയും മനസിലുള്ളതേ അവന്റെ കണ്ണിൽ കൂടി കാണത്തൊള്ളൂ. ഓരോരുത്തരുടെയും കാഴ്ചയുടെ പ്രശ്നമാണ് അല്ല്യോ സാറേ...

ഇതും പറഞ്ഞ് അവൾ കുലുങ്ങി ചിരിച്ചു.

കണ്ണട പതുക്കെ ഊരി തുടച്ച് ഞാനും മനസിൽ പറഞ്ഞു, കണ്ണട മാറ്റാറായി.

■

കഥ



**ഹിരണ്യതി**
പ്ലസ്ടു വിദ്യാർഥി
ധർമ്മടം, തലശ്ശേരി

# വെറും നിഴലുകൾ

'യുദ്ധം, ഭീകര യുദ്ധം.

ചോര ചിന്തുന്ന, ഉണങ്ങാത്ത മുറിവുകൾ സമ്മാനിക്കുന്ന യുദ്ധം. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറികളുണ്ടായേക്കും. പക്ഷേ ഈ യുദ്ധത്തിൽ വിജയമില്ല. എന്നും പരാജയപ്പെടുന്നവരുടെ യുദ്ധമാണിത്. സ്പൂണുകളും കത്തികളും ചട്ടികലങ്ങളുമായി ഞങ്ങൾ നടത്തുന്ന അടുക്കളയുദ്ധം.

'പെൺ മിലിട്ടറിയുടെ യുദ്ധം'

ഫെയ്സ് ബുക്കിൽ മീന കുറിച്ചിട്ട വരികളാണിത്. കഴിഞ്ഞവർഷം അവളുടെ തലയിൽ ഉദിച്ചൊരാശയമായിരുന്നു അത്. പെൺമിലിട്ടറി -സ്ത്രീകളുടെ പ്രശ്നങ്ങൾ സ്ത്രീകളോടു തന്നെ പങ്കുവെച്ച് പരിഹാരം നേടാനുള്ള വഴി. ഫേസ്സ് ബുക്കിൽ അവൾ തന്നെ ഒരു ഗ്രൂപ്പുണ്ടാക്കി. ആദ്യം തന്റെ സുഹൃത്തുക്കളെ ആഡ് ചെയ്തു. പതിയെപ്പതിയെ പരിചിതരും അപരിചിതരുമായ ധാരാളം പേർ ഗ്രൂപ്പിലേക്കു വന്നു ചേർന്നു. ഒരു പാടു മുത്തുകൾ കോർത്തിണക്കിയ മാല പോലെ അതു നീണ്ടു നീണ്ടു പോയി. കഥകളും കവിതകളും കരച്ചിലും ചിരിയും തർക്കങ്ങളും പിണക്കങ്ങളുമൊക്കെയായി നൂറുകണക്കിനു സ്ത്രീകൾ അവരുടെ ചിന്തകൾ കൊണ്ടുണ്ടാക്കിയ ജീവനുള്ള, ഭംഗിയുള്ള ഒരു മാല.

ആ മാലയിലെ മുത്തുകൾ എല്ലാം ഇന്ന് ഒത്തുചേരാൻ പോവുകയാണ്. പെൺ മിലിട്ടറിയുടെ ആദ്യ കൂടിച്ചേരൽ. ഇതേവരെ ഗ്രൂപ്പിലെ ചാറ്റിലും കോളിലും ഫോട്ടോകളിലും മാത്രം കണ്ട പെൺമുഖങ്ങളെ നേരിട്ട് കാണാലോയെന്ന ആകാംക്ഷയായിരുന്നു എല്ലാവർക്കും.

എത്തിയപ്പോൾ തന്നെ മീനയോടാണ് എല്ലാവരും നന്ദി പറഞ്ഞത്. ഒരോരോ ദിക്കുകളിലെ ജോലിസ്ഥലത്തും അടുക്കളകളിലും മാത്രം ഒതുങ്ങിയിരിക്കേണ്ടിയിരുന്നവർക്ക് ഇങ്ങനൊരു അവസരം നൽകിയത് മീനയാണല്ലോ. ഒരേ ചിന്താഗതിയുള്ള അത്രയും സുഹൃത്തുക്കളെ ഒന്നിച്ചു കാണാൻ കഴിഞ്ഞത് അതു കൊണ്ടാണ്. എത്ര പറഞ്ഞിട്ടും തീരാത്തത്ര വിശേഷങ്ങൾ, വർത്തമാനങ്ങൾ, കളിചിരികൾ. ജീവിതത്തിലെ കഷ്ടപ്പാടുകളും, ദുരിതങ്ങളും, സങ്കടങ്ങളും, ചെറിയ ചെറിയ സന്തോഷങ്ങളും അവർ പരസ്പരം പങ്കുവെച്ചു. ഉള്ളിലെ സ്വപ്നങ്ങളും നിരാശകളും അവരവിടെ കുടഞ്ഞിട്ടു.

മീന തന്നെയായിരുന്നു അവിടെയും നേതാവ്. എല്ലാവർക്കും പ്രചോദനവും, ധൈര്യവും നൽകുന്നവൾ. ശരിയായ ലീഡർ. ഓരോരുത്തർക്കും അവളോട് തോന്നിയ ആരാധനയ്ക്കളവില്ല. ആ പെൺകിളിക്കൂട്ടത്തിന്റെ കലമ്പലുകൾ തീരാത്തതു കൊണ്ട് ഒഫീഷ്യൽ മീറ്റിങ്ങ് തുടങ്ങാൻ ഉദ്ദേശിച്ചതിലും വളരെ വൈകി.

'നമ്മൾ ഒരിക്കലും മറ്റുള്ളവരുടെ കീഴിൽ ജീവിക്കരുത്. ഒരുവന്റെ നിഴൽ ആകാൻ വിധിക്കപ്പെട്ടവരല്ല നമ്മൾ. അങ്ങനെ നമ്മളെ ആരെങ്കിലും നിർബന്ധിക്കുകയാണെങ്കിൽ, മടിച്ച് നിൽക്കാതെ നമ്മൾ നിഴലല്ല, പകരം നമുക്കും നമ്മുടേതായ നിഴൽ ഉണ്ടെന്ന് കാണിച്ചുകൊടുക്കണം.'

ചുവന്ന സാരിയിൽ തിളങ്ങിക്കൊണ്ട് മൈക്കിനു മുന്നിൽ നിന്ന് മീന ഇത്രയും പറഞ്ഞപ്പോൾ തന്നെ കൈയടി കൊണ്ട് നിറഞ്ഞു മുഴങ്ങി ആ പെൺസദസ്സ്. പെൺ മിലിട്ടറിയിലെ അംഗങ്ങളോരോരുത്തരും അവളെ മാതൃകയാക്കണമെന്നു മനസിൽ നൂറുവട്ടം പറഞ്ഞു. അപ്പോഴായിരുന്നു ഹാളിന്റെ പുറത്തു നിന്ന് അക്ഷമ നിറഞ്ഞ ഹോണടി ശബ്ദം തുടരെത്തുടരെ അകത്തേക്കിരച്ചു കയറിയത്. മീനയുടെ വാക്കുകൾക്കു കാതോർത്തിരുന്ന പെൺമിലിട്ടറിക്കാർക്കത് അരോചകമായിത്തോന്നി. എന്തൊരു ശല്യമെന്നവർ പരസ്പരം നോക്കി.

വേദിയിലാവട്ടെ ആ കാറിന്റെ ഹോണടി ശബ്ദം മീനയെ വളരെ അസ്വസ്ഥയാക്കുകയായിരുന്നു കത്തിക്കയറിക്കൊണ്ടിരുന്ന പ്രസംഗം പെട്ടന്നവസാനിപ്പിച്ചു അവൾ. അടുത്തതായി സംസാരിക്കാൻ തുടങ്ങിയത് വിശിഷ്ടാതിഥിയായ വനിതാമേയറായിരുന്നു. മീനയുടേതു പോലല്ല, ഒരു തണുപ്പൻ പ്രസംഗമാണവരുടേത്.

സദസ്സ് പിന്നെയും മീനയെ ശ്രദ്ധിക്കാൻ തുടങ്ങി.

മീന തന്റെ കസേരയിൽ കുറച്ചു നേരം അസ്വസ്ഥയായിരുന്നു. ഫോണിൽ എന്തോ ശബ്ദം താഴ്ത്തി പറയുന്നുമുണ്ട്. ഫോൺ കട്ട് ചെയ്തും കൂടുതൽ അസ്വസ്ഥതയോടെ തന്റെ ബാഗും മറ്റും എടുത്ത് ആരെയും നോക്കാതെ വേദിയിൽ നിന്നിറങ്ങി ഹാളിനു പുറത്തേക്ക് ഒറ്റ നടത്തം. എല്ലാവരും അമ്പരന്ന് തിരിഞ്ഞു നോക്കിയപ്പോഴാണ് പോർട്ടിക്കോയിൽ നിർത്തി

⟶

(തുടർച്ച പേജ് 60)

വി കണ്ണുകൾ .....

'ജീവിതം ഉള്ള സ്ഥലം അന്വേഷിച്ചിറങ്ങുന്നു' എന്ന് ലൈബ്രറിയുടെ ജനാല പാളികളിൽ എഴുതി മനു നാടുവിട്ടപ്പോഴാണ് വീട്ടുകാരും പോലീസും സ്‌കൂൾ അധികൃതരും അവനെ പിൻതുടർന്ന ആ കണ്ണുകളെ ക്കുറിച്ച് ബോധവാന്മാരാകുന്നത്.....

'ചെറുക്കന് സാമാന്യം ബുദ്ധിയുണ്ട്. വായനാ ശീലമുണ്ട് അത്യാവശ്യം നന്നായി എഴുതുകയും ചെയ്യും... എന്താണാവോ ഇങ്ങനെ തോന്നാൻ?' 'ഇവന് എന്തിന്റെ കുറവാ? അത്യാവശ്യം വകയുള്ള വീട്ടിലെ യാണല്ലോ? കഞ്ഞിക്കു വകയില്ലാത്ത പിള്ളേർ ഇവി ടുണ്ട് അവർക്കൊന്നും തോന്നീല്ലല്ലോ നാടുവിടാൻ ?' ബഹുജനം പലവിധം മൊഴിഞ്ഞു ...

'ചിത്രേ തന്നോടായിരുന്നില്ലേ അവന് കൂടുതൽ അടുപ്പം, തന്നോടും അവൻ ഒന്നും പറഞ്ഞില്ലേ?' എന്ന ഹെഡ്മാസ്റ്ററുടെ ചോദ്യത്തിന് അവളുടെ പക്കൽ ഉത്ത രമില്ലെങ്കിലും ആ ചോദ്യമാണ് ചിന്തകളിൽ തീ നിറച്ചത്....

അവൻ കൂട്ടുകാരുമായി വഴക്കുണ്ടാക്കിയപ്പോൾ; അവന്റെ കൂട്ടുകാരൻ തൊട്ടടുത്ത ക്ലാസിലെ പെൺ കുട്ടിക്ക് റോസാപ്പൂ കൊടുത്തപ്പോൾ, അപ്പോഴെല്ലാം ഈ നിരീക്ഷണ കണ്ണുകൾ അവരെ കയ്യോടെ പിടി കൂടി വിചാരണയും നടത്തി. വിചാരണക്കൊടുവിൽ അവൻ തന്റെയടുക്കൽ വന്നത് ചിത്ര ഓർത്തു - 'ടീച്ചറെ, ഞങ്ങളെത്തന്നെ ഒരാള് നോക്കിക്കൊണ്ടിരുന്നാൽ ങ്ങൾക്ക് ഒരസ്വസ്ഥതയും തോന്നൂല്ലേ? ഒന്ന് ഇളകിയിരി ക്കാതിരിക്കാനാകുമോ? അതുപോലത്തെ പരിപാടി യല്ലേ ടീച്ചറേ ഇത്? വരാന്തയിൽ, ടോയ്‌ലറ്റിന്റെ പരിസ രത്ത്, ഗെയ്റ്റ്നടുത്ത്.... ക്യാമറ വച്ചോ, സഹിക്കാം. പക്ഷേ അത് ഞങ്ങളെ അറിയിക്കേണ്ടിയിരുന്നില്ല' ശരിയാണെന്ന് സുചിത്രക്കും തോന്നി. നാഗദൃഷ്ടി യുള്ള സ്ഥലത്ത് വീട് വയ്ക്കാൻ പേടിച്ചവളാണ് താനും.

പണ്ടും ഇവിടെ കുട്ടികൾ പല പല കുറുമ്പു കൾ കാണിച്ചിട്ടുണ്ട്. അന്ന് അധ്യാപകരുടെ ക്യാമറ ക്കണ്ണുകൾ സ്നേഹ ശാസനകളാൽ അവർക്ക് നല്ല വഴി കാണിച്ചിട്ടുണ്ട്... ഈയിടെ നടന്ന കവിതാ മത്സരത്തിന് അവൻ ഇങ്ങനെയെഴുതിയിരുന്നു - 'ഈയിടെയായി ഞങ്ങൾ ഇങ്ങനെയാണ് -...

പുസ്തകങ്ങളിൽ നിന്ന്
തല നിവർത്താറില്ല,
കളിക്കാറില്ല ;
കൂട്ടുകാരോട് അടികൂടാറില്ല,
വരാന്തയിൽ നിന്ന്
മഴയും കാറ്റും ആസ്വദിക്കാറില്ല
മുന്നിലൂടൊഴുകുന്ന
കടക്കണ്ണുകളിലേക്ക്
ചെരിഞ്ഞൊന്നു നോക്കാറില്ല
എല്ലാം വിലക്കപ്പെട്ടതെന്ന്
നിങ്ങൾ പറയുന്നു'

അതെ.... കൗമാരത്തിന്റെ കുറുമ്പുകളും സ്വാഭാ വിക ആകർഷണങ്ങളും എല്ലാമെല്ലാം ക്യാമറകളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. അവർ ശാന്തരും കരുത്തില്ലാ ത്തവരുമായി മാറുന്നു. പ്രതികരണ ശേഷി നഷ്ടമായ അനുസരണത്തിന്റെ മാത്രം കുഞ്ഞാടുകളായിരിക്കുന്നു. എപ്ലസ് യന്ത്രങ്ങൾ......

'ഇൻറേണൽ മാർക്കുകൾ നിർണ്ണയിക്കുന്നത് ഇനി ഇത്തരം ക്യാമറകളാകുമോ ടീച്ചറേ' എന്ന് തമാശ ക്കായി ആരോ സ്റ്റാഫ് റൂമിൽ ചോദിച്ചത് വെറും തമാശ യല്ലാതാകുമോ എന്നാകുന്നു ആശങ്ക.

അവൻ എഴുതിയ കവിതയിലെ-
'നിങ്ങൾക്കു കിട്ടിയ
ഇഷ്ട വിദ്യാലയ മുറ്റം
ഞങ്ങൾക്ക് നഷ്ടമാക്കേണമോ?'

എന്ന വരികൾ അവളെ ചോദ്യം ചെയ്തുകൊ ണ്ടിരുന്നു. അവൻ എവിടെയാകാം? ക്യാമറകൾ ഇല്ലാ ത്ത വല്ല സ്ഥലവും തേടിപ്പോയതാകുമോ? സ്വാതന്ത്ര്യ ദാഹികൾക്ക് തെറ്റായ ഒരിടമാകുമോ ഈ ഭൂമി? ചിന്തകൾ കാടുകയറാൻ തുടങ്ങിയപ്പോഴും സുചിത്ര യുടെ ഭയപ്പാടുള്ള ദൃഷ്ടി ചുറ്റുമുള്ള ക്യാമറകണ്ണുകളിൽ തന്നെയായിരുന്നു

■

(തുടർച്ച പേജ് 62)

യിട്ട കാറിൽ നിന്നിറങ്ങിയ ക്ഷുഭിതനായ ഒരാളെ കണ്ടത്. അയാളാണ് ഇത്രയും നേരം ഹോണടിച്ചു ശല്യമുണ്ടാക്കിയത്. മീന ഷെയർ ചെയ്ത ഫോട്ടോ കളിലൂടെ, അവളുടെ ചാറ്റുകളിലൂടെ അവർക്കെല്ലാം പരിചയമുള്ള മുഖമാണത്. അവളുടെ പ്രിയപ്പെട്ട ഭർ ത്താവ്. അവൾക്ക് എല്ലാ സ്വാതന്ത്ര്യവും കൊടുക്കുന്ന അവളുടെ കൂട്ടുകാരൻ.

ഇങ്ങനെയൊരു ഭർത്താവിനെ കിട്ടിയിരു ന്നെങ്കിൽ എന്ന് അവരൊക്കെ കൊതിച്ചിട്ടുണ്ട്.

പക്ഷേ ഇപ്പോളയാളുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നു തുടുത്തിരിക്കുന്നു.

വളരെയുറക്കെ എന്തോ അവളോടയാൾ പറയു ന്നുമുണ്ടായിരുന്നു. 'യൂ വാർ ക്രോസിങ് ഓൾ ദ ലിമി റ്റ്സ്... ഒരു മണിക്കൂറിനുള്ളിൽ തിരിച്ചെത്തിക്കോണ മെന്ന് ഞാൻ പറഞ്ഞതല്ലേ....' അത്രയും അവരൊക്കെ കേട്ടു. പിന്നെപ്പറഞ്ഞതെന്തൊക്കെയോ ചീത്ത വാക്കു കളായിരുന്നു. ഒന്നും വ്യക്തമായില്ല.

എല്ലാരും അമ്പരന്നു നോക്കിനിൽക്കെ എല്ലാം കേട്ട് ഒരക്ഷരം തിരിച്ചു പറയാതെ മീന അയാളെ പിന്തു ടർന്നു കാറിൽ കയറി.

ഒരു നിഴൽ പോലെ...!

ഹാളിനുള്ളിൽ മേയറുടെ പ്രസംഗം. സ്ത്രീ കളുടെ അനുസരണയെക്കുറിച്ചും ക്ഷമയെക്കുറിച്ചു മൊക്കെ അവർ വാചാലയാവുന്നു. തങ്ങൾ വെറും നിഴലുകൾ മാത്രമാണെന്ന തിരിച്ചറിവോടെ പെൺ മിലി ട്ടറിയിലെ അംഗങ്ങൾ നടുങ്ങി നിന്നു.

■

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# എന്റെ പേര് ഗ്രേറ്റ തൻ ബർഗ്

ഇത്തവണത്തെ പംക്തിക്ക് മറ്റൊന്നും പറയാനില്ല. ഗ്രേറ്റയുടെ വാക്കുകളെ ശ്രദ്ധിച്ചു ആദരവോടെ കേൾക്കുക എന്നത് മാത്രമാണ് ഇന്ന് മനുഷ്യന് അഭികാമ്യം. ഈ പതിനാറുകാരി നമ്മളെ ചോദ്യങ്ങളുടെ മുൾമുനയിൽ നിർത്തുന്നു. നേടിയ തൊന്നും നേട്ടമല്ല എന്ന് ഓർമ്മപ്പെടുത്തുന്നു. കുറച്ചു മുൻപ് യൂറോപ്പിൽ കാലാവസ്ഥ പ്രതി സന്ധിക്കെതിരെ സ്കൂൾകുട്ടികളുടെ സമരത്തിന് ആഹ്വാനം നൽകി വിവാദങ്ങൾ സൃഷ്ടിച്ച ഈ കൗമാരക്കാരിക്ക് മുന്നിൽ, അവളുടെ ചോദ്യങ്ങൾക്കു മുന്നിൽ ഉത്തരം മുട്ടിനിൽക്കുമ്പോൾ ബ്രിട്ടീഷ് പാർലമെന്റിനു മുന്നിൽ അവൾ നടത്തിയ പ്രസംഗം കൂടുതൽ സംസാരവിഷയമായി. പുതുതലമുറയുടെ മൂല്യച്യുതിയെ കുറിച്ച് മുതലക്കണ്ണീർ ഒഴുക്കുന്ന സമൂഹത്തിനു നേരെ അവൾ എറിയുന്ന ചോദ്യങ്ങളുടെ മുന്നിൽ നമ്മൾക്ക് ഒരു നിമിഷം ധ്യാനപൂർവം നിൽക്കാം. അവളെ കേൾക്കാം. ഒന്ന് മാറാൻ ശ്രമിക്കാം. ഗ്രേറ്റ നടത്തിയ പ്രഭാഷണത്തിന്റെ ഒരു ചെറിയ രുചി മാത്രമാണ് ഈ ഭാഗികമായ പരിഭാഷ കൊണ്ട് ഉദ്ദേശിക്കുന്നത്. പല ഭാഷകളിലായി ഡിജിറ്റൽ പുസ്തകങ്ങളായി ഗ്രെറ്റയുടെ പ്രസംഗങ്ങൾ ഇറങ്ങുമ്പോൾ മലയാളത്തിലും ഗ്രെറ്റ ഒന്ന് സംസാരിക്കുന്നു എന്ന് മാത്രം.


ഗ്രേറ്റ തൻ ബർഗ്

എന്റെ പേര് ഗ്രേറ്റ തൻ ബർഗ്. എനിക്ക് പതിനാറുവയസ്സാണ്. ഞാൻ സ്വീഡനിൽ നിന്ന് വരുന്നു. ഞാൻ ഭാവി തലമുറകൾക്കു വേണ്ടിയാണ് സംസാരിക്കുന്നത്.

എനിക്കറിയാം, നിങ്ങളിൽ പലർക്കും ഞാൻ പറയുന്നത് കേൾക്കാൻ താത്പര്യമില്ലെന്ന് - ഞങ്ങൾ വെറും കുഞ്ഞുങ്ങളാണെന്നു നിങ്ങൾ പറയുന്നു. ഞങ്ങൾ united ക്ലൈമറ്റ് സയൻസിന്റെ സന്ദേശത്തെ ആവർത്തിക്കുക മാത്രമാണ് ചെയ്യുന്നത്.

ഞങ്ങളുടെ വിലപ്പെട്ട പഠന സമയം ഞങ്ങൾ വെറുതെ കളയുകയാണെന്നു നിങ്ങൾ വേവലാതിപ്പെടുന്നു. പക്ഷെ ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു, ശാസ്ത്രം പറയുന്നത് കേട്ട് നിങ്ങൾ ഞങ്ങൾക്കൊരു ഭാവി ഉറപ്പാക്കുന്ന നിമിഷം ഞങ്ങൾ സ്കൂളിലേക്ക് തിരിച്ചു പോവാം.

2030ൽ എനിക്ക് 26 വയസ്സാവും. എന്റെ കുഞ്ഞനുജത്തി ബീറ്റക്ക് 23 ആവും. നിങ്ങളുടെ പല കുട്ടികളെയും പേരക്കുട്ടികളെയും പോലെ. അതൊരു ഗംഭീര പ്രായമാണെന്നു ഞങ്ങൾ കേട്ടിട്ടുണ്ട്. നിങ്ങളുടെ ജീവിതം മുഴുവനായും നിങ്ങൾക്ക് മുൻപിൽ നീണ്ടു കിടക്കുന്നുണ്ടെങ്കിൽ. പക്ഷെ ഞങ്ങൾക്ക് അത് അത്ര ഗംഭീരമാവും എന്ന് എനിക്കത്ര ഉറപ്പില്ല.

വലിയ സ്വപ്നങ്ങൾ കാണാൻ ഞങ്ങളോട് പറയുന്ന ഒരു സ്ഥലത്തും കാലത്തും പിറക്കാൻ ഭാഗ്യമുണ്ടായ ആളാണ് ഞാൻ. ഞാൻ ആഗ്രഹിക്കുന്നത് എനിക്ക് ആയിത്തീരാം. ഞാൻ ഇഷ്ടപ്പെടുന്ന ഇടത്തു ജീവിക്കാം. എന്നെ പോലുള്ളവർക്ക് ഞങ്ങൾക്ക് ആവശ്യമുള്ളതും അതിൽ കൂടുതലും ഉണ്ടായിരുന്നു. ഞങ്ങളുടെ അപ്പൂപ്പന്മാർക്കു സ്വപ്നം കാണാൻ പോലും പറ്റാത്തത്. ഞങ്ങൾക്കു ആഗ്രഹിക്കാൻ പറ്റുന്നത് എല്ലാം ഞങ്ങൾക്കുണ്ടായിരുന്നു പക്ഷെ ഇപ്പോൾ ഞങ്ങൾ ഒന്നും ഇല്ലാത്തവരായി മാറാം.

ഇപ്പോൾ ഒരു പക്ഷെ ഞങ്ങൾക്കൊരു ഭാവി പോലും ഉണ്ടായിരിക്കില്ല.

കാരണം, കുറച്ചാളുകൾക്കു സങ്കൽപ്പിക്കാൻ പോലും കഴിയാത്ത സമ്പത്തു ഉണ്ടാക്കുവാനായി, ഞങ്ങളുടെ ഭാവി വിൽക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് ഒരൊറ്റ ജീവിതമേ ഉള്ളൂ എന്നും, ആകാശമാണ് നമ്മുടെ പരിധി എന്നും നിങ്ങൾ പറഞ്ഞ ഓരോ സമയത്തും അത് ഞങ്ങളിൽ നിന്ന് കവർന്നെടുക്കപ്പെടുകയായിരുന്നു.

*(ശേഷം പേജ് 66)*

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# തമോഗർത്ത ദൃശ്യവും കെയ്റ്റി ബൗമാനും

സ്വന്തം ലാപ്ടോപ്പിൽ തമോഗർത്തത്തിന്റെ വിസ്മയദൃശ്യം കണ്ട് അത്ഭുതത്തോടെയും ആഹ്ലാദത്തോടെയും ഇരിക്കുന്ന കെയ്റ്റി ബൗമാൻ എന്ന ശാസ്ത്രജ്ഞയുടെ ചിത്രം ഈയിടെയാണ് മാധ്യമങ്ങളിൽ നിറഞ്ഞത്. ഇതാദ്യമായി ഒരു തമോഗർത്തത്തിന്റെ (ബ്ലാക്ക്ഹോൾ) ഫോട്ടോ ലഭ്യമാക്കി ശാസ്ത്രം ചരിത്രം കുറിച്ചപ്പോൾ അതിലെ സ്ത്രീ പങ്കാളിത്തം അഭിമാനിക്കാൻ വക നൽകുന്നതാണ്. തമോഗർത്ത ദൃശ്യം പകർത്താനുള്ള ഗവേഷണത്തിൽ അതിനുസഹായകമായ കമ്പ്യൂട്ടർ അൽഗോരിതം തയ്യാറാക്കുന്നതിൽ മുഖ്യപങ്കു വഹിച്ചത് കെയ്റ്റി ബൗമാൻ എന്ന ഇരുപത്തിയൊമ്പതുകാരിയായിരുന്നു. അതോടെ ഭാവനയിലുള്ള തമോഗർത്ത ചിത്രത്തിനു പകരം ഒരു തമോഗർത്തത്തിന്റെ യഥാർഥ ചിത്രം എന്ന ശാസ്ത്രജ്ഞരുടെ കാലങ്ങളായുള്ള സ്വപ്നമാണ് സഫലമായത്.

അന്റാർട്ടിക്ക മുതൽ ചിലി വരെ വിവിധ സ്ഥലങ്ങളിൽ വിന്യസിച്ച എട്ടു ഭീമൻ ടെലിസ്കോപ്പുകൾ ഉൾക്കൊള്ളുന്ന ഇവന്റ് ഹൊറൈസൺ ടെലിസ്കോപ്പ് ശൃംഖല ഉപയോഗിച്ചാണ് ഭൂമിയിൽ നിന്നും 550 ലക്ഷം പ്രകാശവർഷംഅകലെമെസിയർ 87 എന്ന നക്ഷത്ര സമൂഹത്തിന്റെ കേന്ദ്രത്തിലുള്ള തമോഗർത്തത്തെ ദൃശ്യവൽക്കരിച്ചത്. വിവിധ സ്ഥാപനങ്ങളിലെ ഇരുന്നൂറോളം ഗവേഷകരാണ് ഈ ചരിത്ര ഗവേഷണത്തിൽ പങ്കാളികളായത്. സൂര്യന്റെ 650 കോടി മടങ്ങോളം ദ്രവ്യമാനമുള്ള ഈ സൂപ്പർ മാസ്സീവ് തമോഗർത്തത്തിന്റെ ഫോട്ടോ ലഭ്യമാക്കാൻ ഓരോ ടെലിസ്കോപ്പിൽ നിന്നും ലഭിക്കുന്ന അതിബൃഹത്തായ വിവരങ്ങൾ സംയോജിപ്പിക്കേണ്ടതുണ്ടായിരുന്നു. ഇവിടെയാണ് കെയ്റ്റിയുടെ നേതൃത്വത്തിൽ നടന്ന ഗവേഷണം നിർണ്ണായകമായത്. അതിശക്തമായ ഗുരുത്വാകർഷണം കാരണം പ്രകാശരശ്മിക്കു പോലും പുറത്തു കടക്കാൻ കഴിയാത്ത സ്ഥലകാല പ്രദേശമാണ് തമോഗർത്തങ്ങൾ. സൗരദ്രവ്യമാനത്തിന്റെ പലമടങ്ങു ദ്രവ്യമാനമുള്ള നക്ഷത്രം അതിഭീമമായ ഗുരുത്വാകർഷണത്തിനു വിധേയമായി ചുരുങ്ങി അതീവ സാന്ദ്രതയുള്ള അവസ്ഥയിലേക്ക് മാറുമ്പോഴാണ് തമോഗർത്തം രൂപംകൊള്ളുന്നത്. തമോഗർത്ത നിഗൂഢതകളിലേക്ക് വെളിച്ചം വീശുമ്പോൾ നമുക്കു മുന്നിൽ ചുരുൾ നിവരുന്നത് അനേകം പ്രപഞ്ച രഹസ്യങ്ങൾ തന്നെയാണ്.

തന്റെ ഗവേഷണകാലത്തു തന്നെ തമോഗർത്ത ദൃശ്യവൽക്കരണവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ അൽഗോരിതം വികസിപ്പിക്കാനുള്ള ശ്രമങ്ങൾ കെയ്റ്റി ആരംഭിച്ചിരുന്നു. അത്ര ഗവേഷണ പരിചയമൊന്നുമില്ലാത്ത ഒരു ഗവേഷക വിചാരിച്ചാൽ എന്തു നടക്കാൻ എന്ന പലരുടെയും ചിന്തയ്ക്കുള്ള ചുട്ടമറുപടിയാണ് കെയ്റ്റി ബൗമാന്റെ ഈ നേട്ടം. യുഎസ്സിലെ ഇന്ത്യാനയിലാണ് കെയ്റ്റിയുടെ ജനനം. ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിലാണ്ബിരുദവും ബിരുദാനന്തര ബിരുദവും നേടിയത്. മസ്സാച്ചൂസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും ഇലക്ട്രിക്കൽ എഞ്ചിനീയറിങ് ആന്റ് കമ്പ്യൂട്ടർ സയൻസിൽ 2017–ൽ ഡോക്ടറേറ്റും നേടി. കെയ്റ്റിയുടെനേതൃത്വത്തിലുള്ള ഗവേഷക സംഘം വികസിപ്പിച്ചെടുത്ത കണ്ടിന്യൂസ് ഹൈറസല്യൂഷൻ ഇമേജ് റീകൺസ്ട്രക്ഷൻ യൂസിങ് പാച്ച് പ്രയേർസ് എന്ന അൽഗോരിതമാണ് ഇ എച്ച് ടി പരീക്ഷണത്തിന്റെ ഒരു പ്രധാനവിജയ ചേരുവ. ഇപ്പോൾ ഈ ഗവേഷണത്തിൽ പോസ്റ്റ് ഡോക്റ്ററൽ ഫെല്ലോ ആയ കെയ്റ്റി ഉടൻ തന്നെ കലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അസിസ്റ്റന്റ് പ്രഫസറാകും.

കെയ്റ്റി ബൗമാനെക്കുറിച്ചുള്ള വാർത്തമാധ്യമങ്ങളിൽ നിറഞ്ഞതോടെ ഇവന്റ് ഹൊറൈസൺ ടെലിസ്കോപ്പ് പരീക്ഷണ വാർത്തയുടെ പ്രധാന ശ്രദ്ധാകേന്ദ്രമായി അവർ മാറി. ലാപ്ടോപ്പിൽ തമോഗർത്തദൃശ്യം കണ്ട് അമ്പരക്കുന്ന കെയ്റ്റിയുടെ ഫോട്ടോ സോഷ്യൽ മീഡിയയിൽ വൈറലായി. അഭിനന്ദനങ്ങൾ പ്രവഹിച്ചു. എന്നാൽ കെയ്റ്റി ബൗമാൻ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ എത്തിയത് പലരെയും അസ്വസ്ഥരാക്കി. ഇത്രയും വലിയൊരു നേട്ടത്തിന്റെ ക്രെഡിറ്റ് മുഴുവൻ ഒരു വനിതയിൽ കേന്ദ്രീകരിക്കുന്നത് സഹിക്കാൻ കഴിയാത്തവർ പടച്ചുവിട്ട പരിഹാസങ്ങളും ട്രോളുകളും തരംതാണ വിമർശനങ്ങളും കെയ്റ്റിക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ഇവന്റ് ഹൊറൈസൺ പരീക്ഷണത്തിന്റെ നേട്ടം തന്റേതു മാത്രമല്ല, മറിച്ച് കൂട്ടായ പരിശ്രമത്തിന്റെ ഫലമാണെന്ന് പറഞ്ഞു കൊണ്ട് കെയ്റ്റി തന്നെ രംഗത്തുവന്നിട്ടും, ഗവേഷത്തിൽ കെയ്റ്റിയുടെ പങ്കിനെ പുകഴ്ത്തിക്കൊണ്ട് സഹപ്രവർത്തകർ വരെ രംഗത്തു വന്നിട്ടും അവരെ അംഗീകരിക്കാത്ത മന:സ്ഥിതി ഈ നൂറ്റാണ്ടിലും ശാസ്ത്ര ഗവേഷണരംഗത്തു നിൽക്കുന്ന ലിംഗവിവേചനത്തിന്റെ ആഴം എത്രയധികമാണെന്ന സൂചന തന്നെയാണ് നൽകുന്നത്.

ശാസ്ത്രഗവേഷണരംഗത്ത് സ്ത്രീകൾ അനുഭവിച്ച, അനുഭവിച്ചു കൊണ്ടിരിക്കുന്ന വിവേചനങ്ങൾ ഏറെയാണെങ്കിലും ഇ എച്ച് ടി ഗവേഷക സംഘത്തിലെ കെയ്റ്റി ബൗമാനും മലയാളിയായ ധന്യ എസ്.നായരും അടക്കമുള്ള നാല്പതു വനിതാ ഗവേഷകർ നമുക്കു പകർന്നു തരുന്ന ശുഭപ്രതീക്ഷയും ആത്മവിശ്വാസവും ഏറെ വലുതാണ്. ■

*(തുടർച്ച പേജ് 64)*

നിങ്ങൾ ഞങ്ങളോട് നുണ പറഞ്ഞു. ഞങ്ങൾക്ക് തെറ്റായ പ്രതീക്ഷകൾ തന്നു. ഭാവിയെ നമ്മൾ ഉറ്റുനോക്കേണ്ട ഒന്നാണെന്ന് നിങ്ങൾ ഞങ്ങളോട് പറഞ്ഞു. മിക്ക കുട്ടികൾക്കും അവരെ കാത്തിരിക്കുന്ന വിധി എന്താണെന്നു പോലും അറിയില്ല എന്നതാണ് ദു:ഖകരം.

നമ്മൾ മനസ്സിലാക്കുമ്പോഴേക്കും ഒരുപാടു വൈകിയിരിക്കും. എങ്കിലും നമ്മൾ ഭാഗ്യമുള്ളവരാണ്. ഏറ്റവും കൂടുതലായി ബാധിക്കപ്പെടുന്നവർ അനന്തരഫലങ്ങൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. പക്ഷെ അവരുടെ ശബ്ദങ്ങൾ കേൾക്കപ്പെടുന്നില്ല

എന്റെ മൈക്ക് ഓണാണോ ? നിങ്ങൾക്ക് എന്നെ കേൾക്കാൻ പറ്റുന്നുണ്ടോ?

...

കാലാവസ്ഥ വ്യതിയാനത്തിന് പരിഹാമില്ലെന്നു പലരും എന്നോട് പറയുന്നു. അവർ ശരിയാണ് താനും. കാരണം എങ്ങിനെയാണ് നമ്മൾക്കതു കഴിയുക? മനുഷ്യരാശി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി നമ്മൾ എങ്ങിനെയാണ് പരിഹരിക്കുക? എങ്ങിനെയാണ് ഒരു യുദ്ധത്തെ പരിഹരിക്കുക? ചന്ദ്രനിലേക്കുള്ള ആദ്യ യാത്രയെ എങ്ങിനെയാണ് പരിഹരിക്കുക? പുതിയ കണ്ടുപിടുത്തങ്ങളെ കണ്ടു പിടിക്കുന്നത് എങ്ങിനെയാണ് പരിഹരിക്കുക?

...

ഞങ്ങൾ കുട്ടികൾ ഞങ്ങളുടെ വിദ്യാഭ്യാസവും ബാല്യവും ത്യജിച്ചത്, രാഷ്ട്രീയമായി എന്താണ് പ്രായോഗികം എന്ന് നിങ്ങൾ പറയുന്നത് കേൾക്കാനല്ല. ഞങ്ങൾ ചെയ്യുന്നതിനോട് നിങ്ങൾക്ക് മതിപ്പുണ്ടെന്നു കേൾക്കാനോ, ഞങ്ങളുമൊത്തു സെൽഫികൾ എടുക്കാനോ അല്ല ഞങ്ങൾ നിരത്തിൽ ഇറങ്ങിയിട്ടുള്ളത്.

മുതിർന്നവരെ ഉണർത്തുക എന്നതാണ് ഞങ്ങൾ കുട്ടികളുടെ ലക്ഷ്യം. വ്യത്യാസങ്ങൾ മറന്നു ഒരു പ്രതിസന്ധിയിൽ പ്രവർത്തിക്കേണ്ടത് പോലെ നിങ്ങൾ പെരുമാറാനാണ് ഞങ്ങൾ കുട്ടികൾ ഇത് ചെയ്യുന്നത്. ഞങ്ങൾക്കു ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും തിരിച്ചു പിടിക്കാനാണ് ഞങ്ങൾ ഇത് ചെയ്യുന്നത്.

എന്റെ മൈക്ക് ഓണായിരുന്നു എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങൾക്കെല്ലാം എന്നെ കേൾക്കാമായിരുന്നു എന്നും. ■

---

# കാർട്ടൂൺ

**കടപ്പാട് : ഇന്റർനെറ്റ്**




: **ഞങ്ങൾ വെളുത്ത നിറമുള്ള, അടക്കമുള്ള സന്ധ്യയാവുമ്പോൾ വീട്ടിൽ തിരിച്ചെത്തുന്ന ഒരു മരുമകളെയാണ് അന്വേഷിക്കുന്നത്**

: ***ഒരു പശുവിനെ അന്വേഷിക്കരുതോ?***

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara